# പ്രവാചകനായ യെശയ്യാവിന്റെ പുസ്തകം
# ഒരു
# ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്

## ഉള്ളടക്കം


I. പാഠം ഒന്ന് : ആമുഖം

II. പാഠം 2 മുതൽ 8 വരെ : അദ്ധ്യായം 1 – 39

III. പാഠം 9 മുതൽ 17 വരെ : അദ്ധ്യായം 40 – 66



**റോളണ്ട് E. മില്ലർ**

**(വിവർത്തനം : റവ. ഡോ. ഡി. ക്രിസ്തുദാസ്)**

## പാഠം 1

## യെശയ്യാവ് പ്രവാചകന്റെ ലോകത്തിലേക്ക് ഒരു ആമുഖം

ലോകത്തിലെ മഹത്തായ ഒരു ആത്മീക ഗ്രന്ഥപഠനത്തിലേക്ക് സ്വാഗതം. ഇതിൽ അടങ്ങിയിരിക്കുന്ന ഉത്കൃഷ്ഠ സന്ദേശം നിങ്ങൾക്ക് സഹായവും അനുഗ്രഹവും നൽകട്ടെ.

യെശയ്യാ പ്രവാചകന്റെ പുസ്തകം മനസ്സിലാക്കുകയും ആസ്വദിക്കുകയും ചെയ്യുവാൻ അദ്ദേഹത്തിന്റെ കാലചിത്രം ഗ്രഹിക്കേണ്ടതുണ്ട്. പ്രവാചകർ സ്വർഗ്ഗത്തിൽനിന്നും അടർന്നുവീണവരല്ല. അവർ ഒരു പ്രത്യേക കാലഘട്ടത്തിലും അതിന്റെ സാമൂഹ്യപശ്ചാത്തലത്തിലും ജീവിച്ചവരാണ്. യെശയ്യാവ് അഭിസംബോധനചെയ്ത ജനസമൂഹത്തെയും അദ്ദേഹം പ്രത്യക്ഷപ്പെടാനുണ്ടായ സാഹചര്യത്തെയും നാം ഗ്രഹിക്കണം.

നിങ്ങൾ ഈ മുഖവുര ശ്രദ്ധയോടെ വായിച്ചാൽ ഈ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് നിങ്ങൾക്ക് എളുപ്പമായിരിക്കും. ഈ മുഖവുരയ്ക്ക് താഴെപ്പറയുന്ന ഭാഗങ്ങളുണ്ട്.

A. യെശയ്യാവ് പ്രവാചകന്റെ പുസ്തകം : ഏത് അർത്ഥത്തിലാണ് ഈ പ്രവചനം ഒരു ഗ്രന്ഥം?
B. പ്രവാചകൻ : ആരായിരുന്നു യെശയ്യാവ്?
C. യെശയ്യാവ് ജീവിച്ചിരുന്നപ്പോൾ ഉള്ള പാലസ്തീന്റെ ഭൂപ്രകൃതി.
D. ആ കാലത്തെ രാഷ്ട്രീയ സ്ഥിതികൾ.
E. യെശയ്യാവിന്റെ കാലത്തെ യഹൂദരാജാക്കന്മാർ; അവർ എങ്ങനെയുള്ളവർ ആയിരുന്നു?
F. സാമൂഹ്യചുറ്റുപാടുകളും ഒരു പ്രവാചകന്റെ ആവശ്യവും.
G. ഒരു പ്രവാചകൻ എന്നാലെന്ത്?
H. യെശയ്യാവും അദ്ദേഹത്തിന്റെ വ്യക്തിത്വവും
I. ദൈവീക ഏകത്വം, ദൈവമഹത്വം, ദൈവീകരക്ഷ എന്നിവയിലുള്ള ശ്രദ്ധ കേന്ദ്രീകരിക്കൽ.
J. പ്രവാചകൻ പ്രസ്താവിക്കുന്ന മൂന്നുതരം രക്ഷാമാർഗ്ഗങ്ങൾ.
K. യെശയ്യാപ്രവാചകൻ അധികമായി ഉപയോഗിക്കുന്ന നാലു പദങ്ങളുടെ അർത്ഥം.
L. പുസ്തകത്തിന്റെ സംക്ഷിപ്ത രേഖാരൂപം
M. ഭൂപടങ്ങൾ

### A. യെശയ്യാപ്രവചനഗ്രന്ഥം

യെശയ്യാപ്രവചനഗ്രന്ഥം ബൈബിളിലെ ഒരു അദ്ധ്യായമാണ്. ഓരോ അദ്ധ്യായങ്ങളെയും ഓരോ പുസ്തകമെന്ന് വിളിക്കുന്നു. ബൈബിളിൽ ആകെ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം 39; പുതിയനിയമം 27. പഴയനിയമം ലോകസൃഷ്ടിമുതൽ യേശുവിന്റെ വരവുവരെയുള്ള കാര്യങ്ങൾ പ്രസ്താവിക്കുന്നു. യെശയ്യാവിന്റെ പ്രവചനം പഴയനിയമ ഗ്രന്ഥങ്ങളിലൊന്നാണ്. പുതിയനിമയം യേശുവിന്റെ ജീവിതത്തെയും പ്രബോധനങ്ങളെയുംകുറിച്ച് സംസാരിക്കുന്നു.

'നിയമം' എന്ന പദത്തിന്റെ അർത്ഥം നിങ്ങളെ ആശ്ചര്യപ്പെടുത്തിയേക്കാം. ഉടമ്പടി അഥവാ പ്രമാണം എന്നാണ് ഈ പദത്തിനർത്ഥം. മനുഷ്യരെ അനുഗ്രഹിക്കുവാൻ ദൈവം മനുഷ്യരുമായി ഉണ്ടാക്കിയ ഉടമ്പടിയെക്കുറിച്ച് അതു പറയുന്നു. പഴയ നിയമത്തിൽ ദൈവജനം ഉടമ്പടി ലംഘിക്കുകയും ദൈവീകപാതയിൽനിന്നു വ്യതിചലിക്കുകയും ശിക്ഷാർഹരായി തീരുകയും ചെയ്തതിനെക്കുറിച്ച് പറയുന്നു. എങ്കിലും കൃപാലുവായ ദൈവം അവരെ രക്ഷിക്കുമെന്ന് വാഗ്ദത്തം ചെയ്തു. പുതിയ നിയമപുസ്തകങ്ങൾ ദൈവം തന്റെ വാഗ്ദത്തങ്ങൾ എങ്ങനെ നിറവേറ്റിയെന്നും രക്ഷകനെ അയച്ചു എന്നും പ്രസ്താവിക്കുന്നു.

**ചോദ്യം:** ഇതിനുമുമ്പ് നിങ്ങൾ യെശയ്യാവിന്റെ പുസ്തകം വായിച്ചിട്ടുണ്ടോ?

..........................................................................................................................................

**ചോദ്യം:** ഇതിനുമുമ്പ് ബൈബിളിന്റെ ഏതെങ്കിലും ഭാഗം നിങ്ങൾ വായിച്ചിട്ടുണ്ടോ?..........................................................................................................................................

## B. പ്രവാചകൻ : ആരായിരുന്നു യെശയ്യാവ്?

ക്രിസ്തുവിനു മുമ്പ് 8-ാം നൂറ്റാണ്ടിൽ എബ്രായ വംശത്തിൽ ജീവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു യെശയ്യാവ് പ്രവാചകൻ. അത് ഗൗതമബുദ്ധന് രണ്ടുനൂറ്റാണ്ട് മുമ്പും, യേശുക്രിസ്തുവിന് ഏഴുനൂറ്റാണ്ടുകൾക്കു മുമ്പും, ശങ്കരാചാര്യർക്കും മുഹമ്മദിനും പതിനാലുനൂറ്റാണ്ടുകൾക്കു മുമ്പുമായിരുന്നു. അങ്ങനെ യെശയ്യാവ് പ്രാചീനകാലത്തെ ഒരു പ്രമുഖവ്യക്തിയായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ സന്ദേശം ഇന്നും ജീവിക്കുന്നു. ഇന്ന് നമ്മുടെ ജീവിതത്തിലും അതിനു വളരെ പ്രസക്തിയുണ്ട്. യെശയ്യാവ് എന്ന പേരിനർത്ഥം "ദൈവം രക്ഷകനാകുന്നു" എന്നാണ്. രക്ഷയാണ് ലോകത്തിനും നമുക്കും ഏറ്റവും ആവശ്യമായിരിക്കുന്നത്.

യെശയ്യാവ് പാലസ്തീനിലെ പ്രസിദ്ധമായ യെരൂശലേമിൽ അധികസമയവും ജീവിച്ചു. പാലസ്തീനും യെരൂശലേമും ഇന്നും വാർത്താമാദ്ധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. യെശയ്യാവിന്റെ കാലത്തും അതു വളരെ പ്രസിദ്ധമായിരുന്നു; പ്രത്യേകിച്ചും അവയുടെ തന്ത്രപ്രധാനമായ ഭൂഘടന നിമിത്തം തന്റെ സ്വന്തം സഹോദരീസഹോദരരായ എബ്രായരോട് ദിവ്യവചനം പ്രഖ്യാപിക്കാൻ ദൈവം യെശയ്യാവിനെ അയച്ചു. അതുചെയ്യാൻ എളുപ്പമുള്ള കാര്യമല്ല. ക്രിസ്തു ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിൽ സമ്മതനല്ല."

യെശയ്യാവിനും ആയിരം വർഷങ്ങൾക്ക് മുമ്പ് എബ്രായരുടെ പിതാവായ അബ്രഹാം ബാഗ്ദാദിൽനിന്നും വന്ന് പാലസ്തീനിൽ സമാധാനമായി താമസമുറപ്പിച്ചു. അവിടത്തെ കാനാന്യരിൽനിന്നും അദ്ദേഹം കുറച്ച് ഭൂമി വാങ്ങിച്ചു. വളരെക്കാലം കഴിഞ്ഞ് അദ്ദേഹത്തിന്റെ വംശാവലിയിൽപ്പെട്ട ദാവീദ് പാലസ്തീൻ പ്രവിശ്യക്കുള്ളിൽ ഒരു രാജ്യം സ്ഥാപിക്കുകയും ദാവീദിന്റെ മകൻ ശലോമോൻ അവിടെ പ്രസിദ്ധമായ യെരൂശലേം ദൈവാലയം പണിയുകയും ചെയ്തു. എന്നാൽ യെശയ്യാവിന്റെ കാലമായപ്പോഴേക്കും ദാവീദ് സ്ഥാപിച്ച രാജ്യം ഛിന്നഭിന്നമാകുകയും ശത്രുക്കൾ കൈവശമാക്കുകയും ചെയ്തു. അങ്ങനെ എബ്രായജനതയുടെ ഏറ്റവും ദുഃഖകരവും വിഷമകരവുമായ ഒരുകാലത്ത് യെശയ്യാപ്രവാചകന് പ്രവചിക്കേണ്ടതായി വന്നു.

**ചോദ്യം:** ദൈവം സാധാരണയായി പ്രവാചകരെ ദുഃഖവേളയിലോ സന്തോഷവേളയിലോ അയയ്ക്കുന്നത്? ..........................................................................................................

## C. യെശയ്യാവിന്റെകാലത്തെ പാലസ്തീൻ ഭൂപ്രകൃതി

യെശയ്യാവിന്റെ കാലത്ത് പാലസ്തീൻ പല ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. പ്രവാചകൻ അവയെക്കുറിച്ച് പറഞ്ഞിരിക്കക്കൊണ്ട് അവയെ നാം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. ഇത് പാലസ്തീന്റെ ഒരു ഭൂപടം സഹായിയായി കരുതിക്കൊള്ളുക.

– യോർദ്ദാൻ നദിയുടെ പടിഞ്ഞാറുഭാഗത്ത് മൂന്ന് ഭൂപ്രദേശങ്ങൾ ഉണ്ടായിരുന്നു.

(1) മെഡിറ്ററേനിയൻ കടൽത്തീരത്തെ ഫെലിസ്ത്യാ ഭൂപ്രദേശം.

(2) പത്തു എബ്രായഗോത്രങ്ങളടങ്ങിയ ഉൾപ്രദേശമായ വടക്കൻ യിസ്രായേൽ. ഇതിന്റെ തലസ്ഥാനം ശമര്യ. ശമര്യയെ ചിലസമയം എഫ്രയീം എന്നും വിളിച്ചു.

(3) ശരമ്യയുടെ തെക്കൻ അതിർത്തിയിൽ യെഹൂദ്യ. അതിന്റെ തലസ്ഥാനം യെരൂശലേം. അതു യഹൂദ്യ, ബെന്യാമീൻ എന്നീ എബ്രായ ഗോത്രങ്ങളുടെ അധിവാസകേന്ദ്രം. യുദ എന്ന പേരിൽ ചിലപ്പോൾ വിളിച്ചു. ഇവിടെയാണ് യെശയ്യാവ് പ്രവചിച്ചത്.

(4) ഈ മൂന്നു പടിഞ്ഞാറൻ പ്രദേശങ്ങൾക്കുംകൂടി വെറും 200 കിലോമീറ്റർ നീളവും 65 കി.മീ. വീതിയും മാത്രമേ ഉണ്ടായിരുന്നുള്ളു.

(5) വടക്കൻ യിസ്രായേലിന്റെ തൊട്ടുപിന്നിൽ ആയിരുന്നു ഫൊയ്നിക്യ. ടൈറും സീദോനും അതിന്റെ രണ്ടു തുറമുഖങ്ങൾ. അത് ഇന്നത്തെ ലെബനോൻ.

നമുക്കു യോർദ്ദാൻ നദിയുടെ കിഴക്കേ ദിക്കിലേക്ക് നോക്കാം. അവിടെയും മൂന്നു ഭൂപ്രദേശങ്ങൾ ഉണ്ടായിരുന്നു.

(1) വടക്കൻ മേഖല ആരാം; ഇന്നത്തെ സിറിയ. അരാമ്യഭാഷ അന്ന് ഒരു അന്താരാഷ്ട്ര ഭാഷയായി കണക്കാക്കപ്പെട്ടിരുന്നു. ദമാസ്കസ് ആണ് അതിന്റെ മുഖ്യപട്ടണം.

(2) ആരാമിന്റെ തെക്കൻപ്രദേശത്ത് 2 ചെറിയ ഭൂപ്രദേശങ്ങൾ ഉണ്ടായിരുന്നു; അമ്മോനും ഏദോമും.

പാലസ്തീനിൽനിന്നും അല്പം അകലെ അന്നത്തെ രണ്ടു പ്രബലശക്തികൾ നിലനിന്നിരുന്നു. അസ്സീറിയയും ഈജിപ്തും. അസ്സീറിയ യെരൂശലേമിനു വടക്കുകിഴക്ക് ഏകദേശം കോഴിക്കോടു മുതൽ ഗോവവരെയുള്ള ദൂരത്തിൽ സ്ഥിതിചെയ്തിരുന്നു. അതാണ് ഇന്നത്തെ തെക്കുകിഴക്കൻ തുർക്കിയും വടക്കൻ ഇറാക്കും. അതിന്റെ മുഖ്യനഗരം നിനവെയായിരുന്നു. ഈജിപ്റ്റ് യെരുശലേമിന് തെക്കുപടിഞ്ഞാറ് ഏകദേശം കോഴിക്കോടു മുതൽ തിരുവനന്തപുരം വരെയുള്ള ദൂരത്തിൽ സ്ഥിതിചെയ്തിരുന്നു. ആ സമയത്ത് അത് അസീറിയയോളം ശക്തമല്ലായിരുന്നു. തെക്കൻ ഇറാക്കിൽ ടൈഗ്രീസ്, യൂഫ്രട്ടീസ് നദികൾ ഒത്തുചേരുന്നിടത്ത് ബാബിലോൺ എന്ന ഒരു പുതിയ ശക്തി ഉത്ഭവിക്കയായിരുന്നു. അത് അബ്രഹാമിന്റെ ജന്മനാടായിരുന്നു.

**ചോദ്യം :** കേരളം അതിന്റെ ചരിത്രത്തിൽ പല വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടം നിങ്ങൾക്ക് ഓർമ്മയുണ്ടോ? അത് എപ്പോൾ? ..............................

## D. അക്കാലത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ

ആ കാലത്ത് വളരെ രാഷ്ട്രീയ ചാഞ്ചാട്ടങ്ങളും ധാരാളം പോരാട്ടങ്ങളും ഉണ്ടായിരുന്നു.

(1) ധാരാളം അന്തർദേശീയ സംഘർഷങ്ങളുണ്ടായി. അസീരിയ തുടർച്ചയായി പാലസ്തീനുമായി ഏറ്റുമുട്ടി. അവരുടെ രാജാവായ സാർഗൺ II, 722- ബി.സിയിൽ(B.C) വടക്കൻ എബ്രായവംശത്തിലെ ആളുകളെ തടവിലാകുകയും ക്രമേണ അവരവിടെ നശിക്കുകയും ചെയ്തു. അതിനുശേഷം 701 ബി.സി.യിൽ മറ്റൊരു അസ്സീറിയൻ രാജാവായ സൻഹെരീബ് യെരൂശലോം ഒഴിച്ച് യഹൂദരാജ്യം കീഴടക്കി. യാഹൂദ്യയിലെ ചില രാജാക്കന്മാർ ഈജിപ്തുമായി ഉടമ്പടിബന്ധത്തിലേർപ്പെടാൻ ശ്രമിച്ചു. എങ്കിലും യെശയ്യാവ് അത് നിരാകരിച്ചു. ഒടുവിൽ ബാബിലോണും പാലസ്തീനെ കീഴടക്കി.

(2) പാലസ്തീനിലെ ഉൾനാടുകൾ തമ്മിൽ നിരന്തരം വഴക്കടിച്ചിരുന്നു. ഫെലിസ്ത്യരും എബ്രായരും തമ്മിലും പോരാട്ടം സാധാരണമായിരുന്നു.

(3) ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമെന്നും അവനു ശുശ്രൂഷചെയ്യേണ്ടിയവരെന്നും കരുതിയിരുന്ന എബ്രായർ ഇരുപതുവർഷം നീണ്ടുനിന്ന ഒരു ആഭ്യന്തര കലഹത്തിൽ ഏർപ്പെട്ടിരുന്നു.

**ചോദ്യം :** യുദ്ധകാലത്ത് ഒരു പ്രവാചകൻ ആയിരിക്കാൻ ധൈര്യവും വിവേകവും വേണമെന്ന് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ...................................................................

## E. യെശയ്യാവിന്റെ കാലത്തെ യഹൂദ രാജാക്കന്മാർ : അവർ എങ്ങനെയുള്ളവരായിരുന്നു.

യെശയ്യാവിന്റെ കാലത്ത് യഹൂദ്യയിൽ നാലു രാജാക്കന്മാരുണ്ടായിരുന്നു. അതിൽ മൂന്നുപേർ വടക്കൻ യിസ്രായേലിലെ രാജാക്കന്മാരെക്കാളും വ്യക്തിത്വത്തിൽ മെച്ചപ്പെട്ടവരായിരുന്നെങ്കിലും ദൈവഭയമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ അവർ വിജയിച്ചില്ല.

(1) ഉസ്സിയാ : അദ്ദേഹം ബി.സി. 783 മുതൽ 742 വരെ വാഴ്ചനടത്തി. യെശയ്യാ പ്രവാചകനു ദൈവവിളി ഉണ്ടായത് ഉസ്സിയാവ് മരിച്ച ആണ്ടിലായിരുന്നു. ഈ രാജാവ് കൃഷിവികസനം, സൈനീക ബലം, യെരൂശലേം മതിൽ സംരക്ഷണം എന്നിവകൂടാതെ ചുറ്റുമുള്ള ശത്രുക്കളിൽനിന്നും രാജ്യത്തെ രക്ഷിക്കുകയും ചെയ്തു. നിർഭാഗ്യവശാൽ അദ്ദേഹം കുഷ്ഠരോഗബാധിതനായി. അദ്ദേഹത്തിന്റെ വാഴ്ചയുടെ അവസാന 8 വർഷം മകൻ യോഥാം ഭരണനിർവഹണം നടത്തി.

(2) യോഥാം: ഉസ്സിയാവിന്റെ മരണശേഷം ബി.സി. 742-735 കാലയളവിൽ ഭരണം നടത്തി. വ്യക്തിപരമായി നല്ല ദൈവഭക്തനായിരുന്നെങ്കിലും ജനങ്ങളുടെ വഷളത്വത്തിന് കടിഞ്ഞാണിടാൻ അദ്ദേഹത്തിനായില്ല. അമോന്യർക്കെതിരേ അദ്ദേഹം ശക്തമായി പൊരുതി.

(3) ആഹാസ് : അദ്ദേഹം ബി.സി. 735 മുതൽ 715 വരെ രാജാവായിരുന്നു. അദ്ദേഹത്തിന്റെ ഭരണം ഒരു വൻ ദുരന്തമായിരുന്നു. പ്രവാചക മുന്നറിയിപ്പുകൾ അവഗണിച്ച് വിഗ്രഹാരാധനയിലും മ്ലേച്ഛമായ മതകർമ്മങ്ങളിലും മുഴുകുകയും ചെയ്തു. ശലോമോൻ പണിത ദൈവാലയത്തിന്റെ സമ്പത്തുപോലും എടുത്ത് അസീറിയൻ രാജാവായ തിഗ്ളത്ത്-പിലേസർ അവിടം വിട്ടുപോകാൻ കപ്പം കൊടുത്തു.

(4) ഹിസ്കിയാവ്: അദ്ദേഹം ബി.സി. 715 മുതൽ 681 വരെ ഭരിച്ചു. ദൈവത്തോടു വിശ്വസ്തനും പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വസിച്ചവനുമായിരുന്നു ഹിസ്കിയാവ്. ഫെലിസ്ത്യ ദേശത്തു താമസിച്ചിരുന്ന കാനാന്യർ ആചരിച്ചുപോന്ന മ്ലേച്ഛകരമായ ദുരാചാരങ്ങൾ നീക്കംചെയ്യാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ഭരണകാലം സമ്പൽസമൃദ്ധിയുടേതായിരുന്നു. യെരൂശലേമിലേക്ക് വെള്ളം എത്തിക്കുവാൻ ഒരു തുരങ്കം പണിതു. അസീറിയൻ രാജാവായ സൻഹരീബ് യെരൂശലേമിനെ കടന്നാക്രമിച്ചപ്പോൾ ഈ തുരങ്കം യെരൂശലേമിനെ ജലക്ഷാമത്തിൽനിന്നും രക്ഷപ്പെടുത്തി. ഒരു പ്രത്യേകതരം ബാധയെ ദൈവം അസീറിയൻ പട്ടാളത്തിന്മേൽ അയച്ചപ്പോൾ അവർ പിൻവാങ്ങി. ഒരു ധൈര്യശാലിയായ നേതാവായിരുന്നു ഹിസ്കിയാവെങ്കിലും അദ്ദേഹം ഈജിപ്തുകാർക്ക് കപ്പം കൊടുക്കാൻ ശ്രമിച്ചു. യെശയ്യാവ് ആ തെറ്റിനായി അദ്ദേഹത്തെ ശാസിച്ചു.

**ചോദ്യം:** ശരിയായ ഉത്തരം എടുത്തെഴുതുക. നിങ്ങളുടെ അഭിപ്രായത്തിൽ മതവും രാഷ്ട്രീയവും

a. തമ്മിൽ ബന്ധം പാടില്ല
b. തമ്മിൽ ചെറിയ ബന്ധം വേണം
c. മതം രാഷ്ട്രീയത്തെ നിയന്ത്രിക്കണം ........................................................................

നിങ്ങളുടെ അഭിപ്രായത്തെക്കുറിച്ച് കൂടുതലെന്തെങ്കിലും പറയാൻ ഉദ്ദേശിക്കുന്നെങ്കിൽ രേഖപ്പെടുത്തുക. ........................................................................................

## F. യെശയ്യാവു ജീവിച്ച സാമൂഹ്യ ചുറ്റുപാട്

പാലസ്തീൻ സാമൂഹ്യ ചുറ്റുപാട് രാഷ്ട്രീയ ചുറ്റുപാടുപോലെതന്നെ വികൃതമായിരുന്നു. രാജാക്കന്മാർ ക്രൂരരും അഴമതിക്കാരുമായിരുന്നു. നിയമപാലകർ നിഷ്പക്ഷരായിരുന്നില്ല. ഭൂവുടമകൾ അത്യാർത്തികളും സമ്പന്നർ ദരിദ്രചൂഷകരും ആയിരുന്നു. മതആചാരങ്ങൾ അലങ്കോലമായി. മതനേതാക്കൾ അധികാരദാഹികളും പദവിമോഹികളുമായി. പലതരം മ്ലേച്ഛസ്വഭാവങ്ങൾ നിലനിന്നിരുന്നു. അവിടേക്ക് ദൈവത്തിന് പ്രവാചകരെ അയയ്ക്കേണ്ടിവന്നതിൽ എന്തെങ്കിലും അതിശയമുണ്ടോ? വാസ്തവത്തിൽ ദൈവം നാലു പ്രവാചകരെ അയച്ചു. യഹൂദ നാട്ടിലേക്ക് യെശയ്യാവിനെ അയച്ചതിനുപുറമെ, വടക്കൻ യിസ്രായേലിലേക്ക് ആമോസ്, ഹോശയ, മീഖാ എന്നീ പ്രവാചകന്മാരെ ദൈവം അയച്ചു. ഒരുപക്ഷെ യുദ്ധങ്ങൾ നിമിത്തം അവരെക്കുറിച്ച് ഒന്നും യെശയ്യാവ് അറിയാതെ പോയി. അവരുടെ സന്ദേശങ്ങൾ യെശയ്യാവിനോട് സാമ്യം ഉള്ളതായിരുന്നു. പക്ഷെ അവരാരുംതന്നെ യെശയ്യാവിനെക്കാൾ മികച്ചവരല്ല.

**ചോദ്യം:** ഇന്നത്തെ സമൂഹത്തിലും ഇതിനു സമാനമായ പല പ്രശ്നങ്ങളുണ്ട്. ഇന്നു ദൈവം ഒരു പ്രവാചകനെ അയച്ചാൽ ദൈവം ഏറ്റവും അധികം താക്കീതുചെയ്യുക എന്താകും? ........................................................................................

## G. പ്രവാചകൻ എന്നാൽ ആര്?

ആളുകൾ പ്രവാചകൻ എന്ന പദം പല വ്യത്യസ്ത വഴികളിൽ ഉപയോഗിക്കുന്നു. നാമിവിടെ പഴയനിയമ അർത്ഥം ശ്രദ്ധിക്കണം. എബ്രായഭാഷയിൽ പ്രവാചകൻ എന്ന പദം “നവി” ആണ്. ഇതിനർത്ഥം “മറ്റൊരാൾക്കുവേണ്ടി സംസാരിക്കുന്ന ആൾ” എന്നാണ്. പഴയ നിയമ വെളിച്ചത്തിൽ ദൈവത്തിനായ് സംസാരിക്കുന്ന വ്യക്തി എന്നാണ് ഈ പദം സൂചിപ്പിക്കുന്നത്. ദൈവം അതിനായിട്ട് തന്റെ ദൂതനെ തിരഞ്ഞെടുത്ത് അയയ്ക്കുന്നു.

ഒരു പ്രവാചകൻ ദൈവത്തിനായ് സംസാരിക്കുകയാൽ ആ യാഥാർത്ഥ്യം അദ്ദേഹത്തിന്റെ സന്ദേശത്തിൽ ഉൾക്കൊണ്ടിരുന്നു. ദൈവം വിശുദ്ധനാണ്. ആകയാൽ ആമോസ് പ്രവാചകൻ ഉറപ്പിച്ചുപറഞ്ഞു: "നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല, നന്മതന്നെ അന്വേഷിപ്പിൻ" (ആമോസ് 5:14). എന്നാൽ ദൈവം സ്നേഹവാനാണ്; അതിനാൽ യെശയ്യാവ് പ്രഖ്യാപിച്ചു: "അവൻ ധാരാളം ക്ഷമിക്കും" (യെശയ്യ 55:7). അപ്രകാരം പഴയനിയമത്തിൽ ഒരു പ്രവാചകൻ രണ്ടു കാര്യങ്ങൾ പ്രസ്താവിക്കുന്നു- ദൈവത്തിനു പാപത്തോടുള്ള വെറുപ്പും മാനസാന്തരപ്പെടുന്ന പാപിയോടുള്ള കരുണയും.

ഒരു പ്രവാചകൻ ആശയവിനിമയക്കാരനാണ്. കേൾവിക്കാർക്ക് മനസ്സിലാകുന്ന ഭാഷയും ഉദാഹരണങ്ങളും അയാൾ ഉപയോഗിക്കുന്നു. ഉദാഹരണമായി, നാം മുമ്പേ കണ്ടതുപോലെ, യെശയ്യാവ് യുദ്ധകാലത്ത് ജീവിച്ചു. പട്ടാളം പടയോട്ടം നടത്തുന്നു, വാൾപയറ്റു നടക്കുന്നു, ആളുകൾ മരിക്കുന്നു. അതിനാൽ ദൈവം എന്തുചെയ്യുവാൻ പോകുന്നു എന്നു വിവരിക്കുന്നതിന് യുദ്ധഭാഷയും ചിത്രങ്ങളും ധാരാളമായി ഉപയോഗിക്കുന്നു. അതുപോലെതന്നെ യെരൂശലേമിനു ചുറ്റുമുള്ള സ്ഥലം ധാരാളം മുന്തിരിത്തോട്ടങ്ങളാൽ നിറഞ്ഞ കൃഷിഭൂമിയായിരുന്നു. അതിനാൽ യെശയ്യാ പ്രവാചകൻ അടിക്കടി കൃഷിസംബന്ധമായ ഉദാഹരണങ്ങൾ ഉപയോഗിച്ചു.

ഒരു പ്രവാചകൻ വരാനിരിക്കുന്നത് മുന്നറിയിക്കുന്നു. ഭാവികാര്യങ്ങളെ സംബന്ധിച്ച് ദൈവാത്മാവ് അദ്ദേഹത്തിന് ദർശനങ്ങൾ നൽകുന്നു. യെശയ്യാവിനെ പ്രവചനത്തിൽ അത് നമുക്ക് വളരെ വ്യക്തമായി കാണാം. അവൻ മുമ്പോട്ടുനോക്കി വരുവാനിരിക്കുന്നതു കാണുന്നു: ഒരു രക്ഷകൻ വരുന്നു! ഈ ഉൾക്കാഴ്ച നിമിത്തം ആണ് അവൻ പ്രവാചകരിൽ മികച്ചവനായിത്തീർന്നത്.

**ചോദ്യം :** ഒരാളിന്റെ രക്ഷ പ്രധാനകാര്യമായി നിങ്ങൾ കരുതുന്നുവോ?

..........................................................................................................................................

## H. യെശയ്യാവ് പ്രവാചകന്റെ വ്യക്തിത്വം

നമുക്കു യെശയ്യാവിന്റെ ഒരു ചിത്രമോ ജീവചരിത്രമോ ലഭ്യമല്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യം തന്നെപ്പറ്റിയുള്ള വിവരങ്ങൾ നല്കുകയല്ല; പ്രത്യുത, ദൈവവചനം പ്രഖ്യാപിക്കുക എന്നതായിരുന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലം നമുക്കറിയാം. ജനനതീയതി അറിയില്ല. അദ്ദേഹത്തിന്റെ എഴുത്തിന്റെ മേന്മയും എബ്രായ പാരമ്പര്യങ്ങളുടെ അറിവും വിദ്യാസമ്പന്നനായിരുന്നു എന്നത് തെളിയിക്കുന്നു. അദ്ദേഹത്തിന്റെ വരുമാന ഉറവിടം നമുക്ക് അജ്ഞാതം.

അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് ചില കാര്യങ്ങൾ നമുക്കു ഗ്രഹിക്കാം. ഒരു വശത്ത് കർക്കശക്കാരനും മറുവശത്ത് ലളിതഹൃദയനുമായിരുന്നു. ആവേശത്തിൽ താക്കീതു ചെയ്യുകയും അതേവേഗത്തിൽ സാന്ത്വനപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹം ആത്മീകനും ദൈവഭക്തനും നേർമാർഗ്ഗ സ്വഭാവക്കാരനുമായിരുന്നു. അദ്ദേഹം ദൈവത്തെ സ്നേഹിക്കുകയും നമ്മുടെ പ്രശ്നങ്ങളുടെ പരിഹാരത്തിന് രാഷ്ട്രീയവും യുദ്ധ സഖ്യങ്ങളും ശരിയായ മാർഗ്ഗങ്ങളല്ല എന്നു പഠിപ്പിക്കുകയും ചെയ്തു. മറിച്ച്, നാം സഹായത്തിനായി ദൈവത്തിലേക്ക് തിരിയണം. അർത്ഥരഹിതമായ ഉരുവിടൽ, മതത്തെ അദ്ദേഹം എതിർത്തു. മനുഷ്യ ബന്ധങ്ങളിൽ നീതിക്കായ് നിലകൊണ്ടും അദ്ദേഹം ഒരു

പ്രവാചകൻ എന്നതിനൊപ്പം ഒരു നയതന്ത്രജ്ഞനും അതിയായി ആദരിക്കപ്പെട്ട ഒരു വ്യക്തിയുമായിരുന്നു. മഹാത്മാഗാന്ധിയെപ്പോലെ ഒരേസമയം ആത്മീകനും പൊതുകാര്യ പ്രസക്തനുമായിരുന്നു.

**ചോദ്യം:** ഈ പ്രവാചകനെ കണ്ടുമുട്ടി അദ്ദേഹവുമൊത്ത് ഒരുകപ്പ് ചായ കുടിക്കാൻ നിങ്ങൾക്ക് അവസരം കിട്ടിയാൽ അദ്ദേഹത്തോട് ചോദിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്ന ആദ്യത്തെ ചോദ്യം എന്തായിരിക്കും? ..........................................................
..........................................................................................................................................

## I. യെശയ്യാവിന്റെ ഊന്നൽ : ദൈവത്തിന്റെ ഏകത്വം, മഹത്വം, രക്ഷ

നിങ്ങൾ യെശയ്യാ പ്രവാചകന്റെ പുസ്തകം വായിക്കുമ്പോൾ, അദ്ദേഹം അനവധി വിഷയങ്ങൾ പരാമർശിക്കുന്നെങ്കിലും, പ്രധാനമായും 3 കാര്യങ്ങളിൽ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു കാണാം.

(1) ദൈവം ഏകനാണെന്നും പല വിഗ്രഹങ്ങളെ ആരാധിക്കുന്നത് തെറ്റാണെന്നും അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. ആ കാലത്ത് മെഡിറ്ററേനിയൻ മേഖലയിൽ വിവിധതരം മതവിശ്വാസങ്ങളും ആചാരങ്ങളും നിലവിലിരുന്നു. അവ പലതരം ദേവതകളുമായി ബന്ധപ്പെട്ടതും മിക്കവാറും തടിയോ കല്ലോ കൊണ്ട് നിർമ്മിച്ച രൂപങ്ങളുമായിരുന്നു. തനിക്കു മുമ്പുണ്ടായിരുന്ന പ്രവാകന്മാരെപ്പോലെ യെശയ്യാവും പ്രഖ്യാപിച്ചു, “നിങ്ങളുടെ ദൈവമായ കർത്താവ് ഏക ദൈവമാകുന്നു.”

(2) യെശയ്യാവ് നമ്മെ ഓർമ്മിപ്പിക്കുന്നു, ഈ ഏകദൈവം മഹാനും തേജോമയനുമാണ്. അവൻ സൃഷ്ടിതാവും പ്രപഞ്ചകർത്താവുമാണ്. മനുഷ്യരല്ല, അവനാണ് ലോകത്തെ ഭരിക്കുന്നത്. ദൈവം ശക്തിയിൽ മാത്രമല്ല, നീതിയിലും മഹോന്നതനാണ്. പ്രവാചകൻ ദൈവത്തെ പരിശുദ്ധൻ എന്നു വിളിക്കുന്നു. ദൈവം മനുഷ്യ സ്വഭാവത്തിൽ നീതിയും സാന്മാർഗ്ഗീകതയും ആവശ്യപ്പെടുന്നു.

(3) മൂന്നാമത്തേത് ഏറ്റവും പ്രധാനം. ദൈവം മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനാണ് എന്ന് യെശയ്യാവ് നമ്മെ ഓർമ്മിപ്പിക്കുന്നു. ശക്തിയിലും വിശുദ്ധിയിലും മാത്രമല്ല, സ്നേഹത്തിലും ദൈവം പരമോന്നതനാണ്. അവൻ നമ്മുടെ പെരുമാറ്റങ്ങളിൽ വിലപിക്കുമ്പോഴും നമ്മുടെ മേൽ കരുണയുള്ളവനാണ്. തന്റെ മഹാ ദയനിമിത്തം നമുക്കായി പാപമോചനത്തിന്റെയും രക്ഷയുടെയും മാർഗ്ഗം ക്രമീകരിച്ചുതരുന്നു. യെശയ്യാവ് ദൈവത്തിന്റെ ഈ ഊന്നൽ വ്യക്തമാക്കുന്ന ഒരു പ്രത്യേക ദൈവനാമം ഉപയോഗിക്കുന്നു. അത് വീണ്ടെടുപ്പുകാരൻ; കർത്താവായ രക്ഷകൻ; പരിശുദ്ധനും വീണ്ടെടുപ്പുകാരനുമായ കർത്താവ് എന്നതാണ്.

**ചോദ്യം:** വീണ്ടെടുപ്പുകാരൻ എന്ന പദം അർത്ഥമാക്കുന്നതെന്ത്?

..........................................................................................................................................

## J. യെശയ്യാവ് പ്രഖ്യാപിച്ച മൂന്നുതരം വിമോചനങ്ങൾ

യെശയ്യാവ് പ്രവാചകൻ മൂന്നുതരത്തിലുള്ള വിമോചനങ്ങൾ ചൂണ്ടിക്കാട്ടുന്നു: ശാരീരിക വിമോചനം; സാമൂഹ്യ വിമോചനം; വ്യക്തിഗത പാപ വിമോചനം.

ഒരു രീതിയിലെ രക്ഷ രാജ്യത്തിന്റെ വീണ്ടെടുപ്പാണ്. കരുണയില്ലാത്ത ശത്രു നിങ്ങളുടെ രാജ്യത്തിനെതിരെ യുദ്ധത്തിനൊരുമ്പെട്ടു എന്നു ചിന്തിക്കുക. ശത്രു പലരേയും തടവറകളിലടയ്ക്കുകയും ബാക്കിയുള്ളവരെ അടിമകളാക്കുകയും ചെയ്തു. ആ സമയത്ത് നമ്മുടെ ഒരു സൗഹൃദ രാഷ്ട്രം വന്നു അവരെ തുരത്തി നമുക്കു വീണ്ടും സ്വാതന്ത്ര്യം നൽകി എന്നിരിക്കട്ടെ. "ഓ! നാം രക്ഷപ്പെട്ടു." ജനം ആർത്തുവിളിക്കും. ഇതാണ് യെശയ്യാവ് പ്രഖ്യാപിക്കുന്ന ഒരുവിധത്തിലുള്ള വിമോചനം. ദൈവം താൻ തിരഞ്ഞെടുത്ത ജനത്തെ രക്ഷിക്കും!

സാമൂഹ്യ പരിവർത്തനമാണ് വിമോചനത്തിന്റെ രണ്ടാമത്തെ രീതി. നമ്മുടെ സമൂഹത്തിൽ കലങ്ങിമറിഞ്ഞ ഒരു അന്തരീക്ഷമാണ് നിലനില്ക്കുന്നത് എന്ന് കരുതുക. നിയമപാലനം ലേശവുമില്ല. സർവ്വത്ര അഴിമതി. ധാർമ്മിക അധഃപതനം പൂർണ്ണം. അപരന്റെ നന്മ ആരും കരുതുന്നില്ല. ആ സമയം ശക്തനായ ഒരു നേതാവുള്ള ഒരു നവീകരണ സംഘം ഏഴുന്നേല്ക്കുകയും നന്മ പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ജനം ആർത്തുവിളിക്കും "ഓ! ഞങ്ങൾ രക്ഷപ്പെട്ടു." യെശയ്യാവ് പ്രഖ്യാപിക്കുന്ന രണ്ടാമത്തെ വീണ്ടെടുപ്പ് - ദൈവം നന്മയുടെ വാഞ്ഛ പുനഃസ്ഥാപിക്കും.

ആത്മീയ സഹായമാണ് മൂന്നാമത്തെ വിമോചന രീതി. നിങ്ങളുടെ ജീവിതത്തിലെ പാപശക്തിയെക്കുറിച്ച് നിങ്ങൾ ദുഃഖിതനാണ്. ന്യായവിധി ദിനത്തിൽ പരിശുദ്ധ ദൈവത്തെ നിങ്ങൾ അഭിമുഖീകരിക്കണം എന്ന് നിങ്ങൾക്ക് അറിയാം. ചിലർ അതിനെ 'നാശദിനം' എന്നു വിളിക്കുന്നു. ഏകാന്തതയും ദയയും നിങ്ങൾക്കനുഭവപ്പെടുന്നു. അതിശക്തനായ ഒരുവൻ പറയുന്നു, "ഈ പ്രശ്നം അതിജീവിക്കാൻ ഞാൻ നിങ്ങളെ സഹായിക്കാം." നമ്മുടെ ഭയങ്കരനായ വീണ്ടെടുപ്പുകാരൻ കർത്താവാണ് അത് പറയുന്നത്. ജനം ആർത്തുവിളിക്കും; "ഓ! ഞങ്ങൾ രക്ഷപ്പെട്ടു." പ്രത്യാശയുടെ ഒരു വാതിലായി, നമുക്കത്യന്താപേക്ഷിതമായ ഈ രക്ഷയെ യെശയ്യാവ് പ്രഖ്യാപിക്കുന്നു.

എബ്രായ ഭാഷയിൽ രക്ഷയ്ക്കുള്ള വാക്ക് 'ശാലോം' ആണ്. സമഗ്രവും സമ്പൂർണ്ണവുമായ വിമോചനം എന്നതാണ് ഈ പദത്തിനർത്ഥം. യെശയ്യാവ് പ്രഖ്യാപിക്കുന്ന ദൈവദാനമാണിത്. അത് ഇവിടെ ആരംഭിച്ച് സ്വർഗ്ഗത്തിൽ സമ്പൂർണ്ണമാകുന്നു.

### K. പ്രവാചകൻ ആവർത്തിക്കുന്നു നാലു പ്രധാന പദങ്ങളുടെ അർത്ഥം

(1) യഹോവ, അഥവാ ദൈവം

ഇതാണ് എബ്രായ ഭാഷയിലെ മഹത്തായ ദൈവനാമം. അറബിക്പോലെ എബ്രായഭാഷയിലും വ്യഞ്ജന അക്ഷരങ്ങളോടൊപ്പം ജീവാക്ഷരങ്ങൾ പ്രത്യേക അടയാളങ്ങൾ മുഖാന്തിരം കൂട്ടിച്ചേർത്തിരിക്കുന്നു. യഹോവ എന്ന പദത്തിന് മൂന്നു വ്യഞ്ജനങ്ങളുണ്ട്. 'യ', 'ഹ', 'വ'. മൂല ജീവാക്ഷരങ്ങൾ കൂട്ടിച്ചേർക്കുകയാണെങ്കിൽ വാക്ക് 'യാഹവേ' എന്നാകും. അതിനർത്ഥം - ഞാൻ ആകുന്നു. എങ്കിലും ഭക്ത്യാദരവു നിമിത്തം എബ്രായ ജനം ഈ വാക്ക് ഉച്ചരിച്ചില്ല. ബഹുമാനം നിമിത്തം അവർ ദൈവം എന്ന മറ്റൊരു പദത്തിൽനിന്നും ജീവാക്ഷരങ്ങൾ എടുത്ത് യ, ഹ, വ എന്നീ വ്യഞ്ജനങ്ങളോടു കൂട്ടിച്ചേർക്കുകയും ചെയ്തു. അങ്ങനെ അത് ജെഹോവ ആയി. അങ്ങനെ ഈ സങ്കരപദമായ യഹോവയുടെ അർത്ഥം "ഞാൻ അനശ്വരനായ ദൈവം" എന്നാണ്.

എബ്രായർ ചില നേരങ്ങളിൽ 'ഏൽ' അഥവാ 'എലോഹീം' എന്ന സാധാരണ പദവും ദൈവനാമത്തിന് ഉപയോഗിച്ചിരുന്നു. യെശയ്യാ പ്രവാചകൻ തന്നെ ദൈവത്തെ വർണ്ണിക്കാൻ അനേകം മനോഹരപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അതിനൊരു കാരണമുണ്ട്. ഒരു മാനുഷിക പദവും ദൈവീക അതിശയത്തെ പൂർണ്ണമായി വ്യക്തമാക്കാൻ പര്യാപ്തമല്ല. ദൈവം മാനുഷിക ഭാഷയ്ക്ക് അതീതനാണ്. അത്യുന്നതനെ വിശദീകരിക്കാൻ അനേകം നാമങ്ങൾ നാം ഉപയോഗിക്കണം.

**ചോദ്യം:** നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ദൈവനാമം ഏത്? ......................................

(2) യാക്കോബിന്റെ ദൈവം

യെശയ്യാവ് ഈ പദം ആവർത്തിച്ച് ഉപയോഗിക്കുന്നു. യാക്കോബ് അബ്രഹാമിന്റെ പൗത്രനും യിസഹാക്-ന്റെ പുത്രനുമാണ്. അതിനാൽ "യാക്കോബിന്റെ ദൈവം" എന്നാൽ "അബ്രഹാമിന്റേയും യിസഹാക്ന്റേയും" ദൈവം എന്നും കൂടിയാണ് അർത്ഥം. താൻ തിരഞ്ഞെടുത്ത ജനത്തോടുള്ള വാഗ്ദത്തം സർവ്വശക്തൻ പാലിക്കും എന്നു അർത്ഥമാക്കുന്നു.

(3) യിസ്രായേൽ

ഗോത്രപിതാവായ യാക്കോബിൽ നിന്നാണ് നമുക്ക് യിസ്രായേൽ എന്ന നാമം ലഭിക്കുന്നത്. യാക്കോബ് ഒരിക്കൽ ദൈവത്തോട് ഒരു രാത്രി മുഴുവൻ പ്രാർത്ഥിക്കുകയും ദൈവം അദ്ദേഹത്തിന്റെ പേര് യിസ്രായേൽ എന്ന് മാറ്റുകയും ചെയ്തു. 'യിസ്രായേൽ' എന്ന എബ്രായപദത്തിനർത്ഥം "അവൻ ദൈവത്തോടു മല്ലുപിടിച്ചു" എന്നാണ്. അങ്ങനെ യാക്കോബിന്റെ പിന്തുടർച്ചക്കാർ യിസ്രായേൽ മക്കൾ, എബ്രായർ, യഹൂദർ എന്നീ പേരുകളിൽ വിളിക്കപ്പെട്ടു. യെശയ്യാപ്രവാചകൻ യിസ്രായേൽ എന്ന പദം രണ്ടുരീതിയിൽ ഉപയോഗിച്ചിരിക്കുന്നു. ആദ്യത്തെ ഉപയോഗത്തിൽ യിസ്രായേൽ എന്ന പദം പ്രത്യേക ലക്ഷ്യത്തിനായി ദൈവം തിരഞ്ഞെടുത്ത അബ്രഹാമിന്റെ കുടുംബത്തെ കുറിക്കുന്നു. തങ്ങളുടെ വിശുദ്ധ ജീവിതത്തിലൂടെ ദൈവത്തെ മറ്റുള്ളവരുടെ മുന്നിൽ പ്രതിനിധീകരിക്കേണ്ടവരാണവർ. അവരിലൂടെ ദൈവം ഒരു ലോകരക്ഷകനെ അയയ്ക്കും. അതിനാൽ അബ്രഹാമിന്റെ കുടുംബത്തെ ദൈവം "തിരഞ്ഞെടുക്കപ്പെട്ട ജനം" എന്നു വിളിച്ചു. മറ്റാരേക്കാളും അവർ മെച്ചമായിരുന്നതിനാലല്ല; മറിച്ച് അവരുടെ പ്രത്യേക ഉത്തരവാദിത്വം നിമിത്തമാണത്. അവരുടെ പ്രത്യേക ദൗത്യത്തെക്കുറിച്ച് കൂടെക്കൂടെ അവരെ ബോധ്യപ്പെടുത്താനായി അവരിലേക്ക് പ്രവാചകരെ അയച്ചു. ഈ ഉപയോഗത്തിൽ 'യിസ്രായേൽ' ഒരു പ്രചോദനാത്മക പദമാണ്.

യെശയ്യാവിന്റെ പ്രവചന ഗ്രന്ഥത്തിൽ ഇനിയൊരുരീതിയിലും 'യിസ്രായേൽ' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. ശമര്യയിലെ പത്തു വടക്കൻ ഗോത്രങ്ങളെയാണ് ഇത് അർത്ഥമാക്കുന്നത്. അധികവും നിഷേധാത്മകവും മോശവുമായ അർത്ഥത്തിലാണ് ഉപയോഗിക്കുക. അതിനുകാരണം ഈ രാജ്യം ദുഷിച്ചുപോകയാലാണ്. ശലോമോൻ രാജാവിന്റെ കാലത്താണ് 10 വടക്കൻ ഗോത്രങ്ങളും 2 തെക്കൻ ഗോത്രങ്ങളായ യഹൂദയും വിഭജിക്കപ്പെട്ടത്. തന്റെ വാർദ്ധക്യ കാലത്ത് അന്യദേശക്കാരത്തികളായ ഭാര്യമാരെ പ്രസാദിപ്പിക്കാൻ അവൻ അന്യദേവാരാധന അനുവദിച്ചുതുടങ്ങി. ഇതിൽ ദൈവം കുപിതനായി. 10 വടക്കൻ ഗോത്രങ്ങളെയും അവരുടെ പിന്തുടർച്ചക്കാരെയും തന്നിൽനിന്നും നീക്കികളയും

എന്ന് ദൈവം അരുളിച്ചെയ്തു. യഹൂദ്യയുടെ ഭരണം മാത്രം അബ്രഹാമിന്റെ സന്തതികളിൽ നിലനിർത്തി.

(4) സീയോൻ

യെരൂശലേം പണിയപ്പെട്ടിരിക്കുന്ന രണ്ടു കുന്നുകളിൽ ഒന്നിന്റെ പേരാണിത്. കാലക്രമേണ, 'സീയോൻ', 'സീയോൻ പർവ്വതം' എന്നീ പദങ്ങൾ യെരൂശലേമിന്റെ പര്യായങ്ങളായി മാറി. ദൈവത്തിന്റെ വിശ്വസ്ത ജനത്തെ സൂചിപ്പിക്കുന്നതിലേക്കായി യെശയ്യാവ് ഈ പദം ധാരാളമായി ഉപയോഗിച്ചു.

## L. യെശയ്യാ പ്രവചനഗ്രന്ഥത്തിന്റെ സംഗ്രഹം

ഈ പുസ്തകത്തിന് രണ്ട് വ്യത്യസ്ത ഭാഗങ്ങളുണ്ട്. 1-39 വരെയുള്ള അദ്ധ്യായങ്ങൾ ആദ്യഭാഗവും 40-66 വരെയുള്ള അദ്ധ്യായങ്ങൾ രണ്ടാം പകുതിയും. ഒന്നുമുതൽ 39 വരെയുള്ള അദ്ധ്യായങ്ങൾ പ്രധാനമായും ദേശങ്ങൾക്കുള്ള മുന്നറിയിപ്പുകളാണ്. അതിൽ അനുസരണക്കേടിൽ അകപ്പെട്ട യിസ്രായേൽ ജനവും തെറ്റിൽ നിലനിൽക്കുന്ന ഇതര രാജ്യങ്ങളും ഉൾപ്പെടുന്നു. അവർ അവരുടെ തെറ്റായ ജീവിതചര്യകളിൽനിന്നും മനം തിരിയണം. അവർ ജീവിതരീതി മാറ്റാത്ത പക്ഷം ദൈവം അവരെ കഠിനമായി ന്യായം വിധിക്കും.

40-66 വരെയുള്ള അദ്ധ്യായങ്ങൾ പ്രധാനമായും വാഗ്ദത്തത്തിന്റെയും പ്രത്യാശയുടെയും അദ്ധ്യായങ്ങളാണ്. ദൈവം തന്റെ ജനത്തെ സ്നേഹിക്കും. അവരുടെ തെറ്റായ പ്രവൃത്തികളെ പ്രതി അവരെ തള്ളിക്കളയുകയില്ല. അവരെ വീണ്ടെടുക്കുകയും യഥാസ്ഥാനപ്പെടുത്തുകയും ചെയ്യുന്ന ഒരു ദാസ-രക്ഷകനെ കൃപയായി അയക്കും. അവൻ അവരെ വീണ്ടെടുക്കുകയും ദൈവജനമായി പുനഃസ്ഥാപിക്കുകയും ചെയ്യും. അതിലും ഉപരിയായി, ഈ രക്ഷകൻ സർവ്വലോകത്തെയും തിന്മയുടെ പിടിയിൽ നിന്നും വിമോചിപ്പിക്കുകയും ചെയ്യും.




Palestine in the eighth century B.C. in the days of the Prophet Isaiah


ISAIAH'S WORLD
0 Miles 250
0 Kms 250
TAURUS MTS
Tarsus
Carchemish
Haran
ARARAT
Lake Van
Lake Urmia
KITTIM (CYPRUS)
Ugarit
ARPAD
Orontes R.
Hamath
SYRIA (ARAM)
Arvad
Byblos
PHOENICIA
Sidon
Tyre
MEDITERRANEAN SEA
Tadmor
Damascus
KEDAR
Megiddo
Jordan River
SAMARIA
CANAAN
JERUSALEM
Gaza
PHILISTIA
Beer-sheba
Dead Sea
BOZRAH
GOSHEN
On
EGYPT
emphis
Nile R.
Kadesh-barnea
SINAI
RED SEA
MIDIAN
DUMAH
ARUBU (ARABS)
ARABIAN DESERT
"MESOPOTAMIA"
Euphrates River
Nineveh
ASSYRIA
Asshur
Tigris River
MEDES
Ecbatana
Accad
CHALDEA
Babylon
NIPPUR
BABYLONIA
Susa
ELAM
PERSEPOLIS
PERSIANS
Ur
PERSIAN GULF

## പാഠം 2

## (കുറിപ്പ് : ഈ പാഠം ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ ചേർന്നിട്ടുള്ളത്)

## അദ്ധ്യായം ഒന്ന്

**വാക്യങ്ങൾ 1-8 തന്റെ ജനത്തിലുള്ള ദൈവത്തിന്റെ നിരാശ**

വാക്യം 1.

ചില പ്രവാചകരോടനുബന്ധിച്ച് പഴയനിയമം പറയുന്നത്, "യഹോവയുടെ വചനം അവരുടെ മേൽ വന്നു" എന്നാണ്. എന്നാൽ യെശയ്യാവിനെ പോലെ മറ്റുചിലർ ഇനിയൊരു രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്.

**ചോദ്യം :** യെശയ്യാവ് കണ്ടത് എന്ത്? ..................................................................................

ഈ ദർശനം കണ്ട സമയം അവൻ എവിടെയായിരുന്നു? ഒരു വൃക്ഷച്ചുവട്ടിൽ, സൂര്യാസ്തമയം നോക്കിയിരിക്കുമ്പോൾ, ദൈവാലയത്തിൽ? നമുക്കറിയില്ല. എന്നാൽ ഈ ദർശനം അദ്ദേഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തി എന്നു നമുക്കറിയാം.

**ചോദ്യം :** ആ ദർശനം എന്തിനെക്കുറിച്ചായിരുന്നു? ........................................................

വാക്യം 2-3

ഈ വാക്യങ്ങൾ കോടതി മുറിയിലെ ഒരു കുറ്റപത്രം പോലെയാണ്. താൻ എന്തുകൊണ്ട് തന്റെ ജനത്തെക്കുറിച്ച് ഇത്രമാത്രം നിരാശനായി എന്നു ദൈവം വെളിപ്പെടുത്തുകയാണ്.

**ചോദ്യം :** രണ്ടാം വാക്യത്തിൽ ദൈവം ചുമത്തുന്ന കുറ്റം ഒറ്റ വാക്യത്തിൽ പറഞ്ഞാൽ എന്തായിരിക്കും?

വാക്യം 4

ദൈവത്തോട് മത്സരിക്കുക എന്ന പാപം അടിസ്ഥാനപരവും സാർവ്വത്രികവുമാണ്. 'നല്ലയാളുകൾ' പോലും ചിലപ്പോൾ ദൈവത്തോട് മത്സരിക്കുകയും ദൈവത്തെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ എബ്രായരിൽ ഇതു ദൂഷ്യഫലങ്ങൾ ഉളവാക്കി.

**ചോദ്യം:** ഈ വചനത്തിൽ പറഞ്ഞിരിക്കുന്ന അവരുടെ നാലു പാപങ്ങൾ ഏതെല്ലാം?

..........................................................................., ...............................................................
..............................................., .................................................................

വാക്യം 5 - 6

**ചോദ്യം :** ഈ വാക്യങ്ങളിൽ തിന്മയെ എന്തിനോട് ഉപമിച്ചിരിക്കുന്നു?.....................

വാക്യം 7

**ചോദ്യം :** ദൈവജനം അനുഭവിച്ചു കൊണ്ടിരിക്കുന്ന മൂന്നു ശിക്ഷകൾ ഏവ? ............................................, ...................................................., ...................................................

വാക്യം 8 - 20

നാമമത്രവും ആചാരപ്രിയവുമായ മതത്തോട് ദൈവം കോപിക്കുന്നു.

വാക്യങ്ങൾ 8 - 9

കടുത്ത അധാർമ്മികത നിമിത്തം തീ ഇറക്കി ദൈവം നശിപ്പിച്ച രണ്ടു പാലസ്തീൻ പട്ടണങ്ങളാണ് സോദോമും ഗോമോറയും. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോട് ദൈവം പറയുന്നു, "നിങ്ങൾ ഇപ്പോൾ സോദോമും ഗോമോറയുമാണ്." ഇതു വളരെ കഠിനമായ

കുറ്റാരോപണമാണ്. അർത്ഥശൂന്യവും ആചാര പ്രിയവുമായ മതത്തെ ദുരാചാരം പോലെ ദൈവം മോശമായി കണക്കിടുന്നു എന്ന് ഇതു കാണിക്കുന്നു.

വാക്യങ്ങൾ 10-15

ഇവിടത്തെ അടിസ്ഥാന പ്രശ്നം മതപരമായ ഉത്സവങ്ങളോ ആചാരങ്ങളോ അല്ല. ഇവയിൽ ചിലത് ദൈവം കല്പിച്ചിട്ടുള്ളവ തന്നെ. അതിനെ സമീപിച്ച അവരുടെ മനോഭാവത്തിലാണ് പ്രശ്നം. ദൈവീക ലക്ഷ്യങ്ങൾക്കായുള്ള മുഖാന്തിരങ്ങളാണവ. അല്ലാതെ അവയിൽതന്നെ അതൊരു അവസാനമല്ല.

**ചോദ്യം :** ജനം പാലിച്ചുവന്ന മതപരമായ ആചാരങ്ങളിൽ ദൈവം ഇഷ്ടപ്പെടാത്തതെന്ത്?

..................................................................................................................

വാക്യങ്ങൾ 16-17

**ചോദ്യം :** നിങ്ങളുടെ മതപരമായ പെരുമാറ്റങ്ങളിലും ആചാരങ്ങളിലും ദൈവ വേലക്കാർ ശ്രദ്ധിക്കേണ്ടതെന്ത്? ..........................................................................................

**ചോദ്യം :** യഥാർഥ മതമെന്ത് എന്ന ചോദ്യത്തിന് യെശയ്യാവ് എങ്ങനെ ഉത്തരം നല്കും എന്ന് നിങ്ങൾ ചിന്തിക്കുന്നു? ...............................................................................

ഇപ്പോൾ വാക്യം 12 ലേക്ക് തിരിഞ്ഞു നോക്കുക.

**ചോദ്യം :** നാമെപ്പോൾ ദൈവസന്നിധിയിൽ പ്രവേശിക്കും? .........................................

ന്യായവിധി നാളിൽ എത്ര തവണ ഉപവസിച്ചു എന്നായിരിക്കില്ല, മറിച്ച് നാം കഷ്ട പ്പെടുന്നവരെ സഹായിച്ചുവോ എന്നായിരിക്കും ദൈവം ചോദിക്കുക.

വാക്യങ്ങൾ 18-20

ഇപ്പോൾ വരുന്നു യെശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ വളരെ പ്രസിദ്ധമായ പ്രത്യാശാ വാഗ്ദത്തം. ഈ വചനങ്ങളെ കുറിച്ച് ദയവായി ചിന്തിക്കുക.

**ചോദ്യം :** 18-ാം വാക്യ പ്രകാരം ദൈവം എന്തു വാഗ്ദത്തം ചെയ്തു എന്ന് നിങ്ങൾ ചിന്തിക്കുന്നു?..........................................................................................................................

യെശയ്യാവ് തന്റെ ഗ്രന്ഥത്തിൽ പിന്നീട് വിശദീകരിക്കുമ്പോലെ പാപമോചനത്തെ ക്കുറിച്ചുള്ള ദൈവ വാഗ്ദത്തം നിവൃത്തിയാകുന്നത് ദാസ-രക്ഷകൻ വരുമ്പോഴാണ്.

**വാക്യങ്ങൾ 21-31 ദൈവം ഗൗരവത്തോടെ പാപത്തെ വെറുക്കുന്നു.**

വാക്യങ്ങൾ 21-24

'വേശ്യാവൃത്തി' എന്നതിനർത്ഥം അന്യദൈവങ്ങളെ ആരാധിക്കലാണ്.

**ചോദ്യം :** ഈ വക്യങ്ങളിൽ പറഞ്ഞിരിക്കുന്ന മറ്റ് മൂന്ന് പാപങ്ങൾ ഏവ?

.............................................., ........................................, ......................................................................

വാക്യങ്ങൾ 25-26

ദൈവദൃഷ്ടിയിൽ ശിക്ഷയുടെ ലക്ഷ്യം പുനരധിവാസമാണ്. അവൻ ഒരു പിതാവി നെപ്പോലെ നമ്മെ സ്നേഹിക്കുകയും നമ്മെ തന്നിൽ യഥാസ്ഥാനപ്പെടുത്തുവാൻ ആഗ്ര ഹിക്കുകയും ചെയ്യുന്നു.

**ചോദ്യം :** പുനസ്ഥാപനാനന്തരം ദൈവമക്കൾക്കു രണ്ടു പേരുകൾ കാണും. അവ ഏവ?

..............................................................., .........................................................................

ഈ രണ്ടു തത്വങ്ങളും ദൈവത്തിന് എത്രമാത്രം പ്രധാനമാണെന്ന് നിങ്ങൾക്കു കാണാം.

വാക്യങ്ങൾ 27-31

ദൈവത്തിന്റെ പാപമോചനത്തോടെ വരുന്ന യഥാർത്ഥ ജീവിതത്തിന്റെ പ്രധാന അടയാളം അവനെ മാത്രം ആരാധിക്കലാണ്. യഹൂദ്യയിലെ ജനം പ്രകൃതി ദൈവങ്ങളെ ആരാധിക്കാനായ് പ്രലോഭിപ്പിക്കപ്പെട്ടു.

**സംക്ഷേപചോദ്യം:** ഈ അദ്ധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്ന അഞ്ച് ദൈവനാമങ്ങൾ കണ്ടെത്തി എഴുതുക. ..............................................., ..............................................., ..............................................., ..............................................., ...............................................

**2-ാം അദ്ധ്യായം**

**വാക്യങ്ങൾ 1-4 സമാധാന മാർഗ്ഗം**

വാക്യം 1

ഈ വാക്യം പറയുന്നത് യെശയ്യാവ് പ്രവാചകൻ വചനം ദർശിച്ചു എന്നാണ്. ഒന്നാം അദ്ധ്യായത്തിൽ അദ്ദേഹം ദർശനം കാണുന്നു. ദർശനവും വചനവും ഒരുമിച്ചു പോകുന്നു. ദൈവത്തിന്റെ വെളിപാടുകളുടെ രീതി നമ്മുടെ ഗ്രഹണ ശക്തിക്കതീതം.

വാക്യം 2-4

സമാധാനം ഏറ്റവും ആഴമേറിയ മാനുഷിക വാഞ്ഛയാണ്. അതേസമയം അത് എല്ലായ്പ്പോഴും നമ്മുടെ പരിധിക്കും അപ്പുറമാണ്. രണ്ടുതരം സമാധാനത്തെക്കുറിച്ച് യെശയ്യാവ് പ്രവചിക്കുന്നു. ഒന്നു ദേശങ്ങൾ തമ്മിലുള്ള സമാധാനവും മറ്റൊന്ന് ഹൃദയസമാധാനവും. ഇവിടെ അദ്ദേഹം ജനങ്ങൾ തമ്മിലും ദേശങ്ങൾ തമ്മിലുമുള്ള സമാധാനത്തെക്കുറിച്ച് സംസാരിക്കുന്നു. യുദ്ധരഹിതമായ ഒരു കാലം അദ്ദേഹം ദർശിക്കുന്നു. നാലാം വാക്യത്തിലെ വാക്കുകൾ ആവർത്തിച്ച് ഉദ്ധരിക്കപ്പെടുന്നു.

**ചോദ്യം:** നിങ്ങളുടെ അഭിപ്രായപ്രകാരം യുദ്ധങ്ങളുടെ യഥാർത്ഥ കാരണമെന്ത്?

..............................................................................................................................................

വാക്യം 2

യഥാർത്ഥ സമാധാനം വരുന്നതെങ്ങനെയെന്ന് പ്രവാചകൻ പ്രസ്താവിക്കുന്നു. ലോകം ദൈവ കേന്ദ്രീകൃതമാകുമ്പോൾ അതുവരും. മനുഷ്യ കേന്ദ്രീകൃതമായിരിക്കുന്നിടത്തോളം സംഘട്ടനങ്ങളും ഉണ്ടായിക്കൊണ്ടേയിരിക്കും. ചരിത്രം നൽകുന്ന പാഠം അതാണ്. എന്നാൽ തന്റെ ഇരുകരങ്ങളും ദൈവം മനുഷ്യരാശിക്കുനേരെ തുറക്കുന്നു. അവർ ദൈവത്തോടു അടുത്ത് വരുമ്പോൾ അവർക്ക് തമ്മിൽ തമ്മിൽ സമാധാനം ലഭ്യമാകും. സഹമനുഷ്യരെ സ്നേഹിക്കാതെ ആർക്കും ദൈവത്തെ സ്നേഹിക്കാനാവില്ല.

**ചോദ്യം:** ദൈവ കേന്ദ്രീകരണം ആരംഭിക്കുന്നതെവിടെ? മറ്റുള്ളവരിലോ നമ്മിൽതന്നെയോ?..............................................................................................................................

വാക്യങ്ങൾ 2-3

പർവ്വതത്തിന്മേൽ സ്ഥാപിതമായ യെരൂശലേം നഗരവും അവിടെ സ്ഥിതിചെയ്യുന്ന മഹത്തായ ദൈവാലയവും അടങ്ങിയ ഒരു ഉപമ യെശയ്യാവ് ഉപയോഗിക്കുന്നു. ദൈവാലയം തന്റെ ജനത്തിന്റെ മദ്ധ്യേയുള്ള ദൈവ അധിവാസത്തെ പ്രതിനിധീകരിക്കുന്നു. യഹൂദ്യായിലെ എബ്രായ ജനത്തിന് ശരിക്കും മനസ്സിലാകുന്ന ഒന്നാണ് ഈ ഉപമ. ദൈവത്തിന്റെ പർവ്വതം നമ്മുടെ ഇടയിൽ ഏറ്റവും ഉയർന്നിരിക്കണം. അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടേതുമായ പാപപങ്കിലമായ മാനുഷിക പർവ്വതങ്ങൾ താഴ്ത്തപ്പെടണം. ഇത് അർത്ഥമാക്കുന്നത് ദൈവത്തിനു പ്രഥമസ്ഥാനം നൽകുമ്പോൾ അവന്റെ കല്പനകൾ പാലിക്കപ്പെടും. അവിടെ സമാധാനത്തിന് അവസരമുണ്ടാകും.

**വാക്യങ്ങൾ 3-4 മൂന്നു ചോദ്യങ്ങൾ**

**ചോദ്യം :** മൂന്നാം വാക്യത്തിൽ 'ഉപദേശിച്ചുതരും' എന്ന പദം നമ്മോട് പറയുന്നത് ദൈവീക സമാധാനം സ്ഥാപിക്കുന്നതിൽ നമുക്ക് ഒരു പങ്ക് ഉണ്ടെന്നാണ്. അതെന്ത്?

.......................................................................................................................................

**ചോദ്യം :** നമുക്കിപ്പോൾ പ്രവാചകരില്ല. സമാധാനം ഉണ്ടാക്കുന്ന പ്രക്രിയയ്ക്ക് സഹായകരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നമുക്കെവിടെനിന്നും ലഭിക്കും?

.........................................................................................................

**ചോദ്യം :** ദൈവത്തിന്റെ പൂർണ്ണ സമാധാനം അന്ത്യ നാളുകളിൽ വരും. ഭാവികാലം വർത്തമാന കാലത്തിനു അർത്ഥം പകരുന്നു എന്ന തത്ത്വം നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?

.......................................................................................................................................

**വാക്യങ്ങൾ 5-22 പ്രവാചകൻ നാലു പാപങ്ങൾക്ക് ശിക്ഷ വിധിക്കുന്നു.**

വാക്യം 6 : ചില ആളുകൾ ദൈവ വചനത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ തൃപ്തരല്ല. അവർക്ക് അധികം വേണം. അതിനാൽ എബ്രായ ജനത ഫെലിസ്ത്യരെപ്പോലെ കാര്യങ്ങൾ ചെയ്യാൻ തുടങ്ങി.

**ചോദ്യം :** ജനം ചെയ്തതെന്ത്? ..........................................................................................

വാക്യം 7 കുറച്ച് ധനം കിട്ടുമ്പോൾ ചിലർ ദൈവത്തിൽ നിന്നും പിന്തിരിഞ്ഞുപോകുന്നു.

**ചോദ്യം :** തെരഞ്ഞെടുക്കപ്പെട്ട ജനം ചെയ്തതെന്ത്?....................................................

വാക്യം 11-17

യോർദ്ദാൻ നദിയുടെ കിഴക്കൻ ഭാഗത്തെ ഒരു വനഭൂമി പ്രദേശമാണ് ബാശാൻ. സ്പെയിൻ ആണ് തർശീശ്. ചിലർ ദൈവത്തെക്കൂടാതെ സകലതും തങ്ങൾക്ക് സാധ്യമെന്ന് കരുതുന്നു. അവർ തങ്ങൾക്കു തങ്ങൾ തന്നെയാണ് ദൈവങ്ങൾ എന്നു ചിന്തിക്കുന്നു.

**ചോദ്യം :** ഈ ജനം സ്വീകരിച്ച മനോഭവം എന്തായിരുന്നു?...........................................
.......................................................................................................................................

വാക്യങ്ങൾ 18-22

ചില ആളുകൾ കരുതുന്നത് തങ്ങൾക്കുതന്നെ കാണാനും നിയന്ത്രിക്കാനും കഴിയുന്ന ഒരു ദൈവമുണ്ടെങ്കിൽ എല്ലാം നന്നായിരിക്കുമെന്നാണ്.

**ചോദ്യം :** യിസ്രായേൽ മക്കൾ ചെയ്തു തുടങ്ങിയതെന്താണ്?

...................................................................................................................................

വാക്യം 22

ഈ വാക്യത്തെക്കുറിച്ച് നാം ആശയ പ്രകാശനം നടത്തണം. പ്രവാചകൻ നമ്മോട് പറയുന്നതെന്താണ്? ഒരുപക്ഷെ, അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് മനുഷ്യർ അത്രയധികം മഹത്തുക്കൾ അല്ല എന്നാണ്. പ്രാണവായു ഇല്ലെങ്കിൽ മനുഷ്യൻ മരിച്ചുപോകും. അവർ മർത്യരും പരിമിതരുമാണ്. സൃഷ്ടാവായ ദൈവത്തിലും അവൻ പറയുന്നതിൽ ആശ്രയിക്കുന്നതും ആണ് തികച്ചും വിവേകം.

ഈ പാഠം പൂർത്തിയാക്കിയതിൽ അഭിനന്ദനങ്ങൾ!

## പാഠം 3

## (ഈ പാഠം മൂന്ന്, നാല്, അഞ്ച് അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു)

## അദ്ധ്യായം മൂന്ന്

(***പരിവർത്തന ചിന്ത:*** രണ്ടാം പാഠം അവസാനിച്ചത് സമൂഹത്തെ കവർന്നിരിക്കുന്ന നാലു പാപങ്ങളുടെ വിവരണത്തെക്കുറിച്ചാണ്. ഈ പാഠം അവ സൃഷ്ടിച്ച സാമൂഹ്യ പ്രശ്നങ്ങളെ കാണിക്കുന്നു)

**വാക്യം 1-15 നേതൃത്വ ദാരിദ്ര്യവും അതിന്റെ പ്രത്യാഘാതവും**

ചില ആളുകൾ പറയുന്നത് ലോകത്തിൽ ഇനിയും നല്ല നേതാക്കളുണ്ടാവില്ലയെന്നാണ്. സമൂഹത്തിലെ പൊതുവായ ധാർമ്മിക അധഃപതനം നിമിത്തമാണ് നല്ല നേതൃത്വം ഇല്ലാതായതെന്ന് പ്രവാചകൻ ചൂണ്ടിക്കാട്ടുന്നു. സമൂഹത്തിന്റെ ബലഹീനതകളും അതു നിമിത്തമുള്ള തിന്മകളുടെ പെരുപ്പവുമാണ് അത് പ്രതിഫലിപ്പിക്കുന്നത്. ഭക്ഷണവും വെള്ളവും പോലെ തന്നെ പ്രധാനമാണ് നല്ല നേതൃത്വം. എബ്രായ സമൂഹം തകർന്നത് ഇതില്ലാത്തതിനാലാണ്.

വാക്യം 1-3 "നീക്കികളയും" എന്നത് അർത്ഥമാക്കുന്നത് ധാർമ്മിക വീഴ്ചകളെ ശിക്ഷിക്കുന്നതിലേക്കായ് ദൈവം ഇവയെ അനുവദിക്കുന്നു എന്നാണ്.

**ചോദ്യം :** ഈ വാക്യങ്ങളിൽ പറഞ്ഞിട്ടുള്ള ഒൻപതു വിഭാഗം നേതാക്കൾ ഏവ?

.............................., .............................., .............................., .............................., ..............................,

.............................., .............................., .............................., ..............................

***കുറിപ്പ് :*** ചില നേതാക്കൾ വിശ്വസ്തരായിരുന്നിരിക്കാം. പക്ഷെ അഴിമതി എല്ലായിടവും വ്യാപകമായിരുന്നു.

വാക്യങ്ങൾ 4-5

വൈമാനികനെക്കൂടാതെ പറക്കാൻ ആധുനിക വിമാനങ്ങൾ പ്രാപ്തമാണ്. വൈമാനികൻ വിശ്രമിക്കുമ്പോഴും വിമാനം തനിയേ യാത്രചെയ്തുകൊണ്ടിരിക്കും.

**ചോദ്യം :** നാഥനില്ലാതെ നമ്മുടെ സമൂഹത്തിന് അതിജീവിക്കാനാകുമോ?

വാക്യങ്ങൾ 6-7

ചിലരുടെ പരാതി ആധുനിക രാഷ്ട്രീയത്തിന്റെ വിഷമം നല്ലയാളുകൾ അതിൽ പങ്കാളികളാകാൻ വിസമ്മതിക്കുന്നു എന്നാണ്. യഹൂദ്യയിലും ഇതു ശരിയായിരുന്നു.

**ചോദ്യം :** മോശമായ ഒരു സാഹചര്യത്തെ ക്രമപ്പെടുത്താൻ ഒരാളെ നാമനിർദ്ദേശം ചെയ്താൽ അവരെന്തു പറയും? ....................................................................................................

**ചോദ്യം :** മോശം സാഹചര്യത്തെ കുറ്റം പറയുകയോ, ക്രമപ്പെടുത്തുകയോ, ഏത് ഉത്തമം?

....................................................................................................................................

വാക്യം 8

ഈ വാക്യമനുസരിച്ച് സാമൂഹ്യാധഃപതനത്തിന്റെ പ്രധാന കാരണമെന്ത്?

..............................................................................................................................................

വാക്യം 9

ഈ വാക്യം വലിയ ഉൾക്കാഴ്ച തരുന്നു - കുറ്റബോധം മുഖത്തും പെരുമാറ്റത്തിലും പ്രകടമാണ്.

**ചോദ്യം :** നാം ഇതിൽനിന്നും പഠിക്കേണ്ട ഗുണപാഠം എന്ത്? ..........................................
.................................................................................................................................................

വാക്യം 10

പ്രവചനം പറയുന്നു സൽകർമ്മങ്ങൾ സൽഫലം പുറപ്പെടുവിക്കും.

വാക്യം 12

യെശയ്യാവിന്റെ കാലത്ത് സ്ത്രീകളും കുഞ്ഞുങ്ങളും ഭരണകർത്താക്കളാകുന്നത് അധഃപതനമായിക്കണ്ടു. പിന്നീട് ആ ചിന്താഗതിക്ക് മാറ്റം വന്നു.

വാക്യങ്ങൾ 13-15

**ചോദ്യം :** ഈ വാക്യങ്ങൾ ഒരു പ്രത്യേക പാപത്തിന്മേലുള്ള കടുത്ത ശിക്ഷയിലേക്ക് വിരൽ ചൂണ്ടുന്നു. ആ പാപം എന്ത്? ..............................................................

**വാക്യങ്ങൾ 16 - അദ്ധ്യായം 4:1 ചില സ്ത്രീകളുടെ പെരുമാറ്റം**

യെശയ്യാവിന്റെ കാലത്തെ എബ്രായ സംസ്കാരമനുസരിച്ച് സമൂഹത്തിന്റെ നേതാക്കന്മാരെല്ലാം പുരുഷന്മാരായിരുന്നു. അതുകൊണ്ട് പ്രവാചകൻ സ്ത്രീകളെ ഒരു പ്രത്യേക വിഭാഗമായി കണ്ട് കൈകാര്യം ചെയ്യുന്നു. അവരുടെ പെരുമാറ്റവും ശിക്ഷാർഹമായതായിരുന്നു എന്ന് പ്രവാചകൻ പ്രസ്താവിക്കുന്നു. യെരൂശലേമിലെ സ്ത്രീകൾ അനാവശ്യ ആഡംബര വസ്തുക്കൾക്കായി ധനം ദുർവ്യയം ചെയ്തുപോന്നു. സൗന്ദര്യത്തെ ഒരു ദേവതയായി കണ്ട് ആരാധിച്ചു. പ്രവചനം ഇതാണ് : ഇതൊക്കെയും നീക്കിക്കളയും; സമ്പൂർണ്ണനാശം സംഭവിക്കും.

വാക്യങ്ങൾ 25-26; അ 4:1

സ്ത്രീകൾക്ക് പിണയുന്ന ഏറ്റവും വലിയ പ്രശ്നവും നാണക്കേടും എന്ത്?

.................................................................................................................................................

**അദ്ധ്യായം 4**

ഇടവപ്പാതിയുടെ സമയമാണെന്നു കരുതുക. പെട്ടെന്ന് വൈദ്യുതി ഇല്ലാതാകുകയും വെളിച്ചം കെട്ടുപോകുകയും ചെയ്തു. കാറ്റിന്റേയും മഴയുടേതുമല്ലാതെ ഒരു ശബ്ദവുമില്ല. പരിചിതമായ സാഹചര്യമാണെങ്കിൽപോലും അതു അസ്വസ്തതയും ഭയവും ഉണ്ടാക്കുന്നു. പക്ഷെ നിങ്ങളുടെ മാതാവു ഈ സാഹചര്യം നേരിടാൻ നേരത്തേ തന്നെ മുൻകരുതൽ എടുത്തിരുന്നു. മെഴുകുതിരിയും തീപ്പെട്ടിയും കരുതി വെച്ചിരുന്ന മേശക്കരുകിൽ അവർ എത്തി. അവർ മെഴുകുതിരി കത്തിക്കുകയാൽ ഉടൻതന്നെ ആശ്വാസം ഉണ്ടാകുകയും ചെയ്തു. പ്രവാചകൻ ചൂണ്ടിക്കാണിച്ച മുന്നറിയിപ്പുകൾ അതികഠിനവും; ഭയവും വിറയലും ഉണ്ടാക്കുന്നതുമായിരുന്നു. ആകയാൽ ഈ ചെറു അദ്ധ്യാത്തിൽ ജനങ്ങളുടെ പ്രത്യാശ നൽകാനായി ഒരു മെഴുകുതിരി കത്തിക്കുന്നു.

**വാക്യങ്ങൾ 2-6 അവിടെ ജീവനോടെ ശേഷിക്കുന്നവർ ഉണ്ടാകും**

വാക്യം 2

'അന്നാളിൽ' എന്നത് എന്താണ് എന്ന് നമുക്കറിയില്ല. വിരളമായിപ്പോലും പ്രവാചകർ തിയതി പറയാറില്ല. എന്നാൽ അതു വരുമ്പോൾ മനോഹരമായിരിക്കും. തിരഞ്ഞെടുക്കപ്പെട്ടവർക്ക് അത് യഥാസ്ഥാനപ്പെടുത്തലാകും; ജീവിതം ആനന്ദകരമാകും.

വാക്യം 4

**ചോദ്യം :** 'വിശുദ്ധൻ' എന്ന വാക്ക് ഇവിടെ കാണാം. നിങ്ങളുടെ അഭിപ്രായത്തിൽ വിശുദ്ധ എന്ന അർത്ഥമുള്ള മൂന്നു സാധാരണ മലയാള പദങ്ങൾ ഏവ?

***കുറിപ്പ് :*** ഇവിടെ 'വിശുദ്ധൻ' എന്ന പദം ജനത്തെ സംബന്ധിച്ച് ഉപയോഗിക്കുന്നു. 1:4-ൽ ദൈവമാണ് പരിശുദ്ധൻ. അർത്ഥം ഒന്നു തന്നെ. വചനത്തിന് നിശ്ചിതമായതും നിഷേധ മായതുമായ ഇരുവശങ്ങളുണ്ട്. നിഷേധമായി അതു തിന്മയിൽനിന്നുള്ള വേർപാടാണ്. നിശ്ചിതമായി സ്നേഹവും നീതിയും അത് അർത്ഥമാക്കുന്നു.

വാക്യം 5-6 നന്മ തിന്മകളുടെ പോരാട്ടം ലോകത്തിലുണ്ടെന്ന് നിങ്ങൾ കരുതുന്നുവോ?
.............................................................................................................................................

ഉവ്വ് എന്നാണ് നിങ്ങളുടെ ഉത്തരമെങ്കിൽ യരൂശലേമിന്റെയും യഹൂദയുടെയും ചരിത്രം ലോകത്തിന്റെ തന്നെ ചരിത്രമാണ്. അവരുടെ ചരിത്രം നന്മ-തിന്മകളുടെ പോരാ ട്ടം പോലെയാണ്. അതിജീവിക്കുന്ന ജനമുണ്ടാകുമോ? പ്രവാചകന്റെ ഉത്തരം തറപ്പിച്ച് 'അതെ' എന്നാണ് കർത്താവു താൻ ഇടപെട്ടു നടപടി എടുക്കുകയാൽ എല്ലായിടവും നന്മ കൊണ്ടു നിറയും.

**ചോദ്യം :** ഈ വാക്യത്തിൽ രക്ഷയെക്കുറിച്ചുള്ള ചിത്രമെന്ത്?

.............................. എന്നു വിളിക്കപ്പെടും (വാക്യം 4) ........................................ സൃഷ്ടിക്കും (5) ................................ ആയിരിക്കും (6)

**അദ്ധ്യായം 5**

**വാക്യങ്ങൾ 1-7 മുന്തിരിത്തോട്ടത്തിന്റെ ഉപമ**

ഒരു ഉപമ എന്നാൽ അർത്ഥമുള്ള ഒരു കഥയാണ്. ആദ്യത്തെ 7 വാക്യങ്ങൾ വായിച്ച് താഴെക്കുറിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**ചോദ്യം :** മുന്തിരിത്തോട്ടത്തിന്റെ യജമാനൻ ആര്?.......................................................

**ചോദ്യം :** മുന്തിരി തോട്ടം ആര്? ..........................................................................................

വാക്യം 1

**ചോദ്യം :** ഏതു തരം ബന്ധമാണ് ദൈവം തന്റെ ജനവുമായി ഇഷ്ടപ്പെടുന്നത്? ഒരു വാക്ക് : .................................................

വാക്യം 7

**ചോദ്യം :** തന്റെ ജനത്തിൽ നിന്നും പ്രധാനമായി ദൈവം ആവശ്യപ്പെടുന്നതെന്ത്? ഒരു വാക്ക് : .................................................

**വാക്യങ്ങൾ 8-23 സാമൂഹ്യ അനീതി**

വാക്യങ്ങൾ 8 - 13 : പ്രവാചകൻ ശിക്ഷ വിധിക്കുന്ന അനീതികളുടെ മൂന്നു അടയാളങ്ങ ളുണ്ട്.

**ചോദ്യം :** ആദ്യത്തെ അടയാളമെന്ത്? .................................................................................

***കുറിപ്പ് :*** ധനികർ കൂടുതൽ ധനികരും ദരിദ്രർ കൂടുതൽ ദരിദ്രരുമാകുന്നു.

**ചോദ്യം :** രണ്ടാമത്തെ അടയാളമെന്ത്?...............................................................................

***കുറിപ്പ് :*** മദ്യാസക്തി ലോകത്തിൽ പെരുകിക്കൊണ്ടേയിരിക്കുന്നു.

**ചോദ്യം :** മൂന്നാമത്തെ അടയാളമെന്ത്? ...............................................................................

***കുറിപ്പ് :*** മത പരിജ്ഞാനം കുറഞ്ഞു വരുന്നു.

വാക്യം 14

മരണാനന്തര അവസ്ഥയെക്കുറിക്കുന്ന എബ്രായ പദം ഷെയോൾ (പാതാളം). പ്രവാ ചകൻ അതിനെ ചിത്രീകരിക്കുന്നത് വായ്പിളർന്ന ഭയാനക മൃഗമായിട്ടാണ്.

**വാക്യങ്ങൾ 15-16 ഇവിടെ വിവരിക്കുന്ന രണ്ടു ദൈവ സ്വഭാവങ്ങൾ ഏവ?**

ദൈവം എങ്ങനെയുള്ളവനെന്നുമാത്രമല്ല, ഈ രണ്ടു ഭാവങ്ങളും നമ്മോടു പറയുന്നത് പ്രത്യുത നാം എങ്ങനെ ആയിരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു എന്നതും കൂടെയാണ്.

വാക്യം 18

ഒരുകാലത്ത് കാളവണ്ടികൾ സാധാരണമായിരുന്നു. വിരളമായിട്ടെങ്കിലും ഇപ്പോഴും കാണാം. ചിലപ്പോൾ അമിത ഭാരം കൊണ്ട് കാളയും വണ്ടിക്കാരനും കഷ്ടപ്പെടുന്നതും കാണാം. കാളവണ്ടി നിങ്ങളുടെ ജീവിതമാണെന്നു സങ്കല്പിക്കുക. ചുമട് നിങ്ങളുടെ പാപഭാരമായിട്ടും കാണുക. അയ്യോ! ദിനംതോറും നിങ്ങളുടെ ഭാരം വർദ്ധിപ്പിക്കുന്നതായി കരുതുക. അയ്യോ! അയ്യോ! ജനങ്ങൾ അതിനീചമായ പ്രവൃത്തികൾ ചെയ്യുന്നു. അവർ ചെയ്തു പോന്ന ഏഴു നീചമായ പ്രവൃത്തികൾ ശ്രദ്ധിക്കുക.

വാക്യം 19 പരിശുദ്ധ ദൈവത്തെ അപമാനിക്കുകയായിരുന്നു അതിൽ ഒന്ന്.

**ചോദ്യം :** അവർ എന്തു പറയുകയായിരുന്നു? ..................................................................

വാക്യം 20 സമൂഹമനസാക്ഷിയെ നശിപ്പിക്കലായിരുന്നു രണ്ടാമത്തേത്.

**ചോദ്യം :** അവർ എന്തുചെയ്യുകയായിരുന്നു? ..................................................................

വാക്യം 21-23 മുൻപറഞ്ഞ രണ്ടു പാപങ്ങളിൽ നിലനിൽക്കുകയായിരുന്നു അവർ.

**ചോദ്യം :** അവ ഏവ? ..........................................., .................................................................

അതിനാൽ ദൈവം കോപിച്ചു. അവന്റേതു നീതിയുള്ള കോപമാണ്. കോപത്തിനു പിന്നിൽ പാപിയെ രക്ഷിക്കാനുള്ള ആഗ്രഹവും ഉദ്ദേശ്യവുമുണ്ടെങ്കിൽ ആ കോപം ന്യായീകരിക്കാവുന്നതാണ്.

**ചോദ്യം :** മക്കൾ പെരുമാറ്റദൂഷ്യം കാട്ടുമ്പോൾ അപ്പനു കോപിക്കാനുള്ള അർഹതയുണ്ടെന്നു നിങ്ങൾക്കു തോന്നുന്നുവോ? ..................................................................

**ചോദ്യം :** ദൈവമക്കൾ പെരുമാറ്റ ദൂഷികളായാൽ സ്വർഗ്ഗസ്ഥപിതാവിന് അവരെ ശിക്ഷിക്കാൻ അധികാരമുണ്ടെന്നു നിങ്ങൾ കരുതുന്നുവോ?

വാക്യം 26-30

പാപത്തിന്റെ കാഠിന്യം നിമിത്തം ദൈവശിക്ഷയും ഗൗരവമേറിയതായിരിക്കും. ദൈവം 'ദൂരത്തുള്ള' ജാതികൾക്ക് ഒരു കൊടി ഉയർത്തുന്നു. ജാതികളുടെ പേര് ഇവിടെ പറഞ്ഞിട്ടില്ല. പക്ഷെ 10:5 -ൽ നിന്നും അത് അശ്ശൂർ ആണെന്നു മനസ്സിലാക്കാം. വേദചരിത്രം പഠിപ്പിക്കുന്നത് ചില അവസരങ്ങളിൽ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ആക്രമിക്കുവാൻ വിദേശ സൈന്യങ്ങളെ ദൈവം അനുവദിച്ചു എന്നാണ്. പക്ഷെ അത് അവരെ ഉണർത്തുവാനും അതുവഴി യഥാസ്ഥാനപ്പെടുത്തുവാനുമുള്ള ദൈവപദ്ധതിയായിട്ടും കാണിക്കുന്നു. ദൈവത്തിന്റെ ഹൃദയം സ്നേഹം നിറഞ്ഞതാണ്. അക്രമം ദൈവ വഴിയല്ല. ദൈവത്തിന്റെ സ്വഭാവവും മാർഗ്ഗവും തന്റെ കഷ്ടപ്പെടുന്ന ദാസ-രക്ഷകന്റെ ജീവിതത്തിൽ വെളിപ്പെടും. സ്വയം നൽകുന്ന മനസ്സലിവിന്റെ മാർഗ്ഗമാണത്.

ശ്രദ്ധേയമായ ഒരു കാര്യം, യെശയ്യാവ് പ്രവാചകൻ ഒരിക്കൽപ്പോലും എബ്രായ ജനതയെ തങ്ങളുടെ എതിരാളികളെ ആക്രമിക്കുവാൻ ആഹ്വാനം ചെയ്തില്ല എന്നതാണ്. അദ്ദേഹം പഠിപ്പിക്കുന്ന നമ്മുടെ കർത്തവ്യം ഇതാണ്. നമ്മുടെ സ്വഭാവത്തെ നാം നവീകരിക്കണം. അതുനിമിത്തം ദൈവീക ശിക്ഷയുടെ ആവശ്യം ഇല്ലാതാക്കണം.

അടുത്ത പാഠം വിശദീകരിക്കുന്നത് തന്റെ സന്ദേശത്തിനുള്ള പ്രചോദനം പ്രവാചകന് ലഭിച്ചതെങ്ങനെ എന്നാണ്.

## പാഠം 4

## (ഈ പാഠം യെശയ്യാവ് 6, 7, 8 അദ്ധ്യായങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു)

### അദ്ധ്യായം ആറ്

(***പരിവർത്തന ചിന്ത:*** ആത്മീക മുന്തിരിത്തോപ്പുകൾ ഫലരഹിതമായിരിക്കുന്നു. ആകയാൽ വരാനുള്ള ദുരന്തത്തെക്കുറിച്ച് മുന്നറിയിക്കുകയും പ്രത്യാശാ ചിഹ്നങ്ങൾ നല്കുകയും ആണ് പ്രവാചകന്റെ ചുമതല)

**വാക്യം 1-13 യെശയ്യാവ് : നിയമനവും നിയോഗവും**

യെശയ്യാ പ്രവചനത്തിന്റെ ആദ്യ അഞ്ചു അദ്ധ്യായങ്ങൾ ഒരുതരം മുഖവുരയാണ്. അത് ഈ പുസ്തകത്തിന്റെ പ്രധാന വിഷയം നമുക്കു കാട്ടിത്തരുന്നു. ആദ്യമായി, യെശയ്യാവ് ദൈവത്തിനുവേണ്ടി സംസാരിക്കുന്നു എന്നു പറയുന്നു. രണ്ടാമതായി, ദൈവം പാപത്തെ വെറുക്കുന്നുവെന്നും അവനിലേക്ക് തിരിയുന്നവർക്ക് പ്രത്യാശ വാഗ്ദത്തം ചെയ്യുന്നു എന്നും പറയുന്നു. അത്തരം പ്രവചനത്തിന് നല്ല ധൈര്യം വേണം. യെശയ്യാവ് ധൈര്യശാലിയായതെങ്ങനെ? ദൈവം തന്നെ അവനെ വിളിച്ചു നിയമിച്ചു എന്ന ബോധ്യമാണ് ഇതിനു കാരണം. ഒന്നാം അദ്ധ്യായം ആദ്യവചനത്തിൽ തന്നെ യെശയ്യാവ് പ്രഖ്യാപിക്കുന്നു. താൻ എന്തു പ്രവചിക്കണം എന്നതിനെക്കുറിച്ച് തനിക്ക് ദർശനം ലഭിച്ചു എന്ന്. ഇപ്പോൾ ഈ ആറാം അദ്ധ്യായത്തിൽ അദ്ദേഹം തന്നെ അനുഭവം കൂടുതൽ വിശദീകരിക്കുന്നു.

വാക്യം 1 അത് ഏകദേശം 742 ബി.സി. മിക്കവാറും യെശയ്യാവ് ശലോമോൻ നിർമ്മിച്ച പ്രസിദ്ധമായ യെരൂശലേം ദൈവാലയത്തിൽ ആയിരിക്കണം. അപ്പോൾ അതു സംഭവിച്ചു. അവിസ്മരണീയമായ ഒരു ദർശനം യെശയ്യാവിന് ലഭിച്ചു.

വാക്യങ്ങൾ 2-4

**ചോദ്യം :** പ്രവാചകൻ കണ്ടതെന്ത്? നിങ്ങളുടെ വാക്കുകളിൽ വിവരിക്കുക.

.............................................................................................................................................

**ചോദ്യം :** യെശയ്യാവ് കേട്ടതെന്ത്? .......................................................................................

വാക്യം 3

നമ്മൾ കണ്ടതുപോലെ വിശുദ്ധിയുള്ള എബ്രായ പദം (ഖാദോഷ്) വളരെ ശക്തമായ വാക്കാണ്. അതു നല്ലതും നേർമ്മയായതും എന്നു മാത്രമല്ല 'വേർപെടുത്തപ്പെട്ടത്' എന്ന അർത്ഥവുമുണ്ട്. നമുക്കു സങ്കല്പിക്കാവുന്ന സകലത്തിൽ നിന്നും ദൈവം വേർപെട്ടിരിക്കുന്നു. ദൈവത്തോടു ഒന്നിനെയും ഉപമിക്കാനാവില്ല. ദൈവം, നേതി, നേതി അഥവാ ഇതല്ല അതല്ല മാത്രം. ദൈവം ഉന്നതൻ, പരമോന്നതൻ, മഹോന്നതൻ. അവൻ തന്നിലേക്ക് നമ്മെ ആകർഷിക്കുമ്പോൾ, ആദരണീയമായ വിറയൽ ജനിപ്പിക്കുന്നവൻ. പ്രവാചകരെപ്പോലെ ചിലപ്പോൾ ശിശുക്കളും നമ്മെ പാഠങ്ങൾ പഠിപ്പിക്കും. ഒരു ശിശുവിന്റെ പ്രാർത്ഥന ഇങ്ങനെ: "ദൈവം വലിയവൻ, ദൈവം നല്ലവൻ, നമ്മുടെ ആഹാരത്തിനായ് നാം അവന് നന്ദിപറയുന്നു."

**ചോദ്യം :** ഇത്രയും ഉന്നതനെങ്കിലും ദൈവത്തെ ജനം നിസ്സാരമായി കാണുകയും മറന്നുകളയുകയും ചെയ്യുന്നതെന്തുകൊണ്ട്? .......................................................................

വാക്യങ്ങൾ 6:5-7

**ചോദ്യം :** "എനിക്ക് അയ്യോ കഷ്ടം!" എന്ന് യെശയ്യാവ് നിലവിളിച്ചതെന്തുകൊണ്ട്?

..........................................................................................................................................

**ചോദ്യം :** നമ്മുടെ പാപങ്ങളെ ക്ഷമിച്ച് കുറ്റബോധത്തെ നീക്കിക്കളയുവാൻ പ്രാപ്തനായ ഏകവ്യക്തി ആര്? ..........................................................................................................

ശേഷം 53-ാം അദ്ധ്യായത്തിൽ ദൈവം ഇതെങ്ങനെ ചെയ്തു എന്നു യെശയ്യാവ് വിവരിക്കുന്നു. ദൈവം പരിശുദ്ധൻ മാത്രമല്ല നമ്മുടെ രക്ഷകനായ ദൈവവും കൂടെയാണ്.

വാക്യം 8 ശുദ്ധീകരിക്കപ്പെട്ട ഉടൻ യെശയ്യാവ് ദൈവശുശ്രൂഷയ്ക്കായി തന്നെത്തന്നെ സമർപ്പിച്ചു.

വാക്യങ്ങൾ 9-10

ജനത്തെ കേൾപ്പിക്കാൻ ദൈവം യെശയ്യാവിനു നൽകിയ സന്ദേശം ഒരു പരിധി വരെ ഭയാനകമായതായിരുന്നു. അതെന്തായിരുന്നു...................................................
..............................................................................................................................................

***കുറിപ്പ് :*** ബൈബിളിലെ പുതിയ നിയമത്തിൽ ഈ വാക്യം ആറു പ്രാവശ്യം ഉദ്ധരിച്ചിട്ടുണ്ട്. ഈ പാഠത്തിന്റെ അനുബന്ധത്തിലെ 'A' ഭാഗം ശ്രദ്ധിക്കുക.

വാക്യങ്ങൾ 9-10. മാനുഷികമായി ചിന്തിച്ചാൽ ഈ ആജ്ഞ വിഷമകരമായതാണ്. പ്രവാചക സന്ദേശത്തിലെ ലക്ഷ്യം ജനത്തിന്റെ അവസ്ഥയെ മോശമാക്കുന്നതാണ് എന്ന ധ്വനിയതിനുണ്ട്. കാരുണ്യവാനായ ദൈവം എന്തിനു അങ്ങനെ ചെയ്യുന്നു എന്നു നമുക്കു തോന്നിപ്പോകാം. ഇതിനെക്കുറിച്ച് കൂടുതൽ കൂടുതൽ ഗ്രഹിക്കാൻ ഒരു ഡോക്ടറേയും ഒരു ക്ഷയരോഗിയെയും സങ്കല്പിക്കുക. ക്ഷയരോഗിക്ക് നല്ല ചുമയുണ്ട്. എന്നാൽ താൻ ശരിക്കും രോഗ ബാധിതനാണെന്ന് അയാൾ വിശ്വസിക്കുന്നില്ല. അയാൾക്കാവശ്യം ചുമയ്ക്കുള്ള അല്പം മരുന്നു മാത്രമാണ്. നമ്മുടെ ആരോഗ്യ കേന്ദ്രങ്ങളിൽ ഇത്തരം കാര്യങ്ങൾ സാധാരണയായി സംഭവിക്കാറുണ്ട്. രോഗത്തിന്റെ ഗൗരവാവസ്ഥ ഡോക്ടർക്കറിയാമെന്നതിനാൽ അദ്ദേഹം ചുമയ്ക്കുള്ള മരുന്നു നൽകുന്നില്ല. പ്രത്യുത, ശരിയായ ക്ഷയരോഗ ചികിത്സയ്ക്ക് വിധേയമാകണമെന്ന് അദ്ദേഹം രോഗിയെ ഉപദേശിക്കുന്നു. വിഡ്ഢിയായ രോഗി അനുസരിക്കാതെ വെറുപ്പോടെ തന്റെ വഴിക്ക് പോകുന്നു. തന്റെ ജീവൻ നിലനിർത്താൻ അയാൾ തന്റെ അവസ്ഥയെ കൂടുതൽ ഗൗരവമായിട്ടെടുക്കണം. അവൻ മെച്ചപ്പെടുന്നതിനു മുമ്പ് വഷളായിക്കൊണ്ടേയിരിക്കുന്നു.

യഹൂദ്യയിലെ ജനവും ഈ രോഗബാധിതനെപ്പോലെയായിരുന്നു. ദൈവം അവരെ സൗഖ്യമാക്കാനായി മുമ്പേ അവർ എത്രമാത്രം പാപികളാണെന്ന് തിരിച്ചറിഞ്ഞ് മാനസാന്തരപ്പെടേണ്ടതുണ്ട്. അവരുടെ നില മെച്ചപ്പെടുന്നതിന് മുമ്പ് അവർ വഷളാകേണ്ടിയിരിക്കുന്നു. ജനങ്ങളെ യാഥാർത്ഥ്യ ബോധത്തിലേക്ക് കൊണ്ടുവരുവാൻ ഒരു പ്രവാചകൻ ഒരു നല്ല ക്ഷയരോഗ പ്രതിരോധ ഡോക്ടറെപ്പോലെ പെരുമാറേണ്ടിയിരിക്കുന്നു. "ഞാൻ ഇപ്പോൾ നിങ്ങളോട് പറയുന്നത് നിങ്ങൾ കാര്യമാക്കുകയില്ല. അതിനാൽ നിങ്ങളുടെ നില കൂടുതൽ വഷളാകും. നിങ്ങൾക്ക് മാരക രോഗം ബാധിച്ചിരിക്കുന്നു എന്നു നിങ്ങൾ തിരിച്ചറിയുമ്പോൾ ഞാൻ നിങ്ങളോട് പറഞ്ഞ ദൂത് ഓർക്കുക."

**ചോദ്യം :** താൻ എത്രകാലം ഈ ക്ലേശകരമായ ജോലി ചെയ്യണമെന്ന് യെശയ്യാവ് ദൈവത്തോട് ചോദിച്ചു? എന്തായിരുന്നു ദൈവത്തിന്റെ മറുപടി? .....................................
..............................................................................................................................................

**അദ്ധ്യായം 7**

## വാക്യങ്ങൾ 1-9 പ്രവാചകൻ ആദ്യനാമചിഹ്നം നൽകുന്നു

വാക്യം 1

വിപത്തിന്റെ ആദ്യഘട്ടം തുടങ്ങുന്നു. യഹൂദയും യെരൂശലേമും രണ്ട് വൻ ആയുധ ശക്തികളാൽ കടന്നാക്രമിക്കപ്പെട്ടിരിക്കുന്നു.

**ചോദ്യം :** ആ രണ്ടു സൈന്യങ്ങൾ ഏവ? ....................................., .....................................

***കുറിപ്പ് :*** ഈ രണ്ടു രാജാക്കന്മാരും യഹൂദ്യയ്ക്കെതിരെ ഒരു സഖ്യം ഉണ്ടാക്കുവാൻ തീരുമാനിച്ചു. അവരിൽ ഒരാൾ വടക്കൻ ഇസ്രായേലിന്റെ ഭരണകർത്താവായിരുന്നു എന്നതെത്ര സങ്കടകരം. മാതുലസഹോദരൻ മാതുലസഹോദരനെതിരേ!

വാക്യങ്ങൾ 2-3 പ്രത്യാശയുടെ അടയാളം നൽകാൻ യെശയ്യാവ് തന്റെ പുത്രന്മാരിൽ ഒരുവനെ ഉപയോഗിക്കുന്നു. ആ മകന്റെ പേര് ശെയാർ-യാശൂബ് എന്നായിരുന്നു. അതിനർത്ഥം "ഒരു ശേഷിപ്പ് തിരിച്ചുവരും". തെരഞ്ഞെടുക്കപ്പെട്ടവരിൽ വിശ്വസ്തരായിരുന്ന ചിലർ രക്ഷിക്കപ്പെടും.

**ചോദ്യം :** ദൈവം യെശയ്യാവിനു കൊടുത്ത കല്പനയെന്ത്? ..............................................,

......................................................................

വാക്യങ്ങൾ 4-7

**ചോദ്യം :** യെശയ്യാവ് ആഹാസ് രാജാവിന് കൊടുക്കേണ്ട സന്ദേശമെന്ത്?

..............................................................................................................................

വാക്യങ്ങൾ 10-15. രണ്ടാം നാമ ചിഹ്നം : ഇമ്മാനുവേൽ

ആഹാസ് രാജാവിന്റെ വിശ്വാസം ശക്തിപ്പെടുത്താൻ പ്രവാചകൻ രണ്ടാമത്തെ നാമ ചിഹ്നം നൽകുന്നു. മുഴുലോകത്തിനും ദൈവത്തിന്റെ രക്ഷാപദ്ധതി തുറന്നുകാണിക്കുന്ന ഒരു അടയാളമാണത്.

വാക്യങ്ങൾ 10-13

ഇത് ഏകദേശം 735 ബി.സി. രണ്ടുവർഷത്തിനകം അസ്സീറിയൻ സൈന്യം എത്തുമെന്ന് ആഹാസ് രാജാവ് പൂർണ്ണമായി ഗ്രഹിച്ചിരുന്നില്ല. എന്നിരുന്നാലും ദൈവം യെശയ്യാവിലൂടെ തന്നോട് സംസാരിക്കുന്നതായി ആഹാസ് വിശ്വസിച്ചുതുടങ്ങി. സംഭാഷണം വ്യക്തമാക്കുന്നത് അവന് ഭയം ഉണ്ടെന്നാണ്.

വാക്യം 14

**ചോദ്യം :** ദൈവം പ്രവാചകനിലൂടെ നൽകുന്ന അടയാളം എന്താണ്?

................................................................................................................................................................

ഇത് ഒരു അസാധാരണവും അതേ സമയം ശക്തവുമായ അടയാളമാണ്. പ്രത്യേകമായ ഒരു അമ്മയും കുഞ്ഞും ഉണ്ടാകും. അമ്മയുടെ പേര് നൽകുന്നില്ല. വിവാഹ പ്രായമെത്തിയ പെൺകുട്ടിക്ക് ഉപയോഗിക്കുന്ന എബ്രായ പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പ്രവാചകൻ കുഞ്ഞിന്റെ പേര് വെളിപ്പെടുത്തുന്നു. ഏറ്റവും ഉന്നതമായ നാമം. 'ഇമ്മാനു' എന്നാൽ 'നമ്മോടുകൂടെ'. 'ഏൽ' എന്നുവച്ചാൽ 'ദൈവം'. ഈ രണ്ടു പദങ്ങൾ കൂടിച്ചേർന്നതാണ് ഇമ്മാനുവേൽ.

**ചോദ്യം :** അപ്പോൾ ഇമ്മാനുവേൽ എന്ന പദത്തിന്റെ അർത്ഥമെന്ത്?

ഈ കുഞ്ഞ് ആരാണ്? ആ കാലത്തെ അർത്ഥത്തിൽ ആ കാലത്ത് ജനിച്ച ഭാവി രാജാവായ ഹിസ്ക്കിയാവ്-നെ സൂചിപ്പിക്കുന്നതാകാം. ആ പേര് സൂചിപ്പിക്കുന്നത് ദൈവം അദ്ദേഹത്തോടും യഹൂദാ ജനത്തോടും കൂടെ ഉണ്ടായിരിക്കും എന്നാണ്. രണ്ടാമത്, വിശാല അർത്ഥത്തിൽ ഭാവിയിൽ വരുന്ന രക്ഷകനെ സൂചിപ്പിക്കുന്നു. ഒരു പ്രവചനത്തിന് രണ്ട് അർത്ഥമുണ്ടാകാം. ഒന്നു സമീപ ഭാവിയിലും ഇനിയൊന്ന് വിദൂര ഭാവിയിലും പ്രയോഗിക്കുന്നു. സാധാരണ ജീവിതത്തിൽ നിന്നും ഒരുദാഹരണം നോക്കുക. ഒരു കേര കർഷകൻ തെങ്ങിൻ തൈകൾ മുളപ്പിച്ചുവളർത്തുന്നു. അദ്ദേഹം വിശ്വാസപൂർവ്വം പറയുന്നു. "ആ കാണുന്ന തെങ്ങിൻ തൈ ഫലം പുറപ്പെടുവിക്കും" എന്നാൽ അതിന്റെ ആദ്യ വിളവെടുപ്പുകാലത്ത് ഒരു കുല ഫലം മാത്രമേ നൽകിയുള്ളൂ. എന്നാൽ ഏഴു വർഷങ്ങൾക്കു ശേഷം അത് വളരെ ഫലം ഉല്പാദിപ്പിക്കുന്നു. സമീപകാല അർത്ഥവും വിദൂര ഭാവിയിലെ അർത്ഥവും ഒരു യുവതിയിൽ നിന്ന് ഒരു കുഞ്ഞു ജനിക്കുമെന്ന് പ്രവാചകൻ പറയുന്നു. കുഞ്ഞിന് മൂന്നോ നാലോ വയസ്സാകുന്നതിനു മുമ്പേ ആക്രമണത്താൽ യഹൂദ നശിപ്പിക്കപ്പെടും - അത് ഉടനുള്ള അർത്ഥം. വളരെക്കാലം കഴിഞ്ഞിട്ട് ഒരു കന്യകയിൽ ഒരു കുഞ്ഞു ജനിക്കുകയും അവൻ പാപത്തിൽ നിന്നുള്ള രക്ഷകനായിരിക്കുകയും ചെയ്യും. അവന്റെ രക്ഷ ആത്മഫലങ്ങളുടെ ഒരു വൻ കൊയ്ത്ത് പോലെയായിരിക്കും.

ദയവായി അനുബന്ധം കുറിപ്പ് 'B' വായിക്കുക.

**ചോദ്യം :** നിങ്ങൾ തേനും തൈരും എപ്പോഴെങ്കിലും കഴിച്ചിട്ടുണ്ടോ?

................................................................................................................................................................

അത് സഞ്ചാരികളുടെ ഭക്ഷണമായിരുന്നു; യഹൂദ്യരുടെ സാധാരണ ഭക്ഷണമായിരുന്നില്ല. ഈ ശിശു ആ ആഹാരം ഭക്ഷിക്കും. ഭൂമി കൃഷി ചെയ്യപ്പെടാതിരിക്കയാലും കമ്പോള

ങ്ങൾ നശിപ്പിക്കപ്പെടുകയാലുമാണത്.

വാക്യങ്ങൾ 17-25 നശീകരണം ആരംഭിക്കുന്നു.

വാക്യങ്ങൾ 17-18

**ചോദ്യം :** യഹൂദ്യയെ ആക്രമിക്കുന്നതാര്? ............................................................................

വാക്യങ്ങൾ 21-25

**ചോദ്യം :** യഹൂദ്യയിലെ കൃഷിഭൂമിക്കും മുന്തിരിതോട്ടങ്ങൾക്കും എന്തു സംഭവിക്കും? ..............................................................................................................................

***കുറിപ്പ് :*** അസ്സീറിയ ദേശത്തുകൂടി ഒഴുകുന്ന യൂഫ്രെട്ടീസ് നദിയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

**അദ്ധ്യായം 8**

**വാക്യങ്ങൾ 1-4 : മൂന്നാം നാമചിഹ്നം**

യെശയ്യാവ് ഇപ്പോൾ തന്റെ മറ്റൊരു പുത്രന് ഇനിയൊരു പേർ നൽകുന്നു. ആദ്യ രണ്ടു അടയാളങ്ങളായ ശെയാർ യാശൂബു-നും ഇമ്മാനുവേലിനും തികച്ചും വ്യത്യസ്തമാണ്. ഇതൊരു മുന്നറിയിപ്പിന്റെ നാമമാണ്. അതിനർത്ഥം: “കൊള്ളയടിക്കാൻ വേഗതപ്പെടുത്തുകയെന്നും ജീർണ്ണിക്കാൻ ധൃതിപ്പെടുത്തുക”യെന്നുമാണ്.

വാക്യം 1-2

**ചോദ്യം :** ആ പേര് എന്ത്? ..................................................................................................

വാക്യം 4

**ചോദ്യം :** രാജാവിന് ഈ അടയാളം നൽകുന്ന മുന്നറിയിപ്പെന്ത്? ............................ ...................................................................................................................................

വാക്യം 3

**ചോദ്യം :** യെശയ്യാവിന്റെ ഭാര്യയെക്കുറിച്ചുള്ള രസകരമായ വസ്തുതയെന്ത്?

...................................................................................................................................

ഒരുപക്ഷെ, തന്റെ മകന് ഇത്രയും വിചിത്രമായ പേരുനൽകാൻ അവൾ സമ്മതിച്ചത് ഇക്കാരണത്താലാകാം!

**വാക്യങ്ങൾ 5-22 യഹൂദ്യയ്ക്ക് ഇപ്പോൾ ഒരു വ്യക്തമായ തിരഞ്ഞെടുപ്പുണ്ട്.**

വാക്യങ്ങൾ 5-8

യെരൂശലേമിനു ജലം നൽകുന്ന ഒരു ശാന്ത അരുവിയായിരുന്നു ശീലോഹം. ദൈവത്തിന്റെ ആത്മീകജലം സൗമ്യവും ജീവദായകവും നമ്മുടെ ജീവിതത്തെ തണുപ്പിക്കുന്നതുമാണ്. മനുഷ്യ തിന്മയുടെ ജലങ്ങൾ ഭയാനകവും നാകരവുമായ ജലപ്രളയം പോലെയാണ്. അശ്ശൂർ ഇത്തരം ഒരു പ്രളയമാണ്. തിരഞ്ഞെടുപ്പ് ഇവിടെ വ്യക്തമായി കാണപ്പെടുന്നു.

**ചോദ്യം :** നന്മയും തിന്മയും തമ്മിൽ നമുക്ക് ഒരു തിരഞ്ഞെടുപ്പുവേണം എന്ന് നിങ്ങൾ സമ്മതിക്കുന്നുവോ? ..........................................................................................

**ചോദ്യം :** രെമല്യാവിന്റെ പുത്രൻ ആരായിരുന്നു? (7:1 കാണുക) ............................ ...................................................................................................................................

**ചോദ്യം :** ഈ വാക്യങ്ങളിൽ യെശയ്യാവ് രാജാവിന് ഒരിക്കൽക്കൂടി രണ്ടാമത്തെ നാമചിഹ്നം ഓർമ്മപ്പെടുത്തുന്നു. ഒരിക്കൽ കൂടെ; ഇമ്മാനുവേൽ എന്നതിന്റെ അർത്ഥമെഴുതുക. ...........................................................................................................

വാക്യങ്ങൾ 9-22

അതിക്രമികൾ വരുമ്പോൾ, ജനത്തിനു വിവിധ പരീക്ഷകളുണ്ടാകും. അതിക്രമികൾ അഹങ്കാരികളാകാൻ പരീക്ഷിക്കപ്പെടും. യിസ്രായേൽ മക്കൾ അവരുടെ നിരാശയിൽ മാന്ത്രിക സഹായങ്ങൾ തേടാൻ പരീക്ഷിക്കപ്പെടും. പ്രവാചകൻ തന്നെയും ഏകാന്തതയാലും ആശങ്കയാലും പരീക്ഷിക്കപ്പെടും.

വാക്യങ്ങൾ 9 - 10

**ചോദ്യം :** ദേശങ്ങളെ ദൈവം പ്രബോധിപ്പിക്കുന്നതെന്ത്? ..............................................
..................................................................................................................................................

വാക്യങ്ങൾ 11-18

**ചോദ്യം :** പ്രവാചകനെ ദൈവം പ്രബോധിപ്പിക്കുന്നതെന്ത്? ..........................................
..................................................................................................................................................

(നിങ്ങളുടെ വാക്കുകളിൽ ചുരുക്കിയെഴുതുക.)

**ചോദ്യം :** ദൈവീക പ്രബോധനത്തോട് പ്രവാചകൻ പ്രതികരിച്ചതെങ്ങനെ? രണ്ടു പ്രധാന വാക്കുകൾ ഏവ? (വാ. 17) ..........................................., ............................................

വാക്യങ്ങൾ 19-22

**ചോദ്യം :** വെളിച്ചപ്പാടുകളെ തേടുന്ന എബ്രായരെക്കുറിച്ച് ദൈവം എന്തുപറയുന്നു?
...................................................................................................................................

ദൈവത്തിന്റെ പ്രോത്സാഹനത്തോടുള്ള യെശയ്യാവിന്റെ പ്രതികരണത്തിൽ നിന്നും നമുക്കേറെ പഠിക്കാനുണ്ട്. കാര്യങ്ങൾ ശരിയാകും വിധം മുന്നോട്ടു പോകാതിരിക്കുമ്പോൾ നാം രണ്ടു കാര്യങ്ങൾ ചെയ്യണം. ഒന്ന്; ദൈവത്തോടു സഹായം അഭ്യർത്ഥിക്കണം; രണ്ട്; ദൈവം അതു നിർവ്വഹിക്കും എന്ന ഉറപ്പുള്ളവരായിരിക്കണം.

മിക്കവാറും പാഠങ്ങൾക്കൊടുവിൽ ഒരു അനുബന്ധം കാണാം, "യെശയ്യാവ് പുതിയ നിയമത്തിൽ". മറ്റേതു പ്രവാചകനെക്കാളും പുതിയ നിമയത്തിൽ നേരിട്ടും അല്ലാതെയും യെശയ്യാവ് ഉദ്ധരിക്കപ്പെടുന്നു. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള യെശയ്യാവിന്റെ പ്രവചന നിവൃത്തിയാണ് യേശു.

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ :

### കുറിപ്പ് A

യെശയ്യാവ് 6, 8-10: പുതിയ നിയമ ഉദ്ധരണി മത്തായി 1:21 ആണ്. പ്രവാചകർ നേരിട്ട അതേ പ്രശ്നം മിശിഹയായ യേശുവും നേരിടുന്നു. ജനം ശ്രദ്ധിച്ചില്ല. തങ്ങളെത്രമാത്രം രോഗികളാണെന്ന് അവർ തിരിച്ചറിഞ്ഞില്ല. ഒരു പരമ വൈദ്യനായിരുന്നെങ്കിലും അവർ സ്വയഉണർവ്വ് പ്രാപിക്കുവോളം അവരെ സഹായിക്കാൻ യേശുവിനായില്ല. യേശു എന്ന വാക്കിനർത്ഥം "അവൻ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും" എന്നാണ്.

### കുറിപ്പ് B

യെശയ്യാവ് 7,14 : പുതിയനിയമ ഉദ്ധരണി മത്തായി 1:22. ഇതു പറയുന്നത് യെശയ്യാവ്, 7, 14 യേശു എന്ന മെശിഹയുടെ ജനനത്തെക്കുറിച്ചുള്ള പ്രവചനമാണെന്നാണ്. മറിയയുമായി വിവാഹ നിശ്ചയം കഴിഞ്ഞിരുന്ന യോസഫിനോട് ഗബ്രിയേൽ ദൂതൻ അറിയിച്ചത് ഇതാണ്. മറിയ കന്യകയായ മാതാവും യേശു ഇമ്മാനുവേലും ആണ്. ഇമ്മാനുവേൽ എന്നാൽ 'ദൈവം നമ്മോടുകൂടെ'. ദൈവം തന്നെ നമ്മുടെ രക്ഷകൻ.

## പാഠം 5

## (9–12 വരെയുള്ള അദ്ധ്യായങ്ങളാണ് ഈ പാഠത്തിൽ)

### 9–10 അദ്ധ്യായങ്ങൾ

(***പരിവർത്തന ചിന്ത:*** കടന്നുപോകുന്ന ചിന്ത: മുൻപിലുള്ള വേദനയും മ്ലാനതയും സത്യസന്ധമായി യെശയ്യാവിന് മുന്നറിയിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ ഈ നാല് അദ്ധ്യായങ്ങളിൽ അവൻ സുവാർത്ത പങ്കുവയ്ക്കുന്നു.)

**9 : വാക്യങ്ങൾ 1–7 ഗലീലയിൽ നിന്നുള്ള വെളിച്ചം**

വാക്യം 1

**ചോദ്യം :** യോർദ്ദാനക്കരെയുള്ള ദേശത്തിന് ഇവിടെ നല്കിയിരിക്കുന്ന പേരെന്ത്?

..............................................................................................................................................

സെബൂലൂൻ, നഫ്താലി എന്നിവ ഈ പ്രദേശത്തിന്റെ അപരനാമങ്ങളാണ്. ഇത് രണ്ടും വടക്കൻ യഹൂദാഗോത്രങ്ങളാണ്. നസറത്ത് പട്ടണം സെബൂലൂൻ പ്രദേശത്തിൽ ഉൾപ്പെട്ടതാണ്. ഗലീലാകടൽ തീരപ്രദേശത്തോടു ചേർന്നതാണ് നഫ്താലിദേശം. അതുകൊണ്ട് ഈ പ്രദേശത്തെയും ഗലീല എന്നു വിളിക്കുന്നു.

അശ്ശൂർ രാജാവായ തിഗ്ളത്-പിലേസർ 733 ബി.സിയിൽ ആക്രമിച്ചു കീഴടക്കിയപ്പോൾ ഇവിടെ നിന്നും അനേകം പൗരന്മാരെ തടവുകാരാക്കി. അതുകൊണ്ട് സെബൂലൂനും നഫ്താലിയും കഷ്ടതയെ സാദൃശ്യപ്പെടുത്തുന്നു. യഹൂദരല്ലാത്ത ജനങ്ങളെ അവൻ ഇവിടെകൊണ്ടു പുനരധിവസിപ്പിക്കയാൽ ഈ പ്രദേശം ജാതികളുടെ ഗലീല എന്നും അറിയപ്പെടുന്നു. (ജാതികൾ എന്നത് യഹൂദതേതരരെ കുറിക്കുന്നു.)

യഹൂദയിലെ എബ്രായർ ഗലീലിയക്കാരെ തിരസ്കരിക്കാൻ പ്രേരിപ്പിക്കപ്പെട്ടിരുന്നു. അതിനു കാരണം അവരുടെ പ്രത്യേക ഉച്ചാരണങ്ങളും രീതികളും നിമിത്തമായിരുന്നു. എങ്കിലും പ്രവാചകൻ അറിയിക്കുന്നത് ഗലീല വേഗത്തിൽ പ്രത്യാശയുടെ അടയാളമാകുന്നു എന്നാണ്. അനേകം സഞ്ചാരികൾ ഈ പ്രദേശം വഴി കടന്നുപോകയാൽ ഇതിലെ ജനങ്ങൾ സമൃദ്ധരായിരുന്നു. ഇവിടത്തെ ജനങ്ങൾ യവന, റോമൻ സംസ്കാരങ്ങളുമായി നിരന്തര സമ്പർക്കത്തിലായിരുന്നു. എന്നാൽ ഈ പ്രദേശം പ്രത്യാശയുടേതായി മാറുന്നതിന്റെ കാരണം മറ്റൊന്നാണ്; ലോകത്തിലെ പ്രകാശമായ യേശു അവിടെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തു എന്നത്. യേശുവിന്റെ ആദ്യ ശിഷ്യർ അവിടെ നിന്നും വന്നവരായിരുന്നു! യെരുശലേമിൽ കണ്ടതിൽ നിന്നും വ്യത്യസ്തമായി, ഗലീലയിലെ ജനങ്ങൾ ആത്മീകമായി തുറന്ന മനസ്സുള്ളവരും വിജ്ഞാന ദാഹികളുമായിരുന്നു.

(അനുബന്ധം കുറിപ്പ് A വായിക്കുക)

വാക്യങ്ങൾ 2–7

**ചോദ്യം :** മഹത്തായ ആനന്ദവിസ്പോടനത്തിന് ഇവിടെ രണ്ടു കാരണങ്ങളുണ്ട്; അവ എന്താണ്?

1.............................................................................................................(വാക്യം 4–5 കാണുക)

2..........................................................................................................(വാക്യം 6–7 കാണുക.)

***കുറിപ്പ് :*** 'മിദ്യാന്റെ നാളിൽ' എന്നത് യഹൂദ ന്യായാധിപൻ ഗിദയോൻ മിദ്യാന്യരെ തോല്പിച്ച കാലത്തെയാണ് സൂചിപ്പിക്കുന്നത്. അകാബാ കടലിടുക്കിനു സമീപം ജീവിച്ചിരുന്ന ബെഡ്യൂമ്യരാണ് മിദ്യാന്യർ. ഇപ്പോൾ അന്നാളിനേക്കാൾ ആത്മീകപ്രാധാന്യമുള്ള മഹത്വമേറിയ കാര്യങ്ങൾ ഇവിടെ സംഭവിക്കാൻ പോകുന്നത് പ്രവാചകൻ മുൻകാണുന്നു.

വാക്യങ്ങൾ 6–7

ഈ പ്രസിദ്ധമായ വാക്യങ്ങളിൽ ദൈവത്തിന്റെ സ്നേഹ രാജ്യം സ്ഥാപിക്കുന്ന അത്ഭുത ശിശുവിന്റെ വളർച്ചയെക്കുറിച്ചു പറയുന്നു.

ചോദ്യം: അവന്റെ അഞ്ചു പേരുകളെന്തെല്ലാം. ..........................................................., ..........................................., ..........................................., ..........................................................., ......................................................

വാക്യം 7

'ദാവീദിന്റെ സിംഹാസനം' സൂചിപ്പിക്കുന്നത്, ശിശു ശ്രേഷ്ഠ രാജാവായ ദാവീദിന്റെ പിന്തുടർച്ചക്കാരനായിരിക്കുമെന്നതാണ്. പില്ക്കാലത്ത് ഈ കാരണത്താൽ 'മശിഹാ' അഥവാ 'അഭിഷിക്തൻ' എന്ന പേരു നല്കി.

**ചോദ്യം :** ഈ രാജകീയ രക്ഷകന്റെ രണ്ടു പ്രത്യേക ഗുണങ്ങളെന്തെല്ലാം?

.........................................................................., ..........................................................................

(ദയവായി അനുബന്ധം, കുറിപ്പ് B വായിക്കുക)

അദ്ധ്യായം 9. വാക്യം 8 മുതൽ അദ്ധ്യായം10 വാക്യം 19 വരെ മനുഷ്യ അഹങ്കാരവും പീഡനങ്ങളും ന്യായം വിധിക്കപ്പെടും; അ. 10 വാക്യം 28-34 അതാര്?

**വാക്യങ്ങൾ 8-21 എബ്രായർക്കെതിരേ.**

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവും അനേകം അനുഗ്രഹങ്ങൾ പ്രാപിച്ചവരുമായവരെങ്കിലും അവരിപ്പോൾ അഹങ്കാരികളും മറ്റുള്ളവരെ പീഡിപ്പിക്കുന്നവരുമായി. ദൈവം അവരിൽ തൃപ്തരായില്ല; ഏറെ ലഭിച്ചവരിൽനിന്നും ഏറെ പ്രതീക്ഷിക്കുന്നു.

വാക്യങ്ങൾ 8-9

**ചോദ്യം :** എബ്രായരെ കുറിക്കുന്നതിന് ഈ വാക്യങ്ങളിൽ വിളിക്കുന്ന 4 പേരുകളെന്തെല്ലാം? ..........................................................., ..........................................................................., ..........................................................................., ..........................................................................

വാക്യം 9

**ചോദ്യം :** ഇവിടെ ഏതു പാപത്തെ എതിർക്കുന്നു? ......................................................

വാക്യം 18-21

**ചോദ്യം :** കോപത്തിനുള്ള സാധാരണ വാക്കെന്ത്? ..................................................സാധ്യതയുള്ള ഏറ്റവും ശക്തമായ പദമെന്ത്? .......................................................................

ദൈവം യഥാർത്ഥമായും തിന്മയെ വെറുക്കുന്നു; അവന്റെ കോപം വളരെ ശക്തമാണ്.

വാക്യം 21

മനശ്ശെയും ഏഫ്രയിമും രണ്ടു വടക്കൻ യഹൂദാഗോത്രങ്ങളുടെ പേരാണ്. യാക്കോബിന്റെ കുടുംബത്തിലെ രണ്ട് അംഗങ്ങളുടെ പേരിലാണ് ഈ ഗോത്രങ്ങൾ.

**ചോദ്യം :** കുടുംബ വഴക്കുകൾ ഏറ്റവും മോശം കാര്യമാണെന്ന് നിങ്ങൾ സമ്മതിക്കുന്നുവോ? ..........................................................................................................................

അ. 10, 1-4: സമൂഹത്തിൽ അഴിമതി സാധാരണമാകുമ്പോൾ, അത് അടിക്കടി നീതിന്യായ വ്യവസ്ഥകളിൽ വാസം കണ്ടെത്തും.

**ചോദ്യം :** സകലതും കയ്യടക്കിവച്ചിരിക്കുന്ന അനീതിയുള്ള നിയമജ്ഞർക്കെതിരെ ആരോപിക്കുന്ന നാലു കുറ്റാരോപണങ്ങൾ ഏവ? ..........................................................., ..........................................., ..................................................., ......................................................

**വാക്യങ്ങൾ 15-19; 28-34; അസ്സീറിയാക്കെതിരെ**

എബ്രായേതരർക്ക് യാതൊരു വ്യത്യാസവുമില്ല. അവർ അഹങ്കാരികളും പീഡിതരുമായാൽ അവരും ശിക്ഷിക്കപ്പെടും. എബ്രായരെപ്പോലെ അവർ വെളിപാടുകൾ ലഭിച്ചവരല്ലായിരിക്കാം. എങ്കിലും അവർ ദൈവത്തിന്റെ കീഴിലുള്ളവരും ദൈവം നൽകിയ മനസാക്ഷിക്കു കീഴിൽ ഭരിക്കപ്പെടുന്നവരും ആണ്.

യുദ്ധത്തിൽപ്പോലും ചില നിയന്ത്രണങ്ങളുണ്ട്. ഒന്നാമത്തെയും രണ്ടാമത്തെയും ലോകമഹായുദ്ധങ്ങളിൽ അനേകരുടെ ജീവൻ സംരക്ഷിച്ചത്, പട്ടാള സ്വഭാവത്തെ നിയന്ത്രിച്ച ജനീവാ കൺവെൻഷനുകളാണ്. എന്നാൽ അശ്ശൂര്യർ ഭീകരവാദികളെപ്പോലെ ദയയില്ലാത്ത അക്രമങ്ങളും നാശവും വിതച്ചവരാണ്. യൂഫ്രട്ടീസ് നദീതട കേന്ദ്രങ്ങളാണ് കല്നായും കർക്കെമീശും. ഹമാത്ത് നദിയുടെ ഓരത്തുള്ളതും അപ്പാദ് നദിയുടെ വടക്കു പടിഞ്ഞാറുള്ളതും ആയ ദേശങ്ങൾ. ഇവയെ അശ്ശൂര്യർ കീഴടക്കി. അവരുടെ സമീപനങ്ങൾ പലപ്പോഴും മൃഗീയമായിരുന്നു. ഇപ്പോൾ  അവർ കരുതുന്നു തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന്.

**ചോദ്യം :** കീഴടക്കാൻവേണ്ടി ആധുനിക കാലത്ത് ഉപയോഗിക്കുന്ന രണ്ടു ക്രൂര യുദ്ധ ഉപകരണങ്ങളുടെ പേരു പറയാമോ? ..................................................................,, ....................................................................................

ഇങ്ങനെയൊരു ചൊല്ലുണ്ട്; “വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ.”

വാക്യങ്ങൾ 5-6

എല്ലാ അധിനിവേശ ശക്തികളും സാധാരണയായി ധനം, ദേശം, ശക്തി എന്നിവയ്ക്കായി ശ്രമിക്കുന്നതുപോലെ അശ്ശൂരും വന്ന് യഹൂദ്യയെ കീഴടക്കാൻ ശ്രമിച്ചാൽ, അവരെ ഒരു പാഠം പഠിപ്പിക്കാനായി ദൈവം ആ തിന്മയെ ഉപയോഗപ്പെടുത്തും.

വാക്യം 7

**ചോദ്യം :** എന്നാൽ അശ്ശൂരിന്റെ താല്പര്യമെന്ത്? ...........................................................

വാക്യങ്ങൾ 8-14

അശ്ശൂരിന്റെ താല്പര്യം സർവ്വനാശം മാത്രമല്ല, അവൻ കടുത്ത അഹങ്കാരിയായി ദൈവത്തെപ്പോൽ താൻ സർവ്വശക്തനാണെന്ന് കരുതുന്നു. അവൻ ബഹുദൂരം കടന്നു പോയി.

വാക്യങ്ങൾ 15-16

**ചോദ്യം :** അശ്ശൂരിന്റെ പടയാളികളെ ദൈവം താളടിയാക്കുന്നത് ഏത് രണ്ടു തിന്മകളാൽ? ................................................................, ................................................................

32 വർഷങ്ങൾക്കുശേഷം അതു തന്നെയാണ് വാസ്തവമായി സംഭവിച്ചത്. 35-ാം അദ്ധ്യായത്തിൽ നാമത് വായിക്കുന്നു. തുടർന്ന് 28 മുതൽ 34 വരെയുള്ള വാക്യങ്ങൾ വായിക്കുക. അവിടെ അശ്ശൂരിന്റെ വംശ കഥ തുടരുന്നു.

വാക്യങ്ങൾ 28-32

യെരുശലേമിന്റെ വടക്കു വശത്താണ് ഈ ഗ്രാമങ്ങൾ. അശ്ശൂർ അവരെ കീഴടക്കി യെരൂശലേം മതിലുവരെ മുന്നേറി.

വാക്യങ്ങൾ 20-27.

ദൈവത്തോട് വിശ്വസ്തരായ ഒരു ശേഷിപ്പ് രക്ഷിക്കപ്പെടും.

വിധേയത്വവും അനുസരണവുമുള്ള യിസ്രായേൽ മക്കൾക്ക് ഈ വാഗ്ദത്തം വീണ്ടും വീണ്ടും ആവർത്തിക്കുന്നു. ശെയാർ യാഹൂബ് എന്ന നാമചിഹ്നം നിവൃത്തിയാകും.

വാക്യം 21 : ആ പേരിന്റെ അർത്ഥമെന്ത്? ..............................................................................

വാക്യങ്ങൾ 20-23

**ചോദ്യം :** ദൈവത്തെ മൂന്നുരീതിയിൽ ഈ വാക്യങ്ങൾ വിശദീകരിക്കുന്നു. ഈ മൂന്നു വിശേഷണങ്ങളെ എഴുതുക.

1. വാക്യം 20 ....................................................................................................
2. വാക്യം 21 ....................................................................................................

3. വാക്യം 23 ..........................................................................................................

വാക്യം 27

**ചോദ്യം :** തന്റെ ജനത്തിന്റെ ചുമടിന് ദൈവം എന്തുചെയ്യും?

..........................................................................................................................................

11, 12 അദ്ധ്യായങ്ങൾ പറയുന്നത് ദൈവം എങ്ങനെ നമ്മുടെ ചുമടുകൾ നീക്കും എന്നാണ്. 11-ാം അദ്ധ്യായം രക്ഷകൻ വരുന്നു എന്നു പറയുന്നു. 12-ാം അദ്ധ്യായം ദൈവം നല്കുന്ന രക്ഷയെക്കുറിച്ച് പറയുന്നു. ഒരു അധിനിവേശ ശക്തിയുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിനെക്കാൾ വളരെ ശ്രേഷ്ഠമായതാണ് അത്. ഈ രണ്ടു അദ്ധ്യായങ്ങളിലേക്കും ഉള്ള ഒരുക്കമായി മുഖവുരയിലെ J ഭാഗം വീണ്ടും വായിക്കുക. യെശയ്യാവ് പ്രഖ്യാപിക്കുന്ന മൂന്നുതരം രക്ഷയെക്കുറിച്ചുള്ളതാണ് അത്.

**അദ്ധ്യായം 11**

വാഗ്ദത്തം ചെയ്യപ്പെട്ട രക്ഷകനെക്കുറിച്ച് അനേകം എബ്രായർ വിശ്വസിച്ചത് തങ്ങളുടെ പീഡനങ്ങളിൽനിന്നും രക്ഷിക്കാൻ ഒരു രാഷ്ട്രീയ നായകൻ പ്രത്യക്ഷപ്പെടുമെന്നാണ്. പില്ക്കാലത്ത് ഈ ആശയം മെശിഹ എന്നതിന്റെ ഒരു അർത്ഥമായി. യെശയ്യാവ് ഈ പദം ഉപയോഗിക്കുന്നില്ല. അത് രണ്ടുപ്രാവശ്യം ഉപയോഗിക്കുന്ന ദാനിയേൽ മാത്രമാണ് ഈ പദം ഉപയോഗിക്കുന്ന ഏക പഴയനിയമ പ്രവാചകൻ. യെശയ്യാവ് പ്രവാചകൻ, രക്ഷകൻ എന്ന പദം പ്രിയപ്പെടുകയും അതിന്റെ ഔന്നത്യമായ, ആഴമായ, വിശാലമായ മാനങ്ങളിൽ അത് ഉപയോഗിക്കുകയും ചെയ്യുന്നു. ദൈവം തനിക്ക് തന്നെയും രക്ഷകൻ എന്ന പദം ആണ് അറിയിക്കുന്നത് (43:3) അതേസമയം ദൈവം രക്ഷകനെ അയയ്ക്കുകയും ചെയ്യുന്നു (19:20). ഈ രണ്ട് ആശയങ്ങളെയും കൂട്ടിയിണക്കുന്ന പാലമാണ് ഇമ്മാനുവേൽ - ദൈവം തന്നെ നമ്മോടുകൂടെ. ദൈവം തന്നെ മുഴുലോകത്തെയും രക്ഷിക്കും.

**വാക്യങ്ങൾ 1-9 രക്ഷകനും അവന്റെ സമാധാന രാജ്യവും വരുന്നു.**

യെശയ്യാവിനും ഏകദേശം 300 വർഷങ്ങൾക്കു മുമ്പ് എബ്രായരുടെ രണ്ടാമത്തെ രാജാവായി ഇടയ ബാലനായിരുന്ന ദാവീദ് തെരഞ്ഞെടുക്കപ്പെട്ടു. ദൈവ വാഗ്ദത്തപ്രകാരം, അവന്റെ വംശപരമ്പരയിലാണ് രാജകീയ രക്ഷകൻ ജനിക്കുക.

വാക്യം 1

**ചോദ്യം :** കുറ്റി എന്ന് വിശേഷിപ്പിക്കപ്പെടുന്ന ദാവീദിന്റെ അപ്പന്റെ പേര് എന്ത്?...........................

വാക്യം 2

**ചോദ്യം :** രാജകീയ രക്ഷകൻ ദിവ്യാത്മാവിനാൽ നിറഞ്ഞവനും അതിശയകരമായ സ്വഭാവ വിശേഷതയുമുള്ളവനുമായിരിക്കും. അവന്റെ ആറ് പ്രത്യേക ഗുണങ്ങളെന്തെല്ലാം? ......................................, ......................................, ......................................, ......................................,
......................................, ......................................,

വാക്യങ്ങൾ 3-5

**ചോദ്യം :** അവൻ തന്റെ ജനത്തെ വിധിക്കുന്നത് എന്ത് ഗുണം കൊണ്ടായിരിക്കും?

..........................................................................................................................................

വാക്യം 6-9 അവൻ പൂർണ്ണ സമാധാനം കൊണ്ടുവരും. അത്യത്ഭുതം. പ്രകൃതി തന്നിൽ തന്നെ പുനഃസ്ഥാപിക്കപ്പെടും. ആരും ആർക്കും ഒരു ദ്രോഹവും ചെയ്യുകയില്ല. മൃഗശാലകൾ ആവശ്യമില്ലാതാകും. ലോകംമുഴുവൻ ഒരു സുന്ദര പൂന്തോട്ടംപോലെയാകും. ഈ ദർശനം അനേകം ചിത്രകാരന്മാർ വരച്ചിട്ടുണ്ട്.

വാക്യം 9

**ചോദ്യം :** ഈ അഹിംസാ രാജ്യത്തിന്റെ പ്രചോദനമായ ഘടകം എന്താണ്?

..................................................................................................................................

**ചോദ്യം :** ദോഷമോ നാശമോ ചെയ്യാതിരിക്കൽ ദൈവസ്വഭാവമാണ്. ദൈവത്തെക്കുറിച്ച് നാമറിയേണ്ട ഏറ്റവും പ്രധാനമായ വസ്തുതയെന്ത്?

..................................................................................................................................

**വാക്യങ്ങൾ 10-16 സകല ജനതയും വംശങ്ങളും ഈ മഹത്തരമായ ഭാവിയിൽ ഉൾക്കൊള്ളപ്പെടും**

വാക്യം 10

**ചോദ്യം :** 'യിസ്സായിയുടെ വേര്' എന്നു സൂചിപ്പിക്കുന്ന വ്യക്തിയാര്?

..................................................................................................................................

ദൈവവഴിയും (ഭക്തിമാർഗ്ഗം) സത്യമതവും (ദിൻ) അന്വേഷിക്കുന്ന സകല ദേശങ്ങളും ദൈവത്തിന്റെ രക്ഷകനായ രാജാവിന്റെ കൊടിയാൽ ആകർഷിക്കപ്പെടും. ഇതൊരു രാഷ്ട്രീയ ആശയമല്ല, അഖിലലോക ആത്മീക ദർശനമാണ്. എബ്രായരും എബ്രായേതരരും, സകല വംശങ്ങളും മലബാർ മുതൽ മഞ്ഞു പ്രദേശങ്ങൾ വരെ ദൈവത്തിന്റെ സമാധാന രാജ്യത്തിനുള്ളിലാണ്.

(ദയവായി അനുബന്ധം, കുറിപ്പ് C വായിക്കുക.)

വാക്യങ്ങൾ 11-12

**ചോദ്യം :** ലോക രക്ഷയ്ക്കായുള്ള ദൈവീക പദ്ധതിയിൽ ചിതറിപാർക്കുന്ന എബ്രായരെ ദൈവം എന്തുചെയ്യും? ..........................................................................................

പത്രോസ് മേലേ ഈജിപ്തിലും കൂശ് എത്യോപ്യയിലുമാണ്. ഏലാം കിഴക്കു പടിഞ്ഞാറൻ ഇറാനിലും ശീനാർ തെക്കൻ ഇറാക്കുമാണ്. ഹമാത്ത് വടക്കുപടിഞ്ഞാറൻ സിറിയയും ദ്വീപുകൾ മദ്ധ്യധരണി കടലിലുമാണ്.

വാക്യം 13

യഹൂദ്യയിലെ രണ്ടു ദക്ഷിണ യഹൂദ ഗോത്രത്തിന്റെയും എഫ്രിയിമിലെ 10 വടക്കൻ യഹൂദ ഗോത്രങ്ങളുടെയും തകർന്ന ബന്ധങ്ങളിൽ ദൈവം എന്തുചെയ്യും?

..................................................................................................................................

വാക്യം 14-16 അവരുടെ പൂർവ്വപിതാക്കന്മാർ സുരക്ഷിതരായി ചെങ്കടൽ കടന്ന് രക്ഷിക്കപ്പെട്ടതുപോലെ വിശ്വസ്തരായ കുറച്ച് ജനം സുരക്ഷിതരായി യൂഫ്രട്ടീസ് നദി കടന്നു രക്ഷിക്കപ്പെടും.

**അദ്ധ്യായം 12**

**വാക്യങ്ങൾ 1-6 രക്ഷകൻ കൊണ്ടുവരുന്ന ആശീർവാദങ്ങൾ**

വാക്യം1

**ചോദ്യം :** അനുഗ്രഹമെന്ത്? ..........................................................................................

വാക്യം 2

**ചോദ്യം :** അനുഗ്രഹമെന്ത്? ..........................................................................................

വാക്യം 3

**ചോദ്യം :** അനുഗ്രഹമെന്ത്? ..........................................................................................

വാക്യം 4

**ചോദ്യം :** ദൈവത്താൽ രക്ഷിക്കപ്പെടുന്നവർക്ക് രണ്ട് കടമകളുണ്ട്. അവ ഏവ?

......................................................................, ......................................................................

വാക്യങ്ങൾ 5-6

"ദൈവം എന്നെ രക്ഷിച്ചു" എന്നു പറഞ്ഞ് ഒരു വ്യക്തി പൂർണ്ണമായി ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ മാത്രമാണ് ഇത് തികച്ചും സാദ്ധ്യമാകുക.

**ചോദ്യം :** ഈ വാക്കുകൾ പറയാൻ തക്ക വിശ്വാസമുള്ള ആരെയെങ്കിലും ഈ രണ്ടു വാക്യങ്ങൾ കാണിച്ചുതരുന്നുണ്ടോ?

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 9.1 : പുതിയ നിയമ ഉദ്ധരണി മത്തായി 4:12-16. യെശയ്യാവിന്റെ പ്രവചനം യേശു ക്രിസ്തുവിന്റെ ജീവിതത്തിൽ നിവൃത്തിയാകുന്നതായി ഇതു പറയുന്നു. വിശുദ്ധ മത്തായി എഴുതുന്നു, യോഹന്നാൻ നടവിലാക്കപ്പെട്ടു എന്നു യേശു കേട്ടപ്പോൾ, യേശു ഗലീലയിലേക്ക് വാങ്ങിപ്പോയി. "നസറത്ത് വിട്ടു സെബൂലിന്റെയും നഫ്താലിയുടെയും അതിരുകളിൽ കടൽക്കരയിലുള്ള കഫർന്നഹൂമിൽ ചെന്നു പാർത്തു" എന്നു പറഞ്ഞിട്ട് യെശയ്യാവ് 9.1 പൂർണ്ണമായും ഉദ്ധരിക്കുന്നു. "എന്നു യശയ്യാവ് പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്തത് നിവൃത്തിയാക്കുവാൻ ഇടവന്നു" എന്നു പറഞ്ഞ് അവസാനിപ്പിക്കുന്നു.

കുറിപ്പ് 'B'

യെശയ്യാവ് 9:6-7 പുതിയ നിയമ ഉദ്ധരണി ലൂക്കോസ് 1, 26-33. ഗലീലയിലെ നസറത്ത് പട്ടണത്തിൽ ഗബ്രിയേൽ ദൂതനെ ദൈവം അയച്ചു. ദാവീദിന്റെ ഗൃഹത്തിലെ യോസഫുമായി വിവാഹനിശ്ചയം കഴിഞ്ഞിരുന്ന കന്യകയുടെ അടുക്കലേക്കായിരുന്നു അത്. ആ കന്യകയുടെ പേര് മറിയ എന്നായിരുന്നു. അവൻ അവളോട് പറഞ്ഞു, "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവൻ ആകും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും. അവൻ യാക്കോബ് ഗൃഹത്തിന് എന്നേക്കും രാജാവായിരിക്കും, അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല." അതിനുശേഷം യേശു വളർന്നു, ജനത്തെ പ്രബോധിപ്പിച്ചു, അത്ഭുതങ്ങൾ പ്രവർത്തിച്ചു. ദൈവസ്നേഹം വെളിപ്പെടുത്തി. വിഷമ വൃത്തങ്ങളിലായിരുന്നവർക്ക് സ്വസ്ഥത നൽകി.

കുറിപ്പ് 'C'

യെശയ്യാവ് 11;10: പുതിയ നിയമ ഉദ്ധരണി റോമർ 15; 12-13,33 ആണ്. യേശുവിന്റെ ഏറ്റവും പ്രസിദ്ധനായ ശിഷ്യനായിരുന്നു പൗലൂസ്. പുതിയ നിയമത്തിൽ റോമർക്കുള്ള തന്റെ ലേഖനത്തിൽ പൗലൂസ് എഴുതുന്നു: "യിശ്ശായിയുടെ വേരും ജാതികളെ ഭരിപ്പാൻ എഴുന്നേല്ക്കുന്നവനുമായവൻ ഉണ്ടാകും; അവനിൽ ജാതികൾ പ്രത്യാശവെക്കും." "എന്നാൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ." "സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ."

## പാഠം 6

(ഈ പാഠത്തിൽ 13-23 അദ്ധ്യായങ്ങളും 34-ാം അദ്ധ്യായവും ആദ്യ യൂണിറ്റായും 24-25 രണ്ടാം ഘട്ടമായും 26-27 അദ്ധ്യായങ്ങൾ 3-ാം യൂണിറ്റായും ഉൾപ്പെടുന്നു.

**അദ്ധ്യായങ്ങൾ 13-23, 34 വിവിധ രാജ്യങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ**

പ്രത്യാശയുടെ വാക്കുകൾ ഇടകലർത്തി പ്രധാനമായും ന്യായവിധിയുടെ വചനങ്ങൾ ആണീപ്രവചനങ്ങൾ. യഹൂദക്ക് പുറമെ പതിനൊന്നു ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ബാബിലോൺ, അശ്ശൂർ, ഫിലിസ്ത്യ, മോവാബ്, സിനിയ, വടക്കൻ ഇസ്രായേൽ, എത്യോപ്യ, അറേബ്യ, ടൈർ, സീദോൻ ഏദോം എന്നിവയാണത്. നാമിവിടെ അതിനെ വിശദമായി കൈകാര്യംചെയ്യുന്നില്ല. നിങ്ങൾ ആഗ്രഹിച്ചാൽ വായിക്കാം. നാശത്തിന്റെ ഗൗരവമായ മുന്നറിയിപ്പുകളാണ് അവ.

ഈ ഭാഗം ഏതൊരു പാപിയെയും ഭയപ്പെടുത്തുന്ന ലളിതമായ പ്രസ്താവനകളുമായി ആരംഭിക്കുന്നു (13, വാക്യങ്ങൾ 6, 9, 11).

"യഹോവയുടെ ദിവസം സമീപിച്ചിരിക്കുന്നു...."

ദേശത്തെ ശൂന്യമാക്കുവാനും പാപികളെ അതിൽനിന്നു മുടിച്ചുകളയുവാനും യഹോവയുടെ ദിവസം ക്രൂരമായിട്ടു ക്രോധത്തോടും അതികോപത്തോടും കൂടെ വരുന്നു..."

"അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതെയാകും; ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും....."

**ചോദ്യം :** ഈ വാക്യങ്ങളെ ചിന്തിക്കുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കണം?

..................................................................................................

### A. പ്രത്യേക ദേശങ്ങളുടെ മേലുള്ള ന്യായവിധികൾ

- "ബാബേൽ, ദൈവം സോദോമിനേയും ഗോമോറയേയും മറിച്ചുകളഞ്ഞതുപോലെ ആയിത്തീരും...." (13:19)

  "വീണു; ബാബേൽ വീണു" (21:9)
- "എന്റെ ദേശത്തുവച്ച് ഞാൻ അശ്ശൂരിനെ തകർക്കും" (14:25)
- "വാതിലേ അലറുക, പട്ടണമേ നിലവിളിക്ക; സകല ഫെലിസ്ത്യദേശവുമായുള്ളോവേ, നീ അലിഞ്ഞുപോയി" (14:31)
- "മോവാബ് ശൂന്യമായിപ്പോയിരിക്കുന്നു....." (15:1)
- "സന്തോഷവും ആനന്ദവും വിളനിലത്തുനിന്നു പൊയ്പ്പോയിരിക്കുന്നു."(16:10)
- "ദമ്മശേക് ഒരു പട്ടണമായിരിക്കാതവണ്ണം നീങ്ങിപ്പോയിരിക്കുന്നു." (17:1)
- "എഫ്രയിമിൽ കോട്ടവും ദമ്മശേക്കിൽ രാജത്വവും ഇല്ലാതെയാകും..... നിന്റെ രക്ഷയുടെ ദൈവത്തെ നീ മറന്നു......" (17:3, 10)
- "എത്യോപ്യാ.... അവൻ അരിവാൾകൊണ്ട് മുറിച്ചുചെത്തിക്കളയും" (18:1, 5)
- "...അപ്പോൾ മിസ്രയിമിലെ മിഥ്യാമൂർത്തികൾ അവന്റെ സന്നിധിയിൽ നടുങ്ങുകയും മിശ്രയിമിന്റെ ഹൃദയം അതിന്റെ ഉള്ളിൽ ഉരുകുകയും ചെയ്യു..." (19:1)
- "....കേദാരിന്റെ (അറേബ്യ) മഹത്വം ഒക്കെയും ക്ഷയിച്ചുപോകും" (21:16)
- (യെരൂശലേമിനെ) അന്നു സൈന്യങ്ങളുടെ ദൈവമായ കർത്താവ് കരച്ചിലിനും വിലാപത്തിനും മൊട്ടയടിക്കുന്നതിനും രട്ടുടുക്കുന്നതിനും വിളിച്ചു...."(22:12)
- (ടൈറും സിദോനുമേ)...സമുദ്രതീര നിവാസികളേ മുറയിടുവിൻ... ഇനി ഇതു തുറമുഖമായിരിക്കയില്ല. (23:6, 11)
- ഏദോമിന്റെ തോടുകൾ കീലാകും... അവിടെ രാജ്യം ഉണ്ടാകില്ല (34:9, 12)

**ചോദ്യം :** തിന്മയുടെ പ്രശ്നത്തെക്കുറിച്ച് ഈ വാക്കുകളിൽനിന്നും നാം എന്ത് പഠിക്കുന്നു...? ..................................................................................................

## B. ആശ്വാസവചനങ്ങൾ

അന്ധകാരത്തിൽ പ്രകാശമുണ്ട്. പാപങ്ങൾക്കു ശിക്ഷ വിധിക്കപ്പെട്ട യഹൂദയ്ക്കും ഇതര ദേശങ്ങൾക്കും ചില പ്രത്യാശയുടെ വചനങ്ങൾ പ്രവാചകൻ പ്രഖ്യാപിക്കുന്നു.

### (1) യഹൂദക്ക്

"യഹോവ യാക്കോബിനോട് മനസ്സലിഞ്ഞ് യിസ്രായേലിനെ വീണ്ടും തിരഞ്ഞെടുത്തു സ്വദേശത്ത് അവരെ പാർപ്പിക്കും. അന്യജാതിക്കാരും അവനോട് യോജിച്ച് യാക്കോബ് ഗൃഹത്തോട് ചേർന്നുകൊള്ളും" (14:1)

"എന്നെ നോക്കരുത്; ഞാൻ കൈപ്പോടെ കരയട്ടേ. എന്റെ ജനത്തിന്റെ നാശത്തെ ച്ചൊല്ലി എന്നെ ആശ്വസിപ്പിപ്പാൻ ബദ്ധപ്പെടരുത്" (22:4)

"എന്നാൽ പീഡകൻ ഇല്ലാതെയാകും. കവർച്ച അവസാനിക്കും. ചവിട്ടികളയുന്നവൻ ദേശത്തുനിന്ന് മുടിഞ്ഞുപോകും.... അതിന്മേൽ ദാവീദിന്റെ കൂടാരത്തുനിന്ന് ഒരുത്തൻ ന്യായപാലനം ചെയ്തും ന്യായതല്പരനായും നീതിനടത്തുവാൻ വേഗതയുള്ളവനായും നേരോടെ ഇരിക്കും (16:4-5)

**ചോദ്യം :** കഷ്ടപ്പെടുന്ന തന്റെ ജനത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ അടിസ്ഥാന മനോഭാവത്തെപ്പറ്റി 22:4 എന്തു പറയുന്നു.

..........................................................................................................................................

### 2. മിസ്രയീമിനും അശ്ശൂരിനും

"അന്നാളിൽ മിസ്രയിമിൽനിന്നു അശ്ശൂരിലേക്ക് ഒരു പെരുവഴി ഉണ്ടാകും. അശ്ശൂർ മിസ്രയിമിലേക്കും മിസ്രയിമ്യർ അശ്ശൂരിലേക്കും ചെല്ലും. മിസ്രയിമ്യൻ അശ്ശൂര്യരോട് ആരാധന കഴിക്കും. അന്നാളിൽ യിസ്രായേൽ ഭൂമിയുടെ മദ്ധ്യേ ഒരു അനുഗ്രഹമായി മിസ്രയിമിനോടും അശ്ശൂരിനോടും കൂടെ മൂന്നാമതായിരിക്കും. സൈന്യങ്ങളുടെ യഹോവ അവനെ അനുഗ്രഹിച്ചു. എന്റെ ജനമായ മിസ്രയിമും എന്റെ കൈകളുടെ പ്രവൃത്തിയായ അശ്ശൂരും എന്റെ അവകാശമായ യിസ്രായേലും അനുഗ്രഹിക്കപ്പെടുമാറാകട്ടെ." (12:23 -25)

**ചോദ്യം :** ഈ ശ്രദ്ധേയമായ ഭാഗം നമുക്കു നൽകുന്ന മഹത്തായ പാഠം എന്ത്?

..........................................................................................................................................

***കുറിപ്പ് :*** ന്യായവിധിയുടെ ഈ അദ്ധ്യായങ്ങളിൽ ആശ്ചര്യകരമായി യെശയ്യാവ് തന്നെക്കുറിച്ചും ചിലതു പറയുന്നു:

- ഒന്നാമതായി, ആധുനിക സാങ്കേതിക വിദ്യ അവന് കൈവശമില്ലായിരുന്നെങ്കിലും വിവിധരാജ്യങ്ങളെക്കുറിച്ചും സംസ്കാരങ്ങളെക്കുറിച്ചും അവന് മികച്ച അറിവുണ്ടായിരുന്നു.
- രണ്ടാമതായി, ഒരു പ്രവാചകന്റെ ധർമ്മത്തിന്റെ വിശാലത അവൻ ഗ്രഹിച്ചിരുന്നു; ഭാവി മുൻകൂട്ടി പറയുക, ജനങ്ങളെ താക്കീതു ചെയ്യുക, ശിക്ഷ മുന്നറിയിക്കുക, പ്രത്യാശ നൽകുക.
- മൂന്നാമതായി, തന്റെ ദൂത് ജനങ്ങളിലെത്തിക്കാൻ ഏതറ്റംവരെയും പോകാൻ യെശയ്യാവ് തയ്യാറായിരുന്നു. അശ്ശൂർ ഈജിപ്ത്യരെയും എത്യോപ്യൻ സൈന്യത്തെയും കീഴടക്കുമെന്നും നഗ്നരും നഗ്നപാദരും ആയി അവർ കവാത്തുനടത്തുമെന്നും അവൻ പ്രവചിക്കേണ്ടിയിരുന്നു. അതുകൊണ്ട് യെശയ്യാവ് തന്നെ ഒരു പ്രവചനമായി അഭിനയിച്ചു. എന്താണ് സംഭവിക്കാനിരിക്കുന്നത് എന്ന് വ്യക്തമാക്കാനായി അവൻ വിവസ്ത്രനായും ചെരുപ്പിടാതെയും യെരൂശലേം വീഥികളിലൂടെ നടന്നു (20:3).

## 24, 25 അദ്ധ്യായങ്ങൾ

### 24-ാം അദ്ധ്യായം : സാർവ്വത്രികമായ ശിക്ഷാവിധി

ചില പ്രത്യേക ദേശങ്ങൾക്കുള്ള ന്യായവിധി ഇപ്പോൾ മുഴുലോകത്തേക്കും വ്യാപിപ്പിക്കുന്നു. ഒരുവനും പാപരഹിതനായി ഇല്ലായ്കയാൽ; ഒരു വ്യക്തിയും സമൂഹവും ഒരി

ടത്തും പാപമില്ലാത്തവരായി ഇല്ലായ്കയാൽ; സർവ്വശക്തന്റെ ന്യായവിധിയിൽനിന്നും ആരും ഒഴിവാക്കപ്പെടുന്നില്ല. സമൂഹത്തിലെ കുഴപ്പങ്ങൾ, ക്ഷാമം, പൊതുനാശം എന്നിവ ഉൾപ്പെടുന്നതാണ് ശിക്ഷാവിധി.

വാക്യങ്ങൾ 1, 3

**ചോദ്യം :** ഭൂമിയെ ശൂന്യമാക്കുന്ന പ്രകൃതി ശക്തികളേവ? രണ്ട് ഉദാഹരണങ്ങൾ എഴുതുക. ........................................................................, ......................................................

വാക്യം 2.

**ചോദ്യം :** ഈ ശൂന്യമാക്കപ്പെടലിൽ നിന്നും ആർക്കെങ്കിലും തെറ്റി ഒഴിയാനാകുമോ? ........................................................................................................................

വാക്യം 4

**ചോദ്യം :** മഴയേ ഇല്ലാത്ത അവസ്ഥ എപ്പോഴെങ്കിലും നിങ്ങൾക്കനുഭവപ്പെട്ടിട്ടുണ്ടോ? ................................ ജനങ്ങളിൽ അത് എന്ത് ഫലം ഉളവാക്കും?

വാക്യം 5, 6

**ചോദ്യം :** എന്തുകൊണ്ട് ഈ ഭൂമിയിൽ വരൾച്ച സംഭവിക്കുന്നു? ........................ ........................................................................................................................................

വാക്യങ്ങൾ 7-9

**ചോദ്യം :** അതിന്റെ ഫലമെന്ത്? ........................................................................................ ........................................................................................................................................

വാക്യങ്ങൾ 10-13

ഗ്രാമപ്രദേശ ജീവിതങ്ങൾ മാത്രമല്ല, പട്ടണ ജീവിതങ്ങളും ബാധിക്കപ്പെടുന്നു. കുട്ടനാട് നെൽക്കൊയ്തു പരാജയപ്പെട്ടാൽ കോട്ടയം കഷ്ടത്തിലാകും.

**ചോദ്യം :** നഗരങ്ങൾക്ക് എന്ത് പേര് വിളിക്കപ്പെടും? .................................................... ........................................................................................................................................

വാക്യങ്ങൾ 14-16

ഭൂമിയുടെ അറുതികൾ നീതിമാനായ ദൈവത്തിന് സ്തുതിപാടുന്ന നല്ല നാളുകളുടെ ഓർമ്മയെ ഈ നിലവിളി പ്രതിധ്വനിക്കുന്നു. എന്നാൽ പ്രവാചകന്റെ ഹൃദയം അതിൽ പങ്കുചേരുന്നില്ല. അവൻ മുമ്പോട്ടുനോക്കി ഭയാനകമായ കാര്യങ്ങൾ കാണുന്നു.

**ചോദ്യം :** പ്രവാചകൻ എന്തു പറയുന്നു? ..........................................................................

വാക്യങ്ങൾ 17-23

കോപദിവസത്തിൽ സംഭവിക്കുന്ന ഭയാനകമായ സാർവ്വത്രിക ന്യായവിധിയെ സ്വഗൃഹത്തിൽ കൊണ്ടുവരുന്നതിന് പ്രവാചകൻ ശ്രദ്ധേയമായ വിവേചനശക്തി ഉപയോഗിക്കുന്നു. അതു വിശദീകരിക്കുവാൻ വാക്കുകൾ മതിയായതല്ല. ആധുനിക കാലത്ത്, 1945 -ൽ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ഇട്ട രണ്ട് ആറ്റംബോംബുകൾ നമുക്ക് ഉദാഹരണമായിട്ടുണ്ട്. ഈ നഗരങ്ങൾ നശിപ്പിക്കപ്പെടുകയും 120,000 ജനങ്ങൾ കൊല്ലപ്പെടുകയും ചെയ്തു. പ്രവാചകൻ അതിന്റെ ബാധിപ്പായി പറയുമ്പോൾ സൂര്യനും ചന്ദ്രനും കൂടി തങ്ങളുടെ കണ്ണുകൾ മൂടും എന്നു പറയുന്നു.

## അദ്ധ്യായം 25

### ലോക വ്യാപക രക്ഷ

എന്നാലും പ്രത്യാശയുണ്ട്! ഇത് അതിശയമാണ്! ലോകത്തിന്റെ തിന്മയെ ഉന്മൂലനം ചെയ്‌വാൻ ദൈവം മുന്നിട്ടിറങ്ങുന്നു! ലോക വ്യാപക രക്ഷയുടെ അടയാളമായി അവൻ ആദ്യം യഹൂദയെ വിടുവിക്കും.

വാക്യങ്ങൾ 1–5

കരുണയറ്റ ലോകമനസ്ഥിതി ഇല്ലാതെയാകും. നമ്മുടെ ഇന്നത്തെ ലോകത്തിനുള്ള മഹത്തായ സുവാർത്തയാണിത്.

**ചോദ്യം :** നമുക്കു പ്രത്യാശ നൽകും വിധം ദൈവത്തിന്റെ മനസ്സിലുള്ളതെന്ത്?

..........................................................................................................................................

വാക്യങ്ങൾ 6–8

മനുഷ്യ വംശത്തിന്റെ വിടുതലിനെ വിരുന്നിന്റെ ആഘോഷമായി ചിത്രീകരിച്ചിരിക്കുന്നു. അത് യെരൂശലേം പർവ്വതത്തിൽ സംഭവിക്കും.

**ചോദ്യം :** 7–ാം വാക്യപ്രകാരം ദൈവം നശിപ്പിച്ചുകളയുന്നതെന്ത്?

..........................................................................................................................................

മനുഷ്യരുടെമേലുള്ള മൂടുപടത്തെ മരണമായി നാം മനസ്സിലാക്കണം. മനുഷ്യരുടെ ഏറ്റവും വലിയ ശത്രുവായ മരണത്തെ ദൈവം നീക്കിക്കളയും.

(ദയവായി അനുബന്ധം, കുറിപ്പ് A വായിക്കുക)

വാക്യം 8

**ചോദ്യം :** ദൈവം നീക്കിക്കളയുന്ന രണ്ടുകാര്യങ്ങൾ ഇനി എന്തെല്ലാം?

.........................................................................., ..........................................................................

വാക്യം 9

രക്ഷയുടെ വിരുന്നിൽ ജനം ചില മനോഹരമായ നന്ദിയർപ്പണ വാക്കുകൾ ഉച്ചരിക്കും. ആ വാക്കുകൾ എന്തെല്ലാം എന്നെഴുതുക.

..................................................., ..................................................., ...................................................,
..................................................., ..................................................., ...................................................

**അദ്ധ്യായങ്ങൾ 26, 27**

**അദ്ധ്യായം 26, 1–19 യഹൂദയുടെ വീണ്ടെടുപ്പ്**

യഹൂദയുടെ വീണ്ടെടുപ്പോടു കൂടി ദൈവത്തിന്റെ രക്ഷാപദ്ധതി ആരംഭമാകുന്നു. അവിടുന്നു സകലയിടത്തേക്കും അതു വ്യാപിപ്പിക്കും. വീണ്ടെടുപ്പ് വിളിക്കുന്നത് ജയഗീതത്തിലേക്കാണ്.

വാക്യങ്ങൾ 1–6 വിജയ ഗീതം

വാക്യം 2

**ചോദ്യം :** രക്ഷയുടെ തുറന്ന വതിലിലൂടെ നടക്കാൻ യോഗ്യരായാവർ ആരാണ്?

..........................................................................................................................................

***കുറിപ്പ് :*** ദൈവീക രക്ഷയിലുള്ള വിശ്വാസം നീതിയുടെ ശക്തിയാകുന്നു. ദൈവം ജീവിക്കുന്നു എന്നു സാധാരണമായി പറയുന്നതല്ല വിശ്വാസം. വിശ്വാസമെന്നാൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്ന രക്ഷകനായ ദൈവത്തിൽ ആശ്രയിക്കുന്നതും അവന്റെ ഇഷ്ടം ചെയ്യുന്നതുമാകുന്നു.

വാക്യം 3

**ചോദ്യം :** ദൈവാശ്രയം നമുക്കു നൽകുന്നതെന്ത്? ...................................................

അനേകം പേർ ഈ വാക്യം മനഃപാഠമാക്കുന്നു. കാരണം ഇത് ഏറെ മനോഹരവും ആശ്വാസപ്രദവുമാകുന്നു.

വാക്യം 4

ദൈവം ശാശ്വതമായ പാറ. നമുക്കവനിൽ ആശ്രയിക്കാം.

**വാകൃങ്ങൾ 7-15 നീതിയുടെ പാത**

വാക്യം 7

ദൈവരക്ഷ നമ്മെ നീതിയുടെ പാതയിൽ നടക്കുമാറാക്കുന്നു.

ഈ പാതക്ക് നാലു ഗുണവിശേഷങ്ങൾ ഉണ്ട്.

വാക്യങ്ങൾ 7-15

**ചോദ്യം :** നാലു ഗുണവിശേഷങ്ങൾ എന്തെല്ലാം?

1. വാക്യം 8 ..............................................................................................................
2. വാക്യം 9 ..............................................................................................................
3. വാക്യം 12 ............................................................................................................
4. വാക്യം 15 ............................................................................................................

വാക്യങ്ങൾ 16-19

ഈ വാക്യങ്ങൾ രക്ഷയെയും ജയഗീതത്തെയും സംക്ഷേപിച്ചുപറയുന്നു. ഇത് ശരിക്കും ഒരു തിരിഞ്ഞുനോട്ടം, ഓർമ്മയെ അയവിറക്കൽ ആണ്. ജനം രക്ഷയ്ക്കായ് പ്രാർത്ഥിച്ചതെങ്ങനെ എന്നും (വാ. 15), പ്രസവവേദനപ്പെടുന്ന സ്ത്രീയെപ്പോലെ അവർ കഷ്ടപ്പെടുന്നതും (വാക്യങ്ങൾ 15-18) ഇത് ഓർമ്മിപ്പിക്കുന്നു. എന്നാൽ ജനങ്ങൾക്ക് പ്രകാശം ലഭിച്ചു. അവർക്ക് ഇപ്പോൾ സന്തോഷഗീതങ്ങൾ പാടാം. (വാ. 19)

**26:20 മുതൽ 27:13 വരെ. ലോകപര്യന്ത രക്ഷയുടെ പരമകാഷ്ഠ**

വാക്യം 19

വാക്യം 19 ഒരിക്കൽ കൂടെ നോക്കുക. ഉയർത്തെഴുന്നേല്പിന്റെ ആശയം അവതരിപ്പിക്കുന്നു. ദൈവീക രക്ഷയുടെ കഥ അന്ത്യവീണ്ടെടുപ്പിൽ പൂർണ്ണമാകുന്നു.

വാക്യങ്ങൾ 20-21

**ചോദ്യം :** വിശ്വസ്തജനം ഒളിച്ചിരിക്കാൻ പ്രവാചകൻ മുന്നറിയിക്കുന്നു. എന്തുകൊണ്ട്?

..............................................................................................................

അദ്ധ്യായം 27, 1.

ലെവ്യാഥാൻ എന്നത് ഒരു പുരാതന രാക്ഷസന്റെ പേരാണ്. കണ്ടാൽ തീ തുപ്പുന്ന സർപ്പത്തെപ്പോലെയിരിക്കും. അതു തിന്മയുടെ അടയാളമാണ്. ദൈവം ഈ മഹാസർപ്പത്തെ കൊല്ലും. തിന്മയും അതിന്റെ നായകനായ സാത്താനും മനുഷ്യരെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ദൈവം പൈശാചികനെക്കാൾ ശക്തനാണ്. ദൈവീക വിജയത്തിൽ കലാശിക്കുന്ന പ്രപഞ്ച പോരാട്ടത്തെ വിശദീകരിക്കുന്ന ചിത്രഭാഷയാണിത്.

**അദ്ധ്യായം 27. 2-13 ദൈവത്തിന്റെ രക്ഷിക്കപ്പെട്ട ജനത്തിന്റെ ഗൃഹവഴി**

യഹൂദയും തിരഞ്ഞെടുക്കപ്പെട്ട ജനതയും പ്രവാചകൻ ശിക്ഷ വിധിക്കുന്ന ദേശങ്ങളിൽ ഉൾപ്പെടുന്നു (അ. 22). അവരും കൂടെ ഗുരുതരമായി പാപംചെയ്തു. ഇപ്പോൾ ദൈവീക ഭവനത്തിലേക്കുള്ള തിരിച്ചുപോക്കിന്റെ പാത യെശയ്യാവ് കാട്ടുന്നു. ഈ പാതയിലൂടെ സഞ്ചരിക്കുമ്പോൾ വിശ്വസ്തരായ എബ്രായർ അഞ്ചു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

പാപികളായിരിക്കുകയും, ദൈവീക രക്ഷയാൽ വീണ്ടെടുക്കപ്പെടുകയും, ഇപ്പോൾ ഭവനത്തിലേക്ക് തിരിച്ചുവരികയും ചെയ്യുന്ന ലോകത്തെങ്ങുമുള്ള എല്ലാ ദൈവത്തിന്റെ വിശ്വസ്ത മക്കളെയും യഹൂദയും യിസ്രായേൽ മക്കളും പ്രതിനിധീകരിക്കുന്നു. ഈ അഞ്ചു കാര്യങ്ങൾ നിവർത്തിക്കാൻ അവരും കൂടെ വിളിക്കപ്പെടുന്നു.

വാക്യങ്ങൾ 2-3

ഒന്നാമതായി, നന്ദിയോടെ ഓർക്കേണ്ടത് നമ്മെ തിരികെ സ്വീകരിക്കുന്ന ദൈവം കാരുണ്യവാനാണ് എന്നതാണ്.

**ചോദ്യം :** മുന്തിരിത്തോട്ടത്തെ പുനഃസ്ഥാപിക്കുകയും സംരക്ഷിക്കുകയും നനയ്ക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതാര്? ..............................................................

വാക്യം 5

രണ്ടാമത്തേത്, ദൈവവുമായി സമാധാന ബന്ധത്തിലാക്കുകയാണ്

**ചോദ്യം :** ഒരു പാപിക്ക് അതെങ്ങനെ ചെയ്യാനാകും? ..............................................................

വാക്യം 5

മൂന്നാമത്തേത്, ദൈവീക സംരക്ഷണത്തിൽ അഭയം കണ്ടെത്തുകയാണ്.

**ചോദ്യം :** നിങ്ങളുടെ അഭിപ്രായത്തിൽ അതു ചെയ്യുവാനുള്ള ഒരു രീതി എന്ത്?

..................................................................................................................................

വാക്യം 6

നാലാമത്തേത്, സൽഫലങ്ങൾ പുറപ്പെടുവിക്കലാണ്.

**ചോദ്യം :** സൽഫലങ്ങളുടെ മൂന്ന് ഉദാഹരണങ്ങൾ ഏവ?

..................................................., ..................................................., ...................................................

വാക്യം 9

അഞ്ചാമത്തെ കാര്യം, ദൈവം ആവശ്യപ്പെടുന്നത് കപട ദൈവങ്ങളെ ഉപേക്ഷിക്കലാണ്. സർവ്വശക്തനെക്കാൾ നാം ആദരിക്കുന്നതെന്തും കള്ളദൈവങ്ങൾ ആണ്.

***കുറിപ്പ് :*** യുദ്ധത്തോടും ലൈംഗികതയോടും ബന്ധപ്പെട്ട കനാന്യ ദേവതയാണ് അശേര. ചില സമയങ്ങളിൽ ബാൽ എന്ന പുരുഷ ദൈവത്തിന്റെ ഭാര്യയായി അവളെ പരിഗണിക്കാറുണ്ട്. ആചാരപരമായ വേശ്യാവൃത്തി തോപ്പുകളിലും മരങ്ങൾക്കു കീഴിലും അശേരയെ അരാധിക്കുന്നതിന്റെ ഭാഗമായി നിലവിലിരുന്നു.

വാക്യങ്ങൾ 12- 13

ദൈവത്തിന്റെ വിശുദ്ധ പർവ്വതമായ യെരൂശലേമിലേക്ക് തിരികെ നയിക്കുന്നതാണ് ഈ പാത. അത് സ്വർഗ്ഗത്തിന്റെ അടയാളമാകുന്നു. ദൈവത്തിന്റെ വിശ്വസ്ത ജനത്തിന്റെ ഈ ദൈവാരാധനയുടെ ചിത്രം ഈ അദ്ധ്യായങ്ങൾക്ക് ഒരു നാടകീയ ഉപസംഹാരം നൽകുന്നു.

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 25, 17: പുതിയ നിയമ ഉദ്ധരണി 1 കൊരിന്ത്യർ 15:54-57. വിശുദ്ധ പൗലൂസ് എഴുതുന്നു: "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തേയും ഈ മർത്യമായതു അമർത്യത്തേയും ധരിക്കുമ്പോൾ "മരണം നീങ്ങി ജയം വന്നിരിക്കുന്നു" എന്ന് എഴുതിയ വചനം നിവൃത്തിയാകും. ഹേ, മരണമേ! നിന്റെ ജയമെവിടെ? ഹേ, മരണമേ! നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം."

കുറിപ്പ് 'B'

യെശയ്യാവ് 27;13: പുതിയ നിയമ ഉദ്ധരണി മത്തായി 24, 29-31: അവിടെ എഴുതിയിരിക്കുന്നു: "ആ കാലത്തിലെ കഷ്ടം കഴിഞ്ഞ് ഉടനെ........ മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാ ശക്തിയോടും തേജസ്സോടുംകൂടെ വരുന്നതു കാണാം. അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടും കൂടെ അയയ്ക്കും. അവർ അവന്റെ വ്രതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലുദിക്കിൽനിന്നും കൂട്ടിച്ചേർക്കും."

## പാഠം 7

## (28-31 വരെ അദ്ധ്യായങ്ങൾ)

## ധാർമ്മിക ഉറപ്പില്ലായ്മ

(***പരിവർത്തന ചിന്ത/ കടന്നുപോകുന്ന ചിന്ത :*** കഴിഞ്ഞ അദ്ധ്യായത്തിൽ ദൈവവാഗ്ദത്തങ്ങൾ എത്രമാത്രം അചഞ്ചലമായതും കരുണാദ്രമെന്നും കണ്ടു. മറിച്ച് മനുഷ്യസ്വഭാവം വളരെ അസ്ഥിരമാണ്.)

ധാർമ്മിക അസ്ഥിരത മുഴു ദേശത്തെയും മത സമൂഹങ്ങളെയും തനി വ്യക്തികളെയും ബാധിക്കുന്നു.

1. **മുഴുദേശങ്ങളും :** ആധുനിക സമൂഹം എത്രമാത്രം വിദ്യാസമ്പന്നമായിരുന്നാലും അഴിമതിയും ധാർമ്മിക അസ്ഥിരതയും നിലനിൽക്കുന്നു.

ചോദ്യം : എന്തുകൊണ്ട് ഇങ്ങനെ? ........................................................................................

2. **മതസമൂഹങ്ങൾ:** ദൈവം എബ്രായർക്ക് അനേകം വെളിപാടുകളും ശ്രേഷ്ഠ അനുഗ്രഹങ്ങളും നൽകി എങ്കിലും അവർ വളരെ ചാഞ്ചാട്ടക്കാരായിരുന്നു. ഈ അദ്ധ്യായങ്ങളിൽ എഫ്രയിമും യഹൂദയും വീണ്ടും വീണ്ടും ദൈവത്തോട് മത്സരിച്ചത് നാം വീണ്ടും കാണാൻ പോകുകയാണ്.

**ചോദ്യം :** എന്തുകൊണ്ടിതു സംഭവിച്ചു എന്നു നിങ്ങൾ കരുതുന്നു?

..............................................................................................................................

3. **തനിവ്യക്തികൾ:** ഒരു ശ്രേഷ്ഠചിന്തകൻ (വിശുദ്ധ പൗലൂസ്) ഒരിക്കൽ പറഞ്ഞു: ഞാൻ ഇച്ഛിക്കുന്ന നന്മയല്ല, ഞാൻ ഇച്ഛിക്കാത്ത തിന്മയത്രേ ഞാൻ ചെയ്യുന്നത്" (റോമർ 7:19).

**ചോദ്യം :** നാമെന്തുകൊണ്ട് അങ്ങനെ? ..........................................................................

നാം പൂർണ്ണമായും തിന്മയുടെ പ്രശ്നങ്ങളും അതിന്റെ ശക്തിയേയും അഭിമുഖീകരിക്കേണ്ടതുണ്ട്. യെശയ്യാ പ്രവാചകൻ ഇതനുഭവിക്കുകയും ഈ അടിസ്ഥാന പ്രശ്നത്തെ അതിജീവിക്കാൻ ഉത്തരങ്ങൾ നൽകുകയും ചെയ്താൽ നാം ഭാഗ്യവാന്മാരാണ്. ഈ നാലു അദ്ധ്യായങ്ങളിൽ ധാരാളം ധാർമ്മിക പ്രശ്നങ്ങളെക്കുറിച്ച് പ്രവചിക്കുന്നു.

### അദ്ധ്യായം 28

### വാക്യങ്ങൾ 1-13. എഫ്രയിമിനും യഹൂദയ്ക്കും അയ്യോ കഷ്ടം

അവിശ്വസനീയമാംവിധം പ്രത്യക്ഷവും പരുക്കനുമായിരുന്നു വടക്കൻ യിസ്രായേലിലെ ജനങ്ങളുടെ പെരുമാറ്റം. (വാക്യങ്ങൾ 1-6).

വാക്യം 1

**ചോദ്യം :** ഇവിടെ വിമർശനവിധേയമാക്കുന്ന മുഖ്യപാപമെന്ത്? .........................

.........................................................................................................................

**ചോദ്യം :** മദ്യപാനം വരുത്തുന്ന വിനയെന്ത്? ..........................................................

.........................................................................................................................

**ചോദ്യം :** നമ്മുടെ സമൂഹത്തിലും ഈ പ്രശ്നമുണ്ടോ? ..............................................

.........................................................................................................................

വാക്യങ്ങൾ 2-3

ഒരു ചുഴലിക്കാറ്റുപോലെ അശ്ശൂരിനെതിരെ വന്നുകൊണ്ടിരിക്കുന്ന ശിക്ഷയെ ജനം കാണുന്നില്ല.

വാക്യം 5

**ചോദ്യം :** വിശ്വസ്തരായി ശേഷിക്കുന്നവർക്ക് ഭംഗിയുള്ള മുടി ആയിരിക്കുന്നതാര്?

..............................................................................................................................

വാക്യം 6

**ചോദ്യം :** വിശ്വസ്തരായിരിക്കുന്നവർക്ക് അനുഗ്രഹമായി ദൈവം നല്കുന്ന ശ്രേഷ്ഠഗുണമെന്ത്? ..........................................................................................................

ഇതിനു സമാനമായ വിധം പ്രശ്നങ്ങൾ യഹൂദയിലെ സമൂഹത്തെയും ബാധിച്ചിരിക്കുന്നതു കാണാം. (വാക്യങ്ങൾ 7-13)

വാക്യങ്ങൾ 7-8

**ചോദ്യം :** മദ്യാസക്തിയിൽ പെട്ടുപോകുമെന്ന് നിങ്ങൾ ഒട്ടും പ്രതീക്ഷിക്കാത്ത ജനങ്ങൾ ഇതിനടിമയായി. അവർ ആരെല്ലാം. ..............................................................................

..................................................................................................................................

വാക്യം 9

ശിശുക്കളൊഴിച്ച് ബാക്കിയുള്ളവരെല്ലാം ദൈവീക പ്രബോധനം ഉപേക്ഷിച്ചുകളഞ്ഞു.

വാക്യം 11

ഈ കാരണത്താൽ അന്യദേശക്കാർ വഴി ദൈവം സംസാരിക്കും. അതായത് അശ്ശൂർ മുഖാന്തിരം ദൈവം ശിക്ഷാവിധി കൊണ്ടുവരും.

വാക്യം 12

**ചോദ്യം :** ഒരു മഹത്തായ വാഗ്ദത്തം നൽകപ്പെട്ടിരുന്ന ജനത്തോട് ദൈവം ഇപ്പോൾ കടുത്ത വൈഷമ്യത്തിലായിരിക്കുന്നു. എന്തായിരുന്നു വാഗ്ദത്തം?

......................................................................................................................................

(ദയവായി അനുബന്ധം കുറിപ്പ് A വായിക്കുക.)

വാക്യങ്ങൾ 10, 13

ഈ രണ്ടു വാക്യങ്ങളും ഒരു പരിധിവരെ നിഗൂഢമാണ്. സാധാരണ ജനത്തിനു മാത്രം മനസ്സിലാകുന്ന ഗ്രാമീണ ഭാഷാ രീതിയായിരിക്കാം ഇത്. അവർക്കു ഗ്രഹിക്കാൻ കഴിയും വിധം പ്രവാചകൻ ധാർമ്മികതയുടെ ബാല പാഠങ്ങൾ (ആദ്യാക്ഷരങ്ങൾ) മുതൽ നൽകണമെന്നാകാം ഇത് അർത്ഥമാക്കുന്നത്.

**വാക്യങ്ങൾ 14-22 ശിക്ഷയും പ്രത്യാശയും ദൈവം പ്രസ്താവിക്കുന്നു**

അഴിമതി വിധിക്കപ്പെടും, എങ്കിലും പൊതുവെ ദൈവം ജനത്തിന് വീണ്ടും അവസരം നൽകുന്നു. എബ്രായ സമൂഹത്തെ നിയന്ത്രിക്കുന്ന അധർമ്മികളായ മതനിന്ദകരെ നീക്കി പകരക്കാരെ ദൈവം നിയമിക്കും.

വാക്യം 15

**ചോദ്യം :** ആരുമായിട്ടാണ് നേതാക്കൾ ഉടമ്പടി ചെയ്തത്? .......................................

.................................................................................................................................

***കുറിപ്പ് :*** ഒരു കനാന്യ ദേവതയായിരുന്നു മരണം. പാതാളമെന്നാൽ നരകം.

വാക്യം 16

ദൈവത്തിന്റേത് വിപ്ലവാത്മകമായ തീരുമാനമാണ്! മുഴുവൻ മത സംവിധാനത്തെയും മാറ്റി പ്രതിഷ്ഠിക്കാൻ ദൈവം തീരുമാനിച്ചു. രക്ഷയും പുതുജീവനും നൽകാൻ വരാനിരിക്കുന്ന രക്ഷകനിലേക്ക് ഈ പ്രവചനം വിരൽചൂണ്ടുന്നു.

**ചോദ്യം :** പുതിയ മൂലക്കല്ലിൽ രേഖപ്പെടുത്തുന്ന വാക്കുകൾ ഏവ?
(ദയവായി അനുബന്ധം കുറിപ്പ് B വായിക്കുക.)

വാക്യം 17

**ചോദ്യം :** ചരടും തൂക്കുകട്ടയും കൊണ്ട് ആശാരിയെന്നപോലെ ദൈവം രണ്ട് തത്ത്വങ്ങളിൽ മനുഷ്യരെ അളക്കും. അവ ഏവ?

.............................................................., ..........................................................................

വാക്യങ്ങൾ 18-20

ഈ മൂലക്കല്ലിന്റെ തത്ത്വത്തിൽ തങ്ങളുടെ ജീവിതങ്ങളെ പണിയാത്തവർ ദൈവക്രോധത്തിന്റെ കാറ്റിൽ അകപ്പെടും.

കുറിപ്പ് : പെറോസീം, ഗിബയോൻ എന്നിവ യെരൂശലേമിന്റെ സമീപ പ്രദേശങ്ങൾ

വാക്യം 21

**ചോദ്യം :** ദൈവം തന്റെ ശിക്ഷയെ ആശ്ചര്യമായും അപൂർവ്വമായും ചെയ്യുന്നതെന്തുകൊണ്ട്? ....................................................................................................................

വാക്യങ്ങൾ 23-29

ഒരു ബുദ്ധിമാനായ കർഷകന്റേതിനോട് ദൈവത്തിന്റെ ക്രിയകളെ ഈ വേദഭാഗം താരതമ്യം ചെയ്യുന്നു. കൃഷിക്കാരൻ തന്റെ പ്രായോഗിക അനുഭവത്തിൽ നിന്നും പ്രവർത്തിക്കുന്നു. അതുപോലെ മനുഷ്യ ജീവികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ദൈവത്തിനറിയാം.

വാക്യം 29

**ചോദ്യം :** ഈ വാക്യത്തിൽ ദൈവത്തെ എപ്രകാരം വിശദീകരിക്കുന്നു?

..................................................................................................................................

## അദ്ധ്യായം 29

ഈ അദ്ധ്യായം മതഭക്തരുടെ പ്രത്യേക പാപങ്ങളെ ചുഴിഞ്ഞ് പരിശോധിക്കുന്നു. ദുഷിച്ച മതത്തിന്റെയും കപട ഭക്തിയുടെയും പ്രശ്നങ്ങളാണിവ. യഹൂദ്യയിലെ എബ്രായർ പ്രത്യേകമായി ഈ പാപങ്ങളുടെ ചുഴിയിലാണ്. അവർ ഒരു മുഖം മൂടി അണിഞ്ഞിരിക്കുന്നു. അവർ അധർമ്മികളായി വെളിയിൽ കാണിക്കുന്നില്ല. എന്നിരുന്നാലും അവർ ദൈവത്തെ വളരെ പ്രകോപിപ്പിക്കുന്നു. കാരണം യഥാർത്ഥ ഭക്തിയെ അവർ കൃത്രിമമാക്കുന്നു.

വാക്യങ്ങൾ 1-3

'അരിയേൽ' എന്ന വാക്ക് കത്തുന്ന യാഗപീഠത്തെ കുറിക്കുന്നു. യെരൂശലേമിന്റെ ഇനിയൊരു പേരാണ് അത്. മുഴുപട്ടണവും പ്രതിസന്ധികളിൽ ജ്വലിക്കയാണ്. എന്തെന്നാൽ ശത്രു അവരെ സംഹരിക്കാനെത്തുന്നു. പക്ഷെ അത് വരാൻ അവർ എന്തിന് അനുവദിക്കണം? ആചാര നിബിഡതയും സത്യസന്ധമല്ലാത്ത ഭക്തിയും ആണ് രണ്ടു കാരണങ്ങൾ.

വാക്യം 4

**ചോദ്യം :** ചാരവും പൊടിയും എന്തിന്റെ ആത്മീക അടയാളങ്ങൾ?

..................................................................................................................................

അനുതപിക്കുന്ന ദുഃഖിതരും വിനീതരുമായ ജനം ദൈവത്തോടു മന്ത്രിക്കും "അയ്യോ, ഞങ്ങൾ ഖേദിക്കുന്നു."

**വാക്യങ്ങൾ 9-16 ഭക്തിയെ അർത്ഥ രഹിതമാക്കുന്ന പാപം**

വാക്യങ്ങൾ 9-12

പ്രവചനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും ദൈവവചനം അടച്ച പുസ്തകം പോലെയാണ്. അതിന്റെ ധാർമ്മിക ലക്ഷ്യങ്ങൾ ഗ്രഹിക്കാൻ തക്കവിധം ആരും അത് വായിക്കുന്നില്ല. ശബ്ദ കേൾവിക്കു വേണ്ടി മാത്രമായി തത്തയെപ്പോലെ വിശുദ്ധ വചനങ്ങൾ ആവർത്തിക്കുകയാണ് ചെയ്യുക.

**ചോദ്യം :** ഇതിനു സമാനമായ ദുഷിച്ച ഭക്തിക്ക് ഉദാഹരണം നിങ്ങൾ കണ്ടിട്ടുണ്ടോ? ........................................................................................................................

***കുറിപ്പ് :*** 1400 കളിൽ പടിഞ്ഞാറൻ യൂറോപ്പിൽ ബൈബിളിനെ ഈ വിധമാണ് കൈകാര്യം ചെയ്തത്. മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒരു ഭാഷയിലായിരുന്നു അത്. ചിലപ്പോൾ ഒരു ചങ്ങലയാൽ അത് ബന്ധിക്കപ്പെട്ടിരുന്നു. പ്രസിദ്ധനും ധൈര്യശാലിയുമായ മാർട്ടിൻ ലൂഥർ എന്ന മനുഷ്യൻ പ്രഖ്യാപിച്ചു, ദൈവവചനം സ്വതന്ത്രമാക്കപ്പെടുകയും ഗ്രഹിക്കാൻ തക്കവിധം വായിക്കപ്പെടുകയും വേണം. എന്തെന്നാൽ അതിനായി അത് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതു മാത്രമാണ് മനുഷ്യരാശിയുടെ ഏക പ്രത്യാശ. താൻ വിജയിച്ചു. ഒപ്പം ധാരാളം കഷ്ടപ്പെടുകയും ചെയ്തു. ദൈവവചനം സമൂഹത്തിന് പുതുജീവനും പാപികൾക്ക് പുനഃസ്ഥാപിക്കുന്ന പ്രത്യാശയും പ്രാപ്യമായി.

വാക്യം 13

**ചോദ്യം :** ഈ വാക്യപ്രകാരം ജനം എന്തുചെയ്യണം? ........................................................

ആചാര പ്രിയങ്കരമായ മതത്തിലെ സഹോദരൻ കപട ഭക്തനാണ് എന്ന് നമുക്കു പറയാം. യഹൂദ്യയിൽ മത ചടങ്ങുകൾ തങ്ങളുടെ പേരിനുവേണ്ടിയാണ് ചെയ്തുപോന്നത്. ഭക്തി അധര സേവയായിരുന്നു. സ്വകാര്യ ജനം തങ്ങൾക്കിഷ്ടപ്പെട്ട വിധം അനുഷ്ഠിച്ചുപോന്നു. പരസ്യമായി അവർ ഭക്തരായി അഭിനയിച്ചു. പക്ഷെ തങ്ങളുടെ ഹൃദയത്തിൽ അവർ ദൈവത്തിൽ നിന്ന് വളരെ അകന്നുപോയി.

**ചോദ്യം :** നിങ്ങൾക്കുചുറ്റും ഇത്തരം കപട മതഭക്തിക്ക് ഉദാഹരണങ്ങൾ നിങ്ങൾ കാണുന്നുണ്ടോ? ........................................................................................................

വാക്യം 16

**ചോദ്യം :** കളിമണ്ണിന് കുശവനെ മഠയനാക്കാനാകുമെന്ന് നിങ്ങൾ കരുതുന്നുവോ? .................................. ആരാണ് കുശവൻ? ..................................... ആരാണ് കളിമണ്ണ്?....................................................

***കുറിപ്പ്:*** എല്ലാ മതഭക്തരേയും ദുഷിച്ച സ്വഭാവത്തിന്റെയും കപട ഭക്തിയുടെയും അപകടം ബാധിച്ചിട്ടുണ്ട് എന്ന് നമുക്കു പറയാൻ കഴിഞ്ഞേക്കാം. ഒരു സത്യസന്ധമായ ഭക്തിയുടെ ശരിയായ പ്രകടനത്തിന് ദൈവാത്മാവിന്റെ സഹായത്തിനായ് നാം ഏവരും പ്രാർത്ഥിക്കേണ്ടതുണ്ട്.

**വാക്യങ്ങൾ 17-24. തന്റെ ജനത്തിന്മേൽ ദൈവം പുതുജീവൻ ഊതും.**

**ചോദ്യം :** ഫലഭൂയിഷ്ഠമായ വയൽപോലെ ദൈവജനത്തിന്റെ അടയാളങ്ങളായ അഞ്ചു വിശേഷ ഗുണഗണങ്ങൾ ഏവ? ...................................................., .................................., .........................................., ......................................................., ......................................................

വാക്യം 23

ദൈവത്തിന്റെ യഥാസ്ഥാനപ്പെടുത്തൽ സംഭവിക്കുമ്പോൾ, അബ്രഹാമിന്റെ പിൻതലമുറക്കാർ അവനെപ്പോലെ ദൈവീക ആശീർവാദങ്ങൾ പ്രാപിക്കും. ദൈവാത്മാവ് അവർക്ക് യഥാർത്ഥ ഭക്തിയുടെ മനോഭാവങ്ങൾ പകരും.

**ചോദ്യം :** ആ മനോഭാവത്തിന് രണ്ട് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങൾ ഏവ? ...................................................................., ..........................................................................................

വാക്യം 24

**ചോദ്യം :** എന്തു പ്രത്യേക അനുഗ്രഹമാണ് അവർ ദൈവത്തിങ്കൽ നിന്നും പ്രാപിക്കുക

........................................................................................................................................

**അദ്ധ്യായം 30, 31**

***പഠിതാവിനുള്ള കുറിപ്പ് :*** ആദ്യം 30: 1-7 വരെയും തുടർന്ന് 31-ാം അദ്ധ്യായവും അതിനുശേഷം തിരികെ 30-ാം അദ്ധ്യായം 8-23 വരെയുള്ള വാക്യങ്ങളും വായിക്കുക.

**30:1-7 രാഷ്ട്രീയം ദൈവമുമ്പാകെ ഇടരുത്**

നമ്മുടെ രാജ്യത്തെ ജനങ്ങൾ തികച്ചും രാഷ്ട്രീയ തല്പരരാണ്. ജനാധിപത്യ സമൂഹത്തിൽ അത് തികച്ചും സ്വാഭാവികവും നല്ലതും തന്നെ. എന്നാൽ രാഷ്ട്രീയം പൊതുവായതാകയാൽ സകല പ്രശ്നങ്ങൾക്കും രാഷ്ട്രീയമാണ് ഉത്തരമെന്ന് ജനം ചിലപ്പോൾ ചിന്തിക്കുന്നു.

**ചോദ്യം :** രാഷ്ട്രീയം സകല പ്രശ്നങ്ങൾക്കും ഉത്തരം നൽകുന്നുവെന്ന് നിങ്ങൾ കരുതുന്നുവോ?..........................................................................................................................

യെശയ്യാവ് പ്രവാചകന് രാഷ്ട്രീയത്തിൽ ഇടപെട്ടു. എന്നാൽ പരമപ്രധാനമായ കാര്യം ദൈവാശ്രയവും ദൈവീക വഴികാട്ടൽ അന്വേഷിക്കലുമാണ് എന്നവൻ വിശ്വസിച്ചു. രാഷ്ട്രീയം ദൈവത്തെ അവഗണിക്കാനോ മറക്കാനോ കാരണമാകുന്നെങ്കിൽ അതു വലിയ തെറ്റാണ്. എബ്രായർ ആ തെറ്റു ചെയ്തു.

വാക്യം 1

**ചോദ്യം :** യഹൂദ്യയിലെ ജനങ്ങൾ ഈജിപ്തുമായി സഖ്യത ചെയ്യുന്നതിനെ പ്രവാചകൻ എതിർത്തതെന്തുകൊണ്ട്?.................................................................................................

വാക്യം 3-5

ഫറവോൻ എന്ന വാക്കിന് രാജാവ് എന്നർത്ഥം. സോവനും ഹാനേസും രണ്ടു മിസ്രയീം പട്ടണങ്ങൾ ആയിരുന്നു. അശ്ശൂരിനേക്കാൾ വളരെ ശക്തി കുറഞ്ഞ രാജ്യമായിരുന്നു അന്ന് മിസ്രയീം. എബ്രായർ ചെയ്യാൻ ശ്രമിച്ചത് രാഷ്ട്രീയമായിപ്പോലും വളരെ മഠയത്തരമായിരുന്നു.

വാക്യങ്ങൾ 6-7

യഹൂദ്യരുടെ തീരപ്രദേശമായ ഫെലിസ്ത്യയെ ഒഴിവാക്കാനായി ഒറ്റുകാർ നെഗെവ് വനാന്തരംവഴി ഈജിപ്തിലേക്ക് യാത്രചെയ്തു. വന്യജീവികൾ നിറഞ്ഞ പ്രദേശമായിരുന്നു അത്. രഹബ് ഇതിഹാസങ്ങളിലെ ഒരു അത്ഭുത ജന്തുവായിരുന്നു.

**ചോദ്യം :** അവർ കൈക്കൂലി കരുതിയിരുന്നെങ്കിലും ഈ അപകടകരമായ യാത്ര ഉപയോഗപ്പെടാത്തതെന്തുകൊണ്ട്?.................................................................................

........................................................................................................................................

***ഇപ്പോൾ 31-ാം അദ്ധ്യായത്തിലേക്ക് തിരിയുക.***

***31: 1-9 ദൈവത്തിനു പകരം മനുഷ്യരിൽ ആശ്രയിക്കുന്ന മൂഢത.***

വാക്യങ്ങൾ 1-3

**ചോദ്യം :** ജനം ഏറ്റവും അധികമായി ആശ്രയിക്കേണ്ടതാരെ? .........................................

വാക്യം 6

**ചോദ്യം :** യഹൂദ്യയിലെ ജനങ്ങൾ ചെയ്തതെന്ത്?.............................................................

വാക്യം 5, 8-9

**ചോദ്യം :** യരുശലേമിനെയും യഹൂദ്യയേയും ദൈവം എന്തുചെയ്യും?

..........................................................................................................................................................

**ഇപ്പോൾ 30-ാം അദ്ധ്യായത്തിലേക്ക് തിരിഞ്ഞ് 8-ാം വാക്യം മുതൽ തുടരുക.**

വാക്യം 8

**ചോദ്യം :** യെശയ്യാവ് പ്രവാചകനോട് ദൈവം കല്പിച്ചതെന്ത്?

..........................................................................................................................................................

***കുറിപ്പ് :*** ചാവുകടലിന്റെ മുകളിലെ കുന്നുകളിലെ കുമ്രാനിലെ ഒരു ചെറിയ ഗുഹയിൽനിന്നും 1947-ൽ ഒരു ഇടയബാലൻ കുറച്ച് പുരാതന ചുരുളുകൾ കണ്ടെടുത്തു. അതു പരിശോധിച്ച പണ്ഡിതന്മാർ ആശ്ചര്യപ്പെട്ടു. കാരണം അതിൽ യെശയ്യാവ് പ്രവാചകന്റെ പുസ്തകവും ഉൾപ്പെട്ടിരുന്നു! ഈ ചുരുളുകൾ ക്രിസ്തുവിന് മുമ്പ് 100-ാം വർഷം നിർമ്മിച്ചതാവണം. അതായത് യെശയ്യാവ് പ്രവചനങ്ങളെ എഴുതി സൂക്ഷിക്കാനുള്ള ദൈവകല്പന അനുസരിച്ചു. ഈ വിധത്തിൽ ദൈവവചനം സംരക്ഷിക്കപ്പെട്ടു. ചുരുളുകൾ യരുശലേം മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നമുക്കത് ഇന്ന് അവിടെ കാണാം.

വാക്യം 9

**ചോദ്യം :** ജനത്തിനെതിരെ ആരോപിക്കുന്ന കുറ്റമെന്ത്?

..........................................................................................................................................................

വാക്യം 10-11

**ചോദ്യം :** യെശയ്യാവ് പ്രവചിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടതെന്ത്?

..........................................................................................................................................................

വാക്യം 12-14

അവരുടെ ഹൃദയ അവസ്ഥയാണ് ഈ ഭയാനകമായ അപേക്ഷ കാണിക്കുന്നത്. ഈ വാക്യങ്ങളെ നാശത്തിലേക്കുള്ള പതനം എന്നു ചുരുക്കിപ്പറയാം. സകലതും തകരുന്നു; എന്തെന്നാൽ ജനം തങ്ങളുടെ സ്രഷ്ടാവിനെ ത്യജിച്ചുകളഞ്ഞു.

വാക്യം 15

**ചോദ്യം :** ജനങ്ങൾ എന്തു മനോഭാവം ഉള്ളവരായിരിക്കണമെന്ന് ദൈവം ആവശ്യപ്പെട്ടു?

..........................................................................................................................

വാക്യം 18

**ചോദ്യം :** നമ്മോടുള്ള ദൈവത്തിന്റെ മനോഭാവം എന്ത്? മൂന്നു വ്യത്യസ്ത വാക്കുകൾ ഉപയോഗിച്ച് ഉത്തരമെഴുതുക..............................................................................................

.............................................................., .........................................................................................

വാക്യങ്ങൾ 19 - 26

ഈ വാക്യങ്ങൾ പറയുന്നത് നാം ദൈവത്തെ സേവിക്കുകയാണെങ്കിൽ, സുവർണ്ണ കാലം പോലെ ദൈവം നമ്മേൽ അനുഗ്രഹങ്ങൾ ചൊരിയും.

**ചോദ്യം :** ഈ അതിശയ കാലത്തിന്റെ മൂന്നു അടയാളങ്ങൾ ഏവ?

.........................................., ..................................................., ...................................................

വാക്യം 29

**ചോദ്യം :** വളരെ പ്രത്യേകമായ ഒരു ദാനം നിങ്ങൾക്ക് ദൈവം നൽകും. അതെന്ത്?

..........................................................................................................................................................

നമ്മുടെ ജീവിതത്തിൽ കടുത്ത പ്രശ്നങ്ങൾ നാം അടിക്കടി നേരിടുന്നു. പരിഹാരമില്ലാത്തതായി അതു കാണപ്പെടുന്നു. അനേക ദിനങ്ങൾ അന്ധകാരമയമായി കാണപ്പെ

ടുന്നു. എന്നിരുന്നാലും, ദൈവം നമ്മോടുകൂടെയുണ്ടെന്ന നിശ്ചയം നാം മുറുകെ പിടിച്ചാൽ രാത്രികളിലും പാട്ടുപാടാൻ നാം ശക്തരായിത്തീരും.

വാക്യങ്ങൾ 30-33:

വൻ സാമ്രാജ്യങ്ങൾ ഉയരുകയും വീഴുകയും ചെയ്യുന്നു. ഉദാഹരണത്തിന് ചൈനയിലെ മിന്റ് രാജപരമ്പര 265 വർഷങ്ങളും മൻഞ്ചു രാജവംശം 275 വർഷങ്ങളും കൊണ്ട് അവസാനിച്ചു. ഇന്ത്യയിൽ പോർച്ചുഗീസ് ആധിപത്യം ഒരുനൂറ്റാണ്ടുകൊണ്ടസ്തമിച്ചു. 200 വർഷങ്ങൾക്കു ശേഷം മുഗൾ രാജവംശം തകർന്നു. 200 വർഷങ്ങൾക്കു ശേഷം ബ്രിട്ടീഷ് ആധിപത്യം അവസാനിച്ചു. അശ്ശൂരിനും ഇതുപോലൊരു ജീവിത കാലയളവേ ഉണ്ടായിരുന്നുള്ളൂ. 200 വർഷങ്ങൾ പിന്നിട്ടപ്പോൾ അതു തകർന്നടിഞ്ഞു. പകരം ബാബിലോണ്യർ എഴുന്നേറ്റ് 614-ൽ നിനവേയെ കീഴടക്കി. യെശയ്യാവിന്റെ പ്രവചനം പ്രഖ്യാപിക്കുന്നത് അശ്ശൂരിന്റെ വീഴ്ചയ്ക്കു പിന്നിൽ ദൈവ ഇഷ്ടമായിരുന്നു എന്നാണ്. അതു യെരുശലേം മതിൽ പ്രത്യക്ഷമാക്കി കാണിച്ചു. എന്നിരുന്നാലും അശ്ശൂര്യൻ ജനതയുടെ മേൽപോലും ദൈവീകദയ എത്തിച്ചേർന്നു. പഴയനിയമം പറയുന്നത് ദൈവം യോന (യൂനുസ് നബി) എന്ന മറ്റൊരു പ്രവാചകനെ രക്ഷകനായ ദൈവത്തെക്കുറിച്ചറിയിക്കാനായ് അയച്ചുവെന്നും അനേകർ അവിടെ വിശ്വസിച്ചു എന്നുമാണ്.

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 28:12 പുതിയ നിയമ ഉദ്ധരണി മത്തായി 11, 28-30.

തന്റെ ശുശ്രൂഷാരംഭത്തിൽ കഷ്ടപ്പെടുന്നവർക്ക് രക്ഷകനായ യേശു ഈ ക്ഷണം നൽകി: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു."

കുറിപ്പ് 'B'

യെശയ്യാവ് 18:16, പുതിയ നിയമ ഉദ്ധരണി 1 പത്രോസ് 2.4,5 അവിടെ എഴുതിയിരിക്കുന്നു: "മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീക ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിന് പ്രസാദമുള്ള ആത്മീകയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു."

കുറിപ്പ് 'C'

യെശയ്യാവ് 29.18-19 : പുതിയ നിയമ ഉദ്ധരണി മത്തായി 11:5 യേശുവിന്റെ കാലത്ത്, യെശയ്യാവ് പ്രവചിച്ച ഇത്തരം അത്ഭുതപ്രവൃത്തികൾ മശിഹാ യുഗത്തിന്റെ അടയാളമായിട്ടു സംഭവിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. യോഹന്നാൻ സ്നാപകൻ (യാഹ്യാ നബി) യേശു വരുവാനിരുന്നവനോ എന്ന് അന്വേഷിച്ചപ്പോൾ യേശു മറുപടിയായി പറഞ്ഞു: "കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്ന, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു."

## പാഠം 8

## (ഈ പാഠം അദ്ധ്യായങ്ങൾ 36–39. തുടർന്നു, അ. 32, 33, 35 എന്നീ ക്രമത്തിൽ ഉൾപ്പെടുന്നു.)

## അദ്ധ്യായങ്ങൾ 36, 37, 38, 39

**ആമുഖം**

നാമിപ്പോൾ ഈ അദ്ധ്യായങ്ങൾ പഠിക്കുന്നു. എന്തെന്നാൽ ഇവ അശ്ശൂരിന്റെ കഥ പൂർണ്ണമാക്കുന്നു. ഒരു കഥപോലെ അതു വായിക്കണം. ഹിസ്കിയാവ് എന്ന ഉത്തമനായ രാജാവിനെക്കുറിച്ച് ഇത് പറയുന്നു. ദാവീദ് ഗോലിയാത്തെയെന്നപോലെ അവൻ ശക്തരായ ജേതാക്കളെ അഭിമുഖീകരിക്കുന്നു. നാം ചരിത്രത്തിൽ അതു പഠിക്കുന്നു. അതുകൊണ്ടു തന്നെയാണ് ഈ വീരകഥ യശയ്യാവിന്റെ പ്രവചനത്തിലും ഉൾപ്പെട്ടത്. ഈ കാലത്തിനിടയിൽ യെശയ്യാവ് ജീവിച്ചു. അത് 701 ബി.സി.യാണ്. യെരുശലേമും അതിനു ചുറ്റുമാണ് സ്ഥലം. അശ്ശൂർ സൈന്യം യെരുശലേം മതിലിനരികിലെത്തി.

**ചോദ്യം :** അദ്ധ്യായം 31–ന്റെ അവസാന രണ്ടു വാക്യങ്ങൾ ഒരിക്കൽക്കൂടി വായിക്കുക. അതു നിങ്ങളോടെന്തു പറയുന്നു?

.......................................................................................................................................

യുദ്ധം കൂടാതെ സെൻഹരീബിന്റെ സൈന്യം തോല്പിക്കപ്പെടും. അതിശയകരമായ അവസാനമുള്ള ഒരു യഥാർത്ഥ കഥ തന്നെ ഇത്!

### അദ്ധ്യായം 36, 37

**യെരുശലേമിന്റെ ഉപരോധവും അശ്ശൂരിന്റെ പിൻവാങ്ങലും**

36.1 – 3. ഹിസ്കിയാവുമായി സെൻഹരീബ് ആലോചന നടത്തുന്നു. അവൻ രബ്ശാക്കേ എന്ന തന്റെ മേൽവിചാരകനെ യരുശലേമിൽനിന്നും 40 കിലോമീറ്റർ അകലമുള്ള ലാഖീശിൽ നിന്നുമയച്ചു.

**ചോദ്യം :** ഹിസ്കിയാവിനോടു കൂടിയാലോചന നടത്തിയ മൂന്നുപേർ ആരെല്ലാം?

......................................................., ......................................................, ...........................................

വാക്യം 4–10

**ചോദ്യം :** അശ്ശൂരിയൻ മേലുദ്യോഗസ്ഥർ എബ്രായരോട് പറഞ്ഞതെന്ത്? ചുരുക്കി എഴുതുക. .......................................................................................................................

വാക്യം 11–12

അശ്ശൂരിയൻ ഉദ്യോഗസ്ഥർ ജനത്തിന്റെ ഭാഷയായ എബ്രായ ഭാഷയിൽ സംസാരിച്ചു. ഹിസ്കിയാവിന്റെ പ്രതിനിധികൾ അവനോട് അരാമ്യഭാഷയിൽ സംസാരിക്കാൻ ആവശ്യപ്പെട്ടു. ഏകദേശം മലയാളവും ഇംഗ്ലീഷും തമ്മലുള്ള വ്യത്യാസം ഈ ഭാഷകൾ തമ്മിലുണ്ട്.

**ചോദ്യം :** അശ്ശൂര്യൻ ഉദ്യോഗസ്ഥൻ എബ്രായ ഭാഷയിൽ സംസാരിച്ചത് എന്തുകൊണ്ട്?

.......................................................................................................................

**ചോദ്യം :** ഹിസ്കിയാവിന്റെ പ്രതിനിധികൾ അരാമ്യ ഭാഷയിൽ സംസാരിക്കാൻ ആവശ്യപ്പെട്ടത് എന്തുകൊണ്ട്?..........................................................................................

വാക്യം 13–20

**ചോദ്യം :** അശ്ശൂര്യൻ ഉദ്യോഗസ്ഥൻ സംസാരിച്ചുകൊണ്ടേയിരുന്നു. അതെന്തായിരുന്നു?

.......................................................................................................................

വാക്യം 19

ഹമാത്തും അർപ്പാദും വടക്ക് പടിഞ്ഞാറൻ സിറിയയിലാണ്. സൻഹരീബ് അവയെ കീഴടക്കിയിരുന്നു. സെഫർവയീം ഹമാത്തിന്റെ സമീപ ദേശമാണ്. അശ്ശൂർ സമര്യൻ ജനത്തെ തടവിലാക്കിയപ്പോൾ വടക്കൻ യിസ്രായേലിൽ സെഫർവയീമിൽനിന്നും ജനങ്ങളെ കൊണ്ടു പാർപ്പിച്ചു.

വാക്യം 20

**ചോദ്യം :** അശ്ശൂരിയൻ ഉദ്യോഗസ്ഥൻ ഒരു കടുത്ത തെറ്റ് ചെയ്തു. അതെന്താണ്?

37:1-4

**ചോദ്യം :** ഈ പോരാട്ട മുഖത്തിൽ ഹിസ്കിയാവെന്തു ചെയ്യണം? രണ്ടു പ്രധാന കാര്യങ്ങൾ.............................................................................., ..............................................................

രാജാവിന്റെ അനുതാപവും ദൈവത്തിലേക്കുള്ള തിരിയലും നമുക്കു നല്ല മാതൃകയാണ്.

വാക്യം 5-7

**ചോദ്യം :** രാജാവിന് യെശയ്യാ പ്രവാചകൻ എന്തു സന്ദേശമാണ് തിരിച്ചു കൊടുത്തുവിട്ടത്? ..........................................................................................................................

വാക്യങ്ങൾ 8-13

ഇതു സംഭവിക്കുന്നതിനിടയിൽ അശ്ശൂർ രാജാവായ സൻഹരീബ് ലാക്കീശിൽനിന്നും 16 കിലോമീറ്റർ അകലെ ലിബ്നയിലേക്ക് പോയി. എത്യോപ്യ (ക്രൂശ്) വഴി ഒരു കിഴക്കൻ പോരാട്ടത്തിന്റെ സാദ്ധ്യത ഒരുക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ എത്യോപനായ തിർഹാക്ക മിസ്രയീം രാജാവായിരുന്നു. ഇപ്പോൾ സൻഹെരീബ് ഹിക്സിയാ രാജാവിന് മറ്റൊരു ദൂത് അയച്ചു. ഉടൻ കീഴടങ്ങണമെന്നായിരുന്നു അത്. എന്നാൽ ദൈവത്തോടു നേരിട്ടു പ്രാർത്ഥിക്കാനും വിടുതൽ അപേക്ഷിക്കാനും ഹിസ്കിയാവു തീരുമാനിച്ചു.

***വാക്യങ്ങൾ 14-20. ശ്രദ്ധാപൂർവം രാജാവിന്റെ പ്രാർത്ഥന വായിക്കുക.***

**ചോദ്യം :** നിങ്ങൾ വിഷമ അവസ്ഥയിലായിരിക്കുമ്പോൾ ഹിസ്കിയാവിന്റെ പ്രാർത്ഥനയിലെ ഏതു വാക്കുകൾ ഉപയോഗിച്ച് സഹായത്തിനായ് പ്രാർത്ഥിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു?

.......................................................................................................................................

വാക്യം 21-25: കർത്താവ് യെശയ്യാവ് പ്രവാചകൻ മുഖാന്തിരം പ്രാർത്ഥനയ്ക്ക് ഉത്തരം നല്കി.

**ചോദ്യം :** താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളനുസരിച്ച് നൽകിയ ഉത്തരം ചുരുക്കി എഴുതുക.

1. വാ - 31-32 ..........................................................................................................
2. വാ - 33-34 ..........................................................................................................

പ്രാർത്ഥനയ്ക്ക് മറുപടി നല്കാമെന്ന് തന്റെ പ്രവാചകർ മൂലം ദൈവം ആവർത്തിച്ച് വാഗ്ദത്തം ചെയ്തിട്ടുണ്ട്. തിരക്കുനിമിത്തം ചില സമയങ്ങളിൽ അതു ചെയ്യാൻ മറന്നുപോകും. എന്നാൽ നമുക്കു ക്രമമായി ഉപയോഗിക്കാനാവും വിധം പുതിയ നിയമത്തിൽ 'കർത്താവിന്റെ പ്രാർത്ഥന' എന്ന ലളിത പ്രാർത്ഥന നൽകിയിട്ടുണ്ട്.

(ദയവായി അനുബന്ധം കുറിപ്പ് A വായിക്കുക)

വാക്യം 36: അശ്ശൂര്യരുടെ താവളത്തിലും യുദ്ധരംഗത്തും വിസ്മയകരമായ ഒരു ബാധയുണ്ടായി. 20 വർഷങ്ങൾക്കുശേഷം സൻഹരീബ് തന്റെ സ്വന്തം പുത്രന്മാരാൽ കൊല്ലപ്പെട്ടു. അറുപതു വർഷങ്ങൾക്കുശേഷം കൽദയരും മേദ്യരും (കിഴക്കൻ ഇറാക്കിലെ അലഞ്ഞുനടന്നു ജീവിച്ച ഒരുപറ്റം ജനം) നിനവയെ കീഴടക്കി. അങ്ങനെ മഹത്തായ അശ്ശൂർ സാമ്രാജ്യം താളടിയായി. "മഹത്തുക്കളുടെ വീഴ്ച എങ്ങനെ!"

## അദ്ധ്യായം 38

### ഹിസ്കിയാവിന്റെ രോഗവും സൗഖ്യവും

***വാക്യങ്ങൾ 1-8 ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു.***

തന്റെ രാജ്യം യുദ്ധഭീഷണിയിലായിരുന്നപ്പോൾ രാജാവ് പ്രാർത്ഥിച്ചതിന് ദൈവം ഉത്തരം നല്കി. എന്നാൽ ദേശീയ വിപത്തുകളിൽ മാത്രമല്ല വ്യക്തിപരമായ പ്രതിസന്ധികളിലും ദൈവം സഹായകനാകുന്നു.

വാക്യം 1 : ഹിസ്കിയാവ് രാജാവ് കഠിന രോഗിയായി. ചലം ഒലിപ്പിക്കുന്ന വ്രണത്തോടുകൂടിയ ഗൗരവതരമായ ഒരുതരം രോഗമായിരുന്നു അത്. ഒരു ഡോക്ടർ ചില സമയം തന്റെ രോഗി രക്ഷപ്പെടാൻ സാധ്യതയില്ല എന്നു പറയും പോലെ യെശയ്യാവും പറഞ്ഞു.

**ചോദ്യം :** സൗഖ്യപ്പെടാനാവാത്ത ഒരു രോഗം പിടിപെട്ടിരിക്കുന്നു എന്ന് ഒരു വ്യക്തി

യോടു പറഞ്ഞാൽ ആ വ്യക്തി എന്തുചെയ്യണം?...........................................................................

വാക്യം 2. കണ്ണുനീരോടെ ഹിസ്കിയാവ് സൗഖ്യത്തിനായ് ദൈവത്തോട് പ്രാർത്ഥിച്ചു. തന്റെ പ്രാർത്ഥന ദൈവം ശ്രദ്ധിച്ചു പ്രതികരിക്കുമെന്നു അവൻ വിശ്വസിച്ചു.

വാക്യങ്ങൾ 4-5

**ചോദ്യം :** പ്രവാചകൻ മുഖാന്തിരം ദൈവം നൽകിയ ഉത്തരമെന്ത്?

.......................................................................................................................................

വാക്യം 6

**ചോദ്യം :** ദൈവം കൃപയാൽ ഒരു വാഗ്ദത്തം കൂട്ടിച്ചേർത്തു. അതെന്ത്?

.......................................................................................................................................

വാക്യങ്ങൾ 7-8

**ചോദ്യം :** ഒടുവിൽ സർവ്വശക്തൻ തന്റെ വാഗ്ദത്തങ്ങൾ നിറവേറുമെന്നു തെളിയിക്കാൻ രാജാവിന് ഒരു ഭൗതീക അടയാളവും നൽകി. അടയാളമെന്ത്?

.......................................................................................................................................

**ചോദ്യം :** നിങ്ങളുടെ അഭിപ്രായത്തിൽ ദൈവം ഇപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുണ്ടോ?

.......................................................................................................................................

***കുറിപ്പ് :*** പുതിയനിയമ വേദപുസ്തകത്തിൽ രക്ഷകനും സൗഖ്യദായകനുമായ യേശു ഇത്തരം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം ഇന്നും ഡോക്ടർമാരിലൂടെയും മരുന്നുകളിലൂടെയും പ്രവർത്തിക്കുന്നു. എന്നാൽ ഹിസ്കിയാവ് ചെയ്തതുപോലെ നാമും ദൈവസഹായം തേടണം.

ഒരാൾ പറഞ്ഞു : "ജീവിതമെന്നാൽ അത്ഭുതങ്ങളുടെ സാഗരത്തിലൂടെയുള്ള യാത്രയാണ്."

**വാക്യങ്ങൾ 9-20. ഹിസ്കിയാവിന്റെ നന്ദിയർപ്പണ ഗാനം**

വാക്യങ്ങൾ 10-13

**ചോദ്യം :** ഒരു കഠിന രോഗി എപ്രകാരം ചിന്തിക്കുന്നു എന്നതിന്റെ ഒരു നല്ല വിശദീകരണമായി ഇതു നിങ്ങൾ കരുതുന്നുവോ?

.......................................................................................................................................

വാക്യങ്ങൾ 14-16.

കാര്യം പൂർണ്ണനിരാശയിലായിരുന്നപ്പോഴും ഹിസ്ക്കിയാവു ശരിയായതു പ്രവർത്തിച്ചു. അവൻ ദൈവത്തോട് അപേക്ഷിച്ചു.

വാക്യം 14

**ചോദ്യം :** ഈ വാക്യപ്രകാരം ബാക്കി പൂരിപ്പിക്കുക. "യഹോവേ.................................

.......................................................................................................................................

വാക്യം 16 ഈ വാക്യപ്രകാരം ബാക്കി പൂരിപ്പിക്കുക. "അങ്ങിനെ നീ .........................

.......................................................................................................................................

വാക്യം 17

**ചോദ്യം :** അരികിലെത്തിയ മരണ അനുഭവത്തിൽനിന്നും യെശയ്യാവ് ചിലത് പഠിച്ചു. അതെന്ത്? ...........................................................................................................

വാക്യം 19

**ചോദ്യം :** തന്റെ മക്കൾക്ക് എന്ത് സത്യമാണ് ഹിസ്കിയാവ് അറിയിക്കുന്നത്?

.......................................................................................................................................

വാക്യം 20 ഹിസ്കിയാവിന്റെ നന്ദിയർപ്പണ ഗാനത്തിന്റെ ഈ മനോഹര ഉപസംഹാരം ഒരു നല്ല ചുവർചിത്രമാണ്. പ്രാർത്ഥനയുടെ ശക്തി ഇതു നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

### അദ്ധ്യായം 39

**വാക്യങ്ങൾ 1-8 ഹിസ്കിയാവും ബാബിലോണും**

ഹിസ്കിയാവിന് ഒരു ബലഹീനതയുണ്ടായിരുന്നു. മഹാശക്തികളുമായി ബുദ്ധിപരമായ സഖ്യം തനിക്ക് ചെയ്യാൻ കഴിയുമെന്ന് അവൻ കരുതി. ഇപ്പോൾ ബാബിലോൺ ചിത്രത്തിൽ വരുന്നു. അവന്റെ രോഗാനന്തരം ബാബിലോൺ രാജാവ് ഹിസ്കിയാവിനോട് വലിയ അനുകമ്പ അഭിനയിച്ചു. ഈ അനുബന്ധത്തോടു കൂടെ ഹിസ്കിയാവിന്റെ കഥ അവസാനിക്കുന്നു. ബാബിലോണിന്റെ ഉയർച്ച നയിച്ചത് മദ്ധ്യ-ദക്ഷിണ ഇറാക്കൻ പ്രദേശങ്ങളിലെ രണ്ടു ഗോത്രങ്ങളായ മേദ്യരും കൽദയരുമാണ്. അവർ ഇരുവരും ഒരുമിച്ചു വന്നു ക്രമേണ അവരുടെ ശക്തി വർദ്ധിപ്പിച്ചു. ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നീ നദീതീരങ്ങൾക്കിടയിലെ പ്രദേശത്താണ് ബാബിലോൺ എന്ന മഹാനഗരം സ്ഥാപിച്ചത്. ഇത് ആധുനിക ബാഗ്ദാദിനും അധികം അകലെയല്ല. അശ്ശൂർ വീണപ്പോൾ ബാബിലോൺ എഴുന്നേറ്റു. യിസ്രായേൽ മക്കളുടെ ചരിത്രത്തിൽ അത് ഒരു വലിയ പങ്കുവഹിച്ചു.

വാക്യം 1

**ചോദ്യം :** ദൂതർവശം ബാബേൽ രാജാവ് ഹിസ്കിയാവിന് കൊടുത്തതെന്ത്?

.....................................................................................................................................

വാക്യം 2

**ചോദ്യം :** ഹിസ്കിയാവ് ബാബേൽ പ്രതിനിധിക്ക് തന്റെ ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും കാണിച്ചുകൊടുത്തു. എന്തുകൊണ്ട് അവൻ ഈ മഠയത്തരം പ്രവർത്തിച്ചു.

.....................................................................................................................................

വാക്യങ്ങൾ 5-7. യെശയ്യാവ് പ്രവാചകൻ അമ്പരന്നു. അവൻ ചോദിച്ചു: സംഭവിക്കാൻ പോകുന്നതെന്ത് എന്ന് നിനക്കറിയാമോ? മറ്റുള്ളവർ ചെയ്തപോലെ ചില വർഷങ്ങൾക്കു ശേഷം ബാബിലോണ്യരും ആക്രമിക്കാൻ പോകുകയാണ്. അവർ കൊണ്ടുപോകാൻ പോകുന്നത് നിന്റെ ഭണ്ഡാരത്തെയും ആയുധങ്ങളെയും മാത്രമല്ല നിന്റെ പുത്രന്മാരെയും പുത്രിമാരെയും കൂടിയാണ്.

വാക്യം 8

**ചോദ്യം :** ഒരുതരം വിചിത്രമായ മറുപടിയാണ് ഹിസ്കിയാവ് നൽകിയത്. അതെന്തായിരുന്നു?

.....................................................................................................................................

'നല്ലത്' എന്നു രാജാവ് പറഞ്ഞപ്പോൾ, 'ഞാൻ ഖേദിക്കുന്നു' എന്ന തരത്തിലുള്ള രാജകീയവിധമാകാം ആ സംസാരം. പക്ഷെ ഭാവിയെ ബുദ്ധിപൂർവ്വം അവൻ കരുതിയില്ല എന്നു ഈ മറുപടി അർത്ഥമാക്കുന്നു. അവൻ മരിച്ച് ഉദ്ദേശം നൂറുവർഷങ്ങൾക്കുശേഷം ബാബിലോണ്യർ എബ്രായരെ അടിമകളാക്കി.

**ഇപ്പോൾ 32, 33, 35 എന്നീ അദ്ധ്യായങ്ങളിലേക്ക് ഈ ക്രമപ്രകാരം തിരിയുക.**

### അദ്ധ്യായങ്ങൾ 32, 33

**ധാർമ്മിക സമൂഹ സ്ഥാപനം**

യെശയ്യാവ് പ്രവചനഗ്രന്ഥം വെളിപ്പെടുത്തുന്ന ദൈവീകനന്മ ജനങ്ങളെ മാന്യവും ധാർമ്മികാടിത്തറയുള്ളതുമായ ഒരു മനുഷ്യ സമൂഹ നിർമ്മിതിക്ക് സഹായിക്കും. അത്തരം ഒരു ലക്ഷ്യത്തിലേക്കുള്ള ചില തത്ത്വങ്ങൾ യെശയ്യാവിന്റെ പ്രവചനം വെളിപ്പെടുത്തുന്നു. പൂർണ്ണ നീതിയുള്ള ഒരു സമൂഹത്തിന്റെ സ്വപ്നം സ്വർഗ്ഗത്തിൽ മാത്രമേ യാഥാർത്ഥ്യമാകുകയുള്ളു. പക്ഷെ അതിന്റെ അർത്ഥം പ്രകടമാകും വിധം ഇപ്പോൾ നമുക്ക് ആരംഭിക്കാനാകും.

### അദ്ധ്യായം 32

**വാക്യങ്ങൾ 1-8 ധാർമ്മിക സമൂഹ തത്ത്വങ്ങൾ**

വാക്യം 1

**ചോദ്യം :** ഈ വാക്യത്തിൽ പ്രകടമാകുന്ന നല്ല സമൂഹത്തിന്റെ രണ്ടു തത്ത്വങ്ങളേവ?

..........................................................................., ...........................................................................................

വാക്യം 2

**ചോദ്യം :** ഈ വാക്യം ഉയർത്തിക്കാണിക്കുന്ന പ്രധാന ഘടകമെന്ത്?

.............................................................................................................................................

***കുറിപ്പ് :*** ഇവിടത്തെ കേന്ദ്രവാക്ക് "ഓരോരുത്തനും" എന്നതാണ്. ഓരോ വ്യക്തിയും ഏതെങ്കിലും വിധത്തിൽ മറ്റൊരാളുടെ സഹായകനാകും.

വാക്യം 5

**ചോദ്യം :** ഒരു സൽസമൂഹത്തിന് അനുയോജ്യമായ അടിസ്ഥാന ഗുണമെന്ത്?

.............................................................................................................................................

വാക്യം 8

**ചോദ്യം :** ഈ വാക്യം മുന്നോട്ടുവയ്ക്കുന്ന മനോഹ ആദർശമെന്ത്?

.............................................................................................................................................

**വാക്യങ്ങൾ 9-15 സന്തുഷ്ടിയുടെ പ്രശ്നം**

ഈ പ്രശ്നത്തോടു ബന്ധപ്പെട്ട് പ്രവാചകൻ സ്ത്രീകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അസന്തുഷ്ടിയിൽ സ്ത്രീകളുടെ മനോഭാവം മുഖ്യ പ്രശ്നമായി പ്രവാചകൻ കാണുന്നുണ്ടാകാം. യെശയ്യാവിന്റെ കാലത്ത് പൊതുവേ സ്ത്രീകൾ വീടിനുള്ളിൽ കഴിഞ്ഞിരുന്നു. സാമൂഹ്യ പ്രശ്നങ്ങളിലും പൊതു ജീവിതത്തിലും അവർ അധികം ബോധവതികളായിരുന്നില്ല. ഒരുപക്ഷെ നീതിയുടെ പ്രശ്നങ്ങളിൽ ഭവനങ്ങൾക്കുള്ളിൽ അവർ കൂടുതൽ ശ്രദ്ധാലുക്കളാകണമെന്ന് പ്രവാചകൻ കരുതിയിരിക്കാം. ഈ പ്രവർത്തനത്തിൽ അവർക്ക് പ്രധാന പങ്കുവഹിക്കാനുണ്ട്. അതുകൊണ്ട് സാമൂഹ്യ അവബോധം എന്ന മറ്റൊരു തത്ത്വത്തിലേക്ക് യശയ്യാവ് വിരൽചൂണ്ടുന്നു. സ്ത്രീകളും കൂടെ ശ്രദ്ധാലുക്കളായി നീതി സമൂഹ നിർമ്മിതിക്ക് സഹായിക്കണമെന്ന് അവൻ ക്ഷണിക്കുന്നു.

വാക്യങ്ങൾ 11-12 : ആ കാലഘട്ടത്തെ സംസ്കാര രീതിയനുസരിച്ച് സ്ത്രീകളാണ് വിലാപത്തിന് നേതൃത്വം നൽകിയിരുന്നത്.

വാക്യം 15 : "ഉയരത്തിൽനിന്ന് ആത്മാവിനെ" എന്ന പ്രയോഗം ദൈവശക്തിയെ കുറിക്കുന്നു. പ്രകൃതിയെ പുതുക്കുവാൻ നാം സർവ്വശക്തനോടു യാചിക്കും പ്രകാരം മനുഷ്യ സമൂഹ നിർമ്മാണ ശക്തിക്കായും അവന്റെ വഴിനടത്തിപ്പ് അപേക്ഷിക്കണം.

**ചോദ്യം :** നമ്മുടെ സമൂഹത്തിൽ സാമൂഹ്യ സേവന രംഗത്ത് ശ്രദ്ധേയമായ ആരംഭം കുറിച്ച ഒരു വനിതയുടെ പേരു പറയാമോ? ..............................................................................

**വാക്യങ്ങൾ 16-18 നീതിനിഷ്ഠമായ സമൂഹത്തിലെ സമാധാനം**

വാക്യം 16 : ഒരു യഥാർത്ഥ മനുഷ്യസമൂഹം ദൈവത്തിന്റെ സാർവ്വത്രിക നീതി തത്ത്വങ്ങളിൽ അധിഷ്ഠിതമാകുമ്പോഴാണ് അത് സമഗ്ര നന്മയും യഥാർത്ഥ ശാന്തിയും അനുഭവിക്കുക. അവിടെ നല്ലകാലത്തും മോശം സമയങ്ങളിലും നീതിയുടെ ആത്മാവു പരിവർത്തിച്ചു കൊണ്ടിരിക്കും. ഫലവത്തായ വയലിലും വന്യമായ മരുഭൂമിയിലും അതു തന്നെയാവും അവസ്ഥ. ദേശത്തു ധാർമ്മിക സ്ഥിരത നിലനിൽക്കും.

വാക്യങ്ങൾ 17-18

**ചോദ്യം :** നീതിയുടെ മൂന്നു സ്നേഹപരിണാമങ്ങൾ ഏവ ?

..................................................., ..................................................., ...................................................

**അദ്ധ്യായം 33**

**വാക്യങ്ങൾ 1-16 നീതി സമൂഹത്തിലുള്ള പങ്കാളിത്തവും സംഭാവനയും**

പാപ മോചനത്താൽ ജനങ്ങളെക്കൊണ്ട് നന്മചെയ്യിക്കുന്നത് ദൈവമാണെന്ന് നാം പഠിച്ചു. നല്ലതും സ്ഥിരതയുമുള്ള സമൂഹ നിർമ്മിതിക്ക് അത് നല്ല മനുഷ്യരെ എടുക്കുന്നു എന്നതും വളരെ ശരിയാണ്. വിശുദ്ധനായ ദൈവത്തിന്റെ കൃപ പ്രാപിച്ചവർ ഈ നിർമ്മാണ പ്രക്രിയയിൽ സജീവ പങ്ക് നിർവഹിക്കുക എന്നത് അവരുടെ കടമയുമാണ്. ഈ പ്രവൃത്തിയിൽ രണ്ടു കാര്യങ്ങൾ അവർക്കാവശ്യമായിരിക്കുന്നു എന്ന് പ്രവാചകൻ ഈ

അദ്ധ്യായത്തിൽ പറയുന്നു. ദൈവസഹായത്തിലുള്ള വിധേയത്വവും നന്മയാൽ തിന്മയെ അതിജീവിക്കാനാകും എന്ന നിശ്ചയദാർഢ്യവും.

വാക്യം 2: പ്രാർത്ഥനയിലൂടെ നാം ദൈവസഹായം തേടുന്നു. ഒരു നല്ല സമൂഹത്തിനായും അതിന്റെയും നമ്മുടെയും ആവശ്യങ്ങൾക്കായും നാം പ്രാർത്ഥിക്കേണ്ടതുണ്ട്.

**ചോദ്യം :** ഈ വാക്യപ്രകാരം പ്രാർത്ഥനയിൽ നാമെന്ത് ആവശ്യപ്പെടണം?

..........................................................................................................................................

വാക്യം 5-6 തിന്മ പ്രവർത്തകർക്കെതിരേ പ്രതിരോധ രീതികൾ ആവശ്യമുണ്ട്. എങ്കിലും തിന്മയെ അതിജീവിക്കാനുള്ള യഥാർത്ഥ വഴി നന്മ പ്രവർത്തിക്കുകയാണ്.

**ചോദ്യം :** (വാക്യം 5) നീതി സമൂഹ നിർമ്മാണത്തിന്റെ ദൈവീക രീതിയെന്ത്?

..........................................................................................................................................

***കുറിപ്പ് :*** ദൈവം ലോകത്തിലെങ്ങനെ പ്രവർത്തിക്കുന്നു എന്നു നാം ഓർക്കണം. നീതിക്കായ് സമർപ്പിതരായവരിലൂടെ ദൈവം പ്രവർത്തിക്കുന്നു.

വാക്യം 6

**ചോദ്യം :** ധാർമ്മിക സ്ഥിരതയുടെ അടിസ്ഥാനം പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. അതിന്റെ മൂന്നു ഘടകങ്ങൾ ഏവ? ..........................................................................

.........................................................................., ..........................................................................

വാക്യങ്ങൾ 7-9

**ചോദ്യം :** നീതിയില്ലാത്ത സമൂഹം തകർന്നടിയും. ദൈവം മനുഷ്യരിലൂടെ പ്രവർത്തിക്കുന്നതിനാൽ നമ്മുടെ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും നാമെന്തുചെയ്യണം?

..........................................................................................................................................

വാക്യങ്ങൾ 13-15

**ചോദ്യം :** അടുത്തും അകലെയുമുള്ള ലോകജനതയോടുള്ള ദൈവീകസന്ദേശമെന്ത്?

..........................................................................................................................................

ധാർമ്മിക ലോകനിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ പാപികളെ ദൈവത്തിൽ വസിക്കാനും ദൈവീക ഔന്നത്യം ഉണർന്നു ജീവിക്കാനും സഹായിക്കും.

**വാക്യങ്ങൾ 17-24 നിർമ്മിതാക്കൾക്കുള്ള അനുഗ്രഹങ്ങൾ**

നീതിയധിഷ്ഠിത സമൂഹ നിർമ്മിതിക്കായ് സേവനം ചെയ്യുന്നവർ വിവിധ തരത്തിൽ വ്യക്തിപരമായി ആശീർവദിക്കപ്പെടും.

വാക്യം 17

**ചോദ്യം :** ആ വ്യക്തി രണ്ടു കാര്യങ്ങൾ കാണാനായി ജീവിക്കും. അവ ഏവ?

.........................................................................., ..........................................................................

വാക്യം 19

**ചോദ്യം :** ആ വ്യക്തി എന്തു കാണുകയില്ല? ..........................................................................

വാക്യം 20

**ചോദ്യം :** ആ വ്യക്തിക്ക് എപ്രകാരമുള്ള ജീവിതമുണ്ടാകും?

..........................................................................................................................................

വാക്യം 22

**ചോദ്യം :** ആ വ്യക്തി എന്ത് അനുഭവിക്കും? ..........................................................................

വാക്യം 24

**ചോദ്യം :** ആ വ്യക്തി എന്തെല്ലാം പ്രാപിക്കും?..........................................................................

## അദ്ധ്യായം 35

## ഒരു ആഘോഷ ഗാനം

**വാക്യങ്ങൾ 1-10 അന്ത്യ വീണ്ടുടുപ്പിന്റെ ആഘോഷം**

യെശയ്യാവിന്റെ അന്ത്യ വീണ്ടെടുപ്പിന്റെ ദർശനം മഹത്തായ ഒന്നാണ്. സൃഷ്ടി എന്നാൽ പുനർജന്മമാണ്. ദൈവത്തിന്റെ വിശ്വസ്തജനം പൂർണ്ണമായി വിമോചിതരാകും.

സർവ്വശക്തന്റെ സ്നേഹത്തിനായുള്ള അഭിനന്ദനമാണ് ഈ ഗാനം. യെശ്ശ്യാവിന്റെ പ്രവചനഗ്രന്ഥത്തിന്റെ ആദ്യപകുതി ഇത് മഹത്വത്തോടെ ഉപസംഹരിക്കുന്നു.

വാക്യങ്ങൾ 1-2

**ചോദ്യം :** നിങ്ങളുടെ അഭിപ്രായത്തിൽ കേരളത്തിലെ ഏറ്റവും മനോഹരമായ പൂക്കൾ ഏവ?.................................................................................................................. യെശയ്യാവ് ഒരു കേരളീയനായിരുന്നെങ്കിൽ ദൈവീക ജീവന്റെ സൗന്ദര്യം വിശദീകരിക്കാൻ അവൻ ഈ പൂക്കളിൽ ഒന്നു തിരഞ്ഞെടുക്കുമായിരുന്നു.

വാക്യം 2 : ലെബേനോൻ ഈ സമയം ഒരു പ്രത്യേക രാജ്യമായിരുന്നില്ല. മറിച്ച്, ഒരു പ്രത്യേക മേഖലയായിരുന്നു. മനോഹരമായ പ്രകൃതിസൗന്ദര്യത്താലും വൻ കേദാർ മരങ്ങളാലും ഇത് പ്രസിദ്ധമായിരുന്നു. ഇന്നത്തെ മധ്യധരണി കടൽതീരത്തിനും ഹയിഫാ പട്ടണത്തിനും സമീപത്തെ ഫലഭൂയിഷ്ഠമായ പ്രദേശമായിരുന്നു പൂന്തോട്ടം എന്നർത്ഥമുള്ള കർമ്മേൽ. ദക്ഷിണ കർമേലിലെ നല്ല നീരോട്ടമുള്ള സമതല തീരമായിരുന്നു ശാരോൺ. പുഷ്പങ്ങളാൽ അതു പ്രസിദ്ധവുമായിരുന്നു. എബ്രായർക്ക് ഇവയെല്ലാം സൗന്ദര്യത്തിന്റെ അടയാളങ്ങളായിരുന്നു. സത്യത്തിൽ സ്വർഗ്ഗ രാജ്യത്തിന്റെ വരവിങ്കൽ മരുഭൂമി പോലും മനോഹരമായിത്തീരും.

വാക്യം 3 : ഈ വാക്യം പ്രഖ്യാപിക്കുന്നത് ദൈവത്തെ അറിയുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ശുഭാപ്തി വിശ്വാസികളായി ജീവിക്കുമെന്നാണ്.

വാക്യം 4-6: രക്ഷകനായ ദൈവത്താൽ ജീവിതങ്ങൾക്ക് രൂപാന്തരങ്ങളുണ്ടാകും. നമ്മുടെ ജീവിതത്തിന്റെ വരണ്ട പ്രദേശങ്ങളെ അവൻ പുതുപ്പിക്കും.

വാക്യം 6

**ചോദ്യം :** "മരുഭൂമിയിലെ നീരുറവ" എന്ന പ്രയോഗം വളരെ പ്രസിദ്ധമാണ്. ഇതിന്റെ അർത്ഥമെന്താണ്? ..................................................................................................................

വാക്യങ്ങൾ 8 - 9

ദൈവത്തിന്റെ വിശ്വസ്തർ ഈ ജീവിതത്തിന്റെ സുരക്ഷിത പാതകളിൽക്കൂടി സഞ്ചരിക്കും. പാത അവസാന ആശീർവാദത്തിൽ അവസാനിക്കും.

വാക്യം 9

**ചോദ്യം :** ആ പാതയിലൂടെ സഞ്ചരിക്കുന്നതാരെല്ലാം? ..................................................................
..................................................................................................................

ഇതൊരു പ്രധാന വാക്യമാണ്. ഇത് പറയന്നത്; നാം വീണ്ടെടുക്കപ്പെടേണ്ട, പാപത്തിന്റെയും സാത്താന്റെയും ശക്തിയിൽനിന്നും മറുവില കൊടുക്കപ്പെടേണ്ട, കഴുകപ്പെടേണ്ട, ശുദ്ധീകരിക്കപ്പെടേണ്ട ആവശ്യമുണ്ട് എന്നാണ്. നമുക്കുവേണ്ടി ആരിതു ചെയ്യും? രാജകീയ രക്ഷകൻ വരുന്നു. നാം വീണ്ടെടുക്കപ്പെട്ടശേഷം അവന്റെ സുരക്ഷിത ഭവനത്തിൽ ചേർക്കപ്പെടും.

വാക്യം 10

**ചോദ്യം :** പൂരിപ്പിക്കുക. "നിത്യാനന്ദം ..........................................................................
..................................................................................................ഓടിപ്പോകും"

ഈ വാക്കുകൾ നിങ്ങളുടെ ഹൃദയത്തെ ത്രസിപ്പിക്കും! ഈ പാതയിലൂടെ നടക്കാൻ അവ നിങ്ങളെ ക്ഷണിക്കുന്നു.

**അഭിനന്ദനങ്ങൾ!** ഈ പാഠ പദ്ധതിയുടെ ഒന്നാം ഭാഗം നിങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. 40-66 വരെയുള്ള രണ്ടാം ഭാഗമാണ് അടുത്തത്. ദൈവം എങ്ങനെ നിങ്ങളെ രക്ഷിക്കുന്നു എന്നത് നിങ്ങളെ കൃത്യമായി ബോദ്ധ്യപ്പെടുത്തും. ആ പാഠങ്ങൾ നിങ്ങൾ പൂർത്തീകരിക്കുമ്പോൾ, അന്ധകാരത്തിലും പാട്ടുകൾ പാടാൻ നിങ്ങൾ വാസ്തവത്തിൽ പ്രാപ്തരാകും.

## പാഠം 9

**(40-66 വരെയുള്ള അദ്ധ്യായങ്ങളുടെ ഒരു ആമുഖമാണ് ഈ പാഠം)**

യെശയ്യാവിന്റെ പ്രവചന ഗ്രന്ഥത്തിന്റെ പഠനത്തിന്റെ രണ്ടാം പകുതിയിലേക്ക് സ്വാഗതം. നിങ്ങൾ ഒന്നാം ഭാഗം രസകരമായിരുന്നെങ്കിൽ, രണ്ടാം ഭാഗം അതിലേറെ നിങ്ങൾ വരവേല്ക്കും. ഈ പാഠം 40, 41 അദ്ധ്യായങ്ങളാണ്. അതിലേക്ക് പ്രവേശിക്കും മുമ്പേ രണ്ടാംഭാഗ പഠനത്തെ സംബന്ധിച്ച ഒരു മുഖവുര ഞങ്ങൾ നിങ്ങൾക്ക് നൽകും. 1-39 അദ്ധ്യായങ്ങൾക്കും 40-66 അദ്ധ്യായങ്ങൾക്കും പൊതുവായ ചില വ്യത്യാസങ്ങൾ ഉണ്ട്. നാം അതു ശ്രദ്ധിക്കും. കൂടാതെ തുടർന്നു വരുന്ന പാഠങ്ങളിൽ പ്രധാനികളായിരിക്കുന്ന ബാബിലോൺ, പേർഷ്യ എന്നിവരെയും ഞങ്ങൾ പരിചയപ്പെടുത്തും.

**രണ്ടാം ഭാഗത്തിന്റെ മുഖവുര: 40 – 66 അദ്ധ്യായങ്ങൾ**

**(എ) രണ്ടു ഭാഗങ്ങൾ തമ്മിലുള്ള ചില വ്യത്യാസങ്ങൾ**

(1) ഒന്നാംഭാഗം പാപത്തിനെതിരായ മുന്നറിയിപ്പുകൾക്കൊപ്പം ദൈവത്തിന്റെ വിശ്വസ്ത ജനത്തിന്റെ പുനസ്ഥാപന വാഗ്ദത്തങ്ങൾക്കും ഊന്നൽ നല്കി. രണ്ടാംഭാഗം സകല മനുഷ്യ വംശത്തെയും രക്ഷിക്കുന്നതിനായുള്ള ദൈവത്തിന്റെ അതിശയകരമായ രീതിയെക്കുറിച്ച് ജീവത്തായ വിവരണം നൽകുന്നു.

(2) ഒന്നാം ഭാഗത്തിൽ ധാരാളം പ്രാദേശിക-സാമൂഹ്യചരിത്രം ഉൾപ്പെടുന്നു. രണ്ടാംപകുതിയിൽ മുഴുമനുഷ്യ വർഗ്ഗത്തിന്റെയും ദൈവിക വിടുതലിന്റെ സൂചനയെക്കുറിച്ചുള്ള കൂടുതൽ പ്രബോധനങ്ങൾ ഉള്ളടങ്ങിയിരിക്കുന്നു.

(3) പാലസ്തീനെതിരെയുള്ള അശ്ശൂരിന്റെ ആക്രമണമാണ് ഒന്നാംഭാഗം കൈകാര്യം ചെയ്യുന്നതെങ്കിൽ, രണ്ടാമത്തേതിൽ എബ്രായർ ബാബിലോണ്യൻ പ്രവാസത്തിൽ കഷ്ടപ്പെടുന്നതിനെ മുഖ്യപ്പെടുത്തുന്നു.

(4) രണ്ടു പകുതികളും ദൈവത്തെ മാത്രം ആരാധിക്കേണ്ടതിന്റെ ആവശ്യകത ഊന്നുപ്പറയുന്നു.

(5) സർവ്വശക്തനും പരിശുദ്ധനുമായ ദൈവം നമ്മുടെ രക്ഷകനും കൂടെയാണെന്ന സുവാർത്ത രണ്ടു ഭാഗങ്ങളും ഉറപ്പിക്കുന്നു.

(6) ഒന്നാം ഭാഗത്തിന്റെ ഉള്ളടക്കത്തിൽ പലഭാഗത്തും യെശയ്യാ പ്രവാചകന്റെ പേര് ആവർത്തിച്ചുപറയുന്നു. അതിനാൽ നമ്മുടെ പാഠത്തിൽ അടിക്കടി അവന്റെ പേര് ഉപയോഗിച്ചു. എന്നാൽ രണ്ടാം പകുതിയുടെ ഉള്ളടക്കത്തിൽ യെശയ്യാവിന്റെ പേര് ഉപയോഗിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ പാഠത്തിൽ നാം ലളിതമായി 'പ്രവാചകൻ' എന്ന പദംകൊണ്ട് അവനെ സൂചിപ്പിക്കുന്നു.

**(ബി) രണ്ടാം ഭാഗത്തിന്റെ പശ്ചാത്തലം: ബാബിലോണും പേർഷ്യയും**

**(1) ബാബിലോൺ**

രണ്ടാം പകുതിയിൽ എബ്രായ ജനത്തിന് ബാബിലോൺ വലിയ പ്രശ്നമായിത്തീരുന്നു. ദക്ഷിണ-മദ്ധ്യ ഇറാക്കിലുള്ള ഒരു പ്രദേശമായിരുന്നു ബാബിലോൺ. ഒരു മഹാശക്തിയാകുന്നതിനുമുമ്പ് രണ്ടു വിഷമതകൾ അവർ നേരിട്ടു. ആദ്യത്തേത് അശ്ശൂർ വടക്കേ ബാബേലിൽ അവരുടെ കോളനി സ്ഥാപിച്ചു. രണ്ടാമത്തെ വിഷമം ഗോത്രങ്ങളുടെ കടന്നാക്രമണം മൂലമുള്ള ബാബിലോണിന്റെ പ്രശ്നങ്ങളാണ്. മദ്ധ്യ പേർഷ്യ തുടങ്ങി പശ്ചിമ ഘട്ടംവരെ മേദ്യരും സിറിയ തുടങ്ങി പടിഞ്ഞാറേ ഘട്ടംവരെ അർമേന്യരും അതിനരികിൽ വരെ കൽദയ സഞ്ചാരവാസികളും കടന്നാക്രമിച്ചു.626 ബി.സി.യിൽ കൽദയ നേതാവായ നെബോ പാലാസ്സാർ ബാബിലോണിനെ കീഴടക്കി പുതുസാമ്രാജ്യം സ്ഥാപിച്ചു. അതിൻഫലമായി ബാബിലോണ്യർ, കൽദയർ എന്നീ വാക്കുകൾ ഒന്നുചേർന്ന് ഒരേ അർത്ഥത്തിൽ ഉപയോഗിച്ചുതുടങ്ങി. പുതിയ രാജാവിന്റെ പുത്രനും അനന്തരവകാശിയും നെബുഖദ്നേസർ II എന്ന പേരു സ്വീകരിച്ചു. അശ്ശൂരിന്റെ ആധിപത്യത്തെത്തുടർന്ന്

മദ്ധ്യപൂർവ്വ പ്രദേശങ്ങളിലേക്ക് ബാബിലോൺ ആധിപത്യം വികസിപ്പിച്ചത് അദ്ദേഹമാണ്. 539 ബി.സി.യിൽ അതവസാനിക്കും വരെ.

598 ബി.സി.യിൽ നെബൂവദ്നേസ്സർ രാജാവ് പാലസ്തീനെ ആക്രമിച്ചു കീഴടക്കി. യെരുശലേമിനും രക്ഷപ്പെടാനായില്ല. ശലോമോന്റെ മഹത്തായ ദൈവാലയം നശിപ്പിക്കപ്പെട്ടു. യഹൂദ രാജാക്കന്മാരെയും അനേകം എബ്രായരെയും നാടുകടത്തി. ബാബിലോണ്യർ പിന്നെയും പിന്നെയും തിരിച്ചുവന്നു. 12 വർഷങ്ങൾക്കുശേഷം 586 ബിസിയിൽ ആയിരക്കണക്കിന് എബ്രായരെ ബാബിലോണിൽ തടവുകാരാക്കി. 40-66 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രവാചകൻ പ്രവാസകാല ജനതയെ ആശ്വസിപ്പിക്കുന്നു. അവരുടെ സ്ഥിതിക്ക് മാറ്റം വരുമെന്നും അവർ തിരിച്ചു വരും എന്നും കൂടെ അവർ മുൻകൂട്ടി പറഞ്ഞു. ദൈവം ഒരു സഹായകനെ അയയ്ക്കും.

**(2) പേർഷ്യ**

സഹായകൻ പേർഷ്യയിൽനിന്നും വരും. അത് കോരേശ് II. മഹാനായ കോരേശ് എന്ന് വിളിക്കപ്പെട്ട (മരണം 529 ബി.സി.) പേർഷ്യൻ നേതാവായിരുന്നു അയാൾ. 1971-ൽ ഇറാൻ അവന്റെ രാജത്വത്തിന്റെ 2500-ാം വാർഷികം ആഘോഷിച്ചു. പേർഷ്യൻ ഗൾഫിനും ഏകദേശം 100 മൈൽ അകലെയുള്ള; ഇറാന്റെ കിഴക്കുപടിഞ്ഞാറൻ മൂലയിലെ ഒരു ചെറിയ സംസ്ഥാനത്തിന്റെ അധിപനായിരുന്നു അയാൾ. എന്നിരുന്നാലും മേദ്യരുടെ ഭരണം ആരംഭിച്ചതു മുതൽ തന്റെ സാമ്രാജ്യം വികസിപ്പിക്കുവാൻ തുടങ്ങി. ഗ്രീസുമുതൽ ഇൻന്തൂസ് നദിവരെയുള്ള, അക്കാലത്തെ ലോകത്തെ ഏറ്റവും വലിയ സാമ്രാജ്യമായി അതിനെ വ്യപിപ്പിക്കും വരേയും ഈ അസാധാരണ മനുഷ്യൻ തുടർന്നുകൊണ്ടേയിരുന്നു.

കീഴടക്കി വികസിപ്പിക്കുന്ന പ്രക്രിയക്കിടയിൽ കോരേശ് ബാബിലോണിനേയും തോല്പിച്ചു. പട്ടണവാസികൾ വളരെ അസന്തുഷ്ടരായിരുന്നു. കോരേശിനേയും അവന്റെ സൈന്യങ്ങളേയും അവർ വിമോചകരായി കരുതി. യാതൊരു എതിർപ്പുമില്ലാതെ ജനം അവരോടു ചേർന്നു നടന്നു. ഈവിധം കോരേശ് പാലസ്തീന്റെയും അധികാരിയായി. എബ്രായരായ പ്രവാസികൾക്ക് ഇത് ദേശീയ രക്ഷ നൽകി. ഒരുവിധത്തിൽ മഹാനായ അക്ബറെപ്പോലെ, കോരേശിന്റേത് ശ്രദ്ധേയമായ നേട്ടങ്ങൾ ആയിരുന്നു. സൈനീക മികവിനൊപ്പം സാംസ്കാരിക താല്പര്യങ്ങൾക്കും മതസഹിഷ്ണുതയ്ക്കും കോരേശ് അറിയപ്പെട്ടു. പുരാതന ലോകത്തിലെ ആദർശവാനായ രാജാവായി യവനർ കോരേശിനെ മാനിക്കുന്നു. ബാബിലോണിൽ അവൻ എബ്രായരെ കണ്ടു. അവൻ അവരോട്, "നിങ്ങൾ എന്തിന് ഇവിടെ" എന്നു ചോദിക്കുകയും അവരെ നാട്ടിലേക്ക് അയയ്ക്കുകയും ചെയ്തു. യെരുശലേം ദൈവാലയ പുനർനിർമ്മാണത്തിന് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുകയും കൂടെ ചെയ്തു. 538 ബി.സിയിൽ കുറച്ചുപേരും, ഇനിയൊരു കൂട്ടം പിന്നീടും സ്വദേശത്തേക്ക് മടങ്ങി. ഒരുവിഭാഗം ബാബിലോണിൽ ശേഷിച്ചു.

പ്രവാചകന്റെ പ്രവാചക വാക്യങ്ങൾ വരാനിരിക്കുന്ന വിടുതലും അതിനേക്കാൾ വലിയൊരു ഭാവികാല വിടുതലിന്റേതും ആയിരുന്നു. മഹത്തായ രക്ഷ എന്നത് വരാനിരിക്കുന്ന ദാസ-രക്ഷകന്റെ സ്നേഹ ശുശ്രൂഷയാൽ ലോകത്തിന്റെ പാപം തന്മേൽ ഏറ്റെടുക്കുകയും സകല മനുഷ്യരേയും സ്വതന്ത്രരാക്കുകയും ചെയ്തു എന്നതാണ്.
ഈ പശ്ചാത്തലത്തിൽ 40, 41 അദ്ധ്യായങ്ങളുടെ പഠനം നമുക്കാരംഭിക്കാം.

**അദ്ധ്യായം 40**

ഏകദേശം 250 വർഷങ്ങൾക്ക് മുമ്പ് ലോകത്തിലെ ഒരു മഹാനായ സംഗീതജ്ഞൻ ലണ്ടനിൽ അന്തരിച്ചു. ജോർജ് ഫ്രഡറിക് ഹാൻഡൽ എന്നതാണ് പേര്. ജർമ്മനിയിൽ ജനനം, ഇംഗ്ലീഷ് പൗരത്വം സ്വീകരിച്ചു. വെസ്റ്റ്മിനിസ്റ്റർ ആബിയിൽ അടക്കം ചെയ്തു. അവൻ യെശയ്യാവിന്റെ പുസ്തകത്തെ സ്നേഹിക്കുകയും അതിലെ ഏതാനും ഭാഗങ്ങൾക്ക് സംഗീതം പകരുകയും ചെയ്തു. യെശയ്യാവ് 40:1 -ന്റെ സംഗീതാവിഷ്കരണം "ആശ്വാസം

കൊൾക, എൻ ജനമേ", എന്ന ഗാനം അനേകം ശ്രോതാക്കളെ ത്രസിപ്പിച്ചു. ഈ മഹത്പ്രവചനത്തിന്റെ രണ്ടാം ഭാഗത്തേക്ക് പ്രവേശിക്കുന്നതിന് തികച്ചും അനുയോജ്യമായ പദമാണിത്. പ്രവാചകന് നൽകിയിരുന്ന നിയോഗം നമ്മോടും നിവർത്തിക്കാനുള്ളതു തന്നെ. അതു നമുക്കു പ്രത്യാശയും സാന്ത്വനവും പ്രദാനം ചെയ്യുന്നു. ആശ്വാസം ആർക്കാണാവശ്യമില്ലാത്തത്?

**വാക്യങ്ങൾ 1-12 നമ്മെ രക്ഷിക്കാനായ് കർത്താവ് വരുന്നു**

വാക്യങ്ങൾ 1-2

**ചോദ്യം :** ആശ്വസിപ്പിക്കപ്പെടാനുള്ള മൂന്നുകാരണങ്ങൾ എന്തെല്ലാം?

................................, ......................................................................, ...........................................................

വാക്യങ്ങൾ 3-5: വളരെ മുമ്പ് പ്രധാനപ്പെട്ട വ്യക്തികൾ വരുമ്പോൾ മലബാറിലെ റോഡുകൾ കേടുപാടുകൾ തീർക്കുന്ന പതിവുണ്ടായിരുന്നു. ഒരു ശബ്ദം കേട്ടു! നമ്മോട് അത് കല്പിച്ചത് കേടുപാടുകൾ തീർത്ത് പാത നേരെയാക്കുവാനാണ്. കർത്താവ് വരുന്നു!

**ചോദ്യം :** പ്രവാചകൻ പറഞ്ഞത് ആത്മീക പാതയോ ഭൗതീക പാതയോ?

.............................................................................................................................................

**ചോദ്യം :** നിങ്ങളുടെ അഭിപ്രായപ്രകാരം ആഗതനാകുന്ന രക്ഷകനാകുന്ന ദൈവത്തിനായ് ആത്മീയകവി ഒരുക്കപ്പെടുന്നതിനുള്ള മെച്ചമായ വഴിയെന്ത്?

.............................................................................................................................................

***കുറിപ്പ്:*** പുതിയ നിയമ വേദ പുസ്തകം യെശയ്യാവിന്റെ പ്രവാചന നിവൃത്തിയായി യേശുവിനെ മശിഹ (ഈശാ മശിഹ്) ആയി ആദരിക്കുന്നു. യോഹന്നാൻ സ്നാപകൻ അവന്റെ മുൻ ദൂതൻ ആണ്. നാമെങ്ങനെ പാതയൊരുക്കണമെന്ന് യോഹന്നാൻ പറയുന്നു.

(ദയവായി അനുബന്ധം കുറിപ്പ് A വായിക്കുക.)

വാക്യം 5: ദൈവീക രക്ഷയെന്നത് 'സകല ജഡ'ത്തിനുമാണ്. സകലതിന്റെയും സൃഷ്ടിതാവു തന്നെയാണ് സകലതിന്റേയും രക്ഷകനും.

വാക്യങ്ങൾ 6-8 ലോകത്തിലുള്ളതെന്തും താല്കാലികവും കടന്നുപോകുന്നവയുമാണ്. ദൈവം മാത്രമാണ് നിത്യൻ.

**ചോദ്യം :** ഇതു സത്യമായിരിക്കുമ്പോൾ, എന്നേക്കും നിലനിൽക്കുന്ന ഒന്ന് എന്താണ്?

.....................................................................................................................................

വാക്യങ്ങൾ 9-10 ഈ വാക്യങ്ങൾ നമ്മോട് സുവാർത്ത പങ്കിടുന്നു.

**ചോദ്യം :** വരുന്നവൻ ആരാണ്?

.............................................................................................................................................

**ചോദ്യം :** ഈ അറിയിപ്പിലെ സുവാർത്തയെന്ത്?

.............................................................................................................................................

നമ്മെ രക്ഷിക്കാനായി ദൈവം നമ്മുടെ മദ്ധ്യേയുണ്ട്. ലോകത്തിലെ ജനങ്ങൾക്ക് സ്വീകരിക്കാൻ കഴിയുന്ന ഏറ്റവും ശ്രേഷ്ഠമായ വാർത്ത ഇതാണ്.

വാക്യം 11

**ചോദ്യം :** ഈ വാക്യപ്രകാരം ദൈവം എങ്ങിനെയുള്ളവൻ? ..............................

ദൈവം തന്റെ കാണാതായ ആടുകളെ തിരഞ്ഞ് കണ്ടെത്തുന്നു.

(ദയവായി അനുബന്ധം കുറിപ്പ് B വായിക്കുക)

**വാക്യങ്ങൾ 12-31 സാമ്യപ്പെടുത്താനാകാത്ത കർത്താവും രക്ഷകനും**

വാക്യങ്ങൾ 12-17 : ദൈവനാമം അവന്റെ രാജത്വവും സ്വഭാവങ്ങളും വെളിവാക്കുന്നു. 40-66 വരെയുള്ള അദ്ധ്യായങ്ങളിലെ പൊതുവായ ദൈവനാമങ്ങൾ: കർത്താവ്, രക്ഷകൻ, പരിശുദ്ധൻ, ദൈവമായ കർത്താവ്, രാജാവായ കർത്താവ്, ആദ്യനും അന്ത്യനും, സൃഷ്ടകൻ, നിർമ്മിച്ചവൻ, മെനഞ്ഞവൻ, നിത്യൻ എന്നീ ദൈവനാമങ്ങളുമുണ്ട്.

**ചോദ്യം :** ഈ ദൈവനാമങ്ങളുടെ വെളിച്ചത്തിൽ ദൈവത്തോടുള്ള നമ്മുടെ മനോഭാവം എന്തായിരിക്കണം?

.............................................................................................................................................

വാക്യങ്ങൾ 18-20 : സൃഷ്ടകൻ എന്ന നിലയിൽ ദൈവം തന്റെ സൃഷ്ടികളെക്കാളും ഏറ്റവും ഉന്നതനാണ്. മറ്റൊന്നുമായും അവനെ സാദൃശ്യപ്പെടുത്താനാവില്ല. എന്നിരുന്നാലും ജനം വിഗ്രങ്ങൾ നിർമ്മിക്കുന്നതു തുടരുന്നു. ഒരുപക്ഷെ ദൈവം തങ്ങൾക്കു സമീപസ്ഥ നാകണം എന്നതിനാലാകാം ഇത്. എന്നാൽ ദൈവം മറ്റുരണ്ടു ശ്രേഷ്ഠ വഴികളിലൂടെ നമുക്ക് സമീപസ്ഥനാണ്.

(ദയവായി അനുബന്ധം കുറിപ്പ് D വായിക്കുക)

വാക്യങ്ങൾ 21-26 ദൈവം ഉളവാക്കിയ നക്ഷത്രങ്ങളേക്കാൾ ശ്രേഷ്ഠനാണ് ദൈവം. നിർമ്മി ക്കപ്പെട്ടതിലേറ്റവും വേഗതയേറിയ ശൂന്യാകാശപേടകം, ഹെലികോസ് II, മണിക്കൂറിൽ 250,000 കിലോമീറ്റർ വേഗതയുള്ളതാണ്. എങ്കിലും നമുക്കേറ്റവും സമീപത്തെ നക്ഷത്ര ത്തിൽ അത് എത്തിച്ചേരാൻ 17 വർഷങ്ങളെടുക്കും. ഈ ലോകം എത്ര വിശാലമാണ്! ദൈവം എത്ര മഹോന്നതൻ!

**ചോദ്യം :** നാമെന്തു ചെയ്യണമെന്നാണ് പ്രവാചകൻ പറയുന്നത്?

.............................................................................................................................................

**വാക്യങ്ങൾ 27-31 ദൈവം മഹാ ഉന്നതനെങ്കിലും നമുക്കേറ്റവും സമീപസ്ഥനുമാണ്.**

വാക്യം 27

**ചോദ്യം :** ദൈവം നിന്നെ കാണുന്നുവോ?

.............................................................................................................................................

വാക്യം 28

**ചോദ്യം :** ദൈവം നിന്റെ പ്രശ്നങ്ങൾ ഗ്രഹിക്കുന്നുവോ?

.............................................................................................................................................

**ചോദ്യം :** നിന്നെ കരുതുകനിമിത്തം ദൈവം ക്ഷീണിക്കുന്നുവോ?

.............................................................................................................................................

വാക്യങ്ങൾ 30-31

**ചോദ്യം :** ദൈവം നിന്നെ ശക്തീകരിക്കുന്നുവോ?

.............................................................................................................................................

വാക്യം 31

**ചോദ്യം :** കർത്താവിനുവേണ്ടി കാത്തിരിക്കുക എന്നതിന്റെ അർത്ഥമെന്ത്?

.............................................................................................................................................

**അദ്ധ്യായം 41**

ദൈവം ഒന്നും ഭരിക്കുന്നില്ല എന്നു മനുഷ്യചരിത്രം തെളിയിക്കുന്നതായി ചിലർ പറയുന്നു. അല്ലെങ്കിൽ ദൈവം ഒന്നും കാര്യമായെടുക്കുന്നില്ല എന്ന് ഇത് തെളിയിക്കു ന്നു. എന്നാൽ ഈ അദ്ധ്യായത്തിൽ പ്രവാചകൻ അതിന് എതിരായി സംസാരിക്കുന്നു. നമ്മുടെ ദൈവം മനുഷ്യ ചരിത്രത്തെക്കുറിച്ച് ബോധവാനാണ്. അവൻ കരുതുന്നു. അവൻ ലോകത്തെ സൃഷ്ടിച്ചു, ലോകത്തെ രക്ഷിക്കുകയും ചെയ്യും. പക്ഷെ ദൈവം തന്റേതായ രീതിയിൽ പ്രവർത്തിക്കുന്നു. ആദ്യം എബ്രായരുടെ അനുഭവങ്ങളിലൂടെ നമ്മെ പഠിപ്പി ക്കുകയും പിന്നീട് രക്ഷിക്കുകയും ചെയ്തു. കോടതി വാദം പോലെ ദൈവം നമ്മെ ക്ഷണി ക്കുന്നതാണ് ഈ അദ്ധ്യായത്തിലെ പ്രവാചകന്റെ ചിത്രീകരണം. ഈ വിഷയത്തെക്കു റിച്ച് ചില ഘടകങ്ങൾ ഇതു കൈകാര്യം ചെയ്യും. ഇവിടെ അവതരിപ്പിക്കുന്ന വസ്തുത ഇതാണ്- ദൈവം വാഴുന്നു. അതിനാൽ നമുക്കു ആശ്വാസവും പ്രത്യാശയുമുണ്ട്.

**വാക്യങ്ങൾ 1-20 ന്യായവാദം തെളിയിക്കുന്നു; ദൈവം വാഴുന്നു**

വാക്യം 1 ന്യായവാദം ആരംഭിക്കുന്നു. തീരപ്രദേശങ്ങൾ ക്ഷണിക്കപ്പെട്ടു. അതിനർത്ഥം സകല ദേശങ്ങളിലെയും ജനങ്ങളെന്നാണ്. കേരളവും കൂടെ ഒരു തീരദേശമാണ്.

**ചോദ്യം :** പ്രവാചകൻ തീരനിവാസികളെ ക്ഷണിക്കുമ്പോൾ അതിൽ കേരളീയരും ഉൾപ്പെടുന്നു എന്നു നിങ്ങൾ ചിന്തിക്കുന്നുവോ?

.................................................................................................................................

***കുറിപ്പ് :*** കേരളവും പാലസ്തീനും തമ്മിൽ ബന്ധപ്പെട്ടിരുന്നു. യെശയ്യാവിനു മുമ്പ് ശലോമോന്റെ കാലത്ത് ദക്ഷിണ ഇന്ത്യയ്ക്ക് കച്ചവട ബന്ധമുണ്ടായിരുന്നു. ഫൊയ്നീഷ്യൻ കച്ചവടക്കാർ രാജാവിന് ആനക്കൊമ്പുകളും മയിലുകളും കൊണ്ടുവന്നു. എബ്രായർ ബാബിലോണിലായിരുന്നപ്പോൾ പേർഷ്യൻ വ്യാപാര കേന്ദ്രങ്ങൾക്കു സമീപമായിരുന്നു അവർ. കൊച്ചിയിലെ യഹൂദ സമൂഹമുൾപ്പെടെ, ആരംഭകാല യഹൂദ താവളങ്ങളെപ്പറ്റിയുള്ള ധാരാളം പാരമ്പര്യങ്ങളുണ്ട്. ഒന്നാം നൂറ്റാണ്ടിൽ യഹൂദന്മാരെ റോമൻ ഗവൺമെന്റ് ചിതറിയ്ക്കയാൽ ഒന്നാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽതന്നെ വന്നവകരാകണം. ഏ. ഡി. 1000-ൽ നൽകിയ യഹൂദ ചെമ്പുതകിടാണ് ആദ്യ ഉറച്ച തെളിവ്.

വാക്യം 4 ദൈവത്തെ ആദ്യനും അന്ത്യനുമെന്നു വിളിക്കുന്നു. വാക്യം 1-7 വരെ പറഞ്ഞിരിക്കുന്ന സകല സംഭവങ്ങളും അവനറിയാം; അവനുൾപ്പെട്ടുമിരിക്കുന്നു.

(ദയവായി അനുബന്ധം കുറിപ്പ് C വായിക്കുക.)

**ചോദ്യം :** അനുബന്ധം കുറിപ്പ് C പറയുന്നത് ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങളുടെ അർത്ഥമാണ്. മലയാളം അക്ഷരമാലയിലെ ആദ്യത്തേതും അവസാനത്തേതുമായ അക്ഷരങ്ങളേവ?

.................................................................................................................................

ദൈവം നമ്മുടെ ജീവിതത്തിന്റെ തുടക്കവും ഒടുക്കവുമാണെന്ന് ഈ അക്ഷരങ്ങൾ അർത്ഥമാക്കുന്നു.

വാക്യം 8

**ചോദ്യം :** അബ്രഹാം വിളിക്കപ്പെട്ടതെന്തിന്? ..........................................................................

അറബിക്കിൽ ദൈവത്തിന്റെ സ്നേഹിതൻ ഖലിൽ അള്ളാ ആകുന്നു. നമുക്ക് അബ്രഹാമിന്റെ വിശ്വാസമുണ്ടെങ്കിൽ നാമും ദൈവത്തിന്റെ സ്നേഹിതർ തന്നെ.

വാക്യം 9

**ചോദ്യം :** അബ്രഹാമിന്റെ പിൻതുടർച്ചക്കാർക്ക് ദൈവം ചെയ്യുന്ന രണ്ടു കാര്യങ്ങൾ ഏവ?..........................................................., ...........................................................

വാക്യം 10

**ചോദ്യം :** ദൈവം തന്റെ സ്നേഹിതരെ ആശ്വസിപ്പിക്കുന്നതെങ്ങനെ? രണ്ടു കാര്യങ്ങൾ.................................................................................................................................

.................................................................................................................................

വാക്യങ്ങൾ 10-16, 10, 13, 14 വാക്യങ്ങളിൽ ഒരുകാര്യം തന്നെ ദൈവം പറയുന്നത് ശ്രദ്ധിക്കുക.

**ചോദ്യം :** അതെന്താണ്? ...........................................................................................

.................................................................................................................................

വാക്യങ്ങൾ 17 - 20.

**ചോദ്യം :** ഈ വാക്യങ്ങളിൽ ദൈവം എന്തു വാഗ്ദാനം നൽകുന്നു?

.................................................................................................................................

**വാക്യങ്ങൾ 17-29 ന്യായപീഠം വെളിപ്പെടുത്തുന്നു വിഗ്രഹാരാധന നിഷ്ഫലം**

ദിവ്യ ന്യായാധിപതി ഈ വസ്തുതകളിൽ അവർ ചിന്തിക്കുന്നതു പറയാനായി വിഗ്രഹങ്ങളെ ക്ഷണിക്കുന്നു. പക്ഷേ അവർക്ക് ഭൂത കാലത്തെക്കുറിച്ചോ ഭാവിയെക്കു

റിച്ചോ സംസാരിക്കാനാവില്ല. അവർ ജനത്തിന് മുന്നറിയിപ്പുകളോ ആശ്വാസങ്ങളോ നല്കുന്നില്ല. അവരുടെ ഇടയിൽ ആലോചനക്കാരനില്ല. വ്യവഹാരത്തിന്റെ കണ്ടെത്തൽ വ്യക്തമാണ്. അവർ പ്രലോഭനങ്ങൾ മാത്രമാണ്. ദൈവം മാത്രമാണ് വാഴുന്നത്. “സകലരും കാണാനും അറിയാനും” (വ. 20) ആയി ഈ കാര്യങ്ങൾ അവന്റെ കരങ്ങൾ പ്രവർത്തിച്ചിരിക്കുന്നു. “യിസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവിടുകയില്ല.” (വാക്യം 17)

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് ‘A’

യെശയ്യാവ് 40: 3-4 പുതിയ നിയമ ഉദ്ധരണി മത്തായി 3:1-4. യഹൂദ്യാ മരുഭൂമിയിൽ ഒട്ടക രോമകുപ്പായം ധരിച്ച് യോഹന്നാൻ സ്നാപകൻ പ്രത്യക്ഷപ്പെട്ടു. യേശുവിനെക്കുറിച്ച് അവൻ ഇങ്ങനെ പറഞ്ഞു. “മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിതു; കർത്താവിന്റെ വഴി ഒരുക്കി അവന്റെ പാത നിരപ്പാക്കുവിൻ എന്നിങ്ങനെ യെശയ്യാ പ്രവാചകൻ പറഞ്ഞവൻ ഇവൻതന്നെ.” കൂടാതെ യോഹന്നാൻ ഈ സന്ദേശവും നൽകി “സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ” അനേകം പേർ യോർദ്ദാൻ നദിക്കരെയെത്തി തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യോഹന്നാനാൽ സ്നാനമേറ്റു.

കുറിപ്പ് ‘B’

യെശയ്യാവ് 40:11. പുതിയ നിയമ ഉദ്ധരണി യോഹന്നാൻ 10, 11. രക്ഷകനായ യേശു തന്റെ ദൗത്യത്തെ വിശദീകരിക്കാനായി ഇടയന്റെ ഉദാഹരണം ഉപയോഗിക്കുന്നു. അവൻ പറഞ്ഞു, “ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെക്കൊടുക്കുന്നു. ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു.”

കുറിപ്പ് ‘C’

യെശയ്യാവ് 40:9, 18 : പുതിയ നിയമ ഉദ്ധരണി അപ്പോസ്തല പ്രവൃത്തികൾ 17, 28 –29; യോഹന്നാൻ 1:1, 10, 14.

അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ പൗലൂസ് അഥേനയിലെ തത്ത്വജ്ഞാനികളോട് സംസാരിക്കുമ്പോൾ ഇങ്ങനെ പറഞ്ഞു: “അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. നാം ദൈവത്തിന്റെ സന്താനം എന്നു വരികയാൽ ദൈവം മനുഷ്യന്റെ ശില്പ വിദ്യയും സങ്കല്പവുംകൊണ്ട് കൊത്തിത്തീർക്കുന്ന പൊൻ, വെള്ളി, കല്ല് എന്നിവയോട് സദൃശം എന്നു നിരൂപിക്കേണ്ടതില്ല.” ദൈവം നമുക്കു സമീപസ്ഥനായിരിക്കുന്നത് പ്രഥമമായി ആത്മാവിലാണ്.

രണ്ടാമതായി, ദൈവം നമുക്കു സമീപസ്ഥനായിരിക്കുന്നത് അവന്റെ വചനത്തിലൂടെയാണ്. വിശുദ്ധ യോഹന്നാൻ എഴുതുന്നു; “ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവം ആയിരുന്നു... അവൻ ലോകത്തിലുണ്ടായിരുന്നു.... ലോകമോ അവനെ അറിഞ്ഞില്ല.... വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.” ദൈവത്തിന്റെ കൃപയും സത്യവും വളരെ വ്യക്തിഗതമായ വിധത്തിൽ വചനമായ യേശു മുഖാന്തിരം നമ്മിലേക്ക് വന്നു.

കുറിപ്പ് ‘D’

യെശയ്യാവ് 41.4 : പുതിയ നിയമ ഉദ്ധരണി വെളിപ്പാട് 1:8. പുതിയനിയമ വേദപുസ്തകം ഗ്രീക്കു ഭാഷയിലാണെഴുതിയത്. ഗ്രീക്ക് അക്ഷരമാലയിലെ ആദ്യ അക്ഷരം ആൽഫയും അവസാനത്തേത് ഒമേഗയും ആണ്. വെളിപാട് 1:8 -ൽ കർത്താവ് പറയുന്നു: ‘ ‘ഞാൻ ആൽഫയും ഒമേഗയുമാകുന്നു. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ്...” ഞാൻ ആകുന്നു.

## പാഠം 10

## അദ്ധ്യായം 42 – ഇതാ എന്റെ ദാസൻ

യെശയ്യാ പ്രവചന ഗ്രന്ഥത്തിൽ 'ദാസൻ' എന്ന പദം രണ്ട് അർത്ഥത്തിൽ ഉപയോഗിക്കുന്നു. ഒന്നിലധികം അർത്ഥത്തിൽ വാക്കുകളുണ്ടായിരിക്കുക തികച്ചും സാധാരണമാണ്.

- ആദ്യ അർത്ഥം വിശദീകരിക്കുന്നത് ഒരു **തനിവ്യക്തി**യെയാണ്; പ്രത്യേക ശുശ്രൂഷ നിർവ്വഹിക്കുന്ന ഒരു വ്യക്തി. ഈ വ്യക്തി ദൈവംതന്നെ അയച്ചുതന്ന രക്ഷകനാണ്, ദിവ്യ വീണ്ടെടുപ്പുകാരൻ. അവനെക്കുറിച്ച് നാല് ഗീതങ്ങളുണ്ട്.

- രണ്ടാമത്തെ അർത്ഥം വിശദീകരിക്കുന്നത് ദാസനെ ആളുകളുടെ **ഒരു സമൂഹം** ആയിട്ടാണ്. പ്രത്യേക ലക്ഷ്യങ്ങൾക്കായ് തെരഞ്ഞെടുക്കപ്പെട്ട എബ്രായരിലെ വിശ്വസ്തർ ആണവർ. അവരെ അടിക്കടി യിസ്രായേൽ എന്നും യിസ്രായേൽ മക്കളെന്നും വിളിക്കുന്നു. വായനക്കാരന് പ്രവാചകൻ പ്രവചിക്കുന്നത് രക്ഷകനെക്കുറിച്ചാണോ, രക്ഷിക്കപ്പെട്ട ജനത്തെക്കുറിച്ചാണോ എന്ന് സാധാരണമായി പറയാൻ കഴിയും. ചില സമയം അതിൽ കുറച്ച് വിഷമമുണ്ട്. പ്രവാചകൻ സാധാരണ വേഗത്തിൽ ഒരു വിഷയത്തിൽനിന്നും മറ്റൊരു വിഷയത്തിലേക്ക് മാറുന്നതിനെ നിങ്ങൾ നേരത്തെതന്നെ കണ്ടു. ആവിധത്തിലാണ് പ്രവചനങ്ങൾ നൽകപ്പെട്ടതും രേഖപ്പെടുത്തപ്പെട്ടതും. ഈ അദ്ധ്യായത്തിൽ പ്രവാചകൻ വേഗത്തിൽ വിഷയം മാറുന്നു. 1-4 വരെയുള്ള വാക്യങ്ങളിൽ ദാസ-രക്ഷകനെക്കുറിച്ച് പ്രവചിക്കുന്നു. 5-9 വാക്യങ്ങളിൽ എബ്രായ ജനതയെ അഭിസംബോധന ചെയ്യുന്നു. വാക്യങ്ങൾ 10-18-ൽ പ്രവാചകൻ വിശാല ലോകത്തോടു സംസാരിക്കുന്നു. പിന്നെയും വാക്യങ്ങൾ 19-25 വരെ അവൻ തിരികെ വന്നു വിഷയം തിരഞ്ഞെടുക്കപ്പെട്ട ജനവും അവരുടെ അനുസരണക്കോടുമാകുന്നു.

വാക്യങ്ങൾ 1-4, ദാസ-രക്ഷകൻ

**ചോദ്യം :** ഇവിടെ പറഞ്ഞിരിക്കുന്ന ദാസ-രക്ഷകന്റെ 4 ഗുണവിശേഷങ്ങൾ ഏവ?

................................, ......................................................, ......................................................................

വാക്യം 4 നീതി എന്ന വാക്കിന്റെ അർത്ഥം വിശാലമാണ്. ശരിയായ കാര്യനിർവ്വഹണം എന്നോ, ദൈവ ഇഷ്ടം പ്രായോഗികമാക്കൽ എന്നോ ആണ് അത് അർത്ഥമാക്കുന്നത്.

**വാക്യങ്ങൾ 5-9 തെരഞ്ഞെടുക്കപ്പെട്ട ജനതയും രക്ഷയുടെ ചുമതലയും**

വാക്യം 5-7 ഇപ്പോൾ ദൈവം ദാസനായ യിസ്രായേലിനെ അഭിസംബോധന ചെയ്യുന്നു. തന്റെ ജനത്തിന് ദൈവം നീതിയുള്ള ലക്ഷ്യവും ചുമതലയും നൽകി.

**ചോദ്യം :** അവർ ചെയ്യണമെന്നാവശ്യപ്പെട്ട രണ്ടു കാര്യങ്ങൾ ഏവ?

..............................................................................., .................................................................................

വാക്യം 6

**ചോദ്യം :** ദൈവ ജനം ആർക്കാണ് വെളിച്ചമായിരിക്കേണ്ടത്?

വാക്യം 9 പഴയ പ്രവചനങ്ങൾ എല്ലാം നിറവേറി എന്നു പ്രവാചകൻ അറിയിക്കുന്നു. എന്നാൽ ഇപ്പോൾ തികച്ചും പുതിയത് അറിയിക്കുന്നു.

**ചോദ്യം :** പ്രവാചകൻ മുന്നറിയിക്കുന്ന പുതിയ കാര്യമെന്ത്?

(ദയവായി അനുബന്ധം കുറിപ്പ് A വായിക്കുക)

**വാക്യങ്ങൾ 10-18 വിശാല ലോകത്തിനായുള്ള ഒരു പാട്ട്**

വാക്യം 10 ലോകത്തെ പാട്ടുപാടൻ പ്രവാചകൻ ക്ഷണിക്കുന്നു. രക്ഷ ആശ്ചര്യകരമായ താണ്. അനേകർ ഇങ്ങനെ അനുഭവത്തിൽ പറഞ്ഞു: "എന്റെ അധരങ്ങളെ തുറക്കേണമേ, അപ്പോൾ എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും."

**ചോദ്യം :** ഇതിനെ പുതിയ പാട്ട് എന്ന് പ്രവാചകൻ പറയുന്നതെന്തുകൊണ്ട്?

.......................................................................................................................................

വാക്യം 11 കേദാർ എന്നാൽ അറബികൾ. ശൈല അർത്ഥമാക്കുന്നത് ദക്ഷിണ യഹൂദ്യയിലെ ജനങ്ങൾ. അവരാരും തന്നെ എബ്രായരല്ല. പക്ഷെ അവരേയും പാട്ടുപാടാൻ ക്ഷണിക്കുന്നു.

**ചോദ്യം :** യഹോവയുടെ രക്ഷയെക്കുറിച്ച് ഇന്തെന്ത് പറയുന്നു?

.......................................................................................................................................

വാക്യങ്ങൾ 13-17 വാക്യം 13 ദൈവത്തെ ഒരു നല്ല യോദ്ധാവായി ചിത്രീകരിക്കുന്നു. വാക്യം 14-ൽ കുഞ്ഞിനെ പ്രസവിക്കാൻ നോവുകിട്ടിയ സ്ത്രീയെപ്പോലെയും 16-ാം വാക്യത്തിൽ കുരുടന്മാരുടെ വഴികാട്ടിയായും ആണ് ദൈവത്തെ വർണ്ണിച്ചിരിക്കുന്നത്.

**ചോദ്യം :** ഈ ചിത്രങ്ങൾ ദൈവത്തെ മനസ്സിലാക്കാൻ സഹായകരമെന്ന് നിങ്ങൾ കരുതുന്നുവോ? .......................................................................................................................

ദൈവം നമ്മുടെ സങ്കല്പവർണ്ണനകളേക്കാൾ മഹാനാണ് എന്ന് ഓർക്കുന്നത് നന്ന്. 17 -ാം വാക്യം വിഗ്രഹങ്ങൾക്കെതിരെ മുന്നറിയിപ്പുനൽകുന്നു.

**വാക്യങ്ങൾ 18-25 അനുസരണം കെട്ട തന്റെ അനുയായികളെ ദൈവം ശാസിക്കുന്നു**

വാക്യം 19

**ചോദ്യം :** 19-ാം വാക്യം ആർക്കെതിരെയാണ് സംസാരിക്കുന്നത്?

.......................................................................................................................................

വാക്യം 24

**ചോദ്യം :** നാം പാപം ചെയ്യുമ്പോൾ, ആർക്കെതിരെയാണ് പാപം ചെയ്യുക?

.......................................................................................................................................

ഈ പ്രധാന വാക്യം ദൈവകോപത്തിന്റെയും ശിക്ഷയുടെയും കാരണങ്ങൾ നമുക്കു തരുന്നു. വിശുദ്ധനായ ദൈവം മനുഷ്യരെ വിശുദ്ധരായിരിക്കാൻ സൃഷ്ടിച്ചു. അതിനുപകരം, തിരഞ്ഞെടുക്കപ്പെട്ടവർപോലും അനുസരണം കെട്ടവരായി. ഇത് സർവ്വശക്തന് ദുഃഖകാരണമായി. നമ്മുടെ സകല പാപങ്ങളും ദൈവത്തിനെതിരെ ആകയാൽ ദൈവം തന്നെ നമുക്ക് പാപപരിഹാര വഴിയും നൽകണമെന്നത് വ്യക്തമാണ്.

**അദ്ധ്യായം 43**

**വാക്യങ്ങൾ 1-13 രക്ഷകനായ കർത്താവ് തന്റെ ഉടമ്പടി പലിക്കുന്നു.**

വാക്യം 1 ഈ വാക്യം വിലയേറിയ ദാനത്തിന്റെ സുവാർത്ത ഉള്ളടക്കം ചെയ്തിരിക്കുന്നു.

**ചോദ്യം :** ദൈവത്തിന് തന്റെ ജനത്തോടുള്ള ബന്ധം എപ്പോൾ തുടങ്ങി?

.......................................................................................................................................

**ചോദ്യം :** തന്റെ ജനത്തെ രക്ഷിക്കാനായ് ദൈവം എന്തുചെയ്തു?

.......................................................................................................................................

**ചോദ്യം :** വീണ്ടെടുപ്പു എന്ന വാക്കിനർത്ഥം എന്ത്?

..........................................................................................................................................

**ചോദ്യം :** ദൈവം പേർ ചൊല്ലിവിളിക്കും എന്നു പറയുമ്പോൾ അവർ ആരെന്നാണ് അർത്ഥമാക്കുന്നത്?

..........................................................................................................................................

യെശയ്യാവിന്റെ പുസ്തകം 53-ാം അദ്ധ്യായത്തിൽ നമ്മെ വീണ്ടെടുക്കാനായ് ദൈവം കൊടുത്ത വില നാം കണ്ടെത്തും.

(ദയവായി അനുബന്ധം കുറിപ്പ് B വായിക്കുക)

വാക്യം 2: നിങ്ങളെ സൃഷ്ടിച്ച ദൈവം നിങ്ങളുടെ വീണ്ടെടുപ്പുകാരനുമാണ്. നിങ്ങളെ വീണ്ടെടുത്ത ദൈവം നിങ്ങളെ കരുതുന്നവനുമാണ്. വെള്ളവും തീയും അർത്ഥമാക്കുന്നത് "പ്രതിസന്ധികളെ"യാണ്. കർത്താവു പറയുന്നു, 'ഭയപ്പെടേണ്ട...."

വാക്യം 3

**ചോദ്യം :** ഈ വാക്യത്തിൽ ദൈവത്തിന് എന്തുപേരുകൾ നല്കിയിരിക്കുന്നു?

..........................................................................................................................................

വാക്യം 4

**ചോദ്യം :** തന്റെ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ ബോധ്യം എന്ത്?

..........................................................................................................................................

വാക്യം 3-4 : ഇതര ദേശങ്ങളെക്കുറിച്ചുള്ള പരാമർശം പ്രതീക ഭാഷയാണ്. മിസ്രയീം, ക്രൂശ്, സെബെയ തുടങ്ങിയ സകല ദേശ ജനങ്ങളേയും ദൈവം സ്നേഹിക്കുന്നു. എന്നിരുന്നാലും അവൻ ആദ്യം എബ്രായരെ പുനസ്ഥാപിക്കും. എന്തെന്നാൽ അവർക്ക് മറ്റു ജനങ്ങളോട് അവന്റെ രക്ഷയെക്കുറിച്ച് പറയാനാകും.

വാക്യങ്ങൾ 5-7 ദൈവം തന്റെ ഉടമ്പടി പാലിച്ച് തന്റെ ജനത്തെ കൂട്ടിച്ചേർക്കും.

വാക്യം 10

**ചോദ്യം :** അതിനു പകരമായി ജനം രണ്ടു കാര്യങ്ങൾ ചെയ്യണം. അവ ഏവ?

..............................................................................., ...............................................................................

വാക്യം 11

**ചോദ്യം :** ഈ വാക്യം ദൈവത്തെക്കുറിച്ച് എന്തു പറയുന്നു?

..........................................................................................................................................

വാക്യം 12

**ചോദ്യം :** നമ്മുടെ കടമയെക്കുറിച്ച് ഈ വാക്യമെന്തു പറയുന്നു? ..............................

**വാക്യങ്ങൾ 14-21. ബാബിലോണിൽ നിന്നും എബ്രായപ്രവാസികൾ തിരിച്ചു വരും.**

യിസ്രായേൽ മക്കളുടെ ജീവിത ചരിത്രത്തിലെ ഏറ്റവും മഹത്തായ സംഭവം, യെശയ്യാവിനും ഏകദേശം 800 വർഷങ്ങൾക്കു മുമ്പ് അവരെ മിസ്രയിമിൽ നിന്നു വിടുവിച്ചതാണ്. നിർഭാഗ്യവശാൽ അബ്രഹാമിന്റെ പൗത്രൻ യാക്കോബും അവന്റെ സന്തതികളും ക്ഷാമം നിമിത്തം പാലസ്തീൻ വിട്ടു മിസ്രയിമിലേക്ക് പോകേണ്ടതായിവന്നു. ഏകദേശം

200 വർഷക്കാലം എബ്രായ കുടുംബം അവിടെ അടിമകളായിക്കഴിഞ്ഞു. ഒടുവിൽ ദൈവം മിസ്രയീമ്യരെ നിർബ്ബന്ധിതരാക്കുക നിമിത്തം അവരെ സ്വദേശത്തേക്ക് വിട്ടയച്ചു. അവർ ചെങ്കടലിലെത്തിയപ്പോൾ ദൈവം ഒരു പാത തുറന്നുകൊടുക്കുകയാൽ അവർ സുരക്ഷിതരായി കടന്നുപോയി. മിസ്രയീം സൈന്യം അവരെ പിന്തുടർന്ന് തിരികെ കൊണ്ടുപോകാൻ പരിശ്രമിച്ചപ്പോൾ വെള്ളം ഒരുമിച്ചുകൂടുകയും അവർ ഒലിച്ചുപോകുകയും ചെയ്തു. സീനായ് മരുഭൂമിയിലെ നാല്പതുവർഷത്തെ അലഞ്ഞു നടക്കലുകൾക്കൊടുവിൽ, യിസ്രായേൽ മക്കൾ വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചു. ഈ മഹാസംഭവം പുറപ്പാട് എന്ന പേരിൽ അറിയപ്പെടുന്നു.

അനേകം വർഷങ്ങൾക്കു ശേഷം ഇപ്പോൾ ഒരിക്കൽക്കൂടി അവരെ ദൈവം രക്ഷിക്കുകയാണ്. ബാബിലോണിൽ നിന്നും ഇപ്രാവശ്യം ദൈവം കടൽ വഴിയല്ല മരുഭൂമി വഴിയാണ് അവരെ നയിക്കുക. ഈ രണ്ടു സംഭവങ്ങളിലും വിമോചനം കാണിക്കുന്നത് ദൈവം രക്ഷകനായ കർത്താവ് എന്നാണ്. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയെ കൈകാര്യം ചെയ്തതുപോലെ തന്നെ, അവൻ സ്നേഹിക്കുന്ന മുഴുവൻ ലോകത്തേയും രക്ഷിക്കും.

വാക്യം 15

**ചോദ്യം :** ഈ വാക്യത്തിലെ നാലു ദൈവനാമങ്ങൾ ഏവ? ..............................

..............................................., ..................................................., ........................................................

വാക്യങ്ങൾ 16-20 : പ്രവാചകനിലൂടെ ദൈവം ഒന്നാമത്തെ വിടുതൽ ഓർമ്മിപ്പിക്കുകയും തുടർന്ന് അവൻ പുതുതായി ചിലതു ചെയ്യാൻ പോകുന്നു എന്നും പറയുന്നു.

**ചോദ്യം :** ദൈവം ചെയ്യാൻപോകുന്ന പുതിയകാര്യമെന്ത്?

..............................................................................................................................................

വാക്യം 21

**ചോദ്യം :** ഈ വാക്യമനുസരിച്ച് നമുക്കായ് ദൈവം സൃഷ്ടിക്കുന്നതെന്ത്?

..............................................................................................................................................

വാക്യങ്ങൾ 22-24 വാക്കിലും പ്രവൃത്തിയിലും ദൈവത്തെ മാനിക്കുന്നതിനു പകരം തിരഞ്ഞെടുക്കപ്പെട്ട ജനം തങ്ങളുടെ സ്വഭാവം വഴി ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കി. അവർ ദൈവത്തെ മുഷിപ്പിച്ചു. (വാ. 24).

**ചോദ്യം :** ദൈവം അദ്ധ്വാനിക്കുകയും കഷ്ടപ്പെടുകയും ചെയ്യും എന്നു നിങ്ങൾ കരുതുന്നുവോ?..........................................................................................................................

..............................................................................................................................................

വാക്യങ്ങൾ 26-27

**ചോദ്യം :** മനുഷ്യ വംശത്തിന്റെ ആദ്യ സന്തതി ആദാമായിരിക്കേ, പാപം ലോകത്തിൽ എങ്ങനെ തുടങ്ങി? ..................................................................................................

..............................................................................................................................................

"നിന്റെ മധ്യസ്ഥന്മാർ" എന്ന് 27-ാം വാക്യത്തിൽ കള്ളപ്രവാചകരെ ഉദ്ദേശിച്ചാണ് പ്രവാചകൻ പറയുന്നത്. ദൈവത്തിന്റെ നാമത്തിൽ വ്യാജം സംസാരിക്കുന്നതും വലിയ പാപം തന്നെയാണ്. "വിശുദ്ധ മന്ദിരത്തിന്റെ പ്രഭുക്കന്മാർ" എന്ന പ്രവാചകന്റെ പ്രയോഗം ചീത്ത

പുരോഹിതന്മാരെയും അഭിഷിക്തരെയും ഉദ്ദേശിക്കുന്നു. മതനേതാക്കൾക്ക് അവരുടേതായ പാപങ്ങൾ ഉണ്ട്. സകലരും പാപത്തിന്റെ ശാപം വഹിക്കുന്നു. ആകയാൽ സകലർക്കും കാരുണ്യവാനും മനസ്സലിവുള്ളവനുമായ പാപവിമോചകനെ ആവശ്യമുണ്ട്.

ഇപ്പോൾ 25-ാം വാക്യം വായിക്കുക.

വാക്യം 25

**ചോദ്യം :** താഴെ കാണുന്ന സ്ഥലത്ത് നിങ്ങളുടെ സ്വന്തം വാക്കുകളിൽ ഈ മഹദ്വാക്യം വീണ്ടും എഴുതുക.

.....................................................................................................................................................

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 42:1-4 : പുതിയ നിയമ സൂചന മത്തായി 12:18-21. യെശയ്യാവിന്റെ ഈ നാലു വാക്യങ്ങളും പൂർണ്ണമായി ഉദ്ധരിക്കുകയും യേശുവിനെ മശിഹയായി അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആരാധനാ ദിവസത്തിൽ യേശു ഒരുവനെ സൗഖ്യപ്പെടുത്തി. ഇതു ചെയ്ക നിമിത്തം ചിലർ അവനെ വിമർശിച്ചു. എന്നാൽ അനേകർ അവൻ ചെയ്തതിനെ പുകഴ്ത്തുകയും അവനെ അനുഗമിക്കുകയും ചെയ്തു. അവൻ മറ്റ് അനേകരേയും സൗഖ്യപ്പെടുത്തി. യെശയ്യാവ് പ്രവാചകൻ പറഞ്ഞതിന്റെ നിവൃത്തിയായി ഇതിനെ സുവിശേഷം വിവരിക്കുന്നു.

കുറിപ്പ് 'B'

യെശയ്യാവ് 43:1. പുതിയ നിയമ സൂചന മത്തായി 20, 28, 1 തിമഥയോസ് 2, 5-6. വിശുദ്ധ മത്തായിയിൽ രക്ഷകനായ യേശു പറയുന്നു: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നു." 1 തിമഥയോസിന്റെ ഭാഗത്തു വചനം പറയുന്നു. "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശു ക്രിസ്തു തന്നെ.

## പാഠം 11

## (44, 45 അദ്ധ്യായങ്ങൾ ഈ പാഠത്തിൽ ഉൾപ്പെടുന്നു)

## ദൈവത്തിന്റെ രക്ഷാപദ്ധതി ആദ്യപ്രവൃത്തിയോടെ ആരംഭിക്കുന്നു: തന്റെ ജനത്തിന്റെ പുനഃസ്ഥാപനം

| |
|---|
| *തുടർചിന്ത :* രാജാവായ ദൈവം രക്ഷിക്കാനായ് വരുന്നു. |
| ആദ്യപടി പ്രവാസികളെ ബാബിലോണിൽ നിന്നും സ്വദേശത്തേക്കു കൊണ്ടുവരൽ |

**അദ്ധ്യായം 44. വാക്യങ്ങൾ 1- 8 ദാസനായ യാക്കോബിന് ആശീർവാദങ്ങൾ**

(ഓർക്കുക, 'ദാസൻ' എന്ന പദത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. ഇവിടെ ദൈവത്തിന്റെ വിശ്വസ്ത ജനമെന്നതിനെ കുറിക്കുന്നു.)

വാക്യം 1

**ചോദ്യം :** ദൈവത്തിന്റെ നാലു പേരുകൾ ഏവ? ..........................................................................
.............................................., ......................................................., ..........................................................

വാക്യങ്ങൾ 2-3

**ചോദ്യം :** തന്റെ ജനത്തിനു ദൈവം നൽകുന്ന രണ്ട് മഹത്തായ അനുഗ്രഹങ്ങൾ ഏവ?
.........................................................................., ......................................................................................

വാക്യം 5 എബ്രായരല്ലാത്ത ജനവും കൂടെ അനുഗ്രഹീതരുടെ പട്ടികയിൽ കൂട്ടിച്ചേർക്കപ്പെടും എന്ന് ഈ വാക്യം പറയുന്നു.

വാക്യം 8

**ചോദ്യം :** ദൈവീക അനുഗ്രഹങ്ങൾ പ്രാപിച്ചവരുടെ കടമയെന്ത്? അവർ എന്താകുന്നു?
........................................................................................................................

**വാക്യം 9-20 വിഗ്രഹാരാധന ഒഴിവാക്കുക ദൈവീക ദാസന്റെ ധർമ്മാകുന്നു.**

വിഗ്രഹാരാധനാവിഷയത്തിലേക്ക് പ്രവാചകൻ വീണ്ടും തിരിച്ചു വരുന്നു. അവന്റെ കാലത്തെ പ്രധാന രീതിയിലുള്ള വിഗ്രഹാരാധന ദേവന്മാരുടെയും ദേവതകളുടെയും പ്രതിമ നിർമ്മിക്കലും അവയെ ആരാധിക്കലുമാണ്. ഈ വാക്യങ്ങളിൽ അതെത്രമാത്രം ഭോഷത്വമാണെന്ന് പ്രവാചകൻ പറയുന്നു. നമ്മുടെ കാലത്തെ വിഗ്രഹാരാധനയെന്നാൽ പണം, പദവി, സൗന്ദര്യം തുടങ്ങിയവയൊക്കെയാണ്. മാർട്ടിൻ ലൂഥർ എന്ന ബുദ്ധിമാൻ ഒരിക്കൽ പറഞ്ഞു: "നിന്റെ ജീവിതത്തിൽ നീ പ്രഥമ സ്ഥാനം നൽകുന്നതെന്തിനാണോ, അതാണ് നിന്റെ ദൈവം."

**ചോദ്യം :** കായിക പ്രതിഭകൾ, സിനിമാതാരങ്ങൾ, രാഷ്ട്രീയ നേതാക്കൾ, മത നേതാക്കൾ ഇവരൊക്കെയും ചിലപ്പോൾ വിഗ്രഹാരാധനപോലെ ആദരിക്കപ്പെടുന്നുണ്ട് എന്ന് നിങ്ങൾ കരുതുന്നുവോ? .........................................................................
..........................................................................................................................................

**അദ്ധ്യായം 44. 21 - അദ്ധ്യായം 45.7 യാക്കോബിന്റെ പുനസ്ഥാപനം**

ഈ ഭാഗം പ്രധാന കാര്യങ്ങൾ പഠിപ്പിക്കുന്നു. ദൈവം തന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നു എന്ന് ഇത് പറയുന്നു. സകലതും ദൈവീക നിയന്ത്രണത്തിലാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. കൂടാതെ ദൈവം പ്രപഞ്ചത്തിന്റെ കർത്താവാണെന്നും തന്റെ സദുദ്ദേശങ്ങൾക്കായ് ആരെയും അവനു ഉപയോഗിക്കാനാകുമെന്നും ഇതു പറയുന്നു.

വാക്യം 21

**ചോദ്യം :** യാക്കോബ് വംശത്തെ ദൈവം ഓർമ്മിപ്പിക്കുന്നതെന്ത്?

................................................................................................................................................

വാക്യങ്ങൾ 23-23 സമീപമാകുന്ന ദൈവത്തിന്റെ മഹാ രക്ഷിപ്പിനെ പ്രവാചകൻ പ്രഖ്യാപിക്കുന്നു. മുഴുലോകത്തിന്റെയും രക്ഷ. അതുവരുമ്പോൾ മുഴുലോകവും ഘോഷിച്ച് ആർപ്പിടും.

വാക്യങ്ങൾ 24-28 ഇതു സംഭവിക്കും മുമ്പേ "ആദ്യഘട്ട" രക്ഷയുണ്ടാകും. യിസ്രായേൽ മക്കളുടെ ബാബിലോണിൽ നിന്നും ഉള്ള വിടുതൽ.

വാക്യം 26

**ചോദ്യം :** ആ പ്രവൃത്തിയുടെ നിറവേറൽ ആരുടെ പ്രവചനമാണ്?

................................................................................................................................................

വാക്യം 27

**ചോദ്യം :** ആരുടെ ഇടപെടൽ നിമിത്തമാണ് പുനസ്ഥാപനം സംഭവിക്കുക?

................................................................................................................................................

ഇതു തികച്ചും വിസ്മയമായ സംഭവമാണ്! പേർഷ്യൻ ചക്രവർത്തിയെ ദൈവം തന്റെ ഉപകരണമാക്കുന്നു. സർവ്വശക്തനായ ദൈവമായ കർത്താവ് ഒരു ഗോത്രദൈവമല്ല. അവൻ സകലതിനും കർത്താവാണ്. ശിക്ഷണത്തിന്റെ ഉപകരണമായി ഒരിക്കൽ അശ്ശൂരിനെ ഉപയോഗിച്ചതുപോലെ ഇപ്പോൾ വിമോചന മുഖാന്തിരമായി കോരേശിനെ ഉപയോഗിക്കുകയാണ്.

വാക്യം 28

**ചോദ്യം :** കോരേശിന് എന്ത് സ്ഥാനപ്പേര് നല്കിയിരിക്കുന്നു?

................................................................................................................................................

അ 45:1 'അഭിഷേകം ചെയ്തു' എന്നതിനർത്ഥം ഉയർന്ന ദൗത്യത്തിനായ് നിയോഗിച്ചു എന്നാണ്. രാജാക്കന്മാരുടെ കിരീടധാരണത്തിന് പ്രത്യേകിച്ച് ഈ പദം ഉപയോഗിക്കും. എബ്രായപദം മശിഹ, അറബിയിൽ മാശിഹ് ഗ്രീക്കിൽ അത് ക്രിസ്തോസ്.

വാക്യം 2

**ചോദ്യം :** പ്രത്യേക ലക്ഷ്യത്തോടെ കോരേശിനെ വിളിച്ചതാര്?

................................................................................................................................................

കോരേശ് വലിയ ഭക്തനൊന്നുമായിരുന്നില്ല. ഇതര ദൈവങ്ങൾക്കൊപ്പം മാർദൂക്കിനെയും അവൻ ആരാധിച്ചു. സർവ്വശക്തനായ ദൈവമായ കർത്താവിനെ അവൻ അറിഞ്ഞിരുന്നില്ല. ഈ ദൈവമാണ് തന്നെ നിയോഗിക്കുന്നതെന്നതും അവന് അറിവില്ലായിരുന്നു. ഈ വാക്യങ്ങൾ ദൈവം വാസ്തവമായി ആരെന്ന് കോരേശ് കണ്ടെത്തുമെന്ന് പ്രവചിക്കുന്നു.

വാക്യങ്ങൾ 5-7

**ചോദ്യം :** ദൈവം തന്നെക്കുറിച്ച് ഈ വാക്യങ്ങളിൽ എന്തു പറയുന്നു?

................................................................................................................................................

വാക്യം 8 "ഒരു പുതിയ പാട്ടു പാടുവിൻ" (42:8) എന്ന് പ്രവാചകൻ മുമ്പേ പറഞ്ഞു. ഈ വാക്യം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പുതു പാട്ടാണ്.

**ചോദ്യം :** ഈ ആനന്ദ ഗീതത്തിൽ മലയാള സംഗീതജ്ഞന്മാർക്ക് നല്ല രാഗം നൽകാനാകുമെന്ന് നിങ്ങൾ കരുതുന്നുവോ? ..............................................................................

................................................................................................................................................

വാക്യങ്ങൾ 9-13 പിറുപിറുക്കുന്നവർ

ഒരു യഹൂദനല്ലാത്ത പേർഷ്യൻ രാജാവിനെ ദൈവം എങ്ങനെ അഭിഷേകം ചെയ്യും? ചില എബ്രായർ ഇതു ചെയ്ക നിമിത്തം ദൈവത്തെ വിമർശിക്കാൻ തുനിഞ്ഞു. ദൈവത്തെ രക്ഷകനായുള്ള ഒരു ദർശനം അവർക്കില്ലായിരുന്നു. യഥാർത്ഥത്തിൽ അവർ വർഗ്ഗീയ വാദികളായിരുന്നു. തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവർ ആകയാൽ മറ്റാരേക്കാളും തങ്ങൾ മെച്ചപ്പെട്ടവരാണെന്ന് അവർ കരുതി. അവർ എത്രമാത്രം തെറ്റിപ്പോയി എന്നു പ്രവാചകൻ കാണിക്കുന്നു.

**ചോദ്യം :** ദൈവം സകലരേയും, - ദേശീയരെയും വിദേശിയരെയും, ഉയർന്നവരെയും താണവരെയും, പാപികളെയും കൂടെ - സ്നേഹിക്കുവിൻ എങ്കിൽ നിങ്ങൾ സന്തോഷിക്കുമോ, ദുഃഖിക്കുമോ? ..........................................................................................................

**ചോദ്യം :** മുടിയനായ പുത്രന്റെ പ്രസിദ്ധ കഥ നിങ്ങളെപ്പോഴെങ്കിലും വായിച്ചിട്ടുണ്ടോ?

***കുറിപ്പ് :*** നിങ്ങൾ വായിച്ചിട്ടില്ല, ഒരു പകർപ്പ് ആവശ്യമാണെങ്കിൽ ബി.സി.സി. സെന്റർ നിങ്ങൾക്ക് അത് ഒന്ന് അയച്ചു തരും.

വാക്യം 13

**ചോദ്യം :** എബ്രായ അടിമകളെ മോചിപ്പിക്കാൻ കോരേശിനെ പ്രേരിപ്പിച്ച തത്ത്വമെന്ത്?

..........................................................................................

**ചോദ്യം :** ഇന്നും മാനുഷിക പ്രശ്നങ്ങളിൽ ദൈവം ഇടപെടുന്നു എന്ന് നിങ്ങൾ കരുതുന്നുവോ?

..........................................................................................................................................

നല്ലകാര്യങ്ങൾ സംഭവിക്കുമ്പോൾ ഇതിനു പിന്നിൽ ദൈവമാണെന്ന് അറിയുന്നതെങ്ങനെ എന്നു നാം അതിശയിക്കും. നന്മയാണിവിടെ പ്രധാനം. ലോകത്തെവിടെയെങ്കിലും നന്മ നാം കാണുന്നെങ്കിൽ വിശ്വാസപൂർവ്വം നമുക്ക് ദൈവത്തെ സ്തുതിച്ച് അതിനായി നന്ദിപറയാം. തിന്മ കാണുന്ന പക്ഷം ദൈവം പരിശുദ്ധനാണെന്നതും നാം ഓർക്കേണ്ടതുണ്ട്. അവൻ തിന്മചെയ്യുന്നില്ല, അതിനെ എതിർക്കുന്നു.

**വാക്യങ്ങൾ 14-19 രക്ഷ മുഴുലോകത്തിനും, രക്ഷ നിങ്ങൾക്കും.**

വാക്യം 14

ഇതൊരു ശക്തിയായ വാക്യമാണ്. ദൈവത്തിന്റെ ആത്മീക രാജ്യത്തെക്കുറിച്ച് ഇവിടെ പ്രവാചകൻ പ്രവചിക്കുന്നു. അത് സകല ജനത്തേയും ഭൂമിയുടെ അറ്റംവരെയും ഉൾക്കൊള്ളുന്നതാണ്. കിഴക്ക് കോരേശിനെയെന്നപോലെ തെക്ക് നൈൽ നദിക്കരെയുള്ള ദേശങ്ങളേയും ഇത് ഉൾക്കൊള്ളുന്നു. ഈജിപ്ത് (മിസ്രയീം) (സെബയാർ) നുബിയ-സുദൻ (ക്രൂശ്), എത്യോപ്യ എന്നിവയും അതിൽ ഉൾപ്പെടും. മുഴുലോകത്തേയും കാണിക്കാൻ അക്കാലത്ത് ഉപയോഗിച്ചിരുന്ന പേരുകൾ ആണിത്. സകല ജനങ്ങളും ദൈവത്താൽ വീണ്ടെടുക്കപ്പെടും. അനേക ദേശങ്ങളിലേയും സംസ്കാരങ്ങളിലെയും ജനത സ്നേഹ ചങ്ങലയാൽ ദൈവവുമായി ബന്ധിക്കപ്പെടും. സത്യത്തിന്റെ വാഹകരാകയാൽ യിസ്രായേൽ മക്കൾക്ക് അവർ നന്ദിപറയും. “നമ്മെ രക്ഷിക്കുന്ന കർത്താവല്ലാതെ, മറ്റൊരു ദൈവവുമില്ല.”

വാക്യങ്ങൾ 15-17

അനേകം പേർ അബ്രഹാമിന്റെ ചെറിയ വംശത്തിന്റെ പിറകിൽ സ്വയം മറഞ്ഞിരിക്കുന്നവനായി ദൈവത്തെ കാണുന്നു. എന്നാൽ ഒരു വിത്തുപോലെ ഇപ്പോൾ അതു വൻ മരമായി. അത് വിശ്വാസികളുടെ സമൂഹമാണ്. ഇപ്പോൾ ഇസ്രായേൽ എന്ന പേരിന് പുതിയ അർത്ഥം വന്നു. പുതിയ നിയമ വേദ പുസ്തകത്തിൽ യഹൂദനായ അപ്പോസ്തലനായ

പൗലൂസ് സകല വിശ്വാസികളെയും "ദൈവത്തിന്റെ യിസ്രായേൽ എന്നുവിളിച്ച് "സമാധാനവും കരുണയും ഉണ്ടാകട്ടെ" എന്നു പ്രാർത്ഥിക്കുന്നു (ഗലാത്യർ 6:16),

**ചോദ്യം :** ദൈവീക രക്ഷ എത്രവർഷക്കാലം നിലനിൽക്കും? ....................................

..........................................................................................................................................

**വാക്യങ്ങൾ 18-25 തന്റെ ക്ഷമിക്കുന്ന സ്നേഹത്താൽ ദൈവം ലോകത്തെ പുനർനിർമ്മിക്കുന്നു.**

വാക്യങ്ങൾ 18-19: ദൈവം പാഴിന്റെയും ശൂന്യതയുടെയും സ്രഷ്ടകനല്ല. അവൻ ലോകത്തെ മനോഹരമായി രൂപപ്പെടുത്തി. ഇപ്പോൾ തന്റെ കരുണയാൽ അതിനെ നവീകരിക്കുന്നു. ആദ്യ സൃഷ്ടി പാപം നിമിത്തം താറുമാറായെങ്കിൽ, തന്റെ ദൂതർ മുഖാന്തിരം അവർ പ്രഖ്യാപിച്ച ശക്തമായ പാപമോചന വചനത്താൽ അവൻ അതിനെ പുനസൃഷ്ടി നടത്തി.

**ചോദ്യം :** ലോകത്തിലെ പലതരം ശബ്ദങ്ങൾക്കിടയിൽ ദൈവ വചനത്തിന് നാം എന്തു കൊണ്ട് മഹത്വം നൽകണം? വാ. 19 ..........................................................................

..........................................................................................................................................

വാക്യങ്ങൾ 20-21

**ചോദ്യം :** സർവ്വശക്തൻ കൂടിവരാൻ ക്ഷണിക്കുന്നു. 21-ാം വാക്യം അവനു നൽകുന്ന രണ്ടു മഹാനാമങ്ങൾ ഏവ? ..........................................................................

..........................................................................................................................................

വാക്യം 22

**ചോദ്യം :** ദൈവം നമ്മോടെന്തു പറയുന്നു? അതായത് 'തിരിയുക' എന്നത് എന്തർത്ഥമാകുന്നു? ..........................................................................................

..........................................................................................................................................

വാക്യം 23 കരുണാമയനായ ദൈവത്തിന് നമ്മുടെ രക്ഷ പ്രധാനമാണ്. ഏറ്റവും വിശുദ്ധമായ പ്രതിജ്ഞ അവൻ ഉച്ചരിക്കുന്നു. ദൈവം തന്നെക്കൊണ്ടുതന്നെ ആണയിടുന്നു.

**ചോദ്യം :** ഈ വാക്യത്തിലെ അവന്റെ വാഗ്ദത്തം എന്ത്? ..................................................

..........................................................................................................................................

(ദയവായി അനുബന്ധം കുറിപ്പ് A വായിക്കുക)

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 45, 23: പുതിയനിയമ സൂചന റോമർ 14, 10-12

വിശുദ്ധ പൗലൂസ് എഴുതുന്നു:

"എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും.
എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവ്
അരുളിച്ചെയ്യുന്നു" എന്നെഴുതിയിരിക്കുന്നുവല്ലോ. ആകയാൽ
നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും."

## പാഠം 12

## (ഈ പാഠത്തിൽ 46-48 അദ്ധ്യായങ്ങൾ ഉൾപ്പെടുന്നു)

**അദ്ധ്യായം 46**

**വാക്യങ്ങൾ 1-7 ബാബിലോണിന്റെ വീഴ്ച**

ബാബിലോണ്യർ ഭയപ്പെട്ടു. വളരെ ശക്തരായ പേർഷ്യക്കാർ കിഴക്കു നിന്നു വരുന്നു. ബാബിലോൺ രാജാവ് അറേബ്യയിലായിരുന്നു. എന്തു ചെയ്യണമെന്ന് അവരറിഞ്ഞില്ല. സുരക്ഷിതമാക്കി വയ്ക്കാൻ അവർ അവരുടെ വിഗ്രഹങ്ങളെ പൊതിഞ്ഞുകെട്ടി. പ്രവാചകൻ അവരെ പരിഹസിക്കുന്നു. നിങ്ങൾ വിഷമത്തിലായിരിക്കുമ്പോൾ സഹായിക്കാൻ കഴിയാത്ത ഒരു വിഗ്രഹം കൊണ്ട് എന്തു പ്രയോജനം?

ഒരുതരം ത്രിമൂർത്തി ഉൾപ്പെടെ ബാബിലോണ്യർക്ക് അനേകം ദേവന്മാരുണ്ടായിരുന്നു. അനു, ആകാശ ദേവൻ, ബേൽ ( = ബാൽ) ഭൂമിയുടെയും വായുവിന്റെയും ദേവൻ; ഇയ, ജലദേവൻ. ബേൽ ഇതിൽ വച്ചേറ്റവും ശക്തനായി കരുതി. അശ്ശൂര്യരുടെ മാർദ്ദൂക്കിനെപ്പോലെ ബേൽ സൂര്യ ദേവനായിരുന്നു. ബേൽ-ന്റെ പുത്രൻ നെബോ 'വിധി'യുടെ ദേവൻ. ഇപ്പോൾ ഈ ദേവന്മാരെയെല്ലാം അവരുടെ വിഗ്രഹരൂപത്തിൽ കാളവണ്ടിയിൽ ചുമക്കുകയാണ്. കാളവണ്ടി സംരക്ഷകനെ ചുമക്കണമെങ്കിൽ അതിന് എന്തെങ്കിലും ഉണ്മയോ ശക്തിയോ ഉണ്ടോ?

വാക്യം 3-4 പ്രവാചകൻ ഉണ്മയറിയുന്നു. നാം ദൈവത്തെ ചുമക്കേണ്ടതില്ല. ദൈവം നമ്മെ ചുമക്കുന്നു.

**ചോദ്യം :** ആടിനെ ചുമലിലേന്തുന്ന ഇടയന്റെ ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടോ? ..........................................................................................ദൈവം അതുപോലെയാണ്!

**ചോദ്യം :** റോഡുവക്കിൽ ചുമടുതാങ്ങികളെ നിങ്ങൾ കണ്ടിട്ടുണ്ടോ? ..............................

ദൈവസ്വഭാവം അത് ചിത്രീകരിക്കുന്നു. അവൻ നമ്മുടെ ചുമടുകൾ താങ്ങുന്നു!

വാക്യം 5

**ചോദ്യം :** നിങ്ങളുടെ അഭിപ്രായപ്രകാരം ഈ രാജ്യത്തെ ഏറ്റവും ശ്രേഷ്ഠനായ ഭരണാധികാരി ആരായിരുന്നു? ......................................................................................

ആ വ്യക്തിയുടെ ഏറ്റവും ശ്രേഷ്ഠമായ ഗുണമെന്തായിരുന്നു? ......................................

അതിനെ പത്തിന്റെ ഗുണിതങ്ങളാക്കുക. അതാണ് ദൈവം!

വാക്യങ്ങൾ 8-13. ദൈവത്തിന്റെ രക്ഷാ പദ്ധതി

1947-ൽ നമ്മുടെ രാജ്യം സ്വതന്ത്രമായപ്പോൾ കാര്യങ്ങൾ നേരെയാക്കാൻ പഞ്ചവത്സര പദ്ധതിയുടെ നിരതന്നെ നടപ്പിലാക്കി. ചിലത് വ്യവസായത്തിനും ഇനി ചിലത് കൃഷിക്കും മറ്റുചിലത് സാങ്കേതികത്തിനും; ഇതര വികസനങ്ങൾക്കും എല്ലാം ശ്രദ്ധനൽകി. നമ്മുടെ ദേശം മുന്നോട്ടുപോകാൻ അതു സഹായിച്ചു.

മനുഷ്യവംശം പാപത്തിലും മരണത്തിലും വീഴ്ചയിലായപ്പോൾ, കാര്യങ്ങൾ ശരിയാക്കാൻ ദൈവം പദ്ധതിയൊരുക്കി. അതു അഞ്ചു വർഷത്തേക്കല്ല, നിത്യതയ്ക്കുവേണ്ടി. സൃഷ്ടിയെ പുനസ്ഥാപിക്കാനും ഓരോ ദൈവപൈതലിനും പുതുജീവൻ നൽകാനും ആണത്. അവന്റെ നല്ല ലക്ഷ്യം നിലനിൽക്കും.

വാക്യം 10 ആ പദ്ധതിയുടേയും ലക്ഷ്യത്തിന്റെയും ഒരു ചുരുക്കം ചുവടെ.

**മുഴുലോക രക്ഷയ്ക്കായുള്ള ദൈവീകപദ്ധതി**

- ദൈവീക പദ്ധതി അവന്റെ സ്നേഹ ഹൃദയത്തിൽനിന്നു വരുന്നു.
- ദൈവം ലോകത്തെ സൃഷ്ടിച്ചു, സകലതും നല്ലതായിരുന്നു.
- ദൈവം മനുഷ്യരെ സൃഷ്ടിച്ചു, സകലതും നല്ലതായിരുന്നു.

- അവൻ സൃഷ്ടിച്ച ജനം മത്സരിച്ചു, അവൻ ദുഃഖിച്ചു.
- തന്റെ മക്കളെ രക്ഷിക്കാൻ ദൈവം തീരുമാനിച്ചു.
- ദൈവം ദാസ- രക്ഷകനെ നമ്മുടെ രക്ഷയ്ക്കായ് അയച്ചു.

**ദൈവപദ്ധതിയിലെ എബ്രായ ജനതയുടെ പങ്ക്**

- അബ്രഹാമിന്റെ വംശപരമ്പരയെ ഒരു കുടുംബമായി അവരിലൂടെ ദാസ-രക്ഷകൻ വരുന്നതിന് ദൈവം തിരഞ്ഞെടുത്തു.
- ദൈവത്തിന്റെ അനുസരണയുള്ള ദാസരും പ്രത്യേക ശുശ്രൂഷയ്ക്ക് യോഗ്യരും ആയിരിക്കാൻ ദൈവം യിസ്രായേൽ മക്കളെ വിളിച്ചു.
- തുടർച്ചയായി അവർ വഴിതെറ്റി.
- തുടർച്ചയായി ദൈവം അവരെ രക്ഷിച്ചു; അവന്റെ പദ്ധതി നിറവേറ്റാൻ.

**ദാസ രക്ഷകന്റെ ആഗമനം**

- അവൻ വരുമ്പോൾ, അവൻ "ദൈവം നമ്മോടുകൂടെ" ആയിരിക്കും.
- നമ്മുടെ രക്ഷയ്ക്കായ് അവൻ എന്തുചെയ്യുമെന്ന് പ്രവാചകൻ വിവരിച്ചു, പ്രത്യേകമായി 52-55 അദ്ധ്യായങ്ങളിൽ.
- അവന്റെ കഷ്ടം സഹിക്കുന്ന സ്നേഹത്താൽ, അവൻ നമ്മുടെ പാപങ്ങളെ ഏറ്റെടുത്തുകളയും.
- ഇതെല്ലാം സംഭവിക്കുമ്പോൾ, ദൈവപദ്ധതി നിറവേറും.

**ചോദ്യം :** ഈ പദ്ധതി എനിക്ക് എന്ത് അർത്ഥമാക്കുന്നു?

....................................................................................................................................................

46.8 പറയുന്നു, "ഇത് ഓർത്ത് .... ഇതു മനസ്സിലാക്കുവിൻ."

വാക്യം 11

**ചോദ്യം :** 'കിഴക്കുനിന്നുള്ള പുരുഷൻ' ആര്? ......................................................................

വാക്യങ്ങൾ 12-13 മംഗോളിയർ, മലയാളികൾ, കനേഡിയർ ഇവർക്കൊക്കെ പകരമായി ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ദൂത് വഹിക്കാൻ ദൈവം എബ്രായരെ തിരഞ്ഞെടുത്ത തെന്തിന് എന്നു നിങ്ങൾ അതിശയിച്ചേക്കാം.

**ചോദ്യം :** ചില ചോദ്യങ്ങൾക്ക് നമുക്ക് ഉത്തരം നൽകാനാവില്ല. അവയെ ദൈവത്തിനു വിട്ടുകൊടുക്കണമെന്ന് നിങ്ങൾ സമ്മതിക്കുന്നുവോ? ..........................................

## അദ്ധ്യായം 47

## ബാബിലോണിന്റെ അപമാനം

പ്രവാചകൻ ബാബിലോണിന്റെ വീഴ്ചയെ മാത്രമല്ല അതിന്റെ ശ്രദ്ധേയമായ അപമാന അനുഭവത്തേയും മുന്നറിയിക്കുന്നു. ഈ അദ്ധ്യായത്തിനു നാല് ഭാഗങ്ങളുണ്ട്.

വാക്യങ്ങൾ 1-3 ദരിദ്രയായ അടിമപ്പെണ്ണിനോടു സാദൃശ്യപ്പെടുത്തി വീണുപോയ ബാബിലോൺ സാമ്രാജ്യത്തെ ചിത്രീകരിക്കുന്നു.

വാക്യങ്ങൾ 5-7 ദേശീയവും സാംസ്കാരികവുമായ അന്ധകാരത്തിന് അവൾ വിവർണ്ണമാകും.

വാക്യങ്ങൾ 8-9 അവളുടെ വീഴ്ചയ്ക്ക് രണ്ടു മഹാപാപങ്ങൾ കാരണമാകും.

വാക്യങ്ങൾ 10-15 മന്ത്രവാദികൾക്കോ ക്ഷുദ്രപ്രയോഗക്കാർക്കോ അവരെ രക്ഷിക്കാനാവില്ല.

**ചോദ്യം :** ഒന്നാമത്തെ വാക്യവും 15-ാം വാക്യവും പരിശോധിക്കുക.............................

ഈ വാക്കുകൾ ഈ അദ്ധ്യായത്തെ വ്യക്തമായി സംക്ഷേപിക്കുന്നു.

വാക്യം 8

**ചോദ്യം :** ബാബിലോണിന്റെ രണ്ടു മഹാപാപങ്ങൾ ഏവ? .........................................

..........................................................................................................................................

***കുറിപ്പ് :*** നമ്മുടെ ആധുനിക സമൂഹത്തിലും ഇതുരണ്ടും തന്നെയാണ് മുഖ്യ പാപങ്ങളായിരിക്കുന്നത്.

വാക്യം 10. ദൈവത്തിന്റെ വിനീതദാസൻ പറയും, "നീ മാത്രമാണ് ദൈവം. നിന്റെ ഇഷ്ടം വരേണമേ. എനിക്കു നേരായ പാത കാട്ടുക."

**ചോദ്യം :** എന്തു അഹങ്കാരവാക്കുകളാണ് ചിലർ പറയുന്നത്. അഹങ്കാരത്തെ അതിജീവിക്കുന്നതാര്? ...........................................................................................................

വാക്യങ്ങൾ 11-15 ബാബിലോണ്യരുടെ "ജ്ഞാനം" വിശ്വാസത്തിന്റേയോ യുക്തിയുടെയോ ജ്ഞാനമല്ല, മറിച്ച് അന്ധ വിശ്വാസങ്ങൾക്കധിഷ്ഠിതമാണ്. അനേകർ ആഭിചാരകർ, മന്ത്രവാദികൾ, ജ്യോതിഷക്കാർ തുടങ്ങിയ മനുഷ്യർക്ക് വിധേയപ്പെട്ടിരിക്കുന്നു.

വാക്യം 14

**ചോദ്യം :** ഈ വാക്യമനുസരിച്ച് ഇവ പ്രയോഗിക്കുന്നവരെ ആരോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു?

## അദ്ധ്യായം 48

### അദ്ധ്യായം 40-47 ന്റെ ആശയങ്ങളുടെ ചുരുക്കം

40-47 അദ്ധ്യായങ്ങളിൽ പ്രവാചകൻ കൈകാര്യം ചെയ്ത പ്രധാന വിഷയങ്ങളുടെ ഒരു ചുരുക്കമാണ് ഈ അദ്ധ്യായം. ആത്മീക ഉത്തരവാദിത്വം, ദൈവ ഇഷ്ടത്തെ അറിയിക്കൽ, പുനസ്ഥാപന സാദ്ധ്യത, അവസരങ്ങളെ പിടിച്ചുകൊള്ളേണ്ടതിന്റെ ആവശ്യകത എന്നിവ ഇതിലുൾപ്പെടുന്നു.

വാക്യങ്ങൾ 1-2 ഇവിടെ അവലോകനം ചെയ്യുന്ന വിഷയം ആത്മീയ ചുമതലകളാണ്. ദൈവജനമായിരിക്കാനാഗ്രഹിക്കുന്നവർ ദൈവീകമായത് അന്വേഷിക്കണം. നാമമാത്രമായ മതം തെറ്റാണ്. വിശുദ്ധിയെ നാം ഗൗരവമായിട്ടെടുക്കണം. യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ നാമം ഈ ആവശ്യകതയുടെ അടയാളമാണ്.

**ചോദ്യം :** നിങ്ങളുടെ ഗ്രാമമോ പട്ടണമോ കൂടുതൽ വിശുദ്ധ സ്ഥലമാകാൻ തക്ക പ്രായോഗിക കാര്യങ്ങൾ നിങ്ങൾക്കു ചെയ്യാൻ കഴിയുമെന്നു കരുതുന്നുവോ?

..........................................................................................................................................

വാക്യങ്ങൾ 3-11 അവലോകനം ചെയ്യുന്ന രണ്ടാമത്തെ വിഷയം ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തുന്നു എന്നതാണ്. അതു ചെയ്യാനായി ദൈവം തന്റെ അനേകം പ്രവാചകരെ തിരഞ്ഞെടുത്ത ജനത്തിന്നരികിലേക്ക് അയച്ചു. ദൈവീക പദ്ധതിയും തീരുമാനങ്ങളും അവർ മുൻകൂട്ടി മുന്നറിയിച്ചു. ഇതുവഴി തന്റെ ജനത്തിന്റെ നിർബ്ബന്ധ ബുദ്ധിയെ ശരിയാക്കാമെന്ന് കർത്താവ് ചിന്തിച്ചു (വാക്യം 4). അവരുടെ മത്സരസ്വഭാവ(വാ.8)ത്തെ നേരെയാക്കാമെന്നും കരുതി. അത് അവരുടെ വിഗ്രഹാരാധനാപ്രവണതയെ (വാക്യം 5) നിർമ്മാർജ്ജനം ചെയ്യുവാനും സഹായിക്കും. എന്നാൽ ജനം പ്രവാചകരെ അവഗണിച്ചു കളഞ്ഞു. അവരുടെ ശ്രദ്ധ തിരിച്ചുകൊണ്ടുവരാനായി അവർക്ക് ദൈവം ആപത്തുകൾ അനുവദിച്ചു. (വാക്യങ്ങൾ 8-11).

**ചോദ്യം :** ഈ ആധുനിക യുഗത്തിന്റെ ശബ്ദ ബാഹുല്യങ്ങൾക്കിടയിൽ; ദൈവം പ്രവാചകരെയും അവന്റെ ആശയ വിനിമയ രീതിയെയും ഉപയോഗിക്കുന്നില്ല. ഇന്ന് ദൈവം നമ്മോട് ഇന്ന് ആശയ വിനിമയം നടത്തുന്നതെങ്ങനെ?

.............................................................................................................................................

വാക്യങ്ങൾ 12-16. അവലോകനം ചെയ്യുന്ന വിഷയം പുനസ്ഥാപനം. പ്രത്യേകമായി താൻ സ്നേഹിക്കുന്ന വിശ്വസ്തരായ ശേഷിപ്പിനെ കോരേശിന്റെ സഹായത്താൽ പൂർവ്വ സ്ഥിതിയിലേക്ക് കൊണ്ടുവരുന്നതാണിത്. ജനം പ്രത്യാശയുള്ളവരും നന്ദിയുള്ളവരും ആയിരിക്കണം.

വാക്യം 16 ഇത് പ്രവാചകന്റെ വ്യക്തിപരമായ അപേക്ഷയാണ്. "ഈ കാര്യങ്ങൾ പ്രഖ്യാപിക്കാൻ ദൈവം എന്നെ അയച്ചിരിക്കുന്നു. ദൂത് സത്യമായി പ്രസ്താവിക്കാൻ തക്കവിധം അവൻ തന്റെ ആത്മാവിനെയും എനിക്കു തന്നിട്ടുണ്ട്. ദയവായി ശ്രദ്ധിക്കുക" ഇതാണ് ഇതിനർത്ഥം.

വാക്യം 17

**ചോദ്യം :** ദൈവം നിങ്ങൾക്ക് ചെയ്യാൻ തയ്യാറായിരിക്കുന്ന രണ്ടു കാര്യങ്ങൾ ഏവ?

................................................................................, ................................................................................

വാക്യങ്ങൾ 18-20 പ്രവാചകൻ സംക്ഷേപിക്കുന്ന നാലാമത്തെ വിഷയം നമുക്കു ലഭ്യമാകുന്ന അവസരങ്ങളെ നാം കടന്നു പിടിക്കണമെന്നാണ്.

**ചോദ്യം :** പിന്നീടു ദുഃഖിയ്ക്കാനിടയായ വിധം നല്ല അവസരങ്ങൾ നിങ്ങൾ നഷ്ടപ്പെടുത്തിയിട്ടുണ്ടോ?

വ്യക്തി എന്ന നിലയിൽ നാമേറെ പേരും അതു ചെയ്തിട്ടുണ്ട്. സമുദായങ്ങൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും നല്ല അവസരങ്ങൾ നാം നഷ്ടപ്പെടുത്തികളഞ്ഞിട്ടുണ്ട്. എബ്രായർക്ക് ധാരാളം ഉജ്ജ്വല അവസരങ്ങൾ ലഭിച്ചിരുന്നു. പക്ഷെ സാധാരണ അവരത് പ്രയോജപ്പെടുത്തിയില്ല. അതിന്റെ ഫലമായി അവർ ധാരാളം കഷ്ടപ്പെട്ടു. ഈ വാക്യങ്ങളിൽ രണ്ടു പ്രത്യേക അവസരങ്ങൾ കുറിക്കുന്നു. അനുഗ്രഹ ജീവിതമായ സമാധന (ശാലോം) അവസരങ്ങൾ അവർ നഷ്ടപ്പെടുത്തി. ജയജീവിത (എബ്രായ പദം : സാദാഗാ)ത്തിലൂടെ ലഭ്യമാകുമായിരുന്ന മാന്യതയുടെ അവസരവും അവർ നഷ്ടമാക്കി. പ്രവാസത്തിലിരിക്കുന്ന യഹൂദരോട് "ഇപ്പോൾ നിങ്ങൾ അടിമത്വത്തിൽ നിന്നും വിമോചിതരായിരിക്കുന്നു. ഈ അവസരം നഷ്ടമാക്കരുത്." എന്ന് പ്രവാചകൻ പറയുന്നു.

**ചോദ്യം :** അവർ എന്തു ചെയ്യണമെന്നാണ് പ്രവാചകൻ പ്രബോധിപ്പിക്കുന്നത്?

.............................................................................................................................................

വാക്യം 20

**ചോദ്യം :** ദൈവീകരക്ഷ അനുഭവിച്ചവരുടെ ധർമ്മമെന്ത്?

.............................................................................................................................................

വാക്യം 21 : ഈ വാക്യം എബ്രായരുടെ മിസ്രയിമിൽ നിന്നുള്ള പുറപ്പാടു വേളയിൽ സീനായ് മരുഭൂമിയിൽ വച്ച് ദൈവം അവർക്ക് ജലം നൽകിയതിനെ ഓർമ്മിപ്പിക്കുന്നു. അവിടെ മോശയോട് പാറയെ അടിക്കാൻ കല്പിച്ചു. അതു വെള്ളം പുറപ്പെടുവിച്ചു. ഇപ്പോൾ ബാബിലോണിൽ നിന്നും പാലായനം ചെയ്തു മരുഭൂമികളിലൂടെ യാത്ര ചെയ്യുമ്പോൾ ഇതിനു തുല്യമായ അത്ഭുതങ്ങൾ അവർ അനുഭവിക്കും.

നമ്മുടെ ആത്മീക ജീവിതങ്ങളിൽ ദൈവം വിളിക്കുമ്പോൾ നാമും പുറപ്പെട്ടുപോകേണ്ടതായ് വരും. നാമെല്ലായ്പ്പോഴും ഒരു പുറപ്പാടിലാണ്. തെറ്റിൽ നിന്നും ശരിയിലേക്ക്, സ്വാർത്ഥതയിൽ നിന്നും സ്വയം നൽകലിലേക്ക്, ലോകത്തിൽ നിന്നും ദൈവത്തിങ്കലേക്ക്. കഷ്ടതയാകാം അത്. എന്നാൽ യെശയ്യാവ് 17:10-ൽ രക്ഷയുടെ ദൈവത്തെ അഭയത്തിന്റെ പാറയെന്നു വിളിക്കുന്നു.

**പാഠം 13**

**(ഈ പാഠത്തിൽ 49, 50, 51 അദ്ധ്യായങ്ങളും 52:1-6 വരെയും അടങ്ങിയിരിക്കുന്നു.)**

| |
|---|
| ***കടന്നുപോയ ചിന്ത:*** 49-55 വരെയുള്ള അദ്ധ്യായങ്ങൾ ദൈവം ലോകത്തെ രക്ഷിക്കുന്നതെങ്ങനെ എന്നു വിശദീകരിക്കുന്നു. യെശയ്യാപ്രവചനഗ്രന്ഥത്തിലെ ഏറ്റവും ഉന്നതമായ അവസ്ഥയാണിത്. |

**അദ്ധ്യായം 49**

വാക്യങ്ങൾ 1-7 ദൈവത്തിന്റെ രക്ഷാപദ്ധതി വെളിപ്പെടുത്തുന്നു.

വാഗ്ദത്തം ചെയ്യപ്പെട്ടവൻ വരുന്നു. യെശയ്യാവ് 7-ൽ അവനെ "ദൈവം നമ്മോടുകൂടെ" (ഇമ്മാനുവേൽ) എന്നു വിളിച്ചു. യെശയ്യാവ് 9-ൽ അവന് " അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു" എന്നീ പേരുകൾ നൽകി. യെശയ്യാവ് 11 ലാകട്ടെ യഹോവയുടെ ആത്മാവ് അവന്റെ മേൽ ഉണ്ട് എന്നും അവൻ നീതി നിലനിർത്തുമെന്നും നാം കേട്ടു. യെശയ്യാവ് 42 പ്രകാരം ജാതികൾക്കു പ്രകാശം പരത്തുന്ന ദാസനാണ് അവൻ. തുടർന്ന് വരുന്ന അദ്ധ്യായങ്ങളിൽ ഈ ദാസൻ നമുക്കു പകരമായി കഷ്ടം സഹിക്കുന്നത് നാം കാണും.

വാക്യം 1

**ചോദ്യം :** ഈ ശുശ്രൂഷക്കായ് ദാസനെ വിളിച്ചതാര്? ....................................................

വാക്യം 3

**ചോദ്യം :** കർത്താവ് അവനോട് എന്തുപറഞ്ഞു? ......................................................................

വാക്യം 4

**ചോദ്യം :** ദാസൻ മുന്നോട്ടു നോക്കുമ്പോൾ കാണുന്ന ദുഃഖമെന്ത്?

..........................................................................................................................................

കഠിനാദ്ധ്വാനത്തിനു ശേഷവും ചെറിയ ഫലം മാത്രമുണ്ടകുന്നത് ഒരുതരം കഷ്ടംസഹിക്കലാണ്.

വാക്യം 6

**ചോദ്യം :** ദാസൻ രക്ഷയും വെളിച്ചവും ആർക്കാണ് പ്രദാനം ചെയ്യുന്നത്?

..........................................................................................................................................

**ചോദ്യം :** ദാസ-രക്ഷകനോട് ജനത്തിന്റെ പ്രഥമ മനോഭാവമെന്ത്?

..........................................................................................................................................

**ചോദ്യം :** പിന്നീട് ആരാണ് അവനെ വണങ്ങുക?

..........................................................................................................................................

വാക്യങ്ങൾ 8 - 26 തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പനഃസ്ഥാപനം

വാക്യം 8 "പ്രസാദകാലം", "രക്ഷാദിവസം" എന്നിവ മനോഹരമായ പ്രയോഗങ്ങളാണ്.

**ചോദ്യം :** അവ എന്ത് അർത്ഥമാക്കുന്നു?

..........................................................................................................................................

ദൈവത്തിന്റെ രക്ഷാ പദ്ധതിയുടെ ആദ്യപടി യഹൂദ്യയിലെ ദൈവ ജനത്തിന്റെ പുനഃസ്ഥാപനമാണ് എന്ന് നാം നേരത്തേ കണ്ടു. ദൈവം അവരുമായി ഒരു ഉടമ്പടി ചെയ്തു, അവൻ അതു പാലിക്കുന്നു. ദൈവീക സന്ദേശങ്ങൾ സ്വീകരിക്കനും മാതൃകാഭക്തരുടെ പ്രതിനിധികളായിരിക്കാനും, ദാസ-രക്ഷകന്റെ ഉത്ഭവ കുടുംബമായിരിക്കാനും അവർ നിയമിക്കപ്പെട്ടു. ഈ അർത്ഥത്തിൽ അവരും ദാസർ തന്നെ. എന്നാൽ വളരെ ബലഹീനമായിട്ടാണ് അവർ തങ്ങളുടെ ശുശ്രൂഷ നിർവഹിച്ചത്. എണ്ണത്തിൽ വളരെ കുറവുണ്ടായെങ്കിലും ഇപ്പോൾ അവർക്ക് അന്ത്യ അവസരം കിട്ടുന്നു. അവരുടെ 'രക്ഷാദിവസ'ത്തിൽ അവരുടെ വിശ്വസ്തത തെളിയിക്കുവാൻ.

വാക്യങ്ങൾ 9-12 'ഭവനത്തിലേക്ക് വരൽ' എന്നതു ചിത്ര ഭാഷയാണ്. ബാബിലോണിൽ നിന്നും മാത്രമല്ല അവർ തിരികെ വീട്ടിലേക്ക് വരുന്നത്, മറിച്ച് സകല ദിക്കുകളിൽ നിന്നു

മാണ്. കുറച്ചുപേർ ദൂരത്തുള്ള സിനീം ദേശത്തു (ദക്ഷിണ ഈജിപ്ത്യൻ ദേശം) നിന്നും വരുന്നു.

വാക്യം 13

**ചോദ്യം :** ഈ വിജയാഹ്ലാദ വാക്യത്തിൽ ദൈവം തന്റെ ജനത്തിന് രണ്ടു കാര്യങ്ങൾ ചെയ്യുമെന്ന് പ്രവാചകൻ പറയുന്നു. അവ എന്ത്?

.....................................................................................................................................

പ്രപഞ്ചത്തിന്റെ കർത്താവ് ആശ്വാസ പ്രദനും മനസ്സലിവുള്ളവനുമാണ്. ആകയാൽ എവിടെയുമുള്ള സത്യസന്ധരായ ജനങ്ങൾ അവരുടെ ഹൃദയത്തിൽ അനുഗൃഹീതമായ ഒരു ഉറപ്പുണ്ട്.

വാക്യങ്ങൾ 14-15

**ചോദ്യം :** യഹൂദർക്ക് ഇതു പൂർണ്ണമായും വിശ്വസിക്കാനായില്ല. ആകയാൽ ഏതിനെക്കാളും സ്നേഹം ദൈവത്തിനുണ്ട് എന്നാണ് പറയുന്നത്.

.....................................................................................................................................

വാക്യങ്ങൾ 16-17 അവരുടെ പട്ടണത്തിന്റെ തകർന്ന മതിലുകൾ കാണുമ്പോൾ യഹൂദന്മാർ സംശയിക്കുക തികച്ചും സ്വാഭാവികം.

**ചോദ്യം :** അവരോട് ദൈവം എന്തുപറഞ്ഞു? ......................................................................

.....................................................................................................................................

വാക്യം 18

**ചോദ്യം :** എബ്രായർ എന്തുചെയ്യണം? ...........................................................................

.....................................................................................................................................

ചിലപ്പോൾ ഒന്നും വിശ്വസിക്കാനാകാത്തവിധം നാം കടുത്ത വിഷമത്തിലും ദുഃഖത്തിലും ആയിത്തീരാം.

**ചോദ്യം :** 15-ാം വാക്യത്തിന്റെ അവസാനഭാഗം എടുത്തെഴുതുക.

.....................................................................................................................................

വാക്യങ്ങൾ 19-21 സകല പ്രതീക്ഷകളെയും കവിയുന്നതായിരിക്കും അവരുടെ അനുഗ്രഹങ്ങൾ. ഒരിക്കൽക്കൂടെ അവരുടെ കുടുംബങ്ങൾ വർദ്ധിക്കും. കുഞ്ഞുങ്ങൾ സുരക്ഷിതരായി തെരുവിൽ കളിക്കും.

വാക്യം 23

**ചോദ്യം :** ആരാണ് ലജ്ജിച്ചു പോകാതിരിക്കുന്നത്? ....................................................

.....................................................................................................................................

വാക്യങ്ങൾ 24-26 എബ്രായരെ ദൈവം ഓർമ്മിപ്പിക്കുന്നത് മനുഷ്യ രാശിയെ രക്ഷിക്കുക എന്ന തന്റെ തീരുമാനത്തെ ആർക്കും തടസ്സപ്പെടുത്താനാവില്ല എന്നാണ്.

വാക്യം 25

**ചോദ്യം :** ദൈവത്തിന്റെ രക്ഷാ പദ്ധതിയുമായി ബന്ധപ്പെടുത്തി ഏതു കുടുംബത്തിനെയാണ് ഇവിടെ പരാമർശിക്കുന്നത്. ........................................................................

.....................................................................................................................................

## അദ്ധ്യായം 50

## ആരാണ് ദൈവീകനായ വ്യക്തി?

എബ്രായരിലെ ശേഷിപ്പ് യഹൂദ്യയിലേക്ക് മടങ്ങി വരുമ്പോൾ, അവർ അവരുടെ പ്രത്യേക വിളിയിലേക്കും മടങ്ങി വരും - ദൈവീക ജനമായിരിക്കാൻ എന്നതിലേക്ക്. എന്നാൽ ദൈവീക വ്യക്തി എന്നാലെന്ത്? ദൈവീകത്വത്തിന്റെ മൂന്ന് അടിസ്ഥാന തത്ത്വങ്ങൾ ഈ അദ്ധ്യായം നൽകുന്നു. ആദ്യത്തേത് ഒരാൾക്ക് ദൈവാത്മാവിന്റെ ആവശ്യകത ബോധ്യപ്പെടുക, രണ്ടാമത്തേത് ദൈവത്തെ ശ്രദ്ധിക്കുക, മൂന്ന് ദൈവ ഇഷ്ടം ചെയ്യുവാൻ തീരുമാനിക്കുക.

**വാക്യങ്ങൾ 1–3 നിങ്ങളുടെ ആവശ്യം തിരിച്ചറിയുക.**
ഒരു ദൈവീക വ്യക്തി അവന്റെയോ അവളുടെയോ ജീവിതത്തിൽ ദൈവീക സാന്നിധ്യ ത്തിന്റെ ആവശ്യകത അറിയുന്നു. ഇത്തരം വ്യക്തികൾക്കു നേരെ ദൈവീക ഭുജങ്ങൾ സദാ തുറന്നിരിക്കുന്നു എന്നു കാണിക്കാൻ പ്രവാചകൻ രണ്ടു ചിത്രങ്ങൾ അവതരിപ്പി ക്കുന്നു.
**ചിത്രം ഒന്ന് :** യഹൂദ നിയമപ്രകാരം വിവാഹ മോചന ശേഷം മറ്റൊരു പുരുഷനെ വിവാഹം ചെയ്ത സ്ത്രീക്ക് പിന്നെ അവളുടെ ആദ്യഭർത്താവിന്റെ അടുക്കലേക്ക് മടങ്ങിവരാൻ അനു വാദമില്ല. അർത്ഥമിതാണ്, ദൈവം എബ്രായരെ ഉപേക്ഷിച്ചിട്ടില്ല. അവൻ ഇപ്പോഴും അവരെ സ്നേഹിക്കുന്നു, അവർക്ക് മടങ്ങി വരാം.
**ചിത്രം രണ്ട്:** ചില കടക്കാരായ അടിമകൾ കടം വീട്ടാനായി തങ്ങളുടെ മക്കളെ വിറ്റുകള യുന്നതു പോലെ ദൈവം യിസ്രായേൽ മക്കളെ വിറ്റുകളഞ്ഞില്ല. തന്റെ മക്കളെ ഉപേക്ഷി ച്ചു കളയാൻ തക്കവിധം, ദൈവം കടക്കാരനേ അല്ല. അവൻ ഇപ്പോഴും അവരെ സ്നേഹി ക്കുന്നു; അവർക്ക് മടങ്ങിവരാം.
വാക്യം 2 ആരെങ്കിലും നിങ്ങളുടെ വാതിൽക്കൽ വന്നു മുട്ടുന്നതായി സങ്കല്പിക്കുക. നിങ്ങൾ വീടിനകത്തുണ്ടെന്നു അയാൾക്കറിയാം. പക്ഷെ നിങ്ങൾ മറുപടി നൽകുന്നില്ല. ആ വ്യക്തി എങ്ങനെ ഗണിക്കും എന്നു ചിന്തിക്കുക!
**ചോദ്യം :** നമ്മുടെ ഹൃദയ കവാടത്തിൽ ദൈവം മുട്ടുകയും നാം തുറക്കാതിരിക്കുകയും ചെയ്താൽ ദൈവം എങ്ങനെ ഗണിക്കും എന്നു നിങ്ങൾ കരുതുന്നു?

.................................................................................................................................................

***കുറിപ്പ് :*** അനേകം വീടുകളുടെ ചുവരിനെ അലങ്കരിക്കുന്ന ഒരു മതപരമായ ചിത്രമുണ്ട്. ഒരു വിശുദ്ധനായ വ്യക്തി വാതിൽക്കൽ മുട്ടുന്നതാണ് ആ ചിത്രം. ആ മുഖഭാവം ശ്രദ്ധി ച്ചാൽ, എന്തുകൊണ്ട് അകത്തു നിന്നും വാതിൽ തുറക്കുന്നില്ല എന്ന ആശ്ചര്യം മുഖത്തു കാണാം. ഈ ചിത്രം ഒരു വേദപുസ്തക വാക്യത്തെ പ്രതിനിധീകരിക്കുന്നു.
(ദയവായി അനുബന്ധം കുറിപ്പ് 'A' വായിക്കുക)

**വാക്യങ്ങൾ 4–9 ഒരു ദൈവീക വ്യക്തി ദാസനെപ്പോലെ ശ്രദ്ധിക്കുന്നു.**
വാക്യം 4
**ചോദ്യം :** ദൈവീക നിർദ്ദേശങ്ങളെ ഒരു ദൈവീക വ്യക്തി എങ്ങനെ കണ്ടുപിടിക്കുന്നു? നമ്മോടു ഇപ്പോൾ ദൈവം സംസാരിക്കുന്നതെങ്ങനെ? ....................................

.................................................................................................................................................

നാം ദൈവവചനം പഠിക്കുമ്പോഴേക്കും അവന്റെ ആത്മാവ് "ചെവി ഉണർത്തുന്നു." പഴയനിയമത്തിലെ സങ്കീർത്തനങ്ങളിൽ (119:105) ഒരു മനോഹരവാക്യം ഇങ്ങനെ പറയു ന്നു. "നിന്റെ വചനം എന്റെ കാലിനു ദീപവും പാതക്ക് പ്രകാശവും ആകുന്നു."
**ചോദ്യം :** ദൈവരക്ഷ സ്വീകരിച്ച ഏതൊരു വ്യക്തിക്കും ഒരു കടപ്പാടുണ്ട്. അതെ ന്താണ്?.................................................................................................................................

.................................................................................................................................................

ദാസനെപ്പോലെ നമുക്കു മഹത്തായ ഉപദേശകരാകാൻ കഴിയില്ല എങ്കിലും നമുക്ക് ഈ സുവാർത്ത പങ്കിടാനാകും.
വാക്യങ്ങൾ 5–6: നന്മയ്ക്കും നീതിയ്ക്കുമായി നില്ക്കുന്ന ജനങ്ങൾ അടിക്കടി കഷ്ടത കൾ അനുഭവിക്കേണ്ടതായി വരുന്നു. നന്മയെ തിന്മയാൽ കീഴടക്കാൻ ശ്രമിക്കുന്ന സാത്താന്റെ പ്രവൃത്തികളാണവ. ദാസ-രക്ഷകനും നീതിക്കുവേണ്ടി ഏറെ കഷ്ടം സഹി ച്ചു, എങ്കിലും അവൻ തിരിഞ്ഞുനോക്കിയില്ല. ഒരു ദൈവീകവ്യക്തി ധൈര്യത്തിനായ് പ്രാർത്ഥിക്കേണ്ടതുണ്ട്.
**ചോദ്യം :** ദാസ-രക്ഷകനെ സഹായിച്ച പ്രകാരം ദൈവം നമ്മെയും സഹായി ക്കുമോ?.................................................................................................................................

**വാക്യങ്ങൾ 10–11 ദൈവീക വ്യക്തി അനുസരിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നു.**

വാകൃങ്ങൾ 10-11 : 11-ാം വാകൃത്തിൽ പ്രവാചകൻ പറയുന്നു നമുക്കെല്ലാവർക്കും നമ്മുടെ തന്നെ തീ കൊളുത്താൻ ഒരു പ്രവണതയുണ്ടെന്ന്. നമ്മുടെ പ്രശ്നങ്ങളെ നമ്മുടെ തന്നെ ബലത്താൽ പരിഹരിക്കാൻ ശ്രമിക്കുന്നതിനെക്കുറിച്ചാണ് ഇതു പറയുന്നത്. ഈ സമീപനത്താൽ നാം നമ്മുടെ മാത്രം വിളക്കു വെട്ടത്തിൽ നടക്കേണ്ടതായ് വരും.

വാകൃം 10

**ചോദ്യം :** ദൈവത്തെ ഭയപ്പെടുന്നവരുടെ സമീപനമെന്ത്? ..........................................

..........................................................................................................................................

ദൈവത്തെ ഭയപ്പെടുന്നവർ അനുകരണവും ആശ്രയവും കൂട്ടിച്ചേർക്കുന്നു. മുന്നിലുള്ള പാത ഇരുട്ടായിരിക്കുന്ന സമയത്തും ദൈവത്തിന്റെ ദയയുടെ പ്രകാശത്തിൽ നയിക്കപ്പെടാനായ് അവർ ദൈവത്തിൽ ചാരികൊള്ളും.

**അദ്ധ്യായം 51 : 1–52 : 12**

**ശ്രദ്ധിക്കുക, കരുതുക, ഉണരുക, യാത്ര തുടരുക!**

**വാകൃങ്ങൾ 1-16 ശ്രദ്ധിക്കൽ**

ശ്രദ്ധിക്കലിൽ തുടങ്ങി, രക്ഷ പ്രാപിക്കാനായ് നാലു കാര്യങ്ങൾ ബാബിലോൺ ജനത ചെയ്യണം. നാമും ഈ നാലു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

വാകൃം 1

**ചോദ്യം :** ആര് ശ്രദ്ധിക്കണം? ..........................................................................................

ശ്രദ്ധിക്കാൻ ഉദ്ദേശിക്കപ്പെട്ടവരുടെ പരിഗണനക്കായ് പ്രവാചകൻ അഞ്ച് ഘടകങ്ങൾ നൽകുന്നു.

വാകൃം 2

**ചോദ്യം :** അവർ ഓർക്കേണ്ട ആദ്യ കാര്യമെന്ത്? .......................................................

..........................................................................................................................................

വാകൃം 3

**ചോദ്യം :** രണ്ടാമത്തെ വസ്തുതയെന്ത്? ..........................................................................

..........................................................................................................................................

***കുറിപ്പ് :*** ആദി മനുഷ്യരെ സ്രഷ്ടകൻ ആക്കിയ തോട്ടത്തിന് ഏദൻ എന്നു പേർ. അവരവിടെ സന്തോഷവും ആനന്ദവും, പാട്ടും നന്ദിയർപ്പണവും എല്ലാം തിന്മപ്രവൃത്തികൾ നിമിത്തം പുറത്താക്കപ്പെടുന്നതിനു മുമ്പേ അവർ അനുഭവിച്ചു.

വാകൃങ്ങൾ 4-5

**ചോദ്യം :** അവർ കരുതേണ്ട മൂന്നാമത്തെ ഘടകം എന്ത്?............................................

..........................................................................................................................................

വാകൃം 6

**ചോദ്യം :** അവർ ഇതിനെക്കുറിച്ചു ചിന്തിക്കേണ്ട അവസാന രണ്ടുകാര്യങ്ങൾ ഏവ?

.................................................................., ...........................................................................

വാകൃങ്ങൾ 7-8 ഈ വസ്തുതകളെല്ലാം ദൈവീക പ്രബോധനങ്ങളുടെ ഭാഗങ്ങളാണ്. പുസ്തകങ്ങളിൽ കാണാമെങ്കിലും അതിനേക്കാൾ മെച്ചമായ സ്ഥലത്ത് ഈ വസ്തുതകൾ നമുക്കു കാണാനാകും.

വാകൃം 7

**ചോദ്യം :** അവന്റെ പ്രബോധനങ്ങൾ നാം എവിടെ സൂക്ഷിക്കണം? .................................

..........................................................................................................................................

വാകൃം 8

**ചോദ്യം :** ദൈവത്തിന്റെ വിടുതൽ എത്രകാലം നിലനിൽക്കും? .................................

..........................................................................................................................................

വാകൃങ്ങൾ 9-14 : കേൾവിക്കാർക്കായ് പ്രവാചകൻ പ്രാർത്ഥിക്കുന്നു. മുൻകാലങ്ങളിൽ ദൈവം ചെയ്ത പ്രകാരം ഇപ്പോഴും അവന്റെ ജനത്തെ സംരക്ഷിക്കണമെന്ന് അവൻ യാചിക്കുന്നു.

വാക്യം 9 : കനാന്യ ഐതിഹ്യങ്ങളിലെ ഇതിഹാസ അത്ഭുത ജന്തുക്കളാണ് രഹവും, മഹാസർപ്പവും.

**ചോദ്യം :** മിസ്രയിമ്യരുടെ കയ്യിൽ നിന്നും തന്റെ ജനത്തെ അവൻ രക്ഷിച്ചപ്പോൾ കടലിനെ വറ്റിച്ചതിലൂടെ അവർ എന്തു കണ്ടു? ..........................................................................

..........................................................................................................................................

വാക്യം 11

**ചോദ്യം :** ദൈവം ഉല്ലാസവും സന്തോഷവും തരുമ്പോൾ ഓടിപ്പോകുന്നതെന്ത്?

..........................................................................................................................................

വാക്യങ്ങൾ 12-14: സർവ്വശക്തനേയും അവന്റെ ശക്തിക്കും പകരം തങ്ങളുടെ ബലഹീനതകളെയും തങ്ങളുടെ പീഡകരേയും നോക്കുകയാലാണ് ഭയം വരുന്നത്. ഒരാൾ ജ്ഞാനത്തോടെ പറഞ്ഞു: നാം എന്തിനെ ഏറ്റവും കൂടുതൽ ഭയക്കുന്നുവോ അതുതന്നെയാണ് ഭയം.

വാക്യങ്ങൾ 15-16 : മുഴുലോകത്തെയും തന്റെ കൈക്കുള്ളിൽ വഹിക്കുന്നവൻ നമ്മെയും സുരക്ഷിതമായി വഹിക്കുന്നു. നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ?

വാക്യങ്ങൾ 17-23 കരുതിക്കൊൾക

വാക്യം 17 : ശ്രദ്ധിക്കുക എന്നത് ഒന്ന്. ഇപ്പോൾ നാം കരുതിക്കൊള്ളുകയും വേണം. അതിനർത്ഥം കേട്ടതു മനസ്സു വച്ചു ജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുകയാണ്. ചില സമയം പ്രതിസന്ധികളും വിഷമകതകളും നമ്മെ ഒരുവിധം മയക്കത്തിലാക്കാറുണ്ട്. ശരിയായി നമുക്കു ചിന്തിക്കാനാവില്ല. പ്രവാചകൻ പറയുന്നു, ദൈവം നിങ്ങളുടെ ദുഃഖങ്ങൾ നീക്കിക്കളയും. കരുതിയിരിക്കുക!

വാക്യം 17

**ചോദ്യം :** ജനം എന്തുചെയ്യണമെന്ന് പ്രവാചകൻ പറയുന്നു? ..................................

..........................................................................................................................................

വാക്യം 18

**ചോദ്യം :** എബ്രായർ അഭിമുഖീകരിച്ച ആദ്യ വിപത്ത് എന്ത്? ..................................

..........................................................................................................................................

വാക്യം 19-20

**ചോദ്യം :** രണ്ടാമത്തെതും മൂന്നാമത്തേതുമായ അത്യാഹിതങ്ങൾ എന്ത്?

..........................................................................................................................................

രോഗം, ക്ഷാമം എന്നിവ ഉൾപ്പെടുന്ന ശാരീരിക വിപത്തുകൾ നമുക്കേവർക്കും സംഭവിക്കുന്നു. നമ്മിൽ ചിലർക്ക് അസാധാരണമായ അത്യാഹിതങ്ങൾ വന്നു ഭവിക്കുന്നു. 1991 -ൽ ബംഗ്ലാദേശിലെ ചുഴലിക്കാറ്റ് 150,000 ജനങ്ങളെയും പത്തുലക്ഷം മൃഗങ്ങളെയും സംഹരിച്ചു. അവർ എവിടെയാണ് സഹായത്തിനായ് നോക്കുക? അനേകർ ദൈവത്തെ നോക്കി പ്രാർത്ഥിച്ചു. ദൈവം സഹായം അയച്ചു. അതിശയം സംഭവിച്ചു.

വാക്യങ്ങൾ 21-23 : ചിലപ്പോൾ മനുഷ്യ മർദ്ദകരാൽ ദാരുണങ്ങൾ സംഭവിക്കാം. അവർ അധിക കാലം നിന്റെ മേൽ കടന്നു പോകില്ല എന്നതു ദൈവവാഗ്ദത്തം. കഷ്ടതയുടെ പാനപാത്രം അവൻ നീക്കിക്കളയും.

വാക്യങ്ങൾ 1-10 ഉണർന്നെണീയ്ക്കൽ

വാക്യം 1

**ചോദ്യം :** എന്തുകൊണ്ട് എബ്രായർ ഉണരണം?

..........................................................................................................................................

വിദേശ അധിനിവേശകരെയാണ് “അഗ്രചർമ്മികളും അശുദ്ധരും” എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശുദ്ധ നഗരത്തെ ഇപ്പോൾ അബ്രഹാമിന്റെ സന്തതികളായ എബ്രായർ വീണ്ടും അധീനപ്പെടുത്തും.

വാക്യങ്ങൾ 2-6 : എബ്രായരുടെ അടിമത്വകാല ചരിത്രത്തെ ഈ വാക്യം അവലോകനം

ചെയ്യുന്നു. ഈ പ്രതിസന്ധികളിൽ നിന്നും അവരെ വിടുവിക്കുക വഴി സകലവും തന്റെ നിയന്ത്രണത്തിൻ കീഴിലാണെന്നു അവൻ കാണിക്കുന്നു.

വാക്യം 6

**ചോദ്യം :** ഈ വാക്യത്തിൽ 15 വാക്കുകളുണ്ട്. 7, 8, 9, 10 എന്നീ വാക്കുകൾ എഴുതുക.

..............................................................................................................................................

..............................................................................................................................................

'ഞാൻ ആകുന്നു' എന്നത് ദൈവത്തിന്റെ പരമോന്നത നാമമാകുന്നു. ദൈവവാഗ്ദത്തങ്ങൾ നിശ്ചയമായവ എന്ന് ഇത് അർത്ഥപ്പെടുത്തുന്നു.

വാക്യങ്ങൾ 7-10

രക്ഷയുടെ കഥയെക്കുറിച്ചു പറയുവാൻ ഏറ്റവും മനോഹരമായ കാര്യമാണിത്. പൂർണ്ണകഥ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പുനസ്ഥാപനവും അതിലുമുപരി മുഴുലോകത്തിന്റെയും വിടുതലും ഉൾക്കൊള്ളുന്നു.

വാക്യം 7

**ചോദ്യം :** ദൈവത്തിന്റെ യഥാർത്ഥ ദൂതർ അറിയിക്കേണ്ടതെന്ത്? ..................................

..............................................................................................................................................

വാക്യങ്ങൾ 8, 9

**ചോദ്യം :** എന്തുകൊണ്ട് ജനം ഉല്ലാസഘോഷം മുഴക്കണം? .....................................

..............................................................................................................................................

വാക്യം 10

**ചോദ്യം :** നമ്മുടെ ദൈവത്തിന്റെ രക്ഷയെ ആര് കാണും? ..................................................

..............................................................................................................................................

വാക്യങ്ങൾ 11-12 ഇപ്പോൾ യാത്ര തുടങ്ങുക.

48:20-ൽ പ്രവാചകൻ വിളിച്ചുപറഞ്ഞു. "പുറപ്പെടുവിൻ" ഇവിടെ അവർ ആവർത്തിക്കുന്നു. "വിട്ടുപോരുവിൻ". ഇതു വീട്ടിലേക്കു പോകാനുള്ള നേരം. യാത്ര തുടങ്ങുക. തിരിയരുത്. പരിഭ്രമിക്കരുത്. യെരുശലേം ദൈവാലയത്തിൽ നിന്നും കൊണ്ടുവന്ന വിശുദ്ധ പാത്രങ്ങൾ ശ്രദ്ധയോടെ പൊതിഞ്ഞു കെട്ടുക. നിങ്ങളെ തന്നെ ശുദ്ധീകരിച്ചു പുറപ്പെടുക. നിങ്ങളുടെ പൂർവ്വപിതാക്കൾ മിസ്രയീം വിട്ട് വിജന ദേശത്തേക്കു പ്രവേശിച്ചപ്പോൾ പകൽ മേഘസ്തംഭത്താലും രാത്രി അഗ്നിസ്തംഭത്താലും ദൈവം വഴിനടത്തി. ഇപ്പോൾ എഴുന്നേറ്റു പുറപ്പെടുക. ആത്മീക അർത്ഥത്തിൽ ഇതേ കല്പന നമുക്കോരോരുത്തർക്കും വരുന്നു. "ദൈവത്തിങ്കലേക്ക് തിരിയുക, നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയുക, അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ പിടിച്ചുകൊൾക. അവൻ നിങ്ങളെ രക്ഷിക്കും. നിന്റെ ജീവിതയാത്രയിലുടനീളം മുന്നിലും പിന്നിലും അവൻ കാവൽ സേനയായിരിക്കും. ആകയാൽ യാത്ര ആരംഭിക്കുക."

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 50, 2. പുതിയ നിയമ സൂചന വെളിപാട് 3:19-20.

എഴുത്തുകാരൻ പറയുന്നു:

"ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. ഞാൻ വാതില്ക്കൽനിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും. ജയിക്കുന്നവനു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും."

## പാഠം 14
## (ഈ പാഠം 52:13 മുതൽ 53:13 വരെ ഉൾപ്പെടുന്നു)
## കഷ്ടപ്പെടുന്ന ദാസൻ ഒരു വലിയ വിടുതൽ കൊണ്ടുവരുന്നു.

(***കടന്നുപോകുന്ന ചിന്ത:*** തെരഞ്ഞെടുക്കപ്പെട്ട ജനതയുടെ പുനസ്ഥാപന പ്രവചനത്തിൽ നിന്നും നാം ഇപ്പോൾ കഷ്ടം സഹിക്കുന്ന ദാസ-രക്ഷകന്റെ ചരിത്രത്തിലേക്ക് പോകുന്നു. അവൻ മുഴുലോകത്തിന്റെയും രക്ഷയ്ക്കായ് തന്നെത്തന്നെ നൽകുന്നു.)

**അദ്ധ്യായം 52:13-15, അദ്ധ്യായം 53**

ഈ പതിനഞ്ചു വാക്യങ്ങൾ ലോകത്തിന്റെ രക്ഷ എന്ന മഹത്തായ വിടുതലിനെക്കുറിച്ച് നമ്മോടു പറയുന്നു. അവൻ ഇതു ചെയ്യുന്നത് കഷ്ടപ്പെടുന്ന ദാസ-രക്ഷകനിലൂടെയാണ്. ഈ പ്രത്യാശയുടെ ദൂത് പ്രവാചക ദർശനത്തിന്റെ കേന്ദ്രമാണ്. എഴുതപ്പെട്ടതിൽ ഏറ്റവും മനോഹരമാണ് സ്വയം നൽകലിന്റെ സ്നേഹത്തിന്റേതായ ഈ വാക്കുകൾ.

പുതിയ നിയമ വേദ പുസ്തകത്തിൽ യേശു ക്രിസ്തുവിന്റെ വരവിലും നമുക്കുവേണ്ടിയുള്ള അവന്റെ കഷ്ടതയിലും ഈ പ്രവചനം നിറവേറി.

**അദ്ധ്യായം 52:13-15 കഷ്ടം സഹിക്കുന്ന ദാസൻ ഉയർത്തപ്പെടും**

ദൈവത്തിന്റെ ആത്യന്തിക വിജയത്തെക്കുറിച്ച് പ്രവാചകന് ഒരു സംശയവുമില്ല. അതുകൊണ്ടു തന്നെ ദാസന്റെ കഷ്ടപ്പാടുകളെ വിവരിക്കുന്നതിനു മുമ്പേ, പ്രവാചകൻ അവന്റെ തിന്മ ശക്തികളിന്മേലുള്ള വിജയത്തെ മുന്നറിയിക്കുന്നു.

വാക്യം 13

**ചോദ്യം :** തന്റെ രക്ഷാപ്രവൃത്തി പൂർത്തിയാകുമ്പോൾ ദാസ-രക്ഷകന് മൂന്നു കാര്യങ്ങൾ സംഭവിക്കും. അവ ഏവ? ..............................................................................

.........................................................................., ..........................................................................

വാക്യം 14

**ചോദ്യം :** ദാസനെ നിരീക്ഷിക്കുന്ന ജനം ആദ്യം ആശ്ചര്യപ്പെടുന്നതെന്തുകൊണ്ട്?

..............................................................................................................................

വാക്യം 15

**ചോദ്യം :** ഒടുവിൽ ജനം എന്തുകൊണ്ട് മുഴുവൻ ഞെട്ടുന്നു? ..................................

..............................................................................................................................

**അദ്ധ്യായം 53: 1-12 ഇതാ നമ്മുടെ വേദനകൾ ചുമക്കുന്ന ദാസൻ**

വാക്യങ്ങൾ 1-2: 'യഹോവയുടെ ഭുജം' ദൈവത്തിന്റെ പ്രവൃത്തികളെ അർത്ഥമാക്കുന്നു. ജനം ദാസനെ നോക്കുമ്പോൾ, നമ്മെ രക്ഷിക്കാനുള്ള ദൈവത്തിന്റെ ശ്രമം വിവേചിക്കാനാകുന്നില്ല. ദയനീയമായി കഷ്ടപ്പെടുന്ന വിനയമുള്ള വ്യക്തിയായി അവൻ വന്നു.

**ചോദ്യം :** മഹത്തുക്കളായ വ്യക്തികൾ എളിയ കുടംബങ്ങളിൽ വരാറുണ്ടോ?

..............................................................................................................................

പുതിയ നിയമ രേഖകളിൽ രക്ഷകനായ യേശു നസറത്ത് എന്ന ചെറിയ ഗ്രാമത്തിൽ താമസിച്ചു. ഒരു തച്ചന്റെ കുടുംബത്തിൽ വളർന്നു.

(ദയവായി അനുബന്ധം കുറിപ്പ് 'A' വായിക്കുക.)

**ചോദ്യം :** മഹത്തുക്കളായ വ്യക്തികൾ ചിലപ്പോൾ കഷ്ടതകൾ അനുഭവിക്കാറുണ്ടോ?

...............................................................................................................

വാക്യം 3

**ചോദ്യം :** ഈ വാക്യം ദാസൻ അനുഭവിക്കുന്ന അഞ്ചു പ്രത്യേകതരം കഷ്ടതകളുടെയെങ്കിലും പട്ടിക തരുന്നു. അവ ഏവ? ..............................................................

..............................................................................................................................

***കുറിപ്പ് :*** യേശുവിന്റെ ജീവിതാനുഭവങ്ങൾ ഈ പ്രവചനത്തിന്റെ സകല വിശദീകരണങ്ങളും പൂർത്തീകരിച്ചു. നാം ചിന്തിക്കേണ്ട രണ്ടു ചോദ്യങ്ങൾ ഇവിടെയുണ്ട്. അവൻ

എന്തിന് ഇത്തരം പാടുകൾ അനുഭവിച്ചു? ആർക്കുവേണ്ടി അവൻ കഷ്ടം സഹിച്ചു? അനേകം മഹത്തായ നേതാക്കളുടെ ദൗർഭാഗ്യമാണ് നന്മയ്ക്കായുള്ള കഷ്ടപ്പെടൽ. മഹാത്മാഗാന്ധി ചതിച്ചു കൊല്ലപ്പെട്ടു. അബ്ദുൾ കലാം ആസാദ് പത്തുവർഷം ബ്രിട്ടീഷ് ജയിലിൽ ചിലവഴിച്ചു. പതിനേഴു വർഷക്കാലം ദക്ഷിണ ആഫ്രിക്കയിലെ നെൽസൻ മണ്ടേല ജയിലിൽ കഴിഞ്ഞു.

വാക്യം 4 : എന്തുകൊണ്ട്, ആർക്കുവേണ്ടി ദാസ-രക്ഷകൻ കഷ്ടപ്പെട്ടു എന്നീ ചോദ്യങ്ങൾക്ക് ഈ വാക്യം ഉത്തരം നൽകുന്നു.

**ചോദ്യം :** ആരുടെ രോഗങ്ങളാണ് അവൻ ചുമന്നത്? ....................................................

.................................................................................................................................................

**ചോദ്യം :** ആരുടെ വേദനകളാണ് അവൻ വഹിച്ചത്? ...................................................

'വേദനകൾ', 'രോഗങ്ങൾ' എന്നിവ നമ്മുടെ ആത്മീക ബലഹീനതകളെയും വ്യാധികളെയും സൂചിപ്പിക്കുന്നു. ചില ജനങ്ങൾ ദാസനെ നോക്കിയപ്പോൾ, അവന്റെ തന്നെ പാപങ്ങൾക്കായ് ദൈവം അവനെ ശിക്ഷിക്കുന്നതായി അവർക്ക് തോന്നി. യഥാർത്ഥവസ്തുത, നമുക്കു വേണ്ടി നമ്മുടെ ശിക്ഷാവിധി അവൻ ഏറ്റെടുക്കുകയായിരുന്നു. യേശു എന്ന നാമം അർത്ഥമാക്കുന്നത്: 'അവൻ അവന്റെ ജനത്തെ പാപങ്ങളിൽനിന്നും മോചിക്കും' എന്നാണ്.

(ദയവായി അനുബന്ധം കുറിപ്പ് 'B' വായിക്കുക.)

വാക്യം 5

**ചോദ്യം :** ആരുടെ അതിക്രമങ്ങൾക്കായ് അവൻ മുറിവേറ്റു?....................................

**ചോദ്യം :** ആരുടെ അകൃത്യങ്ങൾക്കായ് അവൻ തകർന്നു?.....................................

നിരപരാധിയായ അവൻ നമ്മുടെ പകരക്കാരനായ് പാടുപെടുകയാൽ അവന്റെ യാഗത്താൽ നാം സൗഖ്യമാക്കപ്പെട്ടു. കൊടും പട്ടിണിയിലായിരിക്കുന്ന അമ്മയെയും കുഞ്ഞിനെയും സങ്കല്പിക്കുക. അവൾക്കുണ്ടായിരുന്ന അവസാന ഭക്ഷണം അവളുടെ കുഞ്ഞിനു കൊടുത്ത ശേഷം അവൾ മരിച്ചു. കുഞ്ഞു രക്ഷപ്പെട്ടു; ജീവിക്കുന്നു. നിരപരാധിയായ അമ്മ കഷ്ടം സഹിക്കുകയും മരിക്കുകയും നിമിത്തം ആ കുഞ്ഞു ജീവിക്കുന്നു. ദൈവഹിത പ്രകാരം ലോകത്തിനായ് കഷ്ടപ്പെടുന്ന ദാസൻ ചെയ്യുന്നതിന്റെയും അർത്ഥം ഇതാണ്.

വാക്യം 6

**ചോദ്യം :** ആരാണ് വഴിതെറ്റിപ്പോയത്? ..........................................................................

എന്തുകൊണ്ട് രക്ഷ വിശുദ്ധനായ ദൈവത്തിങ്കൽ നിന്നും വരണം എന്ന് നിങ്ങളുടെ ഉത്തരം കാണിക്കുന്നു. ഇത് നമ്മിൽ നിന്നോ മറ്റേതെങ്കിലും മനുഷ്യരിൽ നിന്നോ വരുന്നില്ല. ഏന്തെന്നാൽ നാമെല്ലാവരും അതേ പ്രശ്നത്താൽ ബാധിക്കപ്പെട്ടവരാണ്. ദിവ്യ സ്നേഹത്തിന്റെ രഹസ്യം ഇതാണ്, ദൈവംതന്നെ ഇതിലേക്ക് ഇറങ്ങിവന്നു. അവൻ ദൈവം നമ്മോടു കൂടെ; ഇമ്മാനുവേൽ ആയി. അവൻ നമ്മുടെ പാപങ്ങൾക്കായുള്ള ശിക്ഷാവിധി സ്വയം ഏറ്റെടുത്തു.

**ചോദ്യം :** നമ്മുടെ അകൃത്യം കർത്താവ് ആരുടെ മേൽ ചുമത്തി?

.................................................................................................................................................

തന്റെ സ്വന്തം ജീവൻ നൽകേണ്ടിവരുമെങ്കിലും സ്നേഹം നിമിത്തം ദാസ-രക്ഷകൻ ഈ ചുമതല ഏറ്റെടുത്തു. ഗത്സമന തോട്ടത്തിൽ തന്റെ ബന്ധനത്തിനും ക്രൂശീകരണത്തിനും മുമ്പ് യേശു പ്രാർത്ഥിക്കുമ്പോൾ, അവൻ ദൈവത്തോടു ചോദിച്ചു: "പിതാവേ, നിനക്കു എല്ലാം കഴിയും. ഈ പാനപാത്രം എങ്കൽനിന്നും നീക്കേണമേ. എങ്കിലും ഞാൻ ഇച്ഛിക്കുന്നതു അല്ല. നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ" (മാർക്കോസ് 14:36).

വാക്യം 7

**ചോദ്യം :** താൻ പീഡിപ്പിക്കപ്പെട്ടപ്പോൾ ദാസൻ എന്തെങ്കിലും പറഞ്ഞുവോ?

.................................................................................................................................

പുതിയ നിയമ വേദ പുസ്തകപ്രകാരം രക്ഷകൻ പിടിക്കപ്പെട്ടപ്പോൾ, വാദത്തിനായ് അവനെ ഹെരോദാ രാജാവിന്റെ മുന്നിൽ ഹാജരാക്കി. അവൻ നിശബ്ദനായിരുന്നു. റോമൻ ഗവർണരുടെ അരികിൽ കൊണ്ടുപോയപ്പോഴും അവൻ വളരെ കുറച്ചു മാത്രം സംസാരിച്ചു. ചില പടയാളികൾ അവനെ പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്തപ്പോഴും അവൻ വായ് തുറക്കാതിരുന്നു. അവനെ ക്രൂശിൽ തറച്ചപ്പോൾ ഏഴുപ്രാവശ്യം മാത്രം അവൻ സംസാരിച്ചു. സകലരും അവൻ നിരപരാധിയെന്നു തിരിച്ചറിഞ്ഞു. അവന്റെ നിശബ്ദത ശക്തിയേറിയതായിരുന്നു.

വാക്യം 8

**ചോദ്യം :** ദാസന് എന്തു ഭവിക്കുന്നു എന്നു വിശദീകരിക്കാൻ പ്രവാചകൻ ഏതുവാക്കുകൾ ഉപയോഗിക്കുന്നു? ..............................................................................................

..............................................................................................

പുതിയ നിയമ വേദ പുസ്തകത്തിൽ, യേശു ക്രിസ്തുവിന്റെ മരണത്തിനായ് നിലവിളിക്കുന്ന ജനത്തെ അഭിമുഖീകരിക്കുമ്പോൾ റോമാഗവർണ്ണർ പീലാത്തോസ് ചോദിച്ചു: "അവൻ ചെയ്ത ദോഷം എന്ത്?" നീതിയുടെ വ്യതിചലനത്തിങ്കൽ പ്രവാചകൻ ഭയപ്പെടുന്നു. അവൻ ചോദിച്ചു, "അവന്റെ തലമുറയിൽ ആർ ഇതു വിചാരിച്ചു?"

**ചോദ്യം :** ആർക്കുവേണ്ടി ദാസൻ ദണ്ഡനം അനുഭവിച്ചു? ..............................................

..............................................................................................

**ചോദ്യം :** മറ്റുള്ളവരെ രക്ഷിക്കാനായ് തന്റെ ജീവൻ കൊടുത്ത മറ്റേതെങ്കിലും ഒരു വ്യക്തിയുടെ ഉദാഹരണം നിങ്ങൾക്കറിയാമോ? ..........................................................

2013 ജൂലൈ 5-ന് ചൈനയിൽ ഒരു ഭൂകമ്പമുണ്ടായി. വീടുകൾ തകർന്നു വീഴുകയായിരുന്നു. പാൻ ഗൗഫൻ എന്ന മുത്തശ്ശി തന്റെ പേരക്കുട്ടിയെ രക്ഷിക്കാനായ് കുഞ്ഞിന്റെ മുകളിലൂടെ കമഴ്ന്നു മുട്ടുകുത്തി നിന്നു. തന്റെ മുതുകുകൊണ്ട് കുഞ്ഞിനു മുകളിൽ ഒരു പാലം പോലെ. മേൽക്കൂര തകർന്നുവീണു അവൾ മരിച്ചു. രക്ഷാപ്രവർത്തകർ അവളുടെ ശവശരീരം നീക്കം ചെയ്യുമ്പോൾ അതിനിടയിൽ കുഞ്ഞിനെ കണ്ടെത്തി; അപ്പോഴും ജീവനോടെ.

(ദയവായി അനുബന്ധം കുറിപ്പ് 'C' വായിക്കുക)

വാക്യം 9

**ചോദ്യം :** ദാസ-രക്ഷകൻ തന്റെ രക്ഷാവേല നിവർത്തിക്കുവാൻ അക്രമമാർഗ്ഗം ഉപയോഗിച്ചുവോ? ..............................................................................................

..............................................................................................

ദാസ-രക്ഷകൻ തന്നെ തന്നെ പ്രതിരോധിക്കുകയോ തിരിച്ചടിക്കുകയോ ചെയ്തില്ല. പുതിയ നിയമത്തിൽ, യേശു ബന്ധിക്കപ്പെടുന്ന നേരം യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവൻ മല്ക്കൊസ് എന്ന പടയാളിയുടെ കാത് അറുത്തു. യേശു പറഞ്ഞു: "വാൾ ഉറയിൽ ഇടുക. വാളെടുക്കുന്നവർ വാളാൽ നശിക്കും." (മത്തായി 26: 52). അവൻ "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ" (ലൂക്കോസ് 6:27) എന്നു പോലും പറഞ്ഞു. ലോകം അവനെ ആദരിക്കുന്നു. യേശുവിന്റെ മനോഭാവത്തെക്കുറിച്ച് പഠിച്ച മാർട്ടിൻ ലൂഥർ കിങ്ങ് പുസ്തകമെഴുതി: സ്നേഹത്തിനുള്ള ശക്തി. അതാണ് ദാസ-രക്ഷകൻ പ്രബോധിപ്പിക്കുന്നത്.

**ചോദ്യം :** ലോകം അക്രമങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. അക്രമരഹിത സ്നേഹത്തിന് കൂടുതൽ ശക്തിയുണ്ടോ? ..............................................................................................

..............................................................................................

**ചോദ്യം :** കഷ്ടപ്പെടുന്ന ദാസൻ എവിടെ അടക്കപ്പെടും? ..............................................

..............................................................................................

പുതിയ നിയമ രേഖപ്രകാരം യേശു കുറ്റവാളികൾക്കൊപ്പമല്ല അടക്കപ്പെട്ടത്. യേശുവിന്റെ അനുയായി ആയിരുന്ന ധനവാനും ഭക്തനുമായ അരിമഥ്യക്കാരൻ യോസഫ്, മുന്നോ

ട്ടുവന്ന് തന്റെ പുതിയ കല്ലറ വാഗ്ദാനം ചെയ്തു. അധികാരികൾ അവന്റെ അപേക്ഷ അംഗീകരിച്ചു. യെരുശലേം പട്ടണത്തിൽ ഇന്ന് മനോഹരമായ വെള്ള ശവക്കല്ലറയും പൂന്തോട്ടവും ഉണ്ട്. അവിടെയാണ് ദാസ-രക്ഷകന്റെ ശരീരം അടക്കം ചെയ്തതെന്ന് അനേകർ വിശ്വസിക്കുന്നു.

വാക്യം 10 : എബ്രായ മൂലഗ്രന്ഥത്തിലെ യെശയ്യാ പ്രവചന ഗ്രന്ഥപ്രകാരം ഈ വാക്യം താഴെക്കാണും വിധം തർജ്ജിമ ചെയ്യാനും അനുവദിക്കുന്നു:

"കർത്താവു പറയുന്നു; അവൻ കഷ്ടം സഹിക്കുകയെന്നത് എന്റെ ഹിതമായിരുന്നു. അവന്റെ മരണം പാപമോചനം നൽകുവാനുള്ള ഒരു യാഗമായിരുന്നു. അതുവഴി അവൻ തന്റെ പിൻഗാമികളെ കാണും. അവൻ ദീർഘകാലം ജീവിക്കും. അവൻ മുഖാന്തിരം എന്റെ ലക്ഷ്യം വിജയിക്കും."

ഈ ഭാഷാന്തരം വ്യക്തമാണ്. ദൈവഹിതം സ്നേഹത്തിന്റെ ഹിതമാണ്. ദാസ-രക്ഷകന്റെ അനുസരണം സ്നേഹത്തിന്റെ അനുസരണമാണ്. സർവ്വശക്തനായ ദൈവവും അവന്റെ ദാസ-രക്ഷകനും പൊതു ലക്ഷ്യത്തിനായ് ഒന്നിക്കുന്നു.

വാക്യം 11

**ചോദ്യം :** തന്റെ വേദനകൾക്കു ശേഷം ദാസൻ എന്തു കാണും? ..............................

..............................................................................................................................

**ചോദ്യം :** ദാസന്റെ പ്രവൃത്തിയുടെ ഫലമെന്ത്? അവന് മഹത്തായ സംതൃപ്തി നല്കുന്നതെന്ത്? ..............................................................................................................

**ചോദ്യം :** എന്തു ജ്ഞാനം ദാസൻ പ്രാപിക്കും? ..................................................

**ചോദ്യം :** നന്മചെയ്കയാൽ ഒരുവന് തൃപ്തിയുണ്ടാകും എന്നു നിങ്ങൾ കരുതുന്നുവോ?

.....................................................................................................................

വാക്യം 12 : ദാസ-രക്ഷകൻ ലഭ്യമാക്കുന്ന വീണ്ടെടുപ്പിനെ ഈ വാക്യം സംക്ഷേപിക്കുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തിയായി. അത് വിജയത്തിൽ അവസാനിക്കുന്നു. പുതിയ നിയമ വേദ പുസ്തകത്തിൽ പ്രവാചകന്റെ വാക്കുകൾ നിവൃത്തിയായി കാണുന്നു. "അവൻ തന്റെ പ്രാണനെ മരണത്തിൽ നിന്നും ഒഴുക്കി കളയും." അവൻ മരണത്തെ കീഴടക്കി എന്നു നാം അറിയുന്നു. അവന്റെ വിജയം മൂലം നാമും പറുദീസയിലെത്തും. യേശു ക്രൂശിക്കപ്പെട്ടപ്പോൾ കൂടെ ക്രൂശിക്കപ്പെട്ട രണ്ടു കുറ്റവാളികളിലൊരാൾ അപ്പോൾ തന്നെ അവന്റെ പാപങ്ങളെ ഓർത്ത് മാനസാന്തരപ്പെട്ടു. അവൻ യേശുവിനോട് പറഞ്ഞു; "നീ രാജത്വം പ്രാപിക്കുമ്പോൾ എന്നെയും കൂടെ ഓർക്കണമേ." യേശു മറുപടി പറഞ്ഞു; "നീ ഇന്നു എന്നോടു കൂടെ പറുദീസയിൽ ഇരിക്കുമെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു" (ലൂക്കോസ് 23:42-43)

(ദയവായി അനുബന്ധം കുറിപ്പ് 'D' വായിക്കുക)

### അദ്ധ്യായം 54

### സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുതിയ ഉടമ്പടി

വാക്യങ്ങൾ 1-8 : മക്കളില്ലാത്തതു നിമിത്തം തന്റെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഒരു സ്ത്രീയെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? മക്കളില്ലാത്ത ഒരു വിധവയ്ക്ക് ഒരു പുതിയ ഭർത്താവിനെ കണ്ടെത്താൻ കഴിഞ്ഞതായി നിങ്ങൾക്കറിയാമോ? അത്തരം സ്ത്രീകൾ വളരെ ദുഃഖിതരാണ്. പ്രവാചകൻ പറയുന്നു വിശ്വസ്തരായി ശേഷിക്കുന്ന എബ്രായർ ഇതുപോലെയാണ്. എന്നാൽ ഇപ്പോൾ അവർ വീണ്ടും ആഹ്ളാദിക്കും. ദൈവം ഒരിക്കൽക്കൂടി പ്രഖ്യാപിക്കുന്നു, അവൻ തന്റെ ജനവുമായുള്ള ഉടമ്പടി നിലനിർത്തും.

**ചോദ്യം :** ഉടമ്പടി എന്ന വാക്കിനർത്ഥം നിങ്ങൾ ഓർമ്മിക്കുന്നുവോ? അതെന്താണ്?

..............................................................................................................................

**ചോദ്യം :** ഇപ്പോൾ ദൈവം തന്റെ പുതുക്കിയ വാഗ്ദാനം നൽകുന്നു. അതെന്ത്?

....................................................................................................................................

പഴയ നിയമത്തിലെ നോഹയെക്കുറിച്ചും ജലപ്രളയത്തെക്കുറിച്ചും നിങ്ങൾ വായിച്ചിട്ടുണ്ടോ? അഴിമതിയും ദുഷ്ടതയും നിമിത്തം മനുഷ്യർക്കു മീതെ ഒരു വലിയ ജലപ്രളയം ദൈവം അയച്ചു. എന്നാൽ നോഹയെയും കുടുംബത്തെയും അവൻ രക്ഷിച്ചു. അവൻ ഇനി ഒരിക്കലും ജലപ്രളയം അയയ്ക്കില്ല എന്നതിന്റെ അടയാളമായി മഴവില്ലു നൽകി.

വാക്യം 10

**ചോദ്യം :** ദൈവത്തിന്റെ ദയയെക്കുറിച്ച് പ്രവാചകൻ എന്തു പറയുന്നു?

....................................................................................................................................

**ചോദ്യം :** ദൈവത്തിന്റെ സമാധാനത്തെ സംബന്ധിച്ച് പ്രവാചകൻ എന്തുപറയുന്നു?

....................................................................................................................................

ഇതൊരു താക്കോൽ വാക്യമായി നമുക്കു കരുതാം. എന്തെന്നാൽ മനുഷ്യ ജീവികളുടെ പുതിയ അവസ്ഥയെ അതു വ്യക്തമായി വിശദീകരിക്കുന്നു. നാം ഇനിയും രക്ഷക്കായി പ്രത്യാശിക്കേണ്ടതില്ല. അതു ലഭ്യമാണ്.

വാക്യങ്ങൾ 11-17

**ചോദ്യം :** ഇവിടെ വാഗ്ദാനം ചെയ്യുന്ന ദൈവ ദാസന്റെ പൈതൃകത്തെ ചുരുക്കമായി നിങ്ങളെങ്ങനെ വിശദീകരിക്കും? ....................................................................................

....................................................................................................................................

**അദ്ധ്യായം 55**

## സമൃദ്ധമായ ജീവനിലേക്കുള്ള ദൈവത്തിന്റെ കൃപാപൂർവ്വമായ ക്ഷണം

വാക്യം 1 ഇത് നിങ്ങൾക്ക് വരുന്നു. ഇത് എനിക്ക് വരുന്നു. ദാഹിക്കുകയും വിശക്കുകയും ചെയ്യുന്ന ഏവർക്കും ഇതു വരുന്നു. ദാസ-രക്ഷകന്റെ വിരുന്നിൽ പങ്കെടുക്കാനുള്ള ക്ഷണമാണിത്. ഇത് സമൃദ്ധമായ ജീവന്റെ വിരുന്നാണ്.

**ചോദ്യം :** ഈ വിരുന്നിൽ പങ്കെടുക്കാൻ എന്തുമാത്രം ചെലവാകും? ............................

....................................................................................................................................

വാക്യം 2-3

**ചോദ്യം :** നിങ്ങൾ ഈ ക്ഷണം സ്വീകരിക്കുകയാണെങ്കിൽ മൂന്നു ആത്മീകദാനങ്ങൾ നിങ്ങൾക്ക് ലഭ്യമാകും. അവ എന്തെല്ലാം? ........................................................................

....................................................................................................................................

***കുറിപ്പ് :*** ജനങ്ങൾ ഏറെ സ്നേഹിച്ച ഒരു യഹൂദ രാജാവാണ് ദാവീദ്. ധാരാളം നേട്ടങ്ങൾ അവനുണ്ട്. ദൈവത്തിന്റെ മഹത്വത്തെയും നന്മകളെയും കുറിച്ച് മനോഹരമായ പാട്ടുകൾ പാടി (സങ്കീർത്തനങ്ങൾ) എന്നതാണ് അതിലൊന്ന്. ദൈവം അവനെ സമൃദ്ധമായി അനുഗ്രഹിച്ചു. അവനിലേക്ക് വരുന്ന എവർക്കും അവരുടെ ജീവിതങ്ങളെ ധന്യമാക്കാൻ ഉതകുന്ന സമാനമായ അനുഗ്രഹങ്ങൾ ദൈവം വാഗ്ദത്തം ചെയ്യുന്നു. നല്ല ആത്മീക ഭക്ഷണത്തിനായ് മറ്റെവിടെയെങ്കിലും പോകുന്നത് മഠയത്തരമാണെന്ന് പ്രവാചകൻ ഉപദേശിക്കുന്നു.

വാക്യങ്ങൾ 4-5

**ചോദ്യം :** ദാവീദിനു ചെയ്തതുപോലെ, ദൈവം തന്റെ ജനത്തിന് പ്രത്യേക ചുമതകൾ നൽകുന്നു. അതെന്ത്? ....................................................................................................

....................................................................................................................................

**ചോദ്യം :** ദൈവ ജനം ദൈവ നിയോഗം നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന ഫലമെന്ത്?

.................................................................................................................................

വാക്യം 6

**ചോദ്യം :** ദൈവത്തിന്റെ കൃപാകരമായ ക്ഷണത്തിങ്കൽ സത്യസന്ധനായ ഒരു വ്യക്തി ചെയ്യേണ്ടത് എന്ത്? ..........................................................................................

..........................................................................................................................

വാക്യം 7 വിശുദ്ധനായ ദൈവമുമ്പിൽ നിൽക്കാൻ ഞാൻ യോഗ്യനോ? നമ്മുടെ മനസാക്ഷി ഈ ചോദ്യം ഉന്നയിക്കാം. തന്റെ അയോഗ്യതയെ യെശയ്യാവു തന്നെയും ഏറ്റുപറഞ്ഞു (അ. 6;5). നാമെല്ലാവരും വഴിതെറ്റിപ്പോയി എന്നും പ്രവാചകൻ പറഞ്ഞു(53:6).

**ചോദ്യം :** ഈ ക്ഷണം സ്വീകരിച്ച ഉടൻ ആദ്യമായി പാപികൾ ചെയ്യേണ്ടിയതെന്ത്?

..........................................................................................................................

**ചോദ്യം :** അവർക്ക് ദൈവം നൽകുന്ന ദാനമെന്ത്?

..........................................................................................................................

വാക്യങ്ങൾ 8-9 ദൈവത്തിന്റെ വഴികൾ നമ്മുടേതിനെക്കാൾ ഏറെ ഉന്നതമാണ്. നിങ്ങളുടെ ഈ പാത പഠനത്തിന്റെ വെളിച്ചത്തിൽ ഇതു കാണിക്കുന്ന ഉദാഹരണം തരിക. ..........................................................................................

***കുറിപ്പ്:*** ഒരു മനുഷ്യന് പ്രാപിക്കാവുന്നതിലേക്കും ഏറ്റവും മികച്ച ദാനം പാപമോചനമാണെന്നു ചിലർ പറയുന്നു. ദൈവം സ്നേഹത്തിൽ ശ്രേഷ്ഠനാകയാൽ, സർവ്വശക്തനായ ദൈവം ഈ ദാനം തികച്ചും സൗജന്യമായി വാഗ്ദാനം ചെയ്യുന്നു.

വാക്യങ്ങൾ 10-11

**ചോദ്യം :** ദൈവവാഗ്ദാനങ്ങളുടെയും ദൈവവചനത്തിന്റെയും സ്വഭാവങ്ങൾ എന്തെല്ലാം?

..........................................................................................................................

..........................................................................................................................

വാക്യങ്ങൾ 12-13

**ചോദ്യം :** ദൈവത്തിന്റെ രക്ഷയ്ക്കും പാപമോചനത്തിനും ഒപ്പം ലഭിക്കുന്ന മറ്റുരണ്ടു പ്രധാന ദാനങ്ങൾ ഏവ? ..........................................................................................

..........................................................................................................................

ഈ വിലയേറിയ ദാനങ്ങൾ സൗജന്യമാണ്. ദൈവത്തിന്റെ വിരുന്നിൽ നിങ്ങളും ഇരിക്കുക എന്നതുമാത്രമാണ് പ്രധാനം. വിശ്വസിക്കുക എന്നതാണ് അതിനർത്ഥം. പ്രവാചക ദൂത് നേരിട്ടുള്ളതും വ്യക്തവുമാണ്. നിങ്ങൾ ദാഹാർത്തരോ? എങ്കിൽ വരിക. വിരുന്നിന്റെ കർത്താവ് നിങ്ങൾക്ക് ആശ്ചര്യ സന്തോഷം നിറഞ്ഞ സമൃദ്ധമായ ജീവൻ നൽകും.

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 53:1: പുതിയ നിയമ സൂചന യോഹന്നാൻ 12, 37-41 സുവിശേഷം പറയുന്നു: "ഇത് സംസാരിച്ചിട്ട് യേശു മടങ്ങിപ്പോയി അവരെ വിട്ടുമറഞ്ഞു. അവർ കൺകെ അവൻ ഇത്ര വളരെ അടയാളങ്ങളെ ചെയ്തിട്ടും അവർ അവനിൽ വിശ്വസിച്ചില്ല. "കർത്താവേ, ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു. കർത്താവിന്റെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു." എന്ന് യെശയ്യാവ് പ്രവാചകൻ പറഞ്ഞ വചനം നിവൃത്തിയാകുവാൻ ഇടവന്നു... യെശയ്യാവു അവന്റെ തേജസ്സുകണ്ടു അവനെക്കുറിച്ച് സംസാരിച്ചതു കൊണ്ടാകുന്നു ഇങ്ങനെ പറഞ്ഞത്."

കുറിപ്പ് 'B'

യെശയ്യാവ് 53, 4. പുതിയ നിയമ സൂചന മത്തായി 8, 16-17. സുവിശേഷം പറയുന്നു: വൈകുന്നേരമായപ്പോൾ പല ഭൂതഗ്രസ്ഥരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു.

അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി. സകല ദീനക്കാർക്കും സൗഖ്യം വരുത്തി. അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞതു നിവൃത്തിയാകുവാൻതന്നെ."

കുറിപ്പ് 'C'

യെശയ്യാവ് 53, 5-6: പുതിയ നിയമ സൂചന 1 പത്രോസ് 2, 21-24. വിശുദ്ധ പത്രോസ് പറയുന്നു: അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽ ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്ത്. നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി. അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു.

കുറിപ്പ് 'D'

യെശയ്യാവു 53, 12: പുതിയ നിയമ സൂചന ലൂക്കോസ് 22, 37. യേശു പറഞ്ഞു: "അവനെ അധർമ്മികളുടെ കൂട്ടത്തിൽ എണ്ണി എന്നു എഴുതിയിരിക്കുന്നതിനു ഇനി എന്നിൽ നിവൃത്തി വരേണം എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതു ഇനി എന്നിൽ നിവൃത്തിവരേണം എന്നു പറയുന്നു."

**പാഠം 15**

**(ഈ പാഠം 56 മുതൽ 59 വരെയുള്ള അദ്ധ്യായങ്ങൾ ഉൾപ്പെടുന്നു)**

**ദൈവീകസ്വഭാവവും തിന്മയ്ക്കെതിരായ നമ്മുടെ പോരാട്ടവും**

(***കടന്നുപോകുന്ന ചിന്ത:*** ദൈവകൃപയാൽ രക്ഷിക്കപ്പെട്ട ഒരു വ്യക്തി നന്ദിയുള്ളവനായിരിക്കുകയും നല്ലതും നേരായതുമായ ജീവിതം നയിക്കേണ്ടതുമാകുന്നു.)

**അദ്ധ്യായം 56, 1–8 ദൈവീക സ്വഭാവത്തിന്റെ മാതൃക**

വാക്യം 1

**ചോദ്യം :** ഒരു ദൈവീക വ്യക്തി എന്തുചെയ്യും? ..................................................................
..................................................................................................................................

വാക്യം 2

**ചോദ്യം :** ഈ കാര്യങ്ങൾ ചെയ്യുന്ന ഒരാളുടെ പ്രതിഫലം എന്ത്? ............................
..................................................................................................................................

മോശെ പ്രവാചകൻവഴി യിസ്രായേൽ മക്കൾക്ക് ദൈവം പത്തു കല്പനകൾ നൽകി. സ്നേഹപ്രമാണം എന്ന് അതിനെ ചുരുക്കിപ്പറയാം. ദൈവത്തെ സ്നേഹിക്കുക, സഹോദരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുക. എല്ലാ ആഴ്ചകളിലും വിശ്രമ ദിനമായ ശബ്ബത്തു ദിവസം ആചരിക്കണം എന്നത് മൂന്നാം കല്പന. നാം കരുണയുള്ളവരാകണം എന്ന് ഓർമ്മിപ്പിക്കും വിധം ദൈവീക കരുണയേയും കല്പനകളെയും ഈ ദിനം ഓർമ്മിപ്പിക്കുന്നു.

വാക്യങ്ങൾ 3–5 'അന്യജാതിക്കാരൻ' എന്നത് എബ്രായേതരനെക്കുറിക്കുന്നു. 'ഷണ്ഡൻ' എന്നതും മിക്കവാറും അന്യദേശക്കാരനും വൃഷ്ണം നീക്കംചെയ്യപ്പെട്ടവനുമാണ്. ദൈവീക മനോഭാവം സകല ജനത്തെയും ഉൾക്കൊള്ളുന്ന സനേഹത്തിൽ അധിഷ്ഠിതമാണ്.

**ചോദ്യം :** ഈ വാക്യ പ്രകാരം ദൈവീക രക്ഷ ആർക്കാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്?
..................................................................................................................................

വാക്യം 6

**ചോദ്യം :** ദൈവീക ജീവിതത്തിന്റെ രണ്ടു പ്രധാന ഘടകങ്ങൾ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു. അവ ഏവ? ..................................................................................

വാക്യം 7

**ചോദ്യം :** ഈ വാക്യം പ്രസിദ്ധമാണ്. വീണ്ടെടുപ്പുകാരനായ ദൈവത്തിന്റെ ഏതു മനോഭാവമാണ് ഈ വാക്യം വിവരിക്കുന്നത്? .................................................................

(ദയവായി അനുബന്ധം കുറിപ്പ് 'A' വായിക്കുക)

വാക്യം 8 : ജാതി, ധനം, വർഗ്ഗം തുടങ്ങിയ ഒരു വിവേചനവും ദൈവം പാലിക്കുന്നില്ല. അവൻ സകലരേയും തുല്യമായി സ്നേഹിക്കുന്നു.

**അ. 56,9 – 57, 13 തിന്മയ്ക്കെതിരായ പോരാട്ടം**

നാം ബലഹീനരും പാപികളുമാകയാൽ ദൈവീക ജീവിതം നയിക്കുക ഒരു പോരാട്ടമാണ്. കൂടാതെ നാം പരീക്ഷകളാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഇത് വിശദീകരിക്കാനായി പ്രവാചകൻ ഒരിക്കൽ കൂടെ അഴിമതിയുടെയും വിഗ്രഹാരാധനയുടെയും അപകടം ഓർമ്മപ്പെടുത്തുന്നു.

വാക്യങ്ങൾ 56, 9–12; അഴിമതി ഒഴിവാക്കാൻ നാം ജാഗരൂകരായിരിക്കണമെന്ന് പ്രവാചകൻ പറയുന്നു. 'യിസ്രായേലിന്റെ പാറാവുകാരായ' മതനേതാക്കളെപ്പോലും ബാധിക്കത്തക്ക വിധം ശക്തമാണത്. അവരും കൂടെ ധാർമ്മികപോരാട്ടത്തിൽ ഇടപെടുന്നു.

**ചോദ്യം :** നിങ്ങളുടെ അഭിപ്രായത്തിൽ മതനേതാക്കൾ അഭിമുഖീകരിക്കുന്ന പരീക്ഷക ളുടെ പ്രധാന രൂപമെന്ത്? ..........................................................................................

..........................................................................................

അദ്ധ്യായം 57 : 1-13: യെശയ്യാവിന്റെ പ്രവചന പുസ്തകം വിഗ്രഹാരാധനയെ പ്രതിരോധിക്കാനും കൂടെ ഉപദേശിക്കുന്നു. സർവ്വശക്തന് ഇത് എത്രമാത്രം തുടർച്ചയാണെന്നും പ്രവാചകൻ പറയുന്നു. പ്രവാചകന്റെ കാലത്ത് കനാന്യ ക്ഷേത്രങ്ങളിലെ ആരാധനയുമായി ബന്ധപ്പെട്ട് ധാരാളം അധാർമ്മിക പ്രവൃത്തികൾ നടന്നിരുന്നു. നിങ്ങൾക്ക് ദൈവവുമായി വില പേശാനാവില്ല എന്നു പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. (വാക്യം 12). വ്യാജ ആരാധനയുമായി ബന്ധപ്പെട്ട തിന്മകളെ നിങ്ങളുടെ സൽകർമ്മങ്ങളുടെ മോടിയിൽ മറച്ചു പിടിക്കാനാവില്ല.

വാക്യം 13

**ചോദ്യം :** രക്ഷാ വാഗ്ദത്തം അവകാശമാക്കുന്നതാര്? ..........................................................................................

..........................................................................................

**അദ്ധ്യായം 57, 14-20**

**വിനയപ്പെടുകയും അനുതപിക്കുകയും ചെയ്യുന്ന പാപികളെ ദൈവം സുഖപ്പെടുത്തുന്നു.**

എല്ലാ മനുഷ്യരും തിന്മയ്ക്കെതിരായ പോരാട്ടത്തിൽ ചിലപ്പോൾ പരാജയപ്പെടുന്നു. നാം തെറ്റിപ്പോകുമ്പോൾ, ഒരു കാര്യം ദൈവം ആഗ്രഹിക്കുന്നു, നാം വിനയപൂർവ്വം മാനസാന്തരപ്പെടണം. എബ്രായ ജനതയുടെ കഥയിൽ നിന്നും ഈ പാഠം നാം പഠിക്കണം. ദൈവ ഇഷ്ടത്തിനു വിരുദ്ധമായി ഹൃദയം കഠിനപ്പെടുത്തുന്നത് അവർ മതിയാക്കിയപ്പോൾ, ദൈവം അവർക്ക് സൗഖ്യവും പുനസ്ഥാപനവും നൽകി.

വാക്യം 14-15

**ചോദ്യം :** ദൈവം ഉന്നതനും വിശുദ്ധനും മാത്രമല്ല, അവൻ നമുക്കു സമീപസ്ഥനും കൂടെയാണ്. പ്രത്യേകിച്ചും ആർക്കാണ് ദൈവം സമീപസ്ഥൻ? ..........................................

..........................................................................................

**ചോദ്യം :** ആർക്കാണ് പുതുജീവൻ നല്കുകയും പുതുപ്പിക്കുകയും ചെയ്യുന്നത്?

..........................................................................................

വാക്യം 18

**ചോദ്യം :** നാം അവന്റെ ക്ഷമയ്ക്ക് അർഹരല്ലെങ്കിലും കൃപാലുവായ ദൈവം ചെയ്യുന്നതെന്ത്? ..........................................................................................

..........................................................................................

വാക്യം 19

**ചോദ്യം :** അനുതപിക്കുന്നവർക്ക് അവൻ നല്കുന്ന രണ്ട് ദാനങ്ങൾ ഏവ?

..........................................................................................

***കുറിപ്പ് :*** നാം നേരത്തെ ശ്രദ്ധിച്ചപോലെ സമാധാനത്തിന്റെ എബ്രായ പദം ശാലോം ആണ്. ഈ പദം സകല നന്മകളെയും സമഗ്രതയെയും സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് എബ്രായർ ശാലോം അലൈക്കം എന്നു പരസ്പരം അഭിവാദ്യം ചെയ്യുന്നത്. "ഞാൻ നിനക്ക് നന്മ നേരുന്നു" എന്നർത്ഥം. അറബി ഭാഷയിലും തത്തുല്യമായ പ്രയോഗമുണ്ട്. ശലോം അലൈക്കും. അതിനും അതേ അർത്ഥം തന്നെ. ഇംഗ്ലീഷിൽ ഇങ്ങനെ ഒരു പ്രയോഗമുണ്ട്. "സമാധാനം നിന്നോടു കൂടെയിരിക്കട്ടെ."

**ചോദ്യം :** ഇതിനു തുല്യമായ മലയാള പ്രയോഗമെന്ത്? ..........................................

## അദ്ധ്യായം 58: 1-14 കപടഭക്തി സൂക്ഷിക്കുക

തിന്മയ്ക്കെതിരായ പോരാട്ടമാണ് ദൈവീക സ്വഭാവമെന്നതിനർത്ഥം എന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. അഴിമതിയും വിഗ്രഹാരാധനയും തിന്മയുടെ രണ്ടു ഉദാഹരണങ്ങളായി അവൻ നൽകുന്നു. ഇപ്പോൾ മൂന്നാമത്തെ പ്രശ്നം എടുക്കുന്നു: കപടഭക്തി. അതു വ്യക്തമാക്കാനായി ഉപവാസവും ആരാധനയും ചർച്ചാവിഷയമാകുന്നു. ഇതു രണ്ടും എളുപ്പത്തിൽ വർദ്ധിക്കുന്നതാണ്.

വാക്യം 1

**ചോദ്യം :** ഈ വാക്യ പ്രകാരം കപട ഭക്തിയുടെ രൂപമെന്ത്? ..............................................
........................................................................................................................................

മതാത്മകതയും ഭക്തിയും അഭിനയിക്കുന്നത് വലിയ ഗൗരവമായ പാപമായി കാണുകയില്ല. എന്നാൽ ദൈവം ഇതു ഗൗരവമായിട്ടെടുക്കുന്നു. പ്രവാചകൻ ഇതു വിളിച്ചുപറയുന്നു.

വാക്യം 2

**ചോദ്യം :** ബാഹ്യ ആചാരങ്ങൾ പാലിക്കുന്നതിലൂടെ ചില എബ്രായർ ഭക്തി അഭിനയിച്ചു. അവർ ദൈവത്തോടെന്തു പറഞ്ഞു? (വാക്യം 3) ..............................................
........................................................................................................................................

വാക്യം 3-5

**ചോദ്യം :** ജനം ചെയ്ത മൂന്നു കാര്യങ്ങൾ ഏവ? ..............................................................
..............................................................., ...............................................................

ശരിയാം വിധം ആണ് ആചരിക്കുന്നതെങ്കിൽക്കൂടി അവരുടെ ഉപവാസം വഞ്ചനയാണ് എന്ന് ദൈവം പറയുന്നു. കാരണം അതേ സമയത്ത് ചീത്ത സ്വഭാവം അവർ വഹിക്കുന്നു.

വാക്യം 6

**ചോദ്യം :** യഥാർത്ഥ ഉപവാസമെന്ത്? (2 കാര്യങ്ങൾ) ..............................................................
..........................................................................

വാക്യം 7

**ചോദ്യം :** ശരിയായ ഉപവാസം എന്ത്? (4 കാര്യങ്ങൾ) ..............................................
......................................., ..................................................., ..................................................

വാക്യം : 8 കൃത്യമായ ആചാരപരമായ ഉപവാസം ആചരിക്കുമ്പോൾ, ജനം നമ്മെ അഭിനന്ദിക്കും. കൂടുതലായി ദൈവത്തോടു അടുത്ത ബന്ധവും അതു നിർമ്മിക്കും.

വാക്യം 9

**ചോദ്യം :** സഹായത്തിനായി ദൈവത്തെ വിളിക്കുന്ന സത്യസന്ധർക്ക് ദൈവം എന്തു ചെയ്യും? ........................................................................................................................

വാക്യം 10: യഥാർത്ഥ ദൈവീക സ്വഭാവം ധാർമ്മിക അധഃപതനത്തിനിടയിലും ജീവിത വെളിച്ചം സാധ്യമാക്കും.

വാക്യം 11-12

**ചോദ്യം :** ദൈവത്തിന്റെ ധാർമ്മിക പ്രമാണങ്ങൾ അനുസരിക്കുന്നവർക്ക് ദൈവം നൽകുന്ന മൂന്ന് ആശീർവാദങ്ങൾ ഏവ? ..................................................................
..............................................................., ...........................................................................

വാക്യം 13-14 എല്ലാ ആരാധനാ രീതികളും കപട ഭക്തിയെന്ന പാപത്തിന്റെ വിഷയങ്ങളാകാം. "നോക്കൂ, ഞാൻ ഇവിടെയുണ്ട്. എന്നെ നോക്കൂ. ഞാൻ എത്ര നല്ലതാണ്." എന്നാൽ

ഉപവാസത്തിലേതെന്നപോലെ ആരാധനയിലും ദൈവം പ്രതീക്ഷിക്കുന്നത് വിനയമാണ്. നമ്മുടെ വാക്കുകൾക്കൊപ്പം പ്രവൃത്തി കൊണ്ടും അവനെ ആരാധിക്കണമെന്ന് അവൻ ആവശ്യപ്പെടുന്നു.

വാക്യം 13

**ചോദ്യം :** ആഴ്ചതോറുമുള്ള അവധിദിനത്തെ മാനിക്കാനുള്ള മുഖ്യവഴിയെന്ത്?

.......................................................................................................................................

അദ്ധ്യായം 59, 1-19 അനീതിയെയും പീഡനത്തെയും സൂക്ഷിക്കുക.

തന്റെ അവസാന രണ്ടു ഓർമ്മപ്പെടുത്തലുകൾ പ്രവാചകൻ കൂട്ടിച്ചേർക്കുന്നു. അഴിമതി, വിഗ്രഹാരാധന, കപടഭക്തി എന്നിവയ്ക്കൊപ്പം അനീതിയും പീഡനവും ഒഴിവാക്കണം. ദൈവീക സ്വഭാവമെന്നാൽ ഈ തിന്മകളെ വിട്ടുമാറണമെന്നതും ഇതിന് വിപരീതമായവ ചെയ്യണമെന്നുമാണ് അർത്ഥമാക്കുന്നത്.

**ചോദ്യം :** താഴെ കൊടുത്തിരിക്കുന്ന ഓരോ സ്വഭാവത്തിന്റെയും എതിർപദം കുറിക്കുക.

(1) അഴിമതി -
(2) വിഗ്രഹാരാധന -
(3) കപടഭക്തി -
(4) അനീതി -
(5) പീഡനം -

വാക്യം 1-2

**ചോദ്യം :** ഈ അകൃത്യങ്ങൾ ഉത്പാദിപ്പിക്കുന്ന കേന്ദ്ര പാപപ്രശ്നത്തെ പ്രവാചകൻ പ്രസ്താവിക്കുന്നു. അതെന്താണ്? ................................................................................

ജീവനുള്ള ദൈവത്തിൽ നിന്നുമുള്ള അകൽച്ചയെന്നാൽ ജീവനും സ്നേഹവും ഇല്ലാതാവുകയെന്നർത്ഥം. അതുകൊണ്ടാണ് ദാസന്റെ കഷ്ടം സഹിക്കുന്ന സ്നേഹം നമുക്കു പ്രധാനമായിരിക്കുന്നത്. നമ്മുടെ അകൃത്യങ്ങൾ വഹിക്കുകയാൽ അവൻ അകൽച്ചയ്ക്കെതിരായി ഒരു പാലം ഉണ്ടാക്കി. "നമ്മെ സഹായിപ്പാൻ കഴിയാത്ത വിധം കർത്താവിന്റെ കരം കുറുകിപ്പോയില്ല."

വാക്യങ്ങൾ 4-11, 14-15

**ചോദ്യം :** തന്റെ സമൂഹത്തിൽ പ്രകടമായ ചിലതരം അനീതികളെ പ്രവാചകൻ വിശദീകരിക്കുന്നു. നമ്മുടെ ആധുനിക സമൂഹത്തിൽ നിങ്ങൾ നിരീക്ഷിക്കുന്ന മൂന്നു അനീതികളേവ? .......................................................................................................................

..................................................................................., ...................................................................................

വാക്യങ്ങൾ 12-13

**ചോദ്യം :** സമൂഹത്തിന്റെ തിന്മകൾ വാസ്തവമായും ആർക്കെതിരെയാണ്?

.......................................................................................................................................

വാക്യം 16 : അടിസ്ഥാന ധാർമ്മികത അവഗണിക്കപ്പെടുമ്പോൾ ദൈവം നിരാശപ്പെടുക മാത്രമല്ല ചെയ്യുന്നത്. സത്ജനം ഇടപെടാതിരിക്കുന്നതിൽ ദൈവം ദുഃഖിക്കുക കൂടി ചെയ്യുന്നു. സാമൂഹ്യ തിന്മകൾക്കെതിരെ പോരാടാൻ അവൻ ശ്രമിക്കുന്നില്ല. ജനം സാധാരണ പറയുന്നത് "വാഗ്ദാനങ്ങൾ വളരെ വലുതാണ്. അതിനെക്കുറിച്ച് എനിക്കൊന്നും ചെയ്യാനാകില്ല."

**ചോദ്യം :** ഏതെങ്കിലും രീതിയിൽ നാം പരിശ്രമിക്കണമെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

.......................................................................................................................................

വാക്യം 17 നന്മയുടെ ശത്രുക്കൾ ശക്തരാണ്. അതിനെതിരെ നില്ക്കാൻ ഒരു വ്യക്തിക്ക് മാനസികവും ധാർമ്മികവുമായ ആയുധം ആവശ്യമാണ്. രണ്ടുതരം ആത്മീക ആയുധ

ങ്ങളെപ്പറ്റി ഈ വാക്യം സൂചിപ്പിക്കുന്നു. നീതി കവചവും രക്ഷാശിരസ്ത്രവും. പുതിയനിയമം "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം" എന്ന് കൂടുതലായി ഇതിനെ വിശദീകരിക്കുന്നു.

(ദയവായി അനുബന്ധം കുറിപ്പ് 'C' വായിക്കുക)

വാക്യങ്ങൾ 20-21

**ചോദ്യം :** ദൈവം നമ്മെ വീണ്ടെടുക്കുക മാത്രമല്ല, ദൈവീക സ്വഭാവം പ്രാപിക്കുവാൻ മറ്റു പ്രത്യേക ദാനങ്ങൾ കൂടി നൽകുകയും ചെയ്യുന്നു. ആ ദാനമെന്ത്? (7, 8, 9, 21 വാക്യങ്ങൾ കാണുക)

അതുവഴി ദൈവം ഒരു പുതിയ ഉടമ്പടി പുനസ്ഥാപിക്കുന്നു. അത് ദാസ-രക്ഷകന്റെ അനുയായികൾക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റേതുമായ ആത്മശക്തിയാലുള്ള ഉടമ്പടിയാണ്.

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 56:7: പുതിയ നിയമ സൂചന മാർക്കോസ് 11, 17. സുവിശേഷ ഗ്രന്ഥകാരൻ പറയുന്നു. "പിന്നെ അവരെ ഉപദേശിച്ചു. എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നില്ലയോ? നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു."

കുറിപ്പ് 'B'

യെശയ്യാവ് 58:7: പുതിയ നിയമ സൂചന മത്തായി 27:37-40. ന്യായവിധി നാളിൽ നീതിമാന്മാർ യേശുവിനോടു ചോദിക്കും: "കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ, ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ടു ചേർത്തുകൊള്ളുകയോ നഗ്നനായി കണ്ടിട്ടു ഉടുപ്പിക്കുകയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ഉത്തരം പറയും. രാജാവു അവരോട് എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്തു."

കുറിപ്പ് 'C'

യെശയ്യാവ് 59, 17-19: പുതിയ നിയമ സൂചന എഫേസ്യർ 6, 13-17. തിരുവചനം പറയുന്നു: "അതുകൊണ്ട് നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും, സകലവും സമാപിച്ചിട്ട് ഉറച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ."

## പാഠം 16

## ദൈവം തിന്മയെ ശാസിക്കുകയും കീഴടക്കുകയും ചെയ്യുന്നു.

(*കുറിപ്പ്:* ഇതുവരെ ചെയ്തു വന്നതിൽ നിന്നും വ്യത്യസ്തമായി ഇനിയങ്ങോട്ട് നമ്മുടെ കോഴ്സിൽ വായനയും ചോദ്യങ്ങളും അദ്ധ്യായത്തിൽ നിന്നും അദ്ധ്യായത്തിലേക്ക് എന്ന ക്രമത്തിലാവില്ല. വിഷയങ്ങൾക്കനുസരിച്ച് വ്യത്യസ്ത ഭാവങ്ങളായി ക്രമീകരിച്ചിരിക്കുന്നു. തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കുന്ന ക്രമത്തിൽ വാക്യങ്ങൾ ദയവായി വായിക്കുക)

(ഈ പാഠത്തിലെ വാക്യങ്ങൾ വായിക്കേണ്ട ക്രമം: 63, 1-6, 66, 1-4, 14-17, 24; 65, 7-14; 63, 15-64, 12)

### അദ്ധ്യായം 63, 1-6

### തിന്മയ്ക്കെതിരായ പോരാട്ടത്തെ വിശുദ്ധ ദൈവം നയിക്കുന്നു

വാക്യം 1 : ഏദോം യഹൂദ്യയുടെ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. ബൊസ്ര യാണ് അതിന്റെ തലസ്ഥാനം. ഈ ചിത്രംവഴി ദൈവത്തിന്റെ സകല ശത്രുക്കളെയും അടയാളപ്പെടുത്തുന്നു. ഏദോമിൽ നിന്നൊരുവൻ വരുന്നത് കാവൽക്കാരൻ കാണുന്നു. അതാരാണ്? അത് ദിവ്യ വിജയാളിയാണ്. ശത്രുക്കളുടെ നുണ താളടിയായി.

**ചോദ്യം :** 'ഇവൻ ആര്' എന്ന കാവൽക്കാരന്റെ ചോദ്യത്തിന് ജയാളിയുടെ ഉത്തരമെന്ത്?

..............................................................................................................................

വാക്യം 2: കാവൽക്കാരൻ ജയാളിയോടു രണ്ടാമത്തെ ചോദ്യം ചോദിച്ചു. "നിന്റെ വസ്ത്രം മുന്തിരിച്ചക്കു ചവിട്ടുന്നവന്റേതു പോലെ ഇരിക്കുന്നതെന്ത്?" രക്ഷകൻ 3-6 വരെയുള്ള വാക്യങ്ങളിൽ മറുപടി നൽകുന്നു. അവൻ പറയുന്നു, "ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി. ജാതികളിൽ ആരും എന്നോടു കൂടെ ഉണ്ടായിരുന്നില്ല. എന്റെ കോപത്തിൽ ഞാൻ അവരെ ചവിട്ടി. എന്റെ ക്രോധത്തിൽ അവരെ മെതിച്ചുകളഞ്ഞു. അവരുടെ രക്തം എന്റെ വസ്ത്രത്തിന്മേൽ തെറിച്ചു. എന്റെ ഉടുപ്പൊക്കെയും മലിനമായിരിക്കുന്നു."

**ചോദ്യം :** സാത്താനെയും തിന്മയുടെ ശക്തികളെയും നശിപ്പിക്കാൻ ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലും കഴിയുമെന്നു നിങ്ങൾ കരുതുന്നുവോ? ..........................................

.........................................................................................................................................

**ചോദ്യം :** അദ്ധ്യായം 53, 5 പറയുന്നു എന്തിന്, എങ്ങനെ ദാസ-രക്ഷകൻ കഷ്ടം സഹിക്കണമെന്ന്. ആ വാക്യം കണ്ടുപിടിച്ച് ഇവിടെ എഴുതുക. ..................................

.........................................................................................................................................

.........................................................................................................................................

വിശുദ്ധനായ ദൈവത്തിന്റെ പാപത്തിനെതിരായ കോപത്തെ ഓർത്ത് ഭയപ്പെടാതെയും അവന്റെ കാരുണ്യ പ്രവൃത്തിയെ ഓർത്ത് നന്ദി പറയാതെയും ഒരാൾക്ക് ഈ വാക്യങ്ങൾ വായിക്കാൻ കഴിയുന്നതെങ്ങനെ!

### അദ്ധ്യായം 66 1-4, 14-17, 24 - ദൈവമുമ്പാകെ വിറയ്ക്കുക

വാക്യം 1 : ദൈവം തന്റെ മഹാരാജത്വം പ്രഖ്യാപിക്കുന്നു.

**ചോദ്യം :** അവന്റെ സിംഹാസനം എന്താകുന്നു? ..............................................................

**ചോദ്യം :** അവന്റെ പാദപീഠം എന്ത്? .........................................................................................

**ചോദ്യം :** അവന് ഒരു ഭവനമോ വിശ്രമസ്ഥലമോ ആവശ്യമുണ്ടോ? ...............................

വാക്യം 2

**ചോദ്യം :** പരിശുദ്ധൻ തന്റെ ജനത്തിൽ കാണാനാഗ്രഹിക്കുന്ന മൂന്നു ഗുണങ്ങളെഴുതുക.

................................, ...................................................., .................................................

വാക്യം 4 ദൈവത്തിനു പ്രസാദകരമല്ലാത്ത കാര്യങ്ങൾ ചെയ്യാൻ ജനം തിരഞ്ഞെടുത്തു. ഇതു ചെയ്യാൻ തങ്ങൾ തക്ക ജ്ഞാനികളെപോലെ അവർ പെരുമാറി. വാസ്തവമായി ഇതിനെക്കുറിച്ചു ചിന്തിക്കാനും അവരുടെ തീരുമാനങ്ങളെ പരിശോധിക്കാനും അവർ തയ്യാറായിരുന്നില്ല.

**ചോദ്യം :** തെറ്റായ തിരഞ്ഞെടുപ്പുകൾ തെറ്റായ ഫലങ്ങൾ ഉളവാക്കുമെന്ന് നിങ്ങൾ കരുതുന്നുവോ? ........................................................................................................................

**ചോദ്യം :** തെറ്റായ തിരഞ്ഞെടുപ്പുകൾ ഒഴിവാക്കാനുള്ള നല്ല മാർഗ്ഗമെന്ത്?

........................................................................................................................................

ഇപ്പോൾ 17, 24 എന്നീ വാക്യങ്ങൾ വായിക്കുക: ചെറിയ കാര്യങ്ങളിലെ തെറ്റാത്ത തെരഞ്ഞെടുപ്പുകൾ പോലും ഗൗരവമായ തെറ്റായ പ്രവൃത്തികളിലേക്കു നയിച്ചേക്കാം. ദൈവജനത്തിങ്കൽ സംഭവിക്കുന്നത് ഇതാണ്. അവരുടെ ചെറിയ വിഴവുകൾ മഹാ പാപങ്ങളായി മാറുന്നു. ജനം എതിർക്കുന്നതിലേക്കും തിന്മ പ്രവൃത്തികളിലേക്കും നീങ്ങുന്നു. അതു പലതും മതത്തിന്റെ പേരിലുമാകാം. അതു ദൈവകോപത്തിനു കാരണമാകുന്നു. ദൈവത്തിനു നിശബ്ദനായിരിക്കാനാവില്ല. ഈ സമയം നോഹയുടെ കാലത്തേതെന്നപോലെ ജലപ്രളയം അവൻ അയക്കുന്നില്ല.

വാക്യങ്ങൾ 14-16

**ചോദ്യം :** ഈ കാലത്തിൽ ദൈവം തന്റെ കോപം നടപ്പിലാക്കുന്നതെങ്ങനെ?

........................................................................................................................................

നാം ദൈവമുമ്പാകെ വിറയ്ക്കണം! നമ്മുടെ സകല പാപങ്ങളും ദൈവത്തോടുള്ള അതിക്രമങ്ങളാണ്. നമ്മുടെ സൃഷ്ടിതാവും സഖിയുമായവനെതിരെ നമുക്കെങ്ങനെ മത്സരമുള്ള ഒരു ജീവിതം ജീവിക്കാനാകും?

### അദ്ധ്യായം 65 1-16 - ദൈവത്തിന്റെ ന്യായവിധിയിലെ നീതി

സകല മനുഷ്യരും ധാർമ്മികമായി ബലഹീനരാണെന്ന് ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. യെശയ്യാവിന്റെ പ്രവചന ഗ്രന്ഥം ഈ നേരായ സത്യത്തിന് അടിവരയിടുന്നു. തിന്മയ്ക്കെതിരായ സകല പോരാട്ടങ്ങളും പലപ്പോഴും പരാജയത്തിലവസാനിക്കുന്നു. എബ്രായരുടെ ചരിത്രം ഈ സത്യം വ്യക്തമായി ചിത്രീകരിക്കുന്നു. അവർ രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു ഒരുവിഭാഗം ദൈവത്തോടു തികഞ്ഞ മത്സരികളായി ദൈവകല്പനയ്ക്കു ഒരു ശ്രദ്ധയും കൊടുത്തില്ല. അവരുടെ മേലുള്ള ദൈവ ശിക്ഷാവിധി നീതിയുള്ളതായിരുന്നു. മറ്റേ വിഭാഗം തങ്ങളുടെ ഭോഷത്വങ്ങളിൽ മാനസാന്തരപ്പെടുകയും ദൈവീക ദാസരായി ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്തു. വിശ്വസ്തനായ ദൈവം അവനോട് കരുണ കാണിച്ചു.

വാക്യം 1

**ചോദ്യം :** ദൈവ സ്വഭാവത്തെ സംബന്ധിച്ച ഒരു പ്രധാന സത്യം ഈ വാക്യം വെളിപ്പെടുത്തുന്നു. ആ സത്യമെന്ത്? ........................................................................................

........................................................................................................................................

(ദയവായി അനുബന്ധം കുറിപ്പ് 'A' വായിക്കുക)

വാക്യം 2

**ചോദ്യം :** ഈ നാളുകളിലൊക്കെയും ദൈവം നമ്മോടെന്തുചെയ്യുന്നു?

വാക്യങ്ങൾ 3-7 : നിർഭാഗ്യവശാൽ അനേകർ ദൈവത്തിനും ദൈവവചനത്തിനും ഒരു

ശ്രദ്ധയും നൽകുന്നില്ല. മറ്റുള്ളവർ സ്വയനീതിക്കാരാകുന്നു. അവർക്ക് ഒരു ഒഴികഴിവുമില്ല. എന്തെന്നാൽ ദൈവം മതിയായ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്.

**ചോദ്യം :** ദിവ്യമുന്നറിയിപ്പുകൾ എവിടെയാണ് എഴുതപ്പെട്ടിരിക്കുന്നത്?...............
.........................................................................................................................................

വാക്യങ്ങൾ 8-16

**ചോദ്യം :** ഈ വാക്യങ്ങളിൽ “എന്റെ ദാസർ” എന്ന പദം എത്ര പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു? ..........................................................................................................

***കുറിപ്പ് :*** പ്രവാചകന്റെ എബ്രായ ഭാഷയിൽ ദാസൻ എന്ന വാക്കിന് സ്നേഹിതൻ എന്നും അർത്ഥമുണ്ട്. നാം ഏവരും ആഗ്രഹിക്കുന്ന തികച്ചും മനോഹരമായ പേരുതന്നെയാണത്.

വാക്യം 10 : വടക്കുകിഴക്കൻ യഹൂദ്യയിലെ ഒരുതരം ചതുപ്പു നിലമാണ് ശാരോൺ. ചാവുകടലിനു സമീപമുള്ള വരണ്ട സ്ഥലമാണ് ആഖോർ. ദൈവം ഈ പ്രദേശങ്ങളെപ്പോലും തന്റെ വിശ്വസ്ത ദാസർക്ക് ഫലഭൂയിഷ്ഠ പ്രദേശമാക്കും.

വാക്യം 11: ഗദ്, മെനി എന്നിവ രണ്ടു ദേവതകളുടെ പേരുകളാണ്. ഗദ് എന്നാൽ ഭാഗ്യം എന്നും മെനി എന്നാൽ വിധി എന്നും അർത്ഥം. പ്രവാചകൻ പറയുന്നു; “നക്ഷത്രങ്ങളിലും ഭാഗ്യങ്ങളിലും ആശ്രയിക്കരുത്. ദൈവത്തിലാശ്രയിക്കുക. അവനെ മാത്രം ആരാധിക്കുകയും സേവിക്കുകയും ചെയ്ക! നിങ്ങൾ അവനെ ശ്രദ്ധിക്കാതെയോ അവനിൽ ആശ്രയിക്കാതെയോ ഇരുന്നാൽ ദൈവം ശിക്ഷിക്കും.”

വാക്യങ്ങൾ 13-14

**ചോദ്യം :** ദൈവത്തെ മറക്കുകയും തിന്മ പ്രവർത്തിക്കുകയും ചെയ്യുന്നവർ അഭിമുഖീകരിക്കേണ്ട അഞ്ചു ശിക്ഷകളെന്തെല്ലാം? ...................................., ....................................
......................................., ......................................................, ..................................................

വാക്യം 16

**ചോദ്യം :** ഈ വാക്യത്തിലെ ദൈവത്തിന്റെ മനോഹര നാമമെന്ത്? ..............................
.........................................................................................................................................

**ചോദ്യം :** നമ്മുടെ വിഷമതകൾക്ക് സ്നേഹവാനായ ദൈവം നൽകുന്ന വാഗ്ദത്തമെന്ത്?
...............................................................................................................................

**അദ്ധ്യായം 63, 7 - 64, 12 - പഴയ കരുണകളെ ഓർക്കുക സ്വർഗ്ഗീയ പിതാവിലേക്ക് മടങ്ങി വരിക**

മുടിയനായ പുത്രന്റെ പ്രസിദ്ധമായ കഥ യേശു പറഞ്ഞു. കരുണയുടെയും ഓർമ്മയുടെയും കഥയാണിത്. പുത്രൻ അന്യദേശത്തേക്കു പോയി. അവന്റെ അവകാശം അവൻ അവിടെ അന്യാധീനപ്പെടുത്തി. ദയനീയ അവസ്ഥയിൽ അവൻ വീണു. പിന്നെ അവൻ അവന്റെ അപ്പന്റെ സ്നേഹത്തെയും തുറന്ന കരത്തെയും ക്ഷമിക്കാനുള്ള ഒരുക്കത്തെയും ഓർമ്മിച്ചു ഭവനത്തിലേക്കു മടങ്ങിപ്പോകാൻ അവൻ തീരുമാനിച്ചു. ഈ ഭാഗത്ത് പ്രവാചകൻ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ഇതുതന്നെ ചെയ്യാൻ ആവശ്യപ്പെടുന്നു. പഴയ കരുണകളെ ഓർക്കുക, പിതാവിന്റെ കരത്തിലേക്ക്, ഭവനത്തിലേക്ക് മടങ്ങിവരിക.

**7-14 പഴയ കാരുണ്യങ്ങളെ ഓർക്കുക**

ഏഴാം വചനത്തിലെ ‘ഞാൻ’ ആരാണ്? പഴയ കാരുണ്യങ്ങളെ സ്മരിക്കുന്ന വ്യക്തിയാരാണ്? തീർച്ചയായും പ്രവാചകൻ സംസാരിക്കുന്നു. പക്ഷെ അവൻ സാധാരണ വിശ്വസ്ത എബ്രായനെ പ്രതിനിധീകരിക്കുന്നു. വിശ്വസ്ത എബ്രായൻ ആകുലനാ

ണ്. അവന്റെ ജനത്തിന്റെ പാപം വലിയ പ്രശ്നങ്ങൾക്ക് കാരണമാകും എന്നവൻ അറിയുന്നു. ദൈവം കഴിഞ്ഞ കാലത്തേതെന്നപോലെ ഏതെങ്കിലും വിധത്തിൽ ഇടപെടുകയും രക്ഷിക്കുകയും ചെയ്യുമെന്ന് അവൻ വിശ്വസിക്കുന്നു. വിശ്വസ്ത എബ്രായൻ ദാസ-രക്ഷകനെകുറിച്ചു കേട്ടിട്ടില്ലായിരിക്കാം. അതുകൊണ്ട് ദൈവം പഴയ കാലത്തു ചെയ്തപോലെ താഴേക്കിറങ്ങി വന്ന് അതിശയകരമായി സഹായിക്കുന്നതിനായി പ്രവാചകൻ ദൈവത്തോടപേക്ഷിക്കുന്നു. അതേസമയം പാപമോചനത്തിനായും അവൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

**ചോദ്യം :** കഴിഞ്ഞ കാലങ്ങളിൽ തന്റെ ജനത്തോടു കരുണ കാണിക്കാൻ ദൈവം ചെയ്തതെന്ത്? ..................................................................................................................................

..................................................................................................................................

വാക്യം 8 : വിശുദ്ധ എബ്രായർ വിശ്വസിക്കുന്നത് ഒരു പിതാവു തന്റെ മക്കളെ രക്ഷിക്കും പ്രകാരം ദൈവം തങ്ങളെ സംരക്ഷിക്കും എന്നാണ്.

**ചോദ്യം :** തന്റെ ജനം എപ്രകാരമായിരിക്കണമെന്ന് ദൈവം കരുതുന്നു?

..................................................................................................................................

**ചോദ്യം :** ഈ വാക്യത്തിൽ ദൈവത്തിന് നല്കുന്ന മനോഹരമായ നാമമെന്ത്?

..................................................................................................................................

വാക്യം 9 : ദൈവ സ്വഭാവത്തിലേക്ക് ഈ വാക്യം ഒരു ജാലകം തുറക്കുന്നു. മറ്റുള്ളവരിലേക്ക് അകലത്തിരുന്നുകൊണ്ട് തന്റെ പ്രതിനിധികളെ അയയ്ക്കുന്ന ഒരു ഭരണാധിപൻ അല്ല അവൻ. നമ്മെ സഹായിക്കാനായി ദൂതരെയും പ്രവാചകരെയും അയയ്ക്കുകമാത്രമല്ല അവൻ ചെയ്യുന്നത്. അവൻ തന്നെത്തന്നെ അയയ്ക്കുന്നു. അവന്റെ സ്നേഹത്തിന്റെ ആത്യന്തിക പ്രകടമായും നമ്മുടെ രക്ഷയുടെ നിർണ്ണായക ഘടകമായും ദാസ-രക്ഷകനിലൂടെ ദൈവം തന്നെ നമ്മിൽ സന്നിഹിതനായിരിക്കുന്നു. ഇതിനെ വിശദമായി പുതിയ നിയമ വേദ പുസ്തകം പറയുന്നു.

വാക്യം 10 തന്റെ സ്വന്തം മക്കളെപ്പോലെ അനേക വർഷങ്ങൾ തന്റെ ജനത്തെ കാത്തുരക്ഷിച്ചെങ്കിലും മക്കളെന്തു ചെയ്തു?

വാക്യം 11

**ചോദ്യം :** ദൈവത്തിൽ നിന്നകന്നതിന്റേയും അതിന്റേതായ ദുഃഖകരമായ ഭവിഷ്യത്തുകളെയും അനുഭവിച്ച ശേഷവും ഇസ്രായേൽ മക്കൾ ചെയ്യാൻ തുടങ്ങിയതെന്ത്?

..................................................................................................................................

വാക്യങ്ങൾ 12-14

**ചോദ്യം :** ദൈവത്തിന്റെ അനേകം വിടുതൽ പ്രവർത്തനങ്ങൾക്കിടയിലും ഏറ്റവും പ്രധാനമായി അവർ ഓർമ്മിക്കുന്നതെന്ത്?

..................................................................................................................................

### അദ്ധ്യായം 63, 15 - 64, 12

### വിശ്വസ്തനായ എബ്രായൻ ഹൃദയപൂർവ്വം പിതാവിങ്കലേക്ക് മടങ്ങിവരുന്നു.

വാക്യം 15 : വിശ്വസ്ത എബ്രായർ ദൈവത്തിന്റെ രക്ഷാപ്രവർത്തനങ്ങളെ ഓർക്കുന്നു. ഒരു ഇടയനെപ്പോലെ ദൈവം അവരെ കരുതിയതിനെയും സ്വസ്ഥത നൽകിയതിനെയും അവൻ ഓർക്കുന്നു. അവരുടെ നിസ്സഹായ അവസ്ഥയിലേക്ക് നോക്കി ഒരിക്കൽക്കൂടെ അവരെ വീണ്ടെടുക്കാൻ അവൻ ദൈവത്തോട് യാചിക്കുന്നു.

വാക്യം 16 : ഒരു വിശ്വസ്ത എബ്രായൻ താൻ അബ്രഹാമിന്റെ പിൻതുടർച്ചക്കാരനെന്ന്

അറിയുമ്പോഴും വംശ പാരമ്പര്യം രക്ഷകൊണ്ടുവന്നില്ല എന്നു തിരിച്ചറിയുന്നു. താൻ യിസ്രായേൽ ജനതയിൽ ഉൾപ്പെട്ടവനാണെന്നറിയുമ്പോഴും ഒരു പ്രത്യേക മതസമൂഹ ത്തിൽ അംഗമായിരുന്നതു കൊണ്ടു മാത്രം രക്ഷ കിട്ടില്ല എന്നറിയുന്നു. അവന്റെ പ്രതിസ ന്ധികളിൽ അവനെ വാസ്തവമായി വിടുവിക്കാൻ കഴിയുന്ന സ്നേഹവും ശക്തിയും ഉള്ള ഒരുവനായി അവൻ നോക്കി പാർക്കുന്നു. ദാവീദിന്റെ സങ്കീർത്തനം അവർ ഓർക്കും (42,2) “എന്റെ ആത്മാവ് ദൈവത്തിനായ്, ജീവനുള്ള ദൈവത്തിനായ് തന്നെ ദാഹിക്കുന്നു.”

**ചോദ്യം :** ദൈവത്തെ ഏതു രണ്ടു മനോഹര നാമങ്ങളാൽ അവൻ വിളിക്കുന്നു?

........................................................................................................................................

വാക്യം 17: വിശ്വസ്ത എബ്രായൻ തികച്ചും വിഹ്വലനും തകിടംമറിഞ്ഞവനുമായി മണ്ട ത്തരങ്ങൾ പോലും അവന്റെ പ്രാർത്ഥനയിൽ പറയുന്നു. മുൻപുള്ള വാക്യത്തിൽ ദൈവം തന്റെ കരുണ പിടിച്ചു വച്ചിരിക്കുന്നതായി അവൻ പരാതിപ്പെടുന്നു. ഈ വാക്യത്തിൽ അവൻ പരാതിപ്പെടുന്നത് അവർ വഴിതെറ്റിപ്പോകാൻ ദൈവമാണ് കാരണമെന്നാണ്. തങ്ങ ളുടെ തെറ്റുകൾക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നവരിൽ ഇതു സാധാരണമാണ്. എന്നാൽ വിശ്വസ്ത എബ്രായൻ ഇതിനെക്കാളും മെച്ചമായ് അറിയുന്നു. പിന്നീടുള്ള വചനങ്ങളിൽ അവന്റെ പാപ അവസ്ഥയ്ക്ക് പൂർണ്ണ ഉത്തരവാദിത്വം അവൻ അംഗീകരിക്കുന്നു.

**ചോദ്യം :** നിങ്ങളുടെ തെറ്റുകൾക്ക് മറ്റുള്ളവരെ നിങ്ങൾ പഴി പറയാറുണ്ടോ?

........................................................................................................................................

**ചോദ്യം :** മനുഷ്യ തിന്മകൾക്ക് ദൈവത്തെ കുറ്റപ്പെടുത്താമെന്ന് നിങ്ങൾ കരുതുന്നുവോ?

........................................................................................................................................

വാക്യങ്ങൾ 18-19

**ചോദ്യം :** വിശ്വസ്ത എബ്രായൻ പരാമർശിക്കുന്ന വിശുദ്ധ മന്ദിരമെന്ത്?

........................................................................................................................................

### അദ്ധ്യായം 64, 1-3

**ചോദ്യം :** വിശ്വസ്ത എബ്രായൻ പഴയ കരുണകളെ ഓർക്കുമ്പോൾ, ദൈവം ഇപ്പോൾ എന്തു ചെയ്യണമെന്നാണ് അവൻ ആവശ്യപ്പെടുന്നത്?

........................................................................................................................................

***കുറിപ്പ് :*** യെശയ്യാ പ്രവചന ഗ്രന്ഥ പഠനത്തിനിടയിൽ അവന്റെ ചില മഹത്തായ പ്രവച നങ്ങൾ നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. ദൈവം ഒരു ശിശുവായി താണിറങ്ങിവരും എന്ന താണ് അതിലൊന്ന് (7,11). അവൻ ഇമ്മാനുവേൽ; ദൈവം നമ്മോടു കൂടെ; എന്നു വിളി ക്കപ്പെടും. വിശ്വസ്ത എബ്രായർ ഇതു തിരിച്ചറിഞ്ഞെങ്കിൽ സന്തോഷത്തോടെ അവരും പാടും:

“വരിക, വരിക, ഇമ്മാനുവേൽ....”

(ദയവായി അനുബന്ധം കുറിപ്പ് ‘B’ വായിക്കുക)

വാക്യം 4

**ചോദ്യം :** അവനായി കാത്തിരിക്കുന്നവർക്ക് രക്ഷിക്കുന്ന ദൈവം ചെയ്യുന്നതെന്ത്?

........................................................................................................................................

വാക്യം 5-7 ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നത് വിശ്വസ്ത എബ്രായർ ആത്മീകമായി സ്വയം ബോധ്യമുള്ളവരാണെന്നാണ്. തന്റെ പാപ അവസ്ഥയുടെ പൂർണ്ണ ആഴം അവൻ തിരിച്ചറിയുന്നു. നമ്മുടെ നീതിപ്രവൃത്തികൾപോലും പലപ്പോഴും തെറ്റായ പ്രചോദന

ത്തോടെയാകാം. നമ്മുടെ കടങ്ങൾ കീഴടക്കാൻ ധാർമ്മികവില കൊടുക്കാൻ അവയ്ക്കാവില്ല.

വാക്യം 6

**ചോദ്യം :** അവൻ ചെയ്യുന്ന ഏറ്റുപറച്ചിലെന്ത്? ..........................................................................

..........................................................................................................................

വാക്യം 7

**ചോദ്യം :** നമ്മെ നല്ലവരും ശ്രേഷ്ഠരുമായി ദൈവം നിർമ്മിച്ചു. നമ്മെ ഇപ്പോൾ നോക്കുമ്പോൾ, അവനെന്തു ചെയ്യും?

..........................................................................................................................

വാക്യം 8-9 വിശ്വസ്ത എബ്രായൻ വിശ്വസിക്കുന്നത് സൃഷ്ടാവാം ദൈവം വന്ന് ഏതു വിധേനയും നമ്മെ പുനക്രമീകരിക്കുകയും പുതുക്കുകയും ചെയ്യുമെന്നാണ്. അത് അവൻ ചെയ്തത് തന്റെ ദാസ-രക്ഷകൻ നമ്മുടെ പാപങ്ങൾ ഏറ്റെടുക്കയാലാണ്. വീണ്ടും ദൈവത്തിന് നമ്മിൽ പുഞ്ചിരിക്കാനാകും.

**ചോദ്യം :** 8-ാം വാക്യത്തിൽ സർവ്വശക്തനെ അവൻ വിളിക്കുന്നതെങ്ങനെ?

..........................................................................................................................

**ചോദ്യം :** 9-ാം വാക്യത്തിൽ ദൈവം എന്തുചെയ്യാനാണ് ചോദിക്കുന്നത്?

..........................................................................................................................

വാക്യങ്ങൾ 10-12 : വിശ്വസ്ത എബ്രായൻ വാസ്തവമായും അനുതപിക്കുന്നവനാണ്. അവൻ കർത്താവിനോടു പറയുന്നു; നാം വളരെ കഷ്ടപ്പെട്ടു. ഞങ്ങളുടെ ആലയം, ഞങ്ങളുടെ വിശുദ്ധപട്ടണം, ഞങ്ങളുടെ പൂന്തോട്ടങ്ങൾ, ഏല്ലാം അധഃപതിച്ചു. ദയവായി ഞങ്ങളോടു പൊറുക്കുക, ഞങ്ങളെ സഹായിക്കുക.

**ചോദ്യം :** നാമും കൂടെ ദൈവത്തോടു പാപം ഏറ്റുപറഞ്ഞ് അവന്റെ കരുണ അപേക്ഷിക്കണമെന്ന് നിങ്ങൾ കരുതുന്നുവോ? ..........................................................

..........................................................................................................................

**ചോദ്യം :** ദൈവം നിശബ്ദനായിരിക്കുമെന്നോ പാപങ്ങൾ മോചിക്കുമെന്നോ എന്നാണ് നിങ്ങൾ കരുതുന്നത്. ..................................................................................

..........................................................................................................................

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 65,1. പുതിയ നിയമ സൂചന റോമർ 10, 20. വിശുദ്ധ പൗലൂസ് പറയുന്നു: "യെശയ്യാവോ, എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി. എന്നെ ചോദിക്കാത്തവർക്ക് ഞാൻ പ്രത്യക്ഷനായി എന്നു ധൈര്യത്തോടെ പറയുന്നു."

കുറിപ്പ് 'B'

യെശയ്യാവ് 64, 4: പുതിയ നിയമ സൂചന 1 കൊരിന്ത്യർ 2, 9. വിശുദ്ധ പൗലൂസ് പറയുന്നു: "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല... നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു....."

## പാഠം 17

## സുവാർത്ത! ദൈവം നമ്മുടെ ജീവിതത്തെ ഉജ്ജ്വലവും ലോകത്തെ പ്രകാശമയവും ആക്കും

(***കടന്നുപോകുന്ന ചിന്ത:*** തിന്മയ്ക്കെതിരായ പോരാട്ടവും പാപമോചനവും ആയിരുന്നു 16-ാം പാഠത്തിലെ വിഷയം. ഈ അവസാന പാഠത്തിൽ ദൈവം നമുക്കു ക്ഷമ നൽകുമെന്ന ഉറപ്പു നൽകുന്നു. അവൻ ഇതു ചെയ്യുന്നത് അവനയച്ച ദാസ-രക്ഷകൻ, ലോകത്തിന്റെ പ്രകാശം, നമുക്കായി നമ്മുടെ പാപങ്ങളെ വഹിക്കുക വഴിയാണ്.)

(വായിക്കേണ്ട ക്രമം - അദ്ധ്യായം 60, 61, 62, 66:5-13, 65, 17-25, 66, 18-23)

### അദ്ധ്യായം 60

### ഉദയം എത്തിച്ചേരുന്നു

വെളിച്ചം ഒരു ശക്തമായ മതചിഹ്നമാണ്. വെളിപാട്, പഠനം, ശുദ്ധീകരണം, ഭക്തി, മനോഹരത, പ്രത്യാശ ഇവയൊക്കെയുമായി അതു ബന്ധപ്പെട്ടിരിക്കുന്നു. ബൈബിളിൽ അടിക്കടി ദൈവത്തെ പ്രകാശമായി കാണിച്ചിരിക്കുന്നു. അവന്റെ പ്രകാശം ഇരുട്ടിനെ കീഴടക്കും. ദാസ-രക്ഷകൻ ലോകത്തിന്റെ വെളിച്ചം ആണ്. ദൈവത്തിന്റെ പ്രകാശത്തിന്റെ അനുയായികളെ വെളിച്ചത്തിന്റെ മക്കൾ എന്നു വിളിക്കുന്നു. ദൈവം അവരുടെ ജീവിതങ്ങളെ പ്രകാശിപ്പിക്കും. അവർ വഴി അവൻ ലോകത്തെ പ്രകാശപൂരിതമാക്കും. സ്വർഗ്ഗം കൂടെ വെളിച്ചത്തിന്റെ നഗരമാണ്. യെശയ്യാവു പ്രവാചകന്റെ ഗ്രന്ഥത്തിലെ അവസാന വാക്യങ്ങളിൽ ദൈവത്തിന്റെ ദൂതൻ ഉദയം ദർശിക്കുന്നു. സമാപനത്തിങ്കൽ അവൻ രക്ഷയുടെ ഗാംഭീര്യം അവതരിപ്പിക്കുന്നു.

വാക്യം 1

**ചോദ്യം :** വരാനിരിക്കുന്ന വെളിച്ചം ആരാകുന്നു? ..............................................................

..............................................................................................................................................

**ചോദ്യം :** പ്രകാശത്തെ പിന്തുടരുന്ന ജനം ചെയ്യേണ്ടതെന്ത്? രണ്ടുവാക്കുകൾ.

..............................................................................., ..............................................................................

എപ്പോഴെങ്കിലും നിങ്ങൾ ഇരുട്ടിൽ നടക്കുകയും ഭയം തോന്നുകയും ചെയ്തിട്ടുണ്ടോ? ഞാനൊരു പക്ഷേ പിടിച്ചു പറിക്കപ്പെട്ടേക്കാം. എന്നെ പാമ്പു കടിച്ചേക്കാം. പെട്ടെന്ന് മുന്നിൽ വെളിച്ചം കാണുന്നു. നിങ്ങൾ ഭയത്തെ അതിജീവിക്കുന്നു. പിന്നീട് മറ്റുള്ളവരോട് നിങ്ങൾ ഈ കഥ പറയുന്നു. ദൈവത്തിന്റെ വെളിച്ചത്തെ സംബന്ധിച്ചും ഇതുപോലെയാണ്. ഒരിക്കൽ നിങ്ങളത് അനുഭവിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് നിശബ്ദരായിരിക്കാനാവില്ല. പങ്കിടേണ്ട സുവാർത്തയാണത്. കുട്ടികൾ പാടുന്നതിങ്ങനെയാണ്. "ഞാൻ അതിനെ പ്രകാശിപ്പിക്കുവാൻ പോകുകയാണ്...."

വാക്യം 2

**ചോദ്യം :** പ്രകൃതിയിൽ അന്ധകാരം ചെയ്യുന്നത് എന്ത്? ..............................................

**ചോദ്യം :** ആത്മീക മേഖലയിലെ കൂരിരുട്ട് അവസാനിപ്പിക്കുന്നതാർ?

..............................................................................................................................................

വാക്യങ്ങൾ 3-5 : ദൈവീക വെളിച്ചത്തിന്റെ പ്രത്യക്ഷത രണ്ടു പ്രധാന പ്രവൃത്തികൾ ചെയ്യുന്നു. ആദ്യമായി, ചിതറിപ്പോയ യിസ്രായേൽ മക്കൾ ഒന്നിപ്പിക്കപ്പെടും. രണ്ടാമതായി, സുവാർത്തയാൽ അനേകം എബ്രായേതരർ ആത്മീകമായി പ്രകാശിപ്പിക്കപ്പെടും.

**ചോദ്യം :** രണ്ടാം വാക്യം സൂചിപ്പിക്കുന്ന രണ്ട് ഫലങ്ങളേവ?

..............................................................................., ..............................................................................

**ചോദ്യം :** മൂന്നാം വാക്യം സൂചിപ്പിക്കുന്ന രണ്ട് ഫലങ്ങളേവ?

..........................................................., ..........................................................................................

വാക്യങ്ങൾ 6-7. മിദ്യാനും എഫെയി-യും കിഴക്കൻ പാലസ്തീനിലെ രണ്ടു എബ്രായേതര ഗോത്രങ്ങളാണ്. ശേബയെന്നത് എത്യോപ്യയോ തെക്കു പടിഞ്ഞാറൻ അറേബ്യയോ ആകാം. കേദാർ വടക്കു പടിഞ്ഞാറൻ അറേബ്യയാണ്. നെബായോത്ത് വടക്കൻ അറേബ്യയാണ്.

**ചോദ്യം :** ഈ ജനങ്ങൾ എന്തുചെയ്യും?

......................................................................................................................................................

**ചോദ്യം :** കേരളത്തെയോ മലബാറിനെയോ പ്രവാചകൻ സൂചിപ്പിക്കാത്തത് എന്തുകൊണ്ടാണ് എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്.

......................................................................................................................................................

വാക്യങ്ങൾ 8-18 യെരുശലേം പ്രകാശത്തിന്റെ അടയാളമാകും

ദൈവത്തിന്റെ നഗരമായി യെരുശലേം പുനസ്ഥാപിക്കപ്പെടുന്നതിനെ ഈ വാക്കുകൾ വിവരിക്കുന്നു. ഇതിലെ പൗരർക്ക് വിശേഷ ഗുണങ്ങളുണ്ടായിരിക്കും. പ്രകാശത്തിന്റെ പ്രതീക സമൂഹമായിരിക്കും അത്.

വാക്യം 15

**ചോദ്യം :** ഈ വാക്യം നൽകുന്ന വാഗ്ദത്തമെന്ത്? ........................................................

വാക്യം 16

**ചോദ്യം :** ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളെ പ്രതിഫലിക്കുന്ന നാലു പേരുകൾ ഏവ? ..................................................., ............................................................................

..................................................................., ..........................................................................

വാക്യം 17

**ചോദ്യം :** പട്ടണത്തിന്റെ നായകനും അധിപതികളും ആരായിരിക്കും?

......................................................................................................................................................

**ചോദ്യം :** അതിലെ പൗരരോട് വേലക്ക് ചുമതലപ്പെടുത്തിയവൻ ചോദിക്കുന്നതെന്ത്?......................................................................................................................

വാക്യം 18

**ചോദ്യം :** പട്ടണത്തിലും അതിന്റെ ദേശത്തും ഇനിമേൽ കാണപ്പെടാത്തതെന്ത്?

......................................................................................................................................................

**ചോദ്യം :** പട്ടണ മതിലുകളെ എന്തുവിളിക്കും?..............................................................

**ചോദ്യം :** പട്ടണ കവാടത്തിന്റെ പേരെന്താകും? ..............................................................

**ചോദ്യം :** ദൈവീക രക്ഷയിൽ നിന്നൊഴുകി വരുന്ന വെളിച്ചം ആവശ്യമില്ലാത്തവരായി ആരെങ്കിലും ഉള്ളതായി നിങ്ങൾ കരുതുന്നുവോ? ............................................

**വാക്യങ്ങൾ 19-22 അന്ത്യ തേജഃപ്രസരണം**

അബ്രഹാമിനും അവന്റെ സന്തതിക്കും നല്കിയ വാഗ്ദത്തം നിവൃത്തിയാക്കപ്പെട്ടു. അതുപോലെ ലോകത്തെവിടെയുമുള്ള സകല ഭാഷക്കാരുമായ സകല വിശ്വാസികൾക്കുമുള്ള ദൈവീക വാഗ്ദത്തങ്ങളും നിറവേറി. സകലർക്കു മുന്നിലും ഇതാ അന്ത്യ തേജഃപ്രസരണം, സ്വർഗ്ഗീയ ദർശനം.

വാക്യങ്ങൾ 19-20

**ചോദ്യം :** ആരാണ് അതിന്റെ നിത്യപ്രകാശം? ...................................................................

വാക്യം 21

**ചോദ്യം :** രക്ഷിക്കപ്പെട്ട ജനത്തിനുണ്ടാകുന്ന ആത്മീക ഗുണമെന്ത്?

.....................................................................................................................................................

വാക്യം 22

**ചോദ്യം :** രക്ഷയുടെ പ്രത്യാശാ നിശ്ചയം നമുക്കുള്ളതെന്തുകൊണ്ട്?

.....................................................................................................................................................

***കുറിപ്പ് :*** ദൈവം തന്റെ വാഗ്ദത്തങ്ങൾ പാലിക്കുന്നു. പുതിയ നിയമത്തിൽ, യോഹന്നാൻ സ്നാപകന്റെ അപ്പനായ സെഖര്യാവ് ഈ പാട്ടുപാടി.

"യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ
അവൻ തന്റെ ജനത്തെ സന്ദർശിച്ച് ഉദ്ധാരണം ചെയ്യുകയും
ആദിമുതൽ തന്റെ വിശുദ്ധ പ്രവാചകർ മുഖാന്തിരം അരുളിച്ചെയ്തതുപോലെ
നമ്മുടെ ശത്രുക്കളുടെ വശത്തു നിന്നും നമ്മെ പകക്കുന്ന ഏവരുടെയും
കയ്യിൽ നിന്നും നമ്മെ രക്ഷിപ്പാൻ....
ഇരുട്ടിലും മരണ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ച്, നമ്മുടെ
കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന് ആ ആർദ്ര കരുണയാൽ
ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു."

(ലൂക്കോസ്, 1:68-70, 78-79)

ചില മാസങ്ങൾക്കു ശേഷം പ്രവാചക വാക്യം നിറവേറി. യേശു, ദാസ-രക്ഷകൻ ബത്ലഹേമിൽ പിറന്നു. വളർന്നപ്പോൾ അവൻ പ്രഖ്യാപിച്ചു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചം ഉള്ളവൻ ആകും." (യോഹന്നാൻ 8; 12)

**അദ്ധ്യായം 61**

**വെളിച്ചം പ്രകാശിക്കുമ്പോൾ അന്ധകാരം പിൻവാങ്ങുന്നു**

ദാസ-രക്ഷകൻ വിഷമ സന്ധിയിലകപ്പെട്ട ജനത്തിനു പുതുജീവനും ലോകത്തിനു പ്രത്യാശയും നൽകുന്നത് ഭൂമിയെ കുലുക്കുന്ന പ്രവൃത്തിയാണെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു.

വാക്യം 1

**ചോദ്യം :** താൻ ചെയ്യേണ്ട ചില പ്രവൃത്തികളും ഉത്തരവാദിത്വങ്ങളും ദാസ-രക്ഷകൻ അറിയിക്കുന്നു. ആറെണ്ണം എഴുതുക................................., ...........................................
......................................., .........................................., ..............................., ...............................................

വാക്യം 2: ഈ പ്രവർത്തന ഫലമായി ഒരു പുതുയുഗം ഉദയം ചെയ്യുന്നു. എബ്രായ സംസ്കാരം ഓരോ അമ്പതു വർഷത്തിന്റെയും അവസാന വർഷം പ്രത്യാശയോടെ ആഘോഷിക്കുന്നു. 'ജൂബിലി വർഷം' എന്നതിനെ വിളിച്ചു. സകല അടിമകളും വിമോചിതരാകും. പണയപ്പെടുത്തിയ വസ്തുക്കൾ തിരിച്ചു നൽകും. എല്ലാ പിഴവുകളും തിരുത്തപ്പെടും. ദാസ-രക്ഷകന്റെ ചുമതല ആത്മീകവും നിലനിൽക്കുന്നതുമായ "ജൂബിലി വർഷ" ത്തിന്റെ സ്ഥാപനമാണ്. നാം ഇപ്പോൾ നിലനിൽക്കുന്നത് ഈ വർഷത്തിലാണ്

**ചോദ്യം :** രക്ഷകനാൽ അടിമത്ത്വത്തിൽ നിന്നു മോചിതരായതും പിഴവുകൾ തിരുത്തപ്പെട്ടതും ആരാണ്? ...........................................................................................................

വാക്യം 6

**ചോദ്യം :** ദാസ-രക്ഷകനെ അനുഗമിക്കുന്ന ദൈവജനത്തിനും അവന്റേതിനു തുല്യമായ ചുമതലകളുണ്ട്. അവരുടെ ചുമതലകൾ നിർവ്വഹിക്കുവാൻ വേണ്ട സഹായത്തിന് അവർ ദൈവാനുഗ്രഹം പ്രാപിക്കും? ..............................................................................
.....................................................................................................................................................

**ചോദ്യം :** ആ ജനം വിളിക്കപ്പെടുന്നതെങ്ങനെ? .............................................................

വാക്യം 8 : നമ്മുടെ രക്ഷയുടെ ആന്തരിക രഹസ്യം ഈ വാക്യത്തിൽ പ്രകടമാകുന്നു. നീതിയുടെ ദൈവം തന്നെയാണ് ദാസ-രക്ഷകനിലൂടെ പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് രക്ഷ, ശക്തവും സാർവ്വത്രികവും നിലനിൽക്കുന്നതുമായിരിക്കുന്നത്.

**ചോദ്യം :** തന്നോടു വിശ്വസ്തരായിരിക്കുന്നവർക്ക് നമ്മുടെ വീണ്ടെടുപ്പുകാരനും വിശ്വസ്തനുമായ കർത്താവ് സ്ഥാപിക്കുന്നതെന്ത്? ..............................................................

..........................................................................................................................................

വാക്യങ്ങൾ 9-10 : മറ്റുള്ളവർക്ക് എടുക്കാനും ശ്രദ്ധിക്കാനും കഴിയും വിധം വിശേഷമായി പ്രകാശിതമായ അനുഭവങ്ങളാണ് ദൈവീക രക്ഷ സ്വീകരിക്കുന്നവർക്കുള്ളത്. കല്യാണ വസ്ത്രം പോലെ മനോഹരമായിരിക്കും അവരുടെ സ്വഭാവങ്ങൾ. പ്രശ്നങ്ങൾക്കിടയിലും ദൈനംദിന ജീവിതത്തിൽ അവർ സന്തുഷ്ടരായിരിക്കും. ഏതുവിധേനെയും അനുഗ്രഹീതരായ ജനമായി അവർ കാണപ്പെടും.

വാക്യം 11

**ചോദ്യം :** അവരുടെ ജീവിതം എന്തിനു തുല്യമായിരിക്കും?..............................................

..........................................................................................................................................

**ചോദ്യം :** ലോകത്തിന് അവർ ഉല്പാദിപ്പിക്കുന്ന രണ്ടു ഫലങ്ങൾ ഏവ?

..................................................................., ...........................................................................

കുറിപ്പ് : കേരളം ഫലസമൃദ്ധമാണ്. തേങ്ങ, വാഴപ്പഴം, മാങ്ങ, ഓറഞ്ച്, നാരങ്ങ, പപ്പായ, പേരയ്ക്ക, ചക്കപ്പഴം, പുറുത്തിച്ചക്ക, മുതലായവ. ദൈവത്തിന്റെ സത്യസന്ധരായ അനുയായികളും ആത്മീക ഫലങ്ങളാൽ അറിയപ്പെട്ടവരായിരിക്കും. സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, നന്മ, താഴ്മ, ഇന്ദ്രിയജയം തുടങ്ങിയവ....

(ദയവായി അനുബന്ധം കുറിപ്പ് 'B' വായിക്കുക.)

**അദ്ധ്യായം 62 - ദൈവം തന്റെ ജനത്തിൽ ആനന്ദിക്കുന്നു**

ദൈവീക രക്ഷയെന്നത് ഒരു ദേശം അവകാശമാക്കുന്നതിനേയും ഒരു പ്രത്യേക വംശം ആയിരിക്കുന്നതിനേയും കാൾ ആഴവും വിശാലവും ഏറിയതാണെന്നു നാം പഠിച്ചു. അതു ആഴമേറിയതുതന്നെ; എന്തെന്നാൽ അത് ഉജ്വലമായ ആത്മീക ചിന്താഗതിയാണ് - ദൈവത്തിന്റെ സ്നേഹപൂർവമായ പാപമോചനം. അത് വിശാലമാണ്. എന്തെന്നാൽ അത് ഭൂത-വർത്തമാന-ഭാവിയെല്ലാം ഉൾക്കൊള്ളുന്ന മുഴുലോകത്തിനായുമുള്ളതാണ്. എന്നിരുന്നാലും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പുനസ്ഥാപനത്തിനായുള്ള ദൈവവാഗ്ദത്തം നാം വിസ്മരിക്കുവാൻ പ്രവാചകൻ അനുവദിക്കുന്നില്ല. അവസാനമായി ഒരിക്കൽക്കൂടെ പ്രവാചകൻ ഈ വാഗ്ദത്തത്തിലേക്ക് മടങ്ങിവരുന്നു. എബ്രായ ശേഷിപ്പിന് അവരുടെ ശാരീരികവും വൈകാരികവുമായ ആകുലതകളിൽ നിന്നും ദൈവം അവരെ വീണ്ടെടുക്കുമെന്ന് പ്രവാചകൻ ഉറപ്പു നൽകുന്നു.

വാക്യം 1

**ചോദ്യം :** യഹൂദ്യയുടെയും യരുശലേമിന്റെയും പുനസ്ഥാപനം എന്ത് പോലെയായിരിക്കും? ..........................................................................................................................

പ്രവാചകന്റെ കാലത്ത് ബാറ്ററികളോ കൃത്രിമ വിളക്കുകളോ ഉണ്ടായിരുന്നില്ല. ഒരുകാലത്ത് കേരളീയർ ചെയ്തിരുന്നപ്രകാരം ഒരു വെളിച്ചമാണ് രാത്രികാല യാത്രകൾക്ക് ജനം ഉണ്ടാക്കിയിരുന്നത്. വിളക്ക് ഇരുളിനെ അകറ്റിക്കളയുന്നു. രക്ഷ കത്തുന്ന വിളക്കുപോലെയാണ്.

**ചോദ്യം :** വിളക്കെടുക്കേണ്ടത് ആരുടെ ചുമതലയാണ്?.......................................................

വാക്യങ്ങൾ 2-5. ശത്രുക്കൾ യരുശലേമിനെ 'ഉപേക്ഷിക്കപ്പെട്ടവർ" എന്നും "ശൂന്യമാക്ക

പ്പെട്ടവര്‍" എന്നും വിളിച്ച് പരിഹസിച്ചു. പ്രവാചകന്‍ ഇപ്പോള്‍ പറയുന്ന ദൈവം അവര്‍ക്ക് രണ്ട് പുതിയ പേരുകള്‍ നല്കും.

**ചോദ്യം :** അവ ഏവ? ..............................................., ...........................................................

***കുറിപ്പ്:*** ഹെഫ് സീബാ എന്നതിനര്‍ത്ഥം "അവളില്‍ എന്റെ ആഹ്ലാദം". ബെയൂലാ എന്ന തിന് "വിവാഹിത" എന്നര്‍ത്ഥം. തന്റെ വധുവിനോട് സ്നേഹമുള്ള ഭര്‍ത്താവെന്നപോലെ ദൈവം പ്രവര്‍ത്തിക്കുന്നു.

വാക്യങ്ങള്‍ 6-9. എബ്രായരുടെ പീഡകര്‍ അവരുടെ ജീവിതത്തെ വളരെ കഠിനമാക്കി. സാധാരണ ഭക്ഷണവും ദാഹജലവും പോലും ദുര്‍ലഭമാക്കി. ദൈവം അവയ്ക്കായി നാലു കാര്യങ്ങള്‍ ചെയ്തു. (1) പീഡനത്തില്‍ നിന്നും അവന്‍ അവരെ വിമോചിപ്പിച്ചു (2) അവര്‍ക്കു ചുറ്റം കാവല്‍ക്കാരെ ഏര്‍പ്പെടുത്തി (3) അവര്‍ക്ക് ധാന്യവും മുന്തിരിയും ഉണ്ടെന്ന് ഉറപ്പാക്കി (4) നിരന്തരം അവരോട് യാചിക്കാനായി അവരെ ക്ഷണിച്ചു. ദൈവം ആത്മീക ആവശ്യങ്ങള്‍ക്കൊപ്പം നമ്മുടെ ദൈനംദിന ആവശ്യങ്ങള്‍ക്കായും കരുതുന്നു എന്നതു തെളിവാക്കുന്നു.

***കുറിപ്പ്:*** കേരളത്തിലെ ദരിദ്ര കര്‍ഷകര്‍ ഏറെക്കാലം അവര്‍ ഉല്പാദിപ്പിക്കുന്നതുകൊണ്ട് കഷ്ടിച്ചു കഴിഞ്ഞുകൂടി. വെറും പട്ടാളക്കാരന്‍ മൂന്നിലൊന്ന് ധാന്യം മാത്രം കൈപ്പറ്റി. അനേക കാലം തൊഴിലാളികള്‍ അക്ഷരാര്‍ത്ഥത്തില്‍ അടിമകളായിരുന്നു. 1960-ല്‍ കേരള കര്‍ഷകരെ സംബന്ധിക്കുന്ന നിയമം വഴി പട്ടാളക്കരാര്‍ വ്യവസ്ഥയില്‍ ഒരു സമ്പൂര്‍ണ്ണ നവീകരണം കൊണ്ടുവന്നു. ഒരു വലിയ സന്തോഷത്തിനു അതു കാരണമായി. നിരാശാ കരമായിരുന്ന അവസ്ഥയില്‍ നിന്നും മോചനം കിട്ടിയ ജനം എബ്രായ ജനത്തിനു കിട്ടിയ സന്തോഷത്തെ തികച്ചും അഭിനന്ദിക്കും. അവര്‍ ഉതുത്പാദിപ്പിച്ച ധാന്യങ്ങള്‍, മുന്തിരി എന്നിവ അവരുടെ പീഡകര്‍ക്ക് ഇനിയും കൈമാറേണ്ടതില്ല.

**ചോദ്യം :** ശാരീരികമായോ ആത്മീകമായോ ദൈവം നമ്മെ അനുഗ്രഹിക്കുമ്പോള്‍ നാമെന്തു ചെയ്യണം? (വാ. 9)...........................................................................................................

.......................................................................................................................................

വാക്യങ്ങള്‍ 10-11: രക്ഷാ സമയം ഉത്സവ വേളയാണ്! എബ്രായര്‍ക്ക് മൂന്നു വാര്‍ഷിക ഉത്സവങ്ങളും ചില ചെറിയ ഉത്സവങ്ങളുമുണ്ട്. ഘോഷയാത്രകള്‍, സദ്യകള്‍, വെളിച്ചങ്ങള്‍, കുടുംബ സന്തോഷങ്ങള്‍ ഇവയൊക്കെയായിരുന്നു ഉത്സവ വേളകളിലെ സാധാരണ ഘ ടകങ്ങള്‍. പ്രവാചകന്‍ വിളിച്ചുപറഞ്ഞു; "ശ്രദ്ധിക്കുക. ഇത് പുത്തന്‍ ഉത്സവകാലമാണ്! ഇത് ആത്മീക കൊയ്ത്തിന്റെ ഉത്സവമായിരിക്കും. ആഹ്ലാദത്തിന്റെ ജാഥയില്‍ ലോക ത്തിന്റെ അതിര്‍ത്തിയില്‍ നിന്നുള്ള ജനങ്ങളും കൂടെ സംബന്ധിക്കും!"

**ചോദ്യം :** ഈ വാക്യത്തിലെ ആദ്യ നാലുവാക്കുകള്‍ (വാ.11) പുത്തന്‍ ആഘോഷത്തിന്റെ കാരണങ്ങള്‍ പറയുന്നു. അവ ഏവ? ...........................................................................................

.................................................................................................................................

വാക്യം 12

**ചോദ്യം :** രക്ഷിക്കപ്പെട്ട ജനം സ്വീകരിക്കുന്ന പുതിയ പേരെന്ത്? ................................

**ചോദ്യം :** ദൈവനഗരം സ്വീകരിക്കുന്ന പുതിയ പേരെന്ത്? ....................................................

**അദ്ധ്യായം 66, 5-13**

**തന്റെ ജനത്തിനായുള്ള ദൈവകരുതല്‍ : മാതൃ സ്നേഹം പോലെ**

ദൈവ സ്നേഹത്തിന്റെ പ്രത്യേക സ്വഭാവവും അവരത് അനുഭവിച്ചതിനേയും വിശ ദീകരിക്കാന്‍ പ്രവാചകന്‍ ഇപ്പോള്‍ മറ്റൊരു ചിത്രം ഉപയോഗിക്കുന്നു. ഈ വാക്കുകളില്‍ ഒരു മാതൃ സ്നേഹം ഉപയോഗിച്ച് അവന്‍ വര്‍ണ്ണിക്കുന്നു.

അതിനു മുമ്പേ ദൈവം വചനത്തെക്കുറിച്ച് പ്രവാചകന്‍ ശക്തമായ ഒരു പ്രഖ്യാപനം നട

ത്തി. ചിലർ ശ്രദ്ധിച്ചില്ല. ചിലർ പ്രവചനത്തെ കളിയാക്കി. വളരെ കരുതിയിരിക്കണമെന്ന് പ്രവാചകൻ താക്കീതു ചെയ്തു; ദൈവ വചനം സർവ്വ ശക്തന്റെ ശബ്ദമാകുന്നു.

വാക്യം 5

**ചോദ്യം :** ദൈവ വചനത്തോടു ബന്ധപ്പെട്ടു നാം രണ്ടു കാര്യങ്ങൾ ചെയ്യണം. അവ ഏവ? ..............................................................................................................

..............................................................................................................

വാക്യങ്ങൾ 7-12 : യെരുശലേമിനെ അമ്മയായി ചിത്രീകരിച്ചിരിക്കുന്നു. അബ്രഹാമിന്റെ സന്തതികളായ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ, ഈ അമ്മ പ്രസവിച്ചു. ശത്രുക്കൾ അമ്മ യെയും മക്കളെയും വേർപെടുത്തി. ഇപ്പോൾ വീണ്ടും അവർ ഒരുമിച്ചായി. യെരുശലേം മാതാവിൽ നിന്നും ഒരിക്കൽക്കൂടെ മക്കൾക്ക് പാൽ കുടിച്ച് തൃപ്തരാകാം. ഭാവിയിൽ ദൈവം യെരുശലേമിനെ സമൃദ്ധിയാൽ അനുഗ്രഹിക്കുകയും അവളുടെ മക്കളെ കരുതി സംരക്ഷിക്കുകയും ചെയ്യും.

വാക്യം 13: ഈ വാക്യത്തിൽ ദൈവം തന്നെത്തന്നെ അമ്മയായി ചിത്രീകരിക്കുന്നു. അമ്മ മക്കളെയെന്ന പോലെ ദൈവം തന്റെ സൃഷ്ടിയെ കരുതുകയും അവന്റെ കുഞ്ഞുങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

**ചോദ്യം :** തന്റെ മക്കൾക്ക് ദൈവം എന്തു നല്കും?

***കുറിപ്പ് :*** അമ്മ, അച്ഛൻ ഈ വ്യത്യസ്ത ചിത്രങ്ങളിലൂടെ ദൈവീക സ്നേഹത്തെ നമുക്കു പഠിപ്പിക്കുന്നു. ഈ ചിത്രങ്ങൾ പോലും മതിയായവയല്ല. ഒരു മാനുഷിക ഉപമാനങ്ങൾ കൊണ്ടും പൂർണ്ണ ആഴത്തെ വെളിപ്പെടുത്താനാകാത്ത വിധം അത്രയ്ക്ക് മഹത്തും അതി ശയകരമായതുമാണ് ദൈവ സ്നേഹം.

### അദ്ധ്യായം 65, 17-25

### ലോകത്തിന്റെ രൂപാന്തരം: ദൈവത്തിന്റെ പുതിയ സൃഷ്ടി

പ്രവാചകന്റെ മഹത്തായ അന്ത്യ ദർശനം ഇപ്പോൾ നമുക്കു മുന്നിലുണ്ട്. ഈ വർത്ത മാന കാലം ഇല്ലാതെയാകും, മഹത്തായ ഒരു പുതിയ ലോകം ദൈവം സൃഷ്ടിക്കും.

വാക്യം 17

**ചോദ്യം :** താനെന്തു ചെയ്യുമെന്നാണ് ദൈവം പറയുന്നത്?

വാക്യങ്ങൾ 17-25 : ദൈവത്തിന്റെ പുതിയ സൃഷ്ടിയുടെ വിശേഷതകൾ ഈ വാക്യങ്ങ ളിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. ഇടതുവശത്ത് 11 വിശേഷതകളുടെ പട്ടികയുണ്ട്. വല തുവശത്ത് ഒഴിഞ്ഞ ഭാഗത്ത് ഈ ഓരോ അനുഗ്രഹങ്ങളെയും കുറിക്കുന്ന വാക്യ നമ്പർ എഴുതുക.

| | |
|---|---|
| പഴയ തിന്മകൾ മറന്നു കളയും. | വാക്യം.................................. |
| ആനന്ദം അതിന്റെ അടയാളമാകും | വാക്യം.................................. |
| അത് നിത്യമായി തുടരും | വാക്യം.................................. |
| ഇനിമേൽ ദുഃഖം ഉണ്ടായിരിക്കയില്ല | വാക്യം.................................. |
| മരണത്തിന്റെ ശക്തിയെ അതിജീവിക്കും | വാക്യം.................................. |
| അവിടെ ഒരു കർമ്മനിരതമായ ജീവനുണ്ടാകും | വാക്യം.................................. |
| ജനം തങ്ങളുടെ പ്രയത്ന ഫലം അനുഭവിക്കും | വാക്യം.................................. |
| ഇനി അവിടെ വിപത്തുകൾ ഉണ്ടാവുകയില്ല | വാക്യം.................................. |
| ശ്രദ്ധിക്കാനും സഹായിക്കാനും ദൈവം സമീപസ്ഥനായിരിക്കും | വാക്യം........................ |
| പ്രകൃതിയിൽ സമാധാനം ഉണ്ടാകും | വാക്യം.................................. |
| ഇനി അവിടെ ദ്രോഹ പ്രവൃത്തികളുണ്ടാകില്ല | വാക്യം.................................. |

**അദ്ധ്യായം 66, 18-23 - മഹത്വ ദർശനം**

ഈ രംഗം സങ്കല്പിക്കാൻ കഴിയുമോ? സകല ദേശത്തു നിന്നും ഭാഷക്കാരിൽ നിന്നും തന്റെ വിശ്വസ്തരായ വിശ്വാസികളെ ലോകത്തിന്റെ കർത്താവ് കൂട്ടിച്ചേർക്കും. തന്റെ പുതിയ സൃഷ്ടിയിൽ അവൻ അവരെ ഒരുമിച്ചു കൊണ്ടുവരും. അവിടെ അവർ ദൈവ മഹത്വം ദർശിച്ച് ആനന്ദിക്കും. പ്രവാചകന് ദൈവം ഈ ഉണർത്തുന്ന ദർശനം നല്കിയതിനാൽ നാം ദൈവത്തിനു നന്ദി പറയണം. കാരണം അവന്റെ കണ്ണുകളിലൂടെ നമുക്കും ഇതു കാണുന്നതിനും പ്രത്യാശയോടും സമാധാനത്തോടും നമുക്കും ജീവിക്കുന്നതിനും സാധിക്കുന്നു.

വാക്യം 18

**ചോദ്യം :** വിശ്വസ്തരെ കൂട്ടിച്ചേർക്കാൻ വരുന്നതാർ? .....................................................

**ചോദ്യം :** എവിടെനിന്ന് അവർ വരും? ..........................................................................................

**ചോദ്യം :** അവരെന്ത് കാണും?.................................................................................. .

വാക്യം 19

**ചോദ്യം :** ദൈവ രാജ്യം സമീപിച്ചിരിക്കുന്നതിന്റെ അടയാളമെന്ത്?

..........................................................................................................................................

വാക്യങ്ങൾ 19-23 : ദൈവത്തിന്റെ രക്ഷയുടെ സുവാർത്ത സകല ജനത്തിനും പ്രഖ്യാപിച്ചു കഴിയുമ്പോൾ ദൈവത്തിന്റെ രക്ഷാപദ്ധതി സമ്പൂർണ്ണമാകും. ആരാണ് പ്രഖ്യാപിക്കേണ്ടവർ? അതിജീവിച്ചവരാണവർ. തിന്മയുടെ ശക്തികളെ പ്രതിരോധിച്ച ദൈവജനം. ദാസ-രക്ഷകന്റെ സ്നേഹം അറിയുകയും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവർ. അവരെവിടെ പോയി? പ്രവാചകന്റെ കാലത്തെ അറിയപ്പെടുന്ന എല്ലാ രാജ്യങ്ങളിലുമുണ്ടവർ. സ്പെയിനാണ് തർശീശ്. യാവാൻ, ഗ്രീസ്, പൂൽ, ലൂദ് എന്നത് ആഫ്രിക്ക. തൂബാൽ എന്നത് കരിങ്കടൽ പ്രദേശം. ഈ അറിയപ്പെടുന്ന ദേശത്തിനുമപ്പുറം അവർ വിവിധ തീരപ്രദേശങ്ങളിലേക്കും പോയി. ദർശനത്തിൽ ഇതു സംഭവിച്ചു. പുതിയ നിയമ വേദ പുസ്തകത്തിൽ ദാസ-രക്ഷകനായ യേശു, തന്റെ അനുഗാമികളെ ഇതു പ്രസിദ്ധപ്പെടുത്തുവാനായി അയച്ചു. ആദ്യ ആളുകളെ 'അയക്കപ്പെട്ടവർ' എന്നർത്ഥമുള്ള അപ്പോസ്തലന്മാർ എന്നു വിളിച്ചു. അതിലൊരാളായ വിശുദ്ധ തോമസ് കേരളത്തിൽ വന്നു എന്നു വിശ്വസിക്കുന്നു. ദൈവത്തിന്റെ സ്നേഹ വിരുന്ന് ആസ്വദിക്കാനും അവന്റെ സാന്നിധ്യത്തിൽ പ്രമോദിക്കാനും അവനു സ്തുതി അർപ്പിക്കാനുമായി ലോകാതിർത്തികളിൽ നിന്നും ജനം ഘോഷയാത്രയായി ഒഴുകിവരും.

(ദയവായി അനുബന്ധം കുറിപ്പ് 'C' വായിക്കുക.)

വാക്യം 23

**ചോദ്യം :** "സകല ജഡവും" എന്ന വാക്കിൽ നിങ്ങളും ഉൾപ്പെടുമോ? ........................

യെശയ്യാവിന്റെ പ്രവചനം വായിക്കുന്ന ഏതൊരാളും സ്വയം ചോദിക്കണം ഞാനിപ്പോൾ എന്തുചെയ്യണം?

**അനുബന്ധം**

യെശയ്യാവ് പുതിയ നിയമത്തിൽ

കുറിപ്പ് 'A'

യെശയ്യാവ് 6,11: പുതിയ നിയമ സൂചന ലൂക്കോസ് 4, 18-19. ശബ്ബത്തു നാളിൽ യേശു നസറത്തിലെ സിനഗോഗിൽ പോയി. സകലർക്കും പരിചിതനായ വ്യക്തിയാകയാൽ അവനോട് വായിക്കാൻ ആവശ്യപ്പെട്ടു. യെശയ്യാ പ്രവചനത്തിന്റെ ചുരുൾ അവന്റെ കയ്യിൽ കൊടുത്തു. അവൻ ഈ വാക്കുകൾ വായിച്ചു; "ദരിദ്രരോട് സുവിശേഷം അറി

യിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു... ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു തുടങ്ങി."

കുറിപ്പ് 'B'

യെശയ്യാവ് 61,11: പുതിയ നിയമ സൂചന എഫേസ്യർ 5, 8-10. അപ്പോസ്തലനായ പൗലൂസ് പറയുന്നു: "കർത്താവിനു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നു കൊൾവിൻ. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം."

കുറിപ്പ് 'C'

യെശയ്യാവ് 66,18-23: പുതിയ നിയമ സൂചന വെളിപാട് 21, 1-7. ഇത് ഒന്നാം വാക്യത്തിൽ യെശയ്യാ പ്രവാചകനെ നേരിട്ട് ഉദ്ധരിക്കുന്നു. എങ്കിലും ഈ ഭാഗം മുഴുവനും അവന്റെ ആശയങ്ങളെ പ്രതിഫലിപ്പിക്കുന്നു. "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി. സമുദ്രവും ഇനി ഇല്ല. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവ സന്നിധിയിൽ നിന്നു തന്നെ, ഇറങ്ങുന്നതു ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു ഒരു മഹാ ശബ്ദം പറയുന്നതായി ഞാൻ കേട്ടത്:

ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടു കൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകുകയില്ല. ഒന്നാമത്തേതു കഴിഞ്ഞു പോയി. സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു. എഴുതുക ഈ വചനം വിശ്വാസ യോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു. പിന്നെയും അവൻ എന്നോടു അരുളിച്ചെയ്തത് സംഭവിച്ചു തീർന്നു, ഞാൻ അല്ഫയും ഒമേഗയും ആദിയും അന്തവും ആകുന്നു. ദാഹിക്കുന്നവന് ഞാൻ ജീവ നീരുറവയിൽ നിന്നും സൗജന്യമായി കൊടുക്കും. ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും. ഞാൻ അവർക്കു ദൈവവും അവർ എനിക്ക് മക്കളുമായിരിക്കും."

## ബൈബിൾ കോഴ്സ് പഠിതാവിന് ഒരു സമാപന വാക്ക്

പ്രിയ സ്നേഹിതാ,

അഭിനന്ദനങ്ങൾ! നിങ്ങൾ ഒരു മേൽത്തരമായ പ്രവൃത്തി ചെയ്യുകയും വിജയകരമായി ഈ കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു. ഒരു മനോഹര യോഗ്യതാപത്രവും സമ്മാനവും നിങ്ങൾക്ക് അയച്ചു തരും.

രക്ഷകനായ യേശു ജനിച്ചപ്പോൾ, കിഴക്കു നിന്നും വിദ്വാന്മാർ സമ്മാനങ്ങളുമായി അവനെ കാണുവാൻ ബത്ലഹേമിലെത്തി. അതു ചെയ്യുക വഴി അവരുടെ അറിവും ശരിയായ തീരുമാനവും പ്രകടിപ്പിച്ചു.

മനുഷ്യ വംശത്തിന്റെ രക്ഷകനെക്കുറിച്ചു കൂടുതൽ അറിയുന്നത് ജ്ഞാനത്തിന്റെ അടയാളമാകുന്നു. യേശുവിന്റെ ജീവിതത്തെ സംബന്ധിച്ച ഒരു ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് പൂർത്തിയാക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? ഒരു പക്ഷെ യെശയ്യാവു പ്രവാചകൻ ദാസ– രക്ഷകന് നിങ്ങളുടെ ശ്രദ്ധയെന്ന സമ്മാനം നൽകാൻ നിങ്ങളെ പ്രചോദിപ്പിച്ചിരിക്കാം. അങ്ങനെയെങ്കിൽ അവൻ അവന്റെ ശ്രേഷ്ഠ ചുമതല തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഈ സാധ്യതയിൽ നിങ്ങൾ തല്പരനാണെങ്കിൽ ദയവായി തുടർന്ന് ഇതു ചെയ്യുക......

* * * * * * * * * * *